ദക്ഷിണഭാഷാഗ്രന്ഥമണ്ഡലം കേന്ദ്രവിദ്യാ
ഭ്യാസമന്ത്രികാര്യാലയത്തിന്റെ ധനസഹാ
യത്തോടുകൂടി പ്രസിദ്ധീകരിക്കുന്നത്.

വില 2-50



# ജനാധിപത്യവും സമുദായവും

പ്രൊഫ. ഏ. ആർ. വാഡിയാ

# ജനാധിപത്യവും സമുദായവും

[Malayalam]

# JANADHIPATHYAVUM SAMUDAYAVUM

First Edition 3000 Copies

October 1967

English original

Democracy and Society

By

**PROF. A. R. WADIA**

Copy right: Author

Translator:

**M. KUZHITHADATHIL**

Price: Rs. 2 - 50

Published under the auspices of the Southern Languages Book Trust, Madras. The Trust is helped by the Government of India, the South Indian State Governments and Universities and the Ford Foundation.

Fourth Programme - Malayalam - No. 8

Translation rights into Malayalam for this edition assigned to
VENUS PRESS & BOOK DEPOT
Konni, Kerala

Printed at:
The Venus Press, Konni

# ജനാധിപത്യവും സമുദായവും

ഗ്രന്ഥകർത്താ:

പ്രൊഫസ്സർ ഏ. ആർ. വാഡിയ

വിവർത്തനം:

എം. കുഴിതടത്തിൽ

പ്രസാധനം:

വീനസ് പ്രസ്സ് & ബുക്കുഡിപ്പോ

കോന്നി, കേരളാ.

വില രൂപാ 2-50

# ആമുഖം

ദക്ഷിണഭാഷാ ഗ്രന്ഥമണ്ഡലത്തിൻെറ സാഹിത്യ നിർമ്മാണപരമായ പ്രവർത്തനപരിപാടികൾ എത്രയും ചിത്താകർഷകമായിരിക്കുന്നു. ട്രസ്റ്റ് ഇപ്പോൾ അമ്പതു പുസ്തകങ്ങൾ പ്രകാശിപ്പിക്കുവാനുള്ള ഒരു പുതുപരിപാടി ആരംഭിച്ചിരിക്കുന്നുവെന്നതു് നമുക്കെല്ലാവർക്കും വളരെ സന്തോഷകരമായ ഒരു സംഗതിയാണു്. പുസ്തകചിത്രീകരണത്തിൽ ഒരു ട്രെയിനിംഗ് കോഴ്സും തർജ്ജമയിൽ വേറൊരു കോഴ്സും ട്രസ്റ്റ് നടത്താൻ പോകുന്നുണ്ടു്. ട്രസ്റ്റിൻെറ ഈ പുതിയ പ്രവർത്തനങ്ങൾക്കു പററിയ സഹായധനം വിദ്യാഭ്യാസമന്ത്രികാര്യാലയം നൽകിക്കഴിഞ്ഞു എന്നതിൽ ഞാൻ സന്തോഷിക്കുന്നു. സാഹിത്യനിർമ്മാണത്തിലുള്ള ദീർഘപരിചയത്തിൻെറ പ്രഭാവത്താൽ ട്രസ്റ്റിനു് ആധുനികഭാഷകളുടെ അഭിവൃദ്ധിക്കായി അതിമഹത്തായ സേവനം നിർവ്വഹിക്കാൻ സാധിക്കുമെന്നു് എനിക്കുറപ്പുണ്ടു്.

ഞാൻ ട്രസ്റ്റിനു് സർവ്വവിജയവും ആശംസിക്കുന്നു.

ന്യൂദൽഹി,
20 ഡിസംബർ 1965.

എം. സി. ഛഗ്ല,
കേന്ദ്രവിദ്യാഭ്യാസമന്ത്രി.

# മുഖവുര

1964-ൽ അണ്ണാമലെ സർവ്വകലാശാലയിലും വിശ്വഭാരതി സർവ്വകലാശാലയിലും പ്രസംഗപരമ്പരകൾ നടത്തുന്നതിനു ക്ഷണിക്കപ്പെടുകയെന്ന ബഹുമതി എനിക്കു ലഭിച്ചു. ആ ക്ഷണങ്ങൾ ഞാൻ സ്വീകരിച്ചു. അണ്ണാമലെ സർവ്വകലാശാലയിൽ "ജനാധിപത്യ"ത്തെപ്പററിയും വിശ്വഭാരതി സർവ്വകലാശാലയിൽ "സമുദായവും ഭരണവും" എന്ന വിഷയത്തെ സംബന്ധിച്ചും പ്രസംഗിക്കാൻ ഞാൻ തീരുമാനിച്ചു. അണ്ണാമലെ സർവ്വകലാശാലയിൽ 1965 ജനുവരി 25, 26 എന്നീ തീയതികളിൽ പ്രസംഗിക്കാൻ കഴിഞ്ഞില്ല. എന്തെന്നാൽ, ഹിന്ദിയെ ദേശീയഭാഷയാക്കുന്നതു സംബന്ധിച്ച പ്രശ്നങ്ങളെപ്പററി വിദ്യാർത്ഥികൾ പണിമുടക്കിൽ ഏർപ്പെട്ടിരിക്കയായിരുന്നു. പിന്നീട് വിശ്വഭാരതി സർവ്വകലാശാലയിൽ 1965 ജനുവരി 30, 31 എന്നീ തീയതികളിലും ഫെബ്രുവരി 1-ാംതീയതിയും പ്രസംഗങ്ങൾ നടത്തപ്പെട്ടു.

എൻെറ പ്രസംഗങ്ങൾ രേഖപ്പെടുത്തുന്നതിന് പല മാസങ്ങളായി എനിക്കു സമയം ലഭിച്ചില്ല. 1965 ഒക്ടോബർ, സെപ്റ്റംബർ മാസങ്ങളിലാണ് അങ്ങനെ ചെയ്യാൻ കഴിഞ്ഞതു്. 1965 ജനുവരിക്കു ശേഷമുണ്ടായ സംഭവങ്ങളും അറിയിപ്പുകളും അവിടവിടെ സൂചിപ്പിച്ചിരിക്കുന്നതിന് ഇതാണു കാരണം. ഓരോ പരമ്പരയും മൂന്നു പ്രസംഗങ്ങൾ അടങ്ങിയതാണ്. ഏറെക്കുറെ ഒരതിർത്തിവരെ പൂർണ്ണവുമാണ്. പ്രശ്നങ്ങളെ സമീപിക്കുന്നതിൽ നിശ്ചിതമായ ലക്ഷ്യത്തോടുകൂടിയതാണ് ഓരോന്നും. എന്നാലും ഒരളവിൽ ആവർത്തനം ഒഴിവാക്കാൻ പാടില്ലാത്തതായിത്തീർന്നു. ഇപ്പോൾ രണ്ടു പരമ്പരയും ഒന്നായി പ്രസിദ്ധപ്പെടുത്തുകയാണ്. സൗകര്യം വിചാരിച്ചും അധികച്ചെലവൊഴിവാക്കുന്നതിനുമാണ് ഇങ്ങനെ ചെയ്യുന്നതു്. ഈ ആവർത്തനദോഷം ഞാൻ ഒഴിവാക്കേണ്ടതായിരുന്നു. പക്ഷേ അതുകൊണ്ട് ഓരോ പരമ്പരയിലുമുള്ള ചിന്താഗതിയുടെ ഐക്യം ബാധിക്കപ്പെടും. അതുകൊണ്ട് ഈയാവർത്തനം അവഗണിക്കപ്പെടാവുന്നതേയുള്ളു എന്നു

ഞാൻ വിശ്വസിക്കുന്നു; പ്രത്യേകിച്ചും സമുദായ ഉടമ്പടിയുടെ തത്വാചാര്യന്മാരെപ്പററിയുള്ള എൻെറ വിശദീകരണം. സമുദായവും ഭരണവും എന്ന ശീർഷകത്തിൽ ചെയ്യപ്പെട്ട മൂന്നു പ്രസംഗങ്ങൾ അഞ്ചു ഭാഗങ്ങളായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഓരോന്നും പ്രത്യേകം തലക്കെട്ടും വിഷയവും ഉള്ളതാണ്.

ജനാധിപത്യം എന്ന പ്രസംഗത്തിൽ പലതരത്തിലുള്ള ജനാധിപത്യഭരണങ്ങളുടെ രൂപങ്ങളെപ്പററി ചർച്ചചെയ്യുകയാണ് എൻെറ ലക്ഷ്യം. രണ്ടാംഭാഗത്തിൽ ഈ ജനാധിപത്യഭരണസ്ഥാപനംകൊണ്ട് — പാശ്ചാത്യവീക്ഷണമായാലും ശരി, റഷ്യൻ വീക്ഷണമായാലും ശരി—ഉരുത്തിരിയുന്ന പുതിയ സമുദായവ്യവസ്ഥിതിയെ സംബന്ധിച്ചു ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഈ പ്രസംഗങ്ങളിൽ പാശ്ചാത്യരാജ്യങ്ങളിലുള്ള ജനാധിപത്യത്തെയും സോഷ്യലിസ്റ്റുരാജ്യങ്ങളിലുള്ള ജനാധിപത്യത്തെയും താരതമ്യപ്പെടുത്തി ഗവേഷണം നടത്തുന്നതിനുത്സാഹിച്ചിട്ടുണ്ട്. ഇന്ത്യൻ ജനാധിപത്യത്തെ സംബന്ധിച്ച ചർച്ച ഇന്ത്യാക്കാർക്ക പ്രത്യേകം താല്പര്യം ഉണ്ടാക്കുന്നതായിരിക്കും.

കൃതജ്ഞതാപ്രകടനം കൂടാതെ ഒരു മുഖവുരയും പൂർണ്ണമാവുകയില്ല. അണ്ണാമലൈ സർവ്വകലാശാലാ വൈസ് ചാൻസലർ അവർകൾക്കും സിൻഡിക്കേററിനും ഞാൻ നന്ദി പറയുന്നു പ്രത്യേകിച്ചും, അണ്ണാമലൈ സർവ്വകലാശാലാ പ്രൊഫസ്സർ ആർ. രാമാനുജാചാരി അവർകൾക്കും വിശ്വഭാരതി സർവ്വകലാശാലാ വൈസ് ചാൻസലർ ശ്രീ. സി. ആർ. ദാസ്സിനും സർവ്വകലാശാലാ സിൻഡിക്കേററിനും ഇന്ത്യാക്കാർക്ക താല്പര്യമുള്ള വിഷയങ്ങളെപ്പററി ചില ആശയങ്ങൾ ഒന്നിച്ചുചേർത്തു പറയുവാൻ സന്ദർഭം നല്കിയതിന് ഞാൻ നന്ദി പറയുന്നു.

അവസാനമായി, ഇതിൽ പ്രസിദ്ധീകരിക്കുന്ന പ്രസംഗങ്ങൾ പൊതുവേ ഇന്ത്യൻജനതയ്ക്കും, പ്രത്യേകിച്ച് വിദ്യാർത്ഥികൾക്കും പ്രയോജനകരമായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു.

ബോംബെ,
18 ഡിസംബർ, 1965.

ഏ. ആർ വാഡിയാ

# വിഷയവിവരം


| | | പേജ് |
|---|---|---|
| 1. | ജനാധിപത്യത്തിന്റെ തത്വശാസ്ത്രം | 9 |
| 2. | ജനാധിപത്യം പ്രയോഗത്തിൽ | 33 |
| 3. | ജനാധിപത്യം പ്രയോഗത്തിൽ | 67 |
| 4. | സമൂഹവും രാഷ്ട്രവും | 109 |
| 5. | ഇന്ത്യാചരിത്രവും യൂറോപ്യൻ ചരിത്രവും തമ്മിലുള്ള അന്തരം | 138 |
| 6. | കമ്മ്യൂണിസ്റ്റ് സമുദായം | 146 |
| 7. | പാശ്ചാത്യസമൂഹം ഇന്ന് | 170 |
| 8. | ഇന്ത്യയുടെ സ്വയംനിർണ്ണയാവകാശം | 189 |

# 1

## ജനാധിപത്യത്തിൻെറ തത്വശാസ്ത്രം.

ജനാധിപത്യം ഇന്നു് ലോകത്തുള്ള മററെല്ലാ രാഷ്ട്രീയചിന്താഗതികളുടെയും മേൽ ആധിപത്യം ഉറപ്പിക്കുവാനുള്ള പുറപ്പാടാണു്. ജനാധിപത്യം എന്ന വാക്കു് നമുക്കു് പുത്തരിയല്ല. അതിൻെറ അർത്ഥത്തെയും ഉദ്ദേശത്തെയുംപററി നമുക്കു് ചില വ്യക്തമായ ധാരണകളുണ്ടു്. എന്നാൽ വ്യക്തിയിൽനിന്നും വ്യക്തിയിലേക്കു കടക്കുമ്പോൾ നമ്മുടെ ധാരണയിലും ചിന്താഗതിയിലും സംശയങ്ങൾ കടന്നുകൂടുന്നു; പലരും പലവിധത്തിൽ വ്യാഖ്യാനിക്കുന്നു. സോവ്യററ്റഷ്യയിലെയും ചൈനയിലെയും കമ്മ്യൂണിസത്തെ എതിർക്കുന്ന പാശ്ചാത്യജനാധിപത്യത്തെപ്പററി നാം സംസാരിക്കാറുണ്ടു്. എങ്കിലും കമ്മ്യൂണിസ്റ്റുകാരും അവരുടെ രാഷ്ട്രീയസംഘടനയെ ജനാധിപത്യമെന്നു് വിശേഷിപ്പിക്കാറുണ്ടു്. എന്നാൽ പാർലമെൻററി ജനാധിപത്യത്തിൽ ഒരു കമ്മ്യൂണിസ്റ്റുരാഷ്ട്രവും വിശ്വസിക്കുന്നി

ല്ലെന്നതാണ് നേര് കമ്മ്യൂണിസ്റ്റുകാർ ജനങ്ങളുടെ പേരിൽ സംസാരിക്കുന്നിടത്ത് ഒരു ന്യായീകരണമുണ്ട്, അവർ ജനാധിപത്യവ്യവസ്ഥിതിയിൽ വിശ്വാസം അർപ്പിച്ചാൽ. ഇവിടെ ജനാധിപത്യത്തിന് ഒരു നിർവ്വചനം നല്ലേണ്ടതുണ്ട്. ജനാധിപത്യത്തിന്റെ ചരിത്രപരമായ ഒരു വിലയിരുത്തൽ ഇന്നു നിലവിലുള്ള പല തെററായ ധാരണയേയും തിരുത്തുവാൻ നമ്മെ സഹായിക്കുന്നതാണ്.

രാഷ്ട്രീയസംഘടനകളെ പ്രധാനമായി മൂന്നായി തിരിക്കാം. ഏകാധിപത്യം, നാട്ടുവാഴിത്തം, ജനാധിപത്യം. ഗോത്രവർഗ്ഗങ്ങൾക്ക് ജനാധിപത്യത്തിൻെറ ഒരു ഛായ ഉണ്ടായിരുന്നെങ്കിലും അവർ പല ആചാരമര്യാദകൾക്കും വിധേയരായിരുന്നതിനാൽ ക്രമേണ തികഞ്ഞ യാഥാസ്ഥിതികത്വത്തിലേക്കു നീങ്ങുകയും, പഴക്കംചെന്ന ആചാരങ്ങളുടെ അടിസ്ഥാനത്തിൽ ഗോത്രത്തലവൻ ഭരണം നടത്തുകയും ചെയ്തു. ഈ ഗോത്രവർഗ്ഗക്കാർ ഒരു പ്രത്യേക സ്ഥലത്ത് സ്ഥിരതാമസമാക്കിത്തുടങ്ങിയതോടെ നഗരസാമ്രാജ്യങ്ങൾ ഉടലെടുക്കുകയും അവസാനം ഏകാധിപത്യത്തിൽ ചെന്നെത്തുകയും ചെയ്തു. പഴയ ഗ്രീക്കിലെ നഗരസാമ്രാജ്യങ്ങൾ അവരുടെ രാഷ്ട്രീയവളർച്ചയുടെ ചരിത്രത്തിലേക്ക് പ്രകാശം പരത്തുന്നുണ്ട്. രാജാക്കന്മാരുടെ പ്രജാപീഡനവും നാട്ടുവാഴികളുടെ സ്വാർത്ഥതയും മനസ്സിലാക്കുവാനും രാഷ്ട്രീയാധികാരം തങ്ങളുടെ കയ്യിൽ വരുത്തുവാൻ കഴിയുമെന്നു മനസ്സിലാക്കുവാനും ജനങ്ങൾ ഏതാനും നൂറ്റാണ്ടുകൾതന്നെ എടുത്തു. അങ്ങിനെ സാധാരണ ജനങ്ങൾ രാജാക്കന്മാരെയും നാട്ടുവാഴികളെയും കയ്യൊഴിഞ്ഞപ്പോൾ ജനങ്ങളുടെ ഭരണമായ ജനാധിപത്യം പെററുവീണു. എന്നാൽ ഇവിടെ ഒന്നുകൂടി ഓർക്കേണ്ടതുണ്ട്. ഗ്രീക്കിലെ സാധാരണ ജനങ്ങൾ സ്വാതന്ത്ര്യ

പ്രജകൾമാത്രം അടങ്ങുന്നതായിരുന്നു. രാഷ്ട്രീയമോ മറ്റെന്തെങ്കിലും സ്വാതന്ത്ര്യമോ ഇല്ലാത്ത അസംഖ്യം അടിമകൾ അതിൽ ഉൾപ്പെട്ടിരുന്നില്ല. നമ്മുടെ നോട്ടത്തിൽ അടിമത്വം വെറുക്കപ്പെടേണ്ട ഒന്നാണെങ്കിലും മനുഷ്യപുരോഗതിയുടെ ചരിത്രത്തിൽ അതിന് അവഗണിച്ചുകൂടാത്ത ഒരു സ്ഥാനമുണ്ടെന്ന് ഓർക്കണം. യുദ്ധങ്ങളിൽനിന്നാണ് ഇതു് ഉടലെടുത്തതു്. യുദ്ധത്തിൽ തടവുകാരായി പിടിക്കുന്ന ശത്രുക്കളെ ജീവിക്കുവാനനുവദിക്കുന്നതു് അവരെ കൊല്ലുന്നതിലും മനുഷ്യത്വം ഉള്ള ഏർപ്പാടാണ്. അടിമകളെ പലതരത്തിലും ഉപയോഗിച്ചിരുന്നു. നിലം ഉഴുന്നതിനും വീട്ടുജോലികൾക്കും പുറമേ പഠിക്കുവാൻ സമർത്ഥരായവരെ പഠിപ്പിച്ച് സെക്രട്ടറി. ക്ലാർക്ക് തുടങ്ങിയ ജോലികളും നല്കിയിരുന്നു. യജമാനനും അടിമയും തമ്മിലുള്ള ബന്ധം പലപ്പോഴും യജമാനന്റെ മാനസികഘടനയെ ആശ്രയിച്ചിരുന്നു. എന്നാൽ മിക്കപ്പോഴും ആ ബന്ധം വളരെ കെട്ടുറപ്പുള്ളതായിരുന്നു. എന്ന കാര്യം എടുത്തുപറയത്തക്കതാണ്. അടിമകളെ കുടുംബാംഗങ്ങളെപ്പോലെ കണക്കാക്കുകയും അവരുടെ വിശ്വസ്തസേവനങ്ങളെ പുരസ്കരിച്ച് സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്തിരുന്നു. ഗ്രീക്കിലെ നഗരസാമ്രാജ്യങ്ങൾ തമ്മിൽ വിശിഷ്യ 'ഏതൻസും, സ്പാർട്ടായും തമ്മിൽ, സാധാരണയായി യുദ്ധങ്ങൾ നടന്നിരുന്നതിനാൽ അടിമകൾ ഭൂരിപക്ഷവും ഗ്രീക്കുകാർതന്നെയായിരുന്നു. തന്മൂലം ഈ ബന്ധം എപ്പോഴും കെട്ടുറപ്പുള്ളതായിതന്നെ ഇരുന്നു. ഗ്രീക്കുസംസ്കാരത്തിൽ അടിമകൾക്കു് നല്ല പങ്ക് ഉണ്ടായിരുന്നു. കാരണം പരിശ്രമശീലരായ അവർ സകല ജോലിയും ചെയ്തിരുന്നതിനാൽ യജമാനന്മാർക്കു് സാഹിത്യം, കലകൾ, തത്വശാസ്ത്രം, ശാസ്ത്രം എന്നിവയിലും കൂടാതെ പെരിക്ലീസിന്റെ കാലത്തെ രാഷ്ട്രീയത്തി

ല്ലം വേണ്ടത്ര ശ്രദ്ധ ചെലുത്തുവാൻ കഴിഞ്ഞു. പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയ വലിയ തത്വചിന്തകന്മാർകൂടി അടിമത്വസമ്പ്രദായത്തിൽ യാതൊരു അസാധാരണത്വവും കണ്ടില്ല. മററുള്ളലോകം മുഴവൻ അപരിഷ്കൃതരെന്നു മുദ്ര കുത്തിയിരുന്ന ആ കാലത്തു് തങ്ങൾ മാത്രമേ ഭരിക്കുവാൻ യോഗ്യരായുള്ളൂ എന്ന ചിന്തമൂലം ഏതെങ്കിലും ഒരു ഗ്രീക്കുകാരൻ അടിമയാകുന്നതിനെ മാത്രമേ അവർ എതൃത്തിരുന്നുള്ളൂ. ഈജിപ്റ്റ്കാരെയും ഇറാൻകാരെയുംകൂടി കാടന്മാരായാണു് ഗണിച്ചിരുന്നതു്. കാരണം അവക്കു് സ്വാതന്ത്ര്യബോധം കുറവായിരുന്നു എന്നതുതന്നെ. ലോകത്തെ സകല പ്രാചീനസംസ്കാരങ്ങളും—ചൈന, ഇന്ത്യ, ഈജിപ്റ്റ്, ബാബിലോണിയ തുടങ്ങിയ എല്ലാ സംസ്കാരങ്ങളും—കെട്ടിപ്പടുന്നതു് അടിമകളുടെ പ്രയത്നശീലത്തിൻെറ അടിത്തറയിലാണു്. ഗ്രീക്കുജനാധിപത്യവും ഈ പാരമ്പര്യത്തെ തുടന്നുപോരികയാണു് ചെയ്തതു് എന്ന കാരണത്താൽ അവരുടെ ജനാധിപത്യത്തിൻെറയും അടിത്തട്ടിൽ 'നാടുവാഴിത്തം' തന്നെയായിരുന്നു.

റോമാക്കാരും ഏകാധിപത്യത്തിൽ തുടങ്ങി ജനാധിപത്യത്തിലേക്കു നീങ്ങുകയാണുണ്ടായതു്. എന്നാൻ മരംവെട്ടുകാരും വെള്ളംകോരുകാരുമായ പെട്രീഷ്യക്കാരെയും പ്ലെബിയാക്കാരെയും ജനാധിപത്യത്തിൽ നിന്നും അകററിനിത്തിയിരുന്നു. റോമാക്കാർ യുദ്ധക്കൊതിയന്മാരായിരുന്നതിനാൽ അവിടെയും ധാരാളം അടിമകളുണ്ടായിരുന്നു. ചില റോമാക്കാർ അടിമകളോടു് ദയാപൂർവ്വം പെരുമാറിയിരുന്നെങ്കിലും മൊത്തത്തിൽ അവരുടെ പെരുമാററം ക്രൂരമായിരുന്നു. ഇതു് അടിമകളുടെ ഉയത്തെഴുന്നേല്പിനു് വഴിതെളിച്ചു. എപ്പിക്റ്റെററസ് (EPICTETUS) എന്ന പ്രസിദ്ധനായ തത്വചിന്തകൻ ആദ്യം ഒരു അടിമ

നായിരുന്നു. റോമൻ റിപ്പബ്ലിക് വലുതാവുകയും നേതാക്കന്മാർ തമ്മിലുള്ള കലഹം വർദ്ധിക്കുകയും ചെയ്യപ്പോൾ ഒരു ആഭ്യന്തരകലഹം ഉണ്ടാവുകയും അഗസ്റ്റസ്സിൻെറ കീഴിൽ റോമാസാമ്രാജ്യം ഉടലെടുക്കുകയും ചെയ്യപ്പോൾ അടിമത്വം അരക്കിട്ടുറപ്പിക്കുകയും രാജ്യത്തിനകത്തും പുറത്തും മനുഷ്യനെ പരസ്യമായി വാങ്ങുകയും കൊട്ടുക്കുകയും ചെയ്യുക എന്നകച്ചവടമനസ്ഥിതി വളരുകയും ചെയ്തു. പുരുഷൻെറ ആരോഗ്യത്തിൻെറയും സ്ത്രീയുടെ സൗന്ദര്യത്തിൻെറയും അടിസ്ഥാനത്തിലാണ് വില നിശ്ചയിച്ചുപോന്നതു്.

റോമാസാമ്രാജ്യത്തിന്റെ അധഃപതനത്തിനുശേഷം കുടിമസമ്പ്രദായത്തിൻെറയും (ഫ്യൂഡലിസം) ഏകാധിപത്യപ്രവണതയുടെയും സ്വഭാവത്തിൽ ഉടലെടുത്ത പുതിയ രാജവംശങ്ങളുടെ കീഴിലും യാതൊരു വിധ സ്വാതന്ത്ര്യവും ലഭിച്ചിരുന്നില്ല. ഏകാധിപത്യത്തിനോ ഫ്യൂഡൽ വ്യവസ്ഥിതിക്കോ ജനാധിപത്യവുമായി യാതൊരു ബന്ധവും ഇല്ലായിരുന്നു. മതത്തിൽ അടിസ്ഥാനജനാധിപത്യം ഉണ്ടായിരുന്നിട്ടുകൂടി പള്ളിക്കു് രാഷ്ട്രീയജനാധിപത്യം പുതിയതായിരുന്നു.

അനിയന്ത്രിതശാസനത്തിൻകീഴിൽ വളൎന്നുവന്ന സ്വാതന്ത്ര്യബോധമില്ലാത്ത ജനതതിക്കു് ജനാധിപത്യം അൎത്ഥമില്ലാത്ത ഒന്നാണു്. ഗ്രീസ്സിൽ ജനാധിപത്യത്തെപ്പററി പഠിച്ചു് സ്വാതന്ത്ര്യവാഞ്ഛ വികസിച്ച ചുരുക്കംചിലൎക്കു് അതെങ്ങനെ സാധൂകരിക്കാമെന്നും എങ്ങനെ കരഗതമാക്കാമെന്നും ഉള്ളതൊരു പ്രശ്നമായിത്തീൎന്നു. സാമൂഹ്യകഅവകാശങ്ങളെ മാനിക്കുന്ന ഒരു സാമൂഹികകരാർ ഉണ്ടാക്കുവാനുള്ള ആശയം അതുവരെ നയിച്ചുവന്ന പ്രാകൃത ജീവിതസമ്പ്രദായത്തിൽ നിന്നും അവൎക്കുകിട്ടി.

തോമസ് ഹോബ്സ് (Thomas Hobbes) എന്ന ഇംഗ്ലീഷുകാരനാണ് അതിന്റെ പ്രശസ്തി, പ്രാകൃതജീവിതസമ്പ്രദായത്തിൽ മനുഷ്യൻ മൃഗങ്ങളെപ്പോലെ യാതൊരു നിയമസമാധാനങ്ങൾക്കും വഴങ്ങാതെ ജീവിച്ചുവന്നതിന്റെ ഫലമായി "മനുഷ്യന്റെ ജീവിതം ഏകാന്തവും ദരിദ്രവും വൃത്തികെട്ടതും ക്രൂരവും, ചെറുതും ആയിതീന്നു" ഈ ആത്മഹത്യാപരമായസ്ഥിതിവിശേഷത്തിനു് ജനങ്ങൾ ഒരു അറുതിവരുത്തി. തോന്നിയതുപോലെ നയിച്ചുവന്ന ജീവിതരീതിമാററിയിട്ട്, സാമൂഹ്യകരാറിൽ പ്രവേശിച്ച് ഒരു പരമാധികാരഭരണം തങ്ങളുടെമേൽ സമ്മതിച്ചുകൊടുത്തു. സുരക്ഷിതബോധത്താൽ അവർ അതിനു പരിപൂർണ്ണമായും വഴങ്ങി.

ഹോബ്സ് (HOBBES) തന്റെ 'ലെവിയാത്തൻ' എന്ന വിശിഷ്ടഗ്രന്ഥത്തിൽ ഇതിനെപ്പററി പറഞ്ഞിട്ടുണ്ട്. ചരിത്രകാലത്തെ ഏകാധിപത്യരാജ്യഭാരക്രമത്തിന്റെ സത്യാഭാസമായ ഒരു അടിസ്ഥാനം ഇതു നല്കുന്നുണ്ടെങ്കിലും, മനുഷ്യചരിത്രത്തിലോ, പ്രകൃതിശാസ്ത്രത്തിലോ മനശാസ്ത്രത്തിലോ ഇതിന് ഒരു അടിസ്ഥാനവും ഇല്ല. മനുഷ്യൻ ഒരു സമൂഹ്യജീവിയാണെന്നുപറഞ്ഞുവച്ച ഗ്രീക്കുകാർ തീർച്ചയായും ബുദ്ധിമാന്മാരായിരുന്നു. സാമൂഹ്യകരാർ എന്ന ആശയം രാഷ്ട്രീയ സാമൂഹ്യകെപാടിൽ നിന്നും ഉരുത്തിരിഞ്ഞുവരുന്നതാകകൊണ്ടു് തീർച്ചയായും പ്രാധാന്യം അർഹിക്കുന്നതാണ്. സ്വാതന്ത്ര്യത്തിന് അല്പം കുറവുവന്നാലും സുരക്ഷിതത്വം സ്ഥാപിക്കുന്നതിൽ ഹോബ്സിന്റെ ഭീരുത്വസ്വഭാവം കൂടുതൽ ശ്രദ്ധിച്ചിരുന്നു. വീണ്ടും ഇതെ ആശയം കൂടുതൽ വികസിക്കുന്നതിനുള്ള വഴി അദ്ദേഹം തുറന്നിട്ടു. രാജാവിനെ കഴകിലേററുകയും ജയിംസ്‌രണ്ടാമനെ സ്ഥാനഭ്രഷ്ടനാക്കി അദ്ദേഹത്തിന്റെ മകളായ മേരിയേയും അവരുടെ ഭത്താ

വായ വില്യംഓഫ് ഓറഞ്ചിനെയും തൽസ്ഥാനത്തു പ്രതിഷ്ഠിക്കുകയും ചെയ്ത ഇംഗ്ലീഷ് വിപ്ലവത്തിന്ന് താത്വികമായ ഒരു ന്യായീകരണം നല്കേണ്ടതാണെന്ന് പിന്നീട്ട് ഇതിൻെറ ചുമതല ഏറെറടുത്ത ജോൺലോക്കിന്ന തോന്നി. പരസ്പരമുള്ള ഒരു കരാറിൻെറ അടിസ്ഥാനത്തിൽ ജനങ്ങൾ അവരുടെ അവകാശങ്ങൾ രാജാവിന്ന വിധേയമാക്കുമ്പോൾ തങ്ങളുടെ അവകാശങ്ങൾ കാത്തുസൂക്ഷിക്കാൻ രാജാവ് ബാദ്ധ്യസ്ഥനായിരിക്കണമെന്നും അതിൽനിന്ന് ഒഴിഞ്ഞുമാറിയാൽ ആ രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി തൽസ്ഥാനത്ത് മറെറാരാളെ അവരോധിക്കാൻ ജനങ്ങൾക്ക് അവകാശം ഉണ്ടെന്നും സാമൂഹ്യകരാർ എന്ന ആശയത്തിന്ന് ജോൺലോക്ക് വിശദീകരണം നല്കി. ഇംഗ്ലണ്ടിലെ വിപ്ലവം ആധുനികലോകത്തിൽ ആദ്യമായി പാർലമെൻറിന്ന് പരമാധികാരം പ്രഖ്യാപിച്ചു. അതോടുകൂടി ജനാധിപത്യം തത്വാധിഷ്ഠിതമായ നിലവാരത്തിൽ പുനർജന്മംകൈക്കൊണ്ടു. ബ്രിട്ടീഷ് പാർലമെൻറ് ലോകത്തിലുള്ള എല്ലാ പാർലമെൻറുകളുടേയും പെററമ്മയായി പരിഗണിക്കപ്പെട്ടുപോരുന്നതിൻെറ കാരണം ഇതാണ്. ജനങ്ങളുടെ ജന്മാവകാശങ്ങൾക്ക് ജീവൻ, സ്വാതന്ത്ര്യം, ധനം എന്നിവ സംരക്ഷിക്കുവാനുള്ള അവകാശം എന്ന് വിശദമായ ഒരു നിർവ്വചനം നല്കുവാൻ ലോക്ക് താല്പര്യപ്പെട്ടു. ജീവനും സ്വാതന്ത്ര്യവും സംബന്ധിച്ചുള്ള അവകാശം അടിസ്ഥാനപരവും സ്വയം നിർണ്ണായകവും ആണെങ്കിലും വസ്തുവകകളെ സംബന്ധിക്കുന്ന അവകാശം സ്ഥാപിച്ചുകിട്ടേണ്ടിയിരുന്നു. പ്രാകൃതികഭരണസമ്പ്രദായത്തിൽ എല്ലാപേർക്കും ഇഷ്ടംപോലെ ജീവിക്കുന്നതിനുള്ള അവകാശം (കൈകരുത്ത്,കയ്യൂക്ക്)ഉപയോഗിച്ച് എതിർശക്തികളെ കീഴടക്കുന്നതിനെ ആശ്രയിച്ചിരുന്നു. എന്നാൽ പൗരബോധമുള്ള

ഒരു ജനസമുദായം രൂപംപ്രാപിച്ചതോടെ അദ്ധ്വാനശക്തിയുടെ അടിസ്ഥാനത്തിൽ മാത്രമേ വസ്തുവകകളിലുള്ള അവകാശം നേടിയെടുക്കാൻ സാധിക്കൂ എന്ന നില വന്നു. ഒരിക്കൽ അതു് നേടിയെടുക്കുവാൻ സാധിച്ചാൽ ആ സ്വകാര്യസ്വത്തിൽ അവനുള്ള അവകാശം സ്ഥാപിച്ചുകഴിഞ്ഞു. അങ്ങനെ ബോധപൂർവ്വകം എന്നതിലും അധികം അബോധപൂർവ്വകമായി ലോക്കു് ജന്മംനല്കിയ 'അദ്ധ്വാനത്തിൻെറ മൂല്യസിദ്ധാന്തം'ത്തെ സമർത്ഥമായി കാറൽമാർക്സു് പ്രയോജനപ്പെടുത്തുകയും കമ്മ്യൂണിസമെന്നും ബോൾഷെവിസം എന്നും നമ്മുടെ തലമുറയിൽ അറിയപ്പെടുന്ന സോഷ്യലിസത്തിനു് അടിത്തറ പാവുകയും ചെയ്തു.

ലോക്കിൻെറ ആശയങ്ങൾ ഇംഗ്ലീഷ് ചാനലിനു് അക്കരെ എത്തുന്നതിനു് അധികകാലം മുമ്പല്ലാതെതന്നെ, അസംതൃപ്തിയാൽ തിളച്ചുമറിഞ്ഞുകൊണ്ടിരുന്ന ഒരു രാജ്യത്തിനും പുതിയ വഴിത്തിരിവു് ഉണ്ടാക്കികൊടുത്ത റൂസ്സോയുടെ സാമൂഹ്യകരാർ ഉടലെടുത്തു. 'മനുഷ്യൻ ജനിച്ചതു് സ്വതന്ത്രനായിട്ടാണു്. പക്ഷേ അവൻ എങ്ങും ചങ്ങലക്കെട്ടുകളിൽ അമരുകയാണു്". എന്ന വിപ്ളവാത്മകമായ മുഖവാചകത്തോടെ റൂസ്സോയുടെ ഗ്രന്ഥം ഒരു പരീക്ഷണംതന്നെ ആരംഭിച്ചു. വിപ്ളവം ഉച്ചകോടിയിലെത്തി. എല്ലാം താറുമാറായി. പാരിസിലെ ബാസ്റ്റിൽ പിടിച്ചടക്കപ്പെട്ടു. ലൂയി പതിനാറാമനെയും അദ്ദേഹത്തിൻെറ സുന്ദരിയായ ഭാര്യ മേരി അൻേറായ്ണിറ്റയെയും തൂക്കിലിട്ടു. ഫ്രഞ്ചുവിപ്ളവം ചെന്നവസാനിച്ചതു് അങ്ങിനെയാണു്. പല ഭീകരസംഭവങ്ങൾ ഉണ്ടായി എങ്കിലും മനുഷ്യചരിത്രത്തിൽ അതു് അവിസ്മരണീയമായി നിലകൊള്ളും. സങ്കീർണ്ണമായ ആ സാഹചര്യത്തിലാണു് ഉഗ്രപ്രതാപവാനായ നെപ്പോളിയൻ ബോണാപ്പാർട്ടിൻെറ

ജനനം. യുദ്ധവീരനും രാജ്യതന്ത്രജ്ഞനും ആയിരുന്നതി നു പുറമേ അദ്ദേഹം സ്ത്രീലോകത്തിൽ ഒരു പ്രേമകഥാപാത്രവും ആയിരുന്നു. യുദ്ധത്തിലും പ്രേമത്തിലും ഒപ്പം പരാജിതനായ ആ ധീരപുരുഷൻ വിദൂരമായ ഒരു ദ്വീപിൽ വച്ച് ഏകാന്തതയിൽ മരണമടഞ്ഞു. സംഭവബഹുലമായ ഒരു ഇതിഹാസം തന്നെയായിരുന്നു ആ ജീവിതം. ജനാധിപത്യയുഗത്തിന്റെ വഴികാട്ടി എന്ന പ്രശസ്തിയും അദ്ദേഹത്തിനു കിട്ടി. ഒരു സാധാരണവ്യക്തി സ്വയം ഉയന്ന് ഒരു ചക്രവത്തിയായിത്തീരുക, തന്റെ സ്വാധീനശക്തി യൂറോപ്പിലെ സിംഹാസനങ്ങളിലെങ്ങും അംഗീകരിപ്പിക്കുക, ആക്കും അതു് അവിശ്വസനീയമായിട്ടേ തോന്നുകയുള്ളൂ. അദ്ദേഹത്തിന്റെ ഉദയം അടിമവാഴ്ചക്ക് അന്ത്യംകുറിച്ചു. അദ്ദേഹത്തിന്റെ നിയമസംഹിത ഒരു പുതിയ സാമൂഹ്യവ്യവസ്ഥിതിക്ക് വഴിതെളിച്ചു. അദ്ദേഹത്തിന്റെ ആക്രമണം ഇററലിയിലും ജമ്മനിയിലും അത്ഭുതകരമാംവിധം ദേശീയബോധം ഇളക്കിവിട്ടു. എന്നാൽ അദ്ദേഹത്തിന് കീഴടക്കാൻ കഴിയാതെ പോയ സ്പെയിനും റഷ്യയും പിന്നെയും ഒരു നൂററാണ്ടുകാലം ദേശീയബോധത്തിന്റെ കാര്യത്തിൽ പിന്നോക്കംനിന്നതേയുള്ളൂ. പത്തൊമ്പതാം നൂററാണ്ടിൽ ഫ്രഞ്ചുവിപ്ലവത്തിന്റെ ആദർശങ്ങൾ നെപ്പോളിയന്റെ സാമ്രാജ്യത്തെയും വിഗണിച്ചുകൊണ്ടും യൂറോപ്പിനെ മുഴുവൻ ജനാധിപത്യത്തിലേക്ക് നയിച്ചു.

രാജ്യങ്ങളുടെ രൂപത്തിൽ വിസ്തൃതങ്ങളായിത്തീന്ന ഇന്നത്തെ സംസ്ഥാനങ്ങളിൽ പുരാതന ഗ്രീക്കിലെ നഗരസാമ്രാജ്യങ്ങളുടെ മാതൃകയിലുള്ള ജനാധിപത്യം തികച്ചും അപ്രായോഗികമായിത്തീന്നു. അപ്പോൾ ജനങ്ങളുടേതായ ഭരണം സാക്ഷാത്കരിക്കുവാൻ പുതിയ ഒരു സമ്പ്രദായം ഏർപ്പെട്ടത്തേണ്ടിവന്നു. പ്രാതിനിധ്യാത്മകഭ

രണസംവിധാനം വഴിയാണ് അതു നിർവ്വഹിക്കപ്പെടുന്നതു്. ഈ സമ്പ്രദായത്തെ 'ജോൺ സ്റ്റുവാർട്ടുമിൽ' ആധുനികയുഗത്തിലെ ഏററവും മഹത്തായ രാഷ്ട്രീയദർശനമായി വിശേഷിപ്പിച്ചതിൽ അത്ഭുതപ്പെടേണ്ടതില്ല. ഇന്നു് എല്ലാ ഭൂഖണ്ഡങ്ങളിലും നിലനിന്നു വരുന്നതും ജനാധിപത്യത്തിനു മാതൃകയായി അംഗീകരിക്കപ്പെട്ടുവരുന്നതും 'പ്രാതിനിധ്യാത്മക ഭരണസംവിധാനക്രമമാണു്. ഏഷ്യയിലും ആഫ്രിക്കയിലും ജനാധിപത്യത്തിന്റെയും ദേശീയതത്വത്തിന്റെയും പുതുമന്ദിരിചാറിൽ ഉന്മേഷം ഉണർന്നിരിക്കുകയാണു്.

സമയവും ജനങ്ങളുടെ രാഷ്ട്രീയ പ്രവണതയും അനുസരിച്ചു് ജനാധിപത്യത്തിന്റെ അന്തസത്തയിലും വൈവിദ്ധ്യം സംഭവിക്കാറുണ്ടു്. പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിലുള്ള ജനാധിപത്യത്തിന്റെ വളർച്ച പാശ്ചാത്യരാജ്യങ്ങളിൽപോലും വളരെ മന്ദഗതിയിലാണു്. ഇംഗ്ലണ്ടിലെ കോമൺസ്സഭ (ജനസഭ) യുടെ ചരിത്രം ജനാധിപത്യത്തിന്റെ സാവധാനവും സുദൃഢവും ആയ അഭിവൃദ്ധിക്കു് വ്യക്തമായ ഉദാഹരണമാണു് ഇംഗ്ലീഷ്‌വിപ്ളവത്തിനുശേഷം ഒന്നരനൂററാണ്ടുകാലത്തോളം ഭൂഉടമകൾക്കായിരുന്നു അവിടെ പ്രാധാന്യം. എന്നാൽ പതിനെട്ടാംനൂററാണ്ടിന്റെ അന്ത്യഘട്ടത്തിൽ നടന്ന വ്യാവസായികവിപ്ളവം പുതിയ ചില ശക്തികൾക്കു് ഉത്തേജനം നല്കി. പുതിയ വ്യവസായങ്ങളുടെ വളർച്ച, പുതിയ ഒരു ധനികവർഗ്ഗത്തിന്റെ ഉദയം, മുതലാളിവർഗ്ഗത്തിന്റെ ഉയർച്ച, ഭാവി ശ്രേയസ്സിനു് വമ്പിച്ച സാദ്ധ്യതകളുൾക്കൊള്ളുന്ന അംവസാനത്തേതെങ്കിലും അപ്രധാനമല്ലാത്ത തൊഴിലാളിവർഗ്ഗത്തിന്റെ മുന്നേററം ഇവയെല്ലാം അവയിൽ ഉൾപ്പെടുന്നു. പുതിയ നഗരങ്ങൾക്കും, മുതലാളിമാർക്കും പാർലമെന്റിൽ പ്രാതി

നിധ്യം അവകാശപ്പെടാൻ സമയത്തിൻെറ പ്രശ്നമെ അവശേഷിച്ചുള്ളു. പുതിയ ആവശ്യങ്ങൾ ഉന്നയിക്കപ്പെട്ടാൽ മനസ്സോടെ സമ്മതിച്ചുകൊടുക്കുന്ന സ്വഭാവം അല്ലായിരുന്നു ഇംഗ്ലണ്ടിലെ യാഥാസ്ഥിതിക പാരമ്പര്യത്തിനുണ്ടായിരുന്നതു്. 1832 ലെ പരിഷ്കരണനിയമം പാസ്സാകുന്നതിനുതന്നെ വളരെയധികം പ്രക്ഷോഭണങ്ങളും അക്രമങ്ങളും വേണ്ടിവന്നു. അതോടെ ജനസഭ (കോമൺസ്സഭ) മുൻപുണ്ടായിരുന്നതിനെക്കാൾ കൂടുതൽ പ്രാതിനിധ്യസ്വഭാവം കൈകൊള്ളുകയും ചെയ്തു. വോട്ടവകാശം നടപ്പായതോടുകൂടി കൂടുതൽ ആവശ്യങ്ങൾ ഉന്നയിക്കപ്പെടുകയായി. 1868 ലെയും 1884 ലെയും പരിഷ്കരണനിയമങ്ങൾ സമ്മതിദായകരുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു. സ്ത്രീകൾക്കു വോട്ടവകാശം നല്കിയിരുന്നില്ല. എന്നാൽ സ്ത്രീകളുടെ ഇടയിൽ വിദ്യാഭ്യാസം അഭിവൃദ്ധിപ്പെട്ടതോടുകൂടി അവരും വോട്ടവാകാശത്തിനുവേണ്ടി വാദിച്ചു. അവകാശങ്ങൾ അംഗീകരിച്ചുകിട്ടാൻവേണ്ടി സ്ത്രീകൾ ശക്തമായി സമരം നടത്തി. ജന്മംകൊണ്ടു് അമേരിക്കക്കാരിയായ ലേഡി ആസ്റ്റർ ആണു് ജനസഭയിലെ ആദ്യത്തെ വനിതാമെമ്പർ. ഒന്നാംലോകമഹായുദ്ധത്തിനുശേഷം മാത്രമാണു് ഇംഗ്ലണ്ടിൽ പ്രായപൂർത്തിവോട്ടവകാശം നിലവിൽ വന്നതു്. വോട്ടവകാശത്തിൻെറ പരിധി വർദ്ധിപ്പിച്ചതോടെ ലക്ഷക്കണക്കിനു് തൊഴിലാളികൾ വോട്ടർ പട്ടികയിൽ കടന്നുകൂടി. ഒരു തൊഴിലാളികക്ഷി മാത്രമല്ലാ ഒരു തൊഴിലാളി ഗവർണ്മെൻറുംതന്നെയും രൂപീകൃതമായി. ഇംഗ്ലണ്ടിലെ രാഷ്ട്രീയജീവിതഗതിയിലുണ്ടായ താത്വികവികാസങ്ങളായിരുന്നു ഇവയെല്ലാം. ജനങ്ങൾ ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി ഭരിക്കപ്പെടുന്ന ഭരണസമ്പ്രദായമെന്നു് ഏബ്രഹാംലിങ്കൺന്റെ സുപ്രസിദ്ധ നിർവ്വചനത്തോടുകൂടി പുലർന്നുവരുന്ന, ജനാധിപത്യത്തിൻെറ കോട്ടയായി കരുതി

പ്പോരുന്ന, അമേരിക്കൻ ഐക്യനാടുകളിൽപോലും ല ക്ഷക്കണക്കിനു് നീഗ്രോകൾ ഇന്നും പൗരാവകാശത്തിനു വേണ്ടി സമരം ചെയ്യുന്നതേയുള്ളു. എന്നാൽ രണ്ടാം ലോകമഹായുദ്ധത്തിനുശേഷം കോളനിവാഴ്ചയിൽനിന്നും സ്വാതന്ത്ര്യംനേടിയ ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങളാക ട്ടെ പ്രായപൂർത്തിവോട്ടവകാശത്തോടുകൂടിയാണു് ഭരണ ക്രമം ആരംഭിച്ചതു്. എങ്കിലും അവയിൽ പലതും സ്വേ ച്ഛാധിപത്യത്തിലേക്കോ, കമ്മ്യൂണിസത്തിലേക്കോ വഴ തിവീണിരിക്കുന്ന സ്ഥിതിക്കു് അവയുടെ പുരോഗതി സ ന്നിഗ്ദ്ധാവസ്ഥയിലാണു്.

പാർലമെന്ററി ഡമോക്രസി എന്ന നിലയിൽ പ്രാ തിനിധ്യാത്മക ഭരണസമ്പ്രദായത്തിനു് അതിന്റെ സിദ്ധാ ന്തത്തിലും പ്രയോഗത്തിലും വളരെ വ്യാപകമായ അംഗീ കാരം ലഭിച്ചിരിക്കുന്നു. എന്നാൽ അതിനും വിമർശകർ കുറവല്ല. പ്ളേറ്റോയും അരിസ്റ്റോട്ടിലും ഗ്രീസിലെ സ്വ തന്ത്രപൗരന്മാരായിരുന്നെങ്കിലും ജനാധിപത്യത്തെക്കുറി ച്ചു് അവർക്കു് മതിപ്പില്ലായിരുന്നു. 'മഠയന്മാരുടെ ഭരണ കൂടം' എന്നാണു് അതിനെ പ്ളേറ്റോ വിശേഷിപ്പിച്ച തു്. സഹജമായ ഫലിതരസത്തോടെ വാൾട്ടയർ പറ ഞ്ഞു 'നൂറു് എലികൾ ഭരിക്കുന്നതിൽ ഭേദമാണു് ഒരു സിംഹത്തിന്റെ ഭരണം'.

രാജവാഴ്ചയാകട്ടെ, പ്രഭുഭരണംമാവട്ടെ, ഇന്നു് ജനങ്ങൾക്കു് ഗുണപ്രദമല്ല. എന്നാൽ മാനവനാഗരികത യുടെ പരിണാമഗതിയിൽ രാജാക്കന്മാരും പ്രഭുക്കന്മാരും ചെയ്തിട്ടുള്ള മഹനീയസേവനങ്ങളുടെ മുൻപിൽകണ്ണടച്ചു നില്ക്കാൻ നിഷ്പക്ഷമതിയായ ഒരു ചരിത്ര വിദ്യാർത്ഥി ക്കും സാദ്ധ്യമല്ല. മോബോക്രസി (MOBOCRACY) പോലെയുള്ള ഭരണത്തിലല്ലാതെ ശുദ്ധമായ ജനാധിപ

ത്യം ഒരിക്കലും സാദ്ധ്യമായിത്തീൎന്നിട്ടില്ല. പുരാതന ഏ്ഥൻസിൽ "അരിസ്റ്റെഡ്സിനെ"പ്പററിയുള്ള ഒരു ചരിത്ര സംഭവം ഉണ്ടു് അദ്ദേഹം വളരെ ജനസമ്മതനും ആദരണീയനും ആയിരുന്നു. നീതിനിഷ്ഠനായ അരിസ്റ്റൈഡ്സ് എന്നു് അദ്ദേഹം വാഴ്ത്തപ്പെട്ടിരുന്നു. ഒരിക്കൽ സമ്മതിദാനംനടന്നുകൊണ്ടിരിക്കെ ഒരാൾ അദ്ദേഹത്തിനെതിരായി വോട്ടുചെയ്യുന്നതു കാണുകയുണ്ടായി, അതിന്റെ കാരണം ആരാഞ്ഞ അദ്ദേഹത്തോടു് അയാൾ പറഞ്ഞു "നീതിനിഷ്ഠനായ അരിസ്റ്റൈഡ്സ്" എന്നു പറയുന്നതു കേട്ടു ഞാൻ മടുത്തു. ഇടത്തരക്കാരായ ആളുകൾ ധനവാന്മാരെയും ബുദ്ധിമാന്മാരെയും കുറിച്ചു് എപ്പോഴും അസൂയാലുക്കളായിരിക്കും. എന്നാൽ അവരെ കൂടാതെകഴിയുവാനും അവൎക്കു സാദ്ധ്യമല്ല.

അംഗീകൃതമായ ഒരു സമത്വത്തിൻെറ അടിസ്ഥാനത്തിൽ മാത്രമേ ജനാധിപത്യം പ്രവൎത്തിപഥത്തിൽ കൊണ്ടുവരാനാവൂ. ഒരാളിനു് ഒരുവോട്ടു് എന്ന തത്വവും പ്രായപൂൎത്തിവോട്ടവകാശവും എല്ലാ ജനാധിപത്യങ്ങളും അംഗീകരിക്കുന്നുണ്ടു്. എന്നാൽ അടിസ്ഥാനപരമായ സമത്വം എവിടെയും കാണുന്നില്ല. സമത്വം എന്ന ആശയത്തെ കുറിച്ചു് എല്ലാ വീക്ഷണകോണങ്ങളിലൂടെയും നമുക്കൊന്നു പഠിക്കാൻ ശ്രമിക്കാം. ജീവശാസ്ത്രം അനുസരിച്ചു് രണ്ടുവ്യക്തികൾ,ഇരട്ടപെററുണ്ടായ കുട്ടികൾപോലും ഒരുപോലെയിരിക്കുന്നില്ല. രണ്ടുപ്രാവശ്യം എടുത്തവിരലടയാളങ്ങൾക്കുപോലും വ്യത്യാസം ഉണ്ടായിരിക്കും അതാണു് പെനോളജി (Penology) ഒരു ശാസ്ത്രമായി തീൎന്നതു്. സ്വഭാവത്തിലും ബുദ്ധിവൈഭവത്തിലും അന്തമില്ലാത്ത വൈവിദ്ധ്യങ്ങളാണു് എവിടെയും കാണുന്നതു് മററുള്ളവരുടെ അംഗീകാരം ലഭിത്തക്കവണ്ണം പ്രായോഗി

കമായ ഔൽകൃഷ്യം ഉള്ള ചിലവ്യക്തികൾ എല്ലാ ജനസ സമൂഹത്തിലും ഉണ്ടു്. ഗാന്ധിജിയോടൊപ്പം ഇരിക്കു വാൻ ഏതു് ഇൻഡ്യാക്കാരനു കഴിയും? ഷേക്സ്പിയ റോട്ടും വിൻസ്ററൻ ചർച്ചിലിനോട്ടും തുല്യത അവകാശ പ്പെടാൻ ഏതു് ഇംഗ്ലീഷുകാരനു കഴിയും? മന:ശാസ്ത്ര പരമായി പരിശോധിച്ചാൽ ഓരോവ്യക്തിക്കും അവനവ ന്റേതായ ഒരു വ്യക്തിത്വം ഉണ്ടെന്നുമനസ്സിലാക്കാം, ഒരു മനുഷ്യൻ മററൊരു മനുഷ്യന്റെ ശരിപകർപ്പാണെന്നു പറയുന്നതു് വെറും ആലങ്കാരിക ഭാഷമാത്രമാണു്.തന്മൂലം മനുഷ്യത്വം സമ്പന്നവും സങ്കീർണ്ണവും ആയിരിക്കുന്നു. ഹിററ് ലർജീവൻ പണയംവെച്ചു് ആവിഷ്കരിച്ച ഭരണ ക്രമത്തിൽപോലും മനുഷ്യനെ കേവലം യന്ത്രമാക്കിത്തീ ർക്കാൻ സാധിച്ചില്ല. അദ്ദേഹം കോടിക്കണക്കിനു് യഹൂദന്മാരെ നശിപ്പിച്ചെങ്കിലും യഹൂദവർഗ്ഗത്തിന്റെ ഊ ർജ്ജസ്വലത നശിപ്പിക്കാൻ സാധിച്ചില്ല. ആധുനിക ലോകത്തിലെ അത്ഭുതം എന്നു പറയപ്പെടുന്ന ഇസ്രയേ ലിൽ മാത്രമല്ലാ പുരോഗതിപ്രാപിച്ചിട്ടുള്ള എല്ലാരാജ്യ ങ്ങളിലും വിവിധ പ്രവർത്തനഗതികൾക്കു് ചുക്കാൻ പിടിച്ചുകൊണ്ടിരിക്കുന്ന നിരവധി യഹൂദന്മാരിൽ ആ വൈഭവം നിലനിന്നു പോരുന്നുണ്ടു്. സാമ്പത്തിക സമ ത്വം എന്നതുതന്നെയും കേവലം സ്വപ്നമാണു്. അതുനേ ടിയെടുക്കുന്നതിൽ കമ്മ്യൂണിസം പരാജയപ്പെട്ടിരിക്കുന്നു. കമ്മ്യൂണിസത്തിനു് ധനികരെ ദരിദ്രരാക്കുവാൻ കഴിഞ്ഞേ ക്കും, എന്നാൽ സാമ്പത്തിക സമീകരണം സാദ്ധ്യമല്ല. എക്കാലത്തും അലസന്മാരും അലഞ്ഞുതിരിഞ്ഞുനടക്കുന്ന വരും ഉണ്ടായിരിക്കും: അവരുടെ ബുദ്ധിശൂന്യതയിലൂ ടെ ബുദ്ധിമാന്മാർ അഭിവൃദ്ധിനേടുവാനുള്ള അവസരം സൃഷ്ടിക്കും.

വർഗ്ഗമേധാവിത്വം മനുഷ്യചരിത്രത്തിൽ സുപ്രധാനമായ ഒരു ഭാഗം അഭിനയിച്ചിട്ടുണ്ട്, ഗ്രീക്കുകാർ ഇതരവർഗ്ഗക്കാരെയെല്ലാം കാടന്മാരായി ഗണിക്കുകയും ആധിപത്യം അവകാശപ്പെട്ടുകയും ചെയ്തിരുന്നു. യഹൂദന്മാർ തങ്ങൾ ദൈവത്തിൻെറ സ്വന്തം ആൾക്കാരാണെന്ന് സ്വയം അഭിമാനിച്ചിരുന്നു. ഭാരതത്തിലെ ആര്യന്മാർക്ക് മ്ളേഛന്മാരോട്ട് തീരെ ദയയില്ലായിരുന്നു; എന്നുമാത്രമല്ല ജാതിവ്യവസ്ഥ ഉണ്ടാക്കുകയും, ലോകം കണ്ടിട്ടുള്ളതിൽ വച്ചേററവും കട്ടപ്പമായ യാഥാസ്ഥിതികമനോഭാവം വച്ചുപുലത്തുകയും ചെയ്തിരുന്നു, ഹിററ്ലറുടെ ജർമ്മൻസങ്കരത്തെ നീചമായികണക്കാക്കിയിരുന്നു, എങ്കിലും വെള്ളനിറത്തിൻെറ മാഹാത്മ്യത്തിൽ വിശ്വസിക്കുന്ന അമേരിക്കക്കാർ ഇന്നും ഉണ്ട്. ജീവിതത്തിൻെറ എല്ലാ തുറകളിലും വെള്ളക്കാർ ആധിപത്യം സ്ഥാപിക്കാൻ വന്നപ്പോൾ മററുള്ളവർ തങ്ങളുടെ അധമത്വത്തെസ്വയം സമ്മതിച്ചുകൊട്ടക്കുകയാണുണ്ടായതു്. എന്നാൽ ആ കാലം കഴിഞ്ഞുപോയി. ജപ്പാൻ റഷ്യയെ കീഴടക്കിയപ്പോൾ ഈ നിറത്തിൻെറ ആധിപത്യം തകക്കപ്പെട്ടു. അതുപോലെ ഇൻഡ്യയിലെ അർദ്ധനഗ്നനായ സന്ന്യാസി ബ്രിട്ടീഷ്സിംഹാസനത്തിൻെറ അടിത്തറയിൽ,തുരങ്കം വച്ചതിനെ തുടന്നുണ്ടായ പ്രത്യാഘാതങ്ങൾ വെള്ളക്കാരുടേയും തവിട്ടുനിറക്കാരുടേയും കറുത്തനിറക്കാരുടെയും ഭാവനയ്ക്കു് അതീതമായി വളന്നു അന്തർദേശീയ ജീവശാസ്ത്രജ്ഞന്മാരും നരവംശശാസ്ത്രജ്ഞന്മാരും എല്ലാം ജീവശാസ്ത്രപരമായി വർഗ്ഗബന്ധങ്ങളെപ്പററി പഠിക്കുവാൻ യുനെസ്കോവിൻെറ ആഭിമുഖ്യത്തിൽ മോസ്കോവിൽവച്ചു കൂടിയപ്പോൾ ഒരു സത്യം തുറന്നു സമ്മതിച്ചു. 'തുല്യഗുണമുള്ള ഒരു വർഗ്ഗവും ഈ ലോകത്തില്ല'. ഏഷ്യക്കാരുടെയും ആഫ്രിക്കക്കാരുടെയും ഉയർച്ചയുടെ കാലത്തു് അവൎക്കു് മറെറാന്നുകൂടി സമ്മതിക്കേണ്ടിവന്നു. ഇന്നത്തെ

ലോകത്തു് ഏതൊരു സംസ്കാരപ്രവണതയും ഉൾക്കൊള്ളാൻ തക്ക ത്രാണി ഏതൊരു വൎഗ്ഗത്തിനും ഉണ്ടു്. വൎഗ്ഗമേധാവിത്വം മരിച്ചെങ്കിലും മനുഷ്യന്റെ അഭേദം വൎഗ്ഗവിഭാഗങ്ങൾക്കിടയിൽ നിലകൊള്ളുന്നുണ്ടു്. ഈ പരിതസ്ഥിതിയിൽ ജനാധിപത്യം എങ്ങിനെ കാത്തുരക്ഷിക്കാം? ഏകാധിപത്യവും നാട്ടുവാഴിത്തവും ഒരു ഗുണവും ചെയ്തില്ലെന്നു മാത്രമല്ല ബഹുജനങ്ങളെ പാവങ്ങളും, വിദ്യാശൂന്യരും നിരാധാരരും ആക്കുകയും ചെയ്തു. എന്നാൽ അധികാരം തങ്ങളുടെ കയ്യിൽ കൊണ്ടുവരാൻ ജനങ്ങൾ സമരംചെയ്തു. അവർ വിജയിച്ചു. കാരണം വിപ്ളവം പുതിയ നേതാക്കളെ സൃഷ്ടിച്ചതുതന്നെ. ആധുനിക പ്രാതിനിദ്ധ്യാത്മകഭരണസംവിധാനത്തിൽ ഒരുവശത്തു് വിഡ്ഢികളും വഞ്ചകരും ആയ ആളുകളും മറുവശത്തു് നല്ലവരും ബുദ്ധിമാന്മാരും ആയ ആളുകളും ഉൾപ്പെടുന്നു. വിഡ്ഢികൾക്കും വഞ്ചകന്മാൎക്കും വോട്ടുചെയ്യാൻ കഴിയും. എന്നാൽഅധികാരം, നയിക്കാൻ കഴിവുള്ളവരുടെ കൈകളിലേക്കു് തെന്നിവീഴുന്നു. ഏതെങ്കിലും കാരണവശാൽ വിഡ്ഢികളുടെയും വഞ്ചകരുടെയും കൈയ്യിൽ ഭരണം വന്നുചേൎന്നാൽ ജനാധിപത്യത്തിന്റെ ആയുസ്സു കുറയുകയും, യൂറോപ്പിലും ഈ അടുത്തകാലത്തു് ഏഷ്യയിലും, ആഫ്രിക്കയിലും സംഭവിച്ചതുപോലെ സ്വേച്ഛാധിപത്യം ഉടലെടുക്കുകയും അതിൽനിന്നും കരകയറാൻ പറ്റാത്ത പതനത്തിൽ എത്തുകയും ചെയ്യും. കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും ജനാധിപത്യത്തിലുള്ള എന്റെ വിശ്വാസം നഷ്ടപ്പെട്ടിട്ടില്ലെന്നു മാത്രമല്ലാ ഏററവും നല്ല രാഷ്ട്രീയസംവിധാനമാണെന്നു് ഉറപ്പുമുണ്ടു്. ജനാധിപത്യം തോററിട്ടുണ്ടെങ്കിൽ അതിന്റെ കാരണം ചില വ്യവസ്ഥകൾ പൂൎത്തിയാക്കാൻ അതിനു കഴിയാഞ്ഞിട്ടാണെന്നു തീർച്ചയാണു്.

ഞാൻ ഇതു വിശ്വസിക്കുന്നതിനു കാരണം ഒരു രാഷ്ട്രീയതത്വശാസ്ത്രവും മനുഷ്യന്റെ അന്തസ്സിനെ ഇത്രകണ്ട് അംഗീകരിച്ചിട്ടില്ലെന്നതിനു പുറമേ കഴിവനുസരിച്ച് സ്വയം വികസിക്കുന്നതിനുള്ള അവകാശവും അതു സമ്മതിച്ചുകൊടുക്കുന്നു എന്നതാണ്.

'ഒരു ഇംഗ്ലീഷുകാരൻ' അഞ്ചോ ഏഴോ കൊല്ലത്തിലൊരിക്കൽ വോട്ടുചെയ്യുമ്പോൾ മാത്രമേ സ്വാതന്ത്ര്യം അനുഭവിക്കുന്നുള്ളു' എന്ന മോണ്ടേസ്ക്യൂ (Montesqive) വിൻെറ വാക്യത്തിന് അദ്ദേഹത്തിനു സ്വന്തമായ ചില ന്യായങ്ങൾ ഉണ്ടായിരിക്കാം. എന്നാൽ തൻെറ വോട്ടുകൊണ്ട് ഒരു സക്കാരിനെ സ്ഥാനഭ്രഷ്ടമാക്കുവാനും വിശ്വാസമുള്ള മററൊന്നിനെ തൽസ്ഥാനത്തു പ്രതിഷ്ഠിക്കുവാനും കഴിയുമെന്ന വസ്തുത അദ്ദേഹം മറന്നുപോയതുപോലെ തോന്നുന്നു. അതിന് രാഷ്ട്രീയമുൻപരിചയവും രാഷ്ട്രീയമായ ഉത്തരവാദിത്വബോധവും ആവശ്യമാണ്. സക്കാറിനെ ശരിക്ക് പിടിച്ചുനിത്തുവാൻ കഴിവുള്ള ഒരു പ്രതിപക്ഷവും പൊതുജനാഭിപ്രായത്തിന് എതിരായി നിന്നാൽ അഞ്ചോ ഏഴോ വഷങ്ങൾ കഴിയുമ്പോൾ എതിരായി വോട്ടുചെയ്യപ്പെടും എന്ന ബോധവും തെററായ നയപരിപാടികൾ നടപ്പാക്കുന്നതിൽനിന്നും സർക്കാരിനെ വിലക്കുന്നു. 1936 ജൂൺ 11-ാം തീയതി ഇംഗ്ലണ്ടിലെ പ്രധാനമന്ത്രി സ്റ്റാൻലി ബാൾഡ്വിൻ ജനസഭയിൽ ചെയ്ത പ്രസംഗം ജനാധിപത്യത്തിന് ഒരു മുതൽക്കൂട്ടായി നിലകൊള്ളുന്നു. 'സ്വേച്ഛാധിപത്യത്തോടു ചേന്നുപോകുന്ന അഴിമതികൾ സാധാരണ മൂടപ്പെട്ടിരിക്കുന്നു. ജനാധിപത്യത്തിൽ കടന്നുവരുന്ന അഴിമതികൾ വെളിച്ചത്തുകൊണ്ടുവന്ന് അതിനെ നിർദ്ദാക്ഷിണ്യം നേരിടേണ്ടതാണ്. അതിനെതിരെയുള്ള അഭിപ്രായങ്ങൾ

ജനസഭയെന്ന നിലയിൽ മാനിക്കുവാനും അതിലെക്കു ന ടപടിയെടുക്കുവാനും നാം ബാദ്ധ്യസ്ഥരാണ്. ഉന്നത തലത്തിൽ ഇരിക്കുന്നവരുടെ തെററുകളെ അതേ തെററു കൾ ചെയ്യുന്ന സാധാരണക്കാരുടേതിൽനിന്നും വിഭിന്ന മായി നാം കണക്കാക്കിക്കൂടാ. നമ്മുടെ സക്കാർജീവന ക്കാരുടെ ഉത്തരവാദിത്വബോധത്തിലും ഉന്നതനിലവാ രത്തിലും നാം അഭിമാനിക്കുന്നു. നാം ഈസഭയിലെ ഒരം ഗത്തെയും സക്കാർഉദ്യോഗസ്ഥന്മാരെയും താണനിലവാ രം പുലത്തുന്നവരായി പ്രതീക്ഷിക്കുന്നില്ല.'

ഇതൊക്കെ ജനാധിപത്യസമ്പ്രദായത്തിൽ അഭിമാ നിക്കാൻ വകയുള്ള കാര്യങ്ങളാണ്. എന്നാൽ മനു ഷ്യൻെറ ഒരു ശാപമാണെന്നു പറയാം, നാം ആദർശങ്ങ ളെപ്പററി പറയുകയല്ലാതെ അതനുസരിച്ച് ജീവിക്കാറി ല്ലെന്നതു്. ഒരു വോട്ട് എന്നതു് പരിശുദ്ധമായ ഒരു ചുമതലയാണ്. എങ്കിലും ഇംഗ്ലണ്ടിനെപ്പോലെ നിയ മബഹുമാനമുള്ള ഒരു രാജ്യത്തുപോലും വോട്ട് കാശി നും, എന്തിന് ചുംബനത്തിനുപോലും, വാങ്ങുകയും കൊ ടുക്കുകയും ചെയ്യാം. ചാറൽസ്ഫോക്സിനെപോലെ പ്ര സിദ്ധനായ ഒരുവനും തന്റെ കഴിവുകൊണ്ടുതന്നെ വോട്ടു നേടിയെടുക്കാമെന്നിരിക്കെ, ഒരു പ്രഭു പത്നി അദ്ദേഹ ത്തിനു വോട്ടുപിടിക്കുവാൻവേണ്ടി ഒരു മാട്ട് അറപ്പുകാ രനെ ചുംബിക്കുകപോലും ചെയ്തിട്ടുണ്ട്. നമ്മുടെ രാ ജ്യത്തു് വോട്ടുപിടിക്കുവാൻവേണ്ടി സിനിമാനടികൾ വ ഹിച്ച പങ്കിൻെറ നേരെയും നാം കണ്ണടച്ചുകൂടാ.

നമ്മുടെ കാലത്തു് ജനാധിപത്യം വിജയിച്ചിട്ടുള്ള തിൻെറ ഉദാഹരണമായി ഇംഗ്ലണ്ടിനെ ചൂണ്ടിക്കാട്ടു മ്പോൾ അവർ എങ്ങിനെ വിജയിച്ചു എന്നു നോക്കേ ണ്ടതുണ്ട്. പ്രഥമവും പ്രധാനവും ആയ വസ്തുത വിദ്യാ

ഭ്യാസമാണ്. ബ്രിട്ടീഷ്ജനാധിപത്യം തലമുറകളിലൂടെ സാവധാനമായ വളർച്ചയിലൂടെ വന്നിട്ടുള്ളതാണ്. ഇംഗ്ലണ്ടിലെ പാർലമെന്ററിഡമോക്രസിക്ക് 300 വർഷത്തിൽ താഴെയാണ് പ്രായം. പൗരാവകാശത്തിൻെറ വളർച്ച വിദ്യാഭ്യാസത്തോടൊപ്പിച്ചാണ് നടത്തുന്നത്. ഇംഗ്ലണ്ടിലെ കലാശാലാവിദ്യാഭ്യാസത്തിനു് 80 വർഷത്തെ പഴക്കമേ ഉള്ളു. പ്രായപൂർത്തി പൗരാവകാശത്തിനു് 40 വർഷവും.

രണ്ടാമതായി ജനാധിപത്യനിലവാരത്തെ കാത്തുരക്ഷിക്കുവാൻ ഇംഗ്ലണ്ടിലെ പത്രങ്ങൾ വഹിച്ച പങ്ക് ഏററവും വലുതാണ്. അതു് ഇന്നും മഹത്തായി നിലകൊള്ളുന്നുണ്ട്: പ്രചാരത്തിൽ അമേരിക്കൻ ഐക്യനാടുകളാണ് മുൻപിൽ നില്ക്കുന്നതെങ്കിലും 'ദി ടൈംസ്' എന്ന പത്രം വായനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധിച്ചിട്ടില്ലെങ്കിലും ലോകത്തുള്ള സത്യസന്ധവും നിഷ്പക്ഷവും ആയ വാർത്തകൾ നല്കുന്നതിൽ മുൻപിൽതന്നെ നില്ക്കുന്നു. ഇംഗ്ലണ്ടിൽ അതിനു വലിയ പ്രചാരമുണ്ട്. മുസ്സോളിനി 'ദി ടൈംസ്' വായിക്കുവാൻ വേണ്ടി ഇംഗ്ലീഷ്ഭാഷ പഠിക്കാനുള്ള ആഗ്രഹപ്രകടനം നടത്തിയതുകൊണ്ടുതന്നെ ആ പത്രത്തിന്റെ മാഹാത്മ്യം വ്യക്തമാകുന്നതാണ്. അതുപോലെ മഹാനായ അമേരിക്കൻ പ്രസിഡന്റ് 'വിൽസൺ' ഒന്നാംലോകമഹായുദ്ധകാലത്ത് മെയിൽ വരുമ്പോൾ ആദ്യം നോക്കിയിരുന്നതു് 'ദി ടൈംസ്' ആയിരുന്നു എന്നതും അതുതന്നെ വിളിച്ചുപറയുന്നു. ഒക്കെക്കൂടി നോക്കുമ്പോൾ ഇംഗ്ലണ്ടിലെ പത്രങ്ങൾ നിലവാരവും നിർഭയത്വവും സ്വാതന്ത്ര്യചിന്താഗതിയും സൂക്ഷിക്കുന്നതിനു പുറമേ മാറികൊണ്ടിരിക്കുന്ന പൊതുജനാഭിപ്രായത്തിൻെറ കണ്ണാടികൂടിയും ആണ്.

മൂന്നാമതായി പത്രങ്ങൾ പൊതുജനാഭിപ്രായത്തെ വികസിപ്പിക്കാൻ സഹായിച്ചിരുന്നതുപോലെ പൊതുജനാഭിപ്രായത്തിൻെറ ജിഹ്വയും ആയിരുന്നു. ഡിലെൻ (DELANE) "ദി ടൈംസി"ൻെറ പത്രാധിപരായിരുന്ന കാലത്തു് ഗവണ്മെൻറും ഒരു പ്രധാനപ്പെട്ട കാര്യവും അദ്ദേഹത്തോടാലോചിക്കാതെ മുന്നോട്ടു കൊണ്ടുവന്നിരുന്നില്ല. അതിനാൽ പൊതുപ്രാധാന്യം അർഹിക്കുന്ന പ്രശ്നങ്ങളുടെ നാനാവശങ്ങളെയും എടുത്തുകാണിക്കുന്ന ഒരു പത്രം ഒരു ചർച്ചാവേദിയായിത്തീരുന്നു. നമുക്കു് ഇഷ്ടമുള്ള ചില പത്രങ്ങൾ നമ്മുടെ അഭിപ്രായങ്ങളിൽ നിറം കലർത്താറുള്ളതുപോലെ പത്രങ്ങൾക്കു് തങ്ങളുടെ അഭിപ്രായങ്ങളും നയങ്ങളും ജനങ്ങളിൽ ചെലുത്തുവാനുള്ള കഴിവു് ഒന്നു വേറെതന്നെയാണു്. നെപ്പോളിയൻ തൻെറ സ്വതസിദ്ധമായ ബുദ്ധിവൈഭവത്താൽ തിരിച്ചറിഞ്ഞു. 'നാലുശത്രുപത്രങ്ങളെ ആയിരം തോക്കിനേക്കാൾ ഭയപ്പെടണം.'

നാലാമതായി ജനാധിപത്യത്തിൽ സഹിഷ്ണത ആവശ്യമാണു്. പരസ്പരമുള്ള ആശയങ്ങളുടെ കൊള്ളൽ കൊടുക്കകൾ ആരോഗ്യമുള്ള ഒരു സമൂഹത്തിനു് ആവശ്യമാണു്. സത്യം ഒരു വ്യക്തിയുടേയോ ഒരു വിഭാഗത്തിൻെറയോ തറവാട്ടു സ്വത്തല്ല. ആദർശങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങളിലൂടെ മാത്രമേ അതു് പുറത്തുവരികയുള്ളു. ബ്രിട്ടീഷ്ജനാധിപത്യത്തിൻെറ മറെറാരു നേട്ടം ലോകത്താകമാനമുള്ള രാഷ്ട്രീയാഭയാർത്ഥികൾക്കു് അഭയം നല്കുവാനുള്ള സന്നദ്ധതയാണു്. ഈ സഹിഷ്ണുതക്കു് ഒന്നാംതരം ഉദാഹരണമാണു് "ദാസ്കാപ്പിററൽ" എന്ന.വിപ്ളവാത്മകമായ പുസ്തകം ഇംഗ്ലണ്ടിൽ വച്ചെഴുതിയ കാറൽമാക്സ്. ബ്രിട്ടീഷ് വിരുദ്ധന്മാരായ കൃഷ്ണമേനോനെപ്പോലെയുള്ള ഇൻഡ്യാക്കാർക്കും ലണ്ട

നിൽ ആതിഥ്യം ലഭിച്ചിട്ടുണ്ട് അതിനാൽ അവിടെത്തന്നെ ഇരുന്ന് എഴുതിയും പ്രസംഗിച്ചും ഇൻഡ്യാക്കാർക്കനുഭവമുള്ള ഒരു വിഭാഗം ആളുകളെ അദ്ദേഹം സൃഷ്ടിച്ചിട്ടുമുണ്ട്. ഇങ്ങനെ ആശയങ്ങളോടു സഹിഷ്ണുതകാട്ടുന്ന ഒരു രീതി ജർമ്മനിയേയും ഇററലിയേയും പോലുള്ള ഫാസിസ്റ്റു രാജ്യങ്ങളിലും കമ്മ്യൂണിസ്റ്റു രാജ്യങ്ങളിലും ഉണ്ടാവുക സാദ്ധ്യമല്ല.

ഇതിനും ഇതിൻേറതായ ചില തകരാറുകൾ ഉണ്ട്. ആദർശ കുഴപ്പങ്ങൾക്കും സംഘട്ടനങ്ങൾക്കും ഇതു് വഴി തെളിക്കാറുണ്ട്. ഈ അപകടത്തിൽ നിന്നും രക്ഷനേടുവാൻ രണ്ടുമാർഗ്ഗങ്ങളുണ്ട്. ഒരു ജനാധിപത്യരാഷ്ട്രത്തിൽ കൂടി ഉറച്ചരാജ്യഭക്തികൂടിയേതീരൂ. തീഷ്ണമായ സ്വരാജ്യസ്നേഹമുള്ള ഒരു ഇംഗ്ലീഷുകാരൻെറ മുൻപിൽ എപ്പോഴും സ്വതന്ത്രഇംഗ്ലണ്ടിൻെറ പ്രതിബിംബം ഉണ്ടായിരിക്കും. അതു് രാജ്ഞിയുടേയോ രാജാവിൻേറയോ വ്യക്തിത്വത്തിൽ വളരെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇംഗ്ലീഷു ചരിത്രത്തിൻെറയും ജനങ്ങളുടെയും തുടർച്ചയായ ബ്രിട്ടീഷ് സാമ്രാജ്യാധിപത്യത്തെ കിരീടം പ്രതിനിധാനം ചെയ്യുന്നു, വെള്ളപ്പിൻെറ ആധിപത്യത്തിനെതിരെ സമരം ചെയ്തു് ജന്മാവകാശമായ സ്വാതന്ത്ര്യത്തെ നേടിയെടുത്തതോടെ അതു് ബ്രിട്ടീഷ് കോമൺവെൽത്തായി രൂപാന്തരപ്പെട്ടു. സമാധാനത്തോടും സഹിഷ്ണതയോടുംകൂടി നേടിയെടുത്ത അതു് ജനാധിപത്യത്തിൻെറ ഒരു വൻപിച്ച വിജയമായിവേണം കണക്കാക്കുവാൻ. അമേരിക്കൻ ഐക്യനാടുകളിൽ പ്രസിഡൻറും കോൺഗ്രസ്സും വരികയും പോവുകയും ചെയ്താലും ബ്രിട്ടീഷാധിപത്യത്തിനെതിരെ സമരം പ്രഖ്യാപിച്ച വാഷിംഗടൻെറയും, സമാധാനദൂതനായിരുന്നെങ്കിലും ആഭ്യന്തരയുദ്ധം നടത്തേണ്ടിവന്ന ഏബ്രഹാംലിങ്കൺൻെറയും ആദർശങ്ങൾ അവ

രുടെ ഭരണഘടനയിൽ കലത്തിയ പരിശുദ്ധിയുടെ പരിവേഷം നിലനില്ക്കുകതന്നെ ചെയ്യും; ജനാധിപത്യം അഭിപ്രായ പ്രകടനങ്ങൾക്കുള്ള പരിപൂണ്ണ സ്വാതന്ത്ര്യം നല്കുന്നുണ്ടെങ്കിലും അതിന്നപ്പുറം കലഹത്തിനു് സ്വാതന്ത്ര്യം നിഷേധിച്ചിരിക്കുന്നു. സ്വാതന്ത്ര്യംപുലഭ്യംപറച്ചിലുകൾക്കോ അവഹേളനങ്ങൾക്കോ ഇടം കൊടുക്കാതെ സൂക്ഷിക്കാനുള്ള ചുമതല ജനാധിപത്യഭരണസംവിധാനത്തിനുണ്ടു് ജീവിക്കുകയും ജീവിക്കുവാൻ അനുവദിക്കുകയും ചെയ്യുക എന്നതു് ജനാധിപത്യപാരമ്പര്യത്തിൻെറ ഘടകമാണു്.

അതിനാൽ ജനാധിപത്യം വെറും രാഷ്ട്രീയമല്ല, അതിനായി ജീവിക്കുകയും വേണ്ടിവന്നാൽ മരിക്കുവാൻപോലും സന്നദ്ധത പ്രകടിപ്പിക്കുകയും ചെയ്യുന്ന അതിൻെറതായ തത്വശാസ്ത്രം ഒരു ജീവിത സമ്പ്രദായമായിമാറിയിട്ടുണ്ടു് ചുരുക്കിപറഞ്ഞാൽ എല്ലാ ജനാധിപത്യത്തിനും അതിൻെറതായ മുദ്രാവാക്യങ്ങളുണ്ടു്. സ്വാതന്ത്ര്യം, സഹോദര്യത: ആദർശഭക്തി മനുഷ്യനെ മനുഷ്യനായികാണുന്നതിനായി മനുഷ്യത്വത്തെ ഉയർത്തിപ്പിടിക്കലാണു് അതിൻെറ ലക്ഷ്യം.

ജനാധിപത്യ സിദ്ധാന്തത്തിൽ എത്രതന്നെ അഭികാമ്യമായാലും അതു് പ്രവർത്തിക്കുന്നതെങ്ങനെയെന്നു് അറിഞ്ഞിരിക്കുക നല്ലതാണു്.

വിശദമായ പഠനത്തിനർഹമാക്കേണ്ട ജനാധിപത്യ ഭരണസമ്പ്രദായങ്ങൾ കുറച്ചേ ഉള്ളു. ഇംഗ്ലണ്ടും അമേരിക്കയും, നമ്മുടെ ജനാധിപത്യഭരണസമ്പ്രദായത്തിലും നാം തല്പരരായിരിക്കേണ്ടതാണു്: എടുത്തുപറയേണ്ടമററു് ജനാധിപത്യരാഷ്ട്രങ്ങൾ ഫ്രാൻസും സ്വിററ്സർലൻഡും വടക്കു കിഴക്കൻയൂറോപ്യൻ രാഷ്ട്രങ്ങളും ആണു്.

സ്വിറ്റ്സർലൻഡ് ഇതിൽ ഒററപ്പെട്ടു നില്ക്കുന്നു. ആധുനികരാഷ്ട്രങ്ങളിൽ ഗ്രീക്കുജനാധിപത്യത്തോടു സാദൃശ്യം വഹിക്കുന്നതരത്തിൽ ജനങ്ങൾ നേരിട്ടാണ് അവിടുത്തെ നിയമനിർമ്മാണം നടത്തുന്നതു്. കോളനി വാഴ്ചയിലും സാമ്രാജ്യപ്രഭുത്വത്തിലും താല്പര്യമില്ലാത്ത ഒരു ചെറിയ രാജ്യമാണ് അതെന്നുള്ളതാണ് അതിൻെറ നേട്ടം. ഫ്രഞ്ചുവിപ്ളവത്തിൻെറ ഈററില്ലമായ ഫ്രാൻസ് നല്ല ജനാധിപത്യഭരണസമ്പ്രദായത്തിന് ഉദാഹരണമായിരിക്കേണ്ടതാണെങ്കിലും പാർട്ടികളുടെ ബാഹുല്യം നിമിത്തം അത്രതന്നെ വിജയം കൈവരിച്ചിട്ടുണ്ടെന്നു പറഞ്ഞുകൂടാ അതു് മൂന്നു കഠിനതോൽവികളെ തരണം ചെയ്തിട്ടുണ്ടെങ്കിൽ അതിൻെറ കാരണം അവിടുത്തെ സ്ഥിരമായ രാജ്യഭരണോദ്യോഗസ്ഥ വകുപ്പിൻെറയും (Civil Service) രാജ്യസ്നേഹപ്രചോദനത്തിൽ നിന്നും ഉരുത്തിരിഞ്ഞുവന്ന നെപ്പോളിയൻെറയും ഫ്രഞ്ചുജനാധിപത്യത്തെ പ്രജാതല്പര ഏകാധിപത്യത്തിലേക്ക് മാററിയെടുത്ത ഇന്നത്തെ പ്രസിഡൻറു ഡി ഗാളിൻെറയും മഹത്വമാണ്: ഫ്രഞ്ചുജനാധിപത്യത്തിൻെറ ആവേശം മുഴവൻ ഗാമലിൻെറ വാക്കുകളിൽ ഊറിക്കൂടി നില്ക്കുന്നതായി കാണാം. ഒരിക്കൽ അദ്ദേഹത്തോട് ഇടതോ വലതോ താല്പര്യം എന്നു ചോദിച്ചതിനു പറഞ്ഞമറുപടി ഇതാണ്, രണ്ടും, പിന്നെ മദ്ധ്യമവും എല്ലാം ഫ്രാൻസാണെങ്കിൽ''

നോർവ്വേ, സ്വീഡൻ, ഡന്മാർക്ക് തുടങ്ങിയ സ്കാൻഡിനേവിയൻ രാജ്യങ്ങൾ യോഗക്ഷേമരാഷ്ട്രത്തിന് ഉദാഹരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നു. അതെല്ലാം ചെറുതും ശക്തവും ആണ്. രാഷ്ട്രത്തിൻെറ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കണമെന്നല്ലാതെ അവക്ക് മററ്

യാതൊരു താല്പര്യവും ഇല്ല. ഇംഗ്ലണ്ടിനേപ്പോലെ അ അവരും രാജകീയരാഷ്ട്രങ്ങളാണെങ്കിലും ശക്തമായ പാർലമെന്റുകളാണുള്ളത്. അവിടെ 'ആൽഫ്രഡ് നോബൽ' എന്ന മഹാനെപോലെ യുദ്ധയന്ത്രങ്ങളിൽ നിന്നും നേടിയെടുത്ത പണം മുഴവൻ എല്ലാവർഷവും ഊർജ്ജതന്ത്രം, രസതന്ത്രം, ശരീരശാസ്ത്രം, വൈദ്യശാസ്ത്രം, സാഹിത്യം, സമാധാനം തുടങ്ങിയ തുറകളിൽ മികച്ച സംഭാവന ചെയ്യുവർക്ക് സമ്മാനം നല്കുന്നതിനായി നീക്കിവച്ച കോടീശ്വരന്മാർ ഉണ്ടായിരുന്നു. ഈ സമ്മാനങ്ങളെല്ലാം അന്തർദേശീയ സ്വഭാവം ഉള്ളതാണ്. ഇംഗ്ലണ്ട്, അമേരിക്ക, ജർമ്മനി, ഫ്രാൻസ് തുടങ്ങിയ രാഷ്ട്രങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ എണ്ണത്തിൽ കുറവെങ്കിലും ഇന്ത്യ, ജപ്പാൻ, റഷ്യ തുടങ്ങിയ രാജ്യങ്ങൾക്കും സാഹിത്യത്തിൽ നോബൽസമ്മാനം കിട്ടിയിട്ടുണ്ട്.

ജനാധിപത്യത്തിന്റെ പ്രായോഗികവശങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ പ്ലേറ്റോയുടെ ഉദാഹരണത്തെ പിൻതുടരുന്നതു നന്നായിരിക്കും. വ്യക്തികളുടെ നീതിനിഷ്ഠയേയും മററു ധാർമ്മികമൂല്യങ്ങളെയുംപറ്റി പഠിക്കുമ്പോൾ രാഷ്ട്രമെന്ന വിശാലമായ കാൻവാസിൽ പഠിക്കുന്നതാണ് ഉത്തമമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ഇനിയും ഇംഗ്ലണ്ട്, അമേരിക്കൻ ഐക്യനാടുകൾ, ഇന്ത്യ തുടങ്ങി പാർലമെന്ററി ജനാധിപത്യത്തെ പ്രതിനിധീകരിക്കുന്ന ജനാധിപത്യരാഷ്ട്രങ്ങളുടെയും, കമ്മ്യൂണിസ്റ്റ് ജനാധിപത്യത്തെ പ്രതിനിധീകരിക്കുന്ന റഷ്യയുടെയും ചരിത്രത്തിലേക്കൊന്നു കണ്ണോടിക്കാം.

## 2

# ജനാധിപത്യം പ്രയോഗത്തിൽ:

## ഇംഗ്ലണ്ടും അമേരിക്കൻ ഐക്യനാടുകളും.

ജനാധിപത്യത്തിനു് എന്തെല്ലാം ന്യൂനതകളുണ്ടായിരുന്നാലും സിദ്ധാന്തപരമായി ഏററവും നല്ല ഭരണസമ്പ്രദായമാണെന്നു് സമ്മതിക്കുവാൻ തയ്യാറല്ലാത്തവൻ അധികമുണ്ടാവില്ല. ഏതായാലും അതിൻെറ പ്രായോഗികവശത്തെപ്പററി അല്പം ഒന്നാലോചിക്കാം. പാശ്ചാത്യപാർലമെൻററിജനാധിപത്യത്തിൽ ഏററവും മെച്ചപ്പെട്ടതായി കണക്കാക്കപ്പെടുന്ന രണ്ടെണ്ണമാണു് ഇംഗ്ലണ്ടും അമേരിക്കൻ ഐക്യനാടുകളും. ലോകത്തിലെ ഇന്നത്തെ ഏററവും വലിയ ജനാധിപത്യരാഷ്ട്രവും ജപ്പാനൊഴിച്ചാൽ ഏഷ്യയിലെ ഏക ജനാധിപത്യരാഷ്ട്രവുമായ ഇൻഡ്യയേയും കണക്കിലെടുക്കേണ്ടതുണ്ടു്. ജനാധിപത്യത്തിൻെറ വിജയത്തിനു് പ്രതിബന്ധമായി നില്ക്കുന്ന ചില പടുകുഴികൾ ഉണ്ടു്. അനുകൂലപരിതസ്ഥി

തികളിൽ മാത്രമേ ജനാധിപത്യം ഭൂരിപക്ഷത്തിന്റെ ഭരണമാകുവാൻ സാധിക്കു. ഭൂരിപക്ഷത്തിന്റെ ദുഷ്പ്രഭുത്വം ഏകശാസനത്തിന്റെയോ നാടുവാഴിത്വത്തിന്റെയോ ദുഷ്പ്രഭുത്വത്തേക്കാൾ ആപല്ക്കരമാണെന്ന് സ്വാതന്ത്ര്യത്തിന്റെ പോരാളിയായ 'ജോൺ സ്റ്റുവാർട്ടമിൽ' പറഞ്ഞിട്ടുണ്ട്. അപകടമായ ജനാധിപത്യഭരണക്രമം മതപരവും ജാതീയവും വർഗ്ഗീയവുമായ ശക്തികളുടെ ഭൂരിപക്ഷമാണെന്നു പറയുന്നതിൽ തെററില്ല. അങ്ങിനെയുള്ള 'ജനാധിപത്യം' വാസ്തവത്തിൽ ജനാധിപത്യത്തിനു് ഒരു ശാപമാണു്. എന്തുകൊണ്ടെന്നാൽ ഒരു പ്രത്യേക വർഗ്ഗമോ സമുദായമോ ചില സ്ഥാപിതതാല്പര്യങ്ങൾക്കുവേണ്ടി ഭൂരിപക്ഷം നേടിയെടുക്കാൻ വെമ്പൽകൊള്ളുന്നു. ഈ സ്ഥാപിതതാല്പര്യങ്ങൾക്കതീതമായി വളരുവാനുള്ള മാർഗ്ഗമാണു് ഒരു യഥാർത്ഥ ജനാധിപത്യം തിരയുന്നതു്. കാലത്തിനൊപ്പിച്ചു് നയങ്ങളും അഭിപ്രായങ്ങളും മാററുന്നതിലാണു് ഒരു യഥാർത്ഥ ജനാധിപത്യത്തിലെ ഭൂരിപക്ഷകക്ഷി ശ്രദ്ധിക്കേണ്ടതു്. മറെറാരർത്ഥത്തിൽ അങ്ങിനെയുള്ള ഭൂരിപക്ഷം ചലനാത്മകമാണു്. അതു് ഇന്നൊരു പാർട്ടിയിൽ വിശ്വസിക്കുന്നവനു് നാളെ അതിൽനിന്നു മാറുവാനുള്ള വഴി തുറന്നിട്ടിരിക്കുകയാണു്. ഒരു ജനാധിപത്യത്തിൽ ഒരു പാർട്ടി വിജയിക്കണമെങ്കിൽ അതിലെ ഓരോ അംഗത്തിനും അതിൽ ഉറച്ച വിശ്വാസവും വിശ്വസ്തതയും ആവശ്യമാണു്. ഈ വിശ്വസ്തതക്കും ഒരു അതിരുണ്ടു്. പാർട്ടിയോടുള്ള വിശ്വസ്തത രാജ്യത്തോടുള്ള വിശ്വസ്തതയേ നശിപ്പിക്കരുതു്. ചുരുക്കിപ്പറഞ്ഞാൽ ചലനാത്മകമായ ജനാധിപത്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഒരു ജനാധിപത്യം വിജയിക്കുകയുള്ളു. അമേരിക്കൻ ജനാധിപത്യവും ബ്രിട്ടീഷ്ജനാധിപത്യവും ഈ സത്യത്തെ കൂടുതൽ വ്യക്തമാക്കുന്നുണ്ടു്.

## ഇംഗ്ലണ്ടു്

പല പ്രതിസന്ധി ഘട്ടങ്ങളെയും തരണം ചെയ്യുന്നതാണു് ഇംഗ്ലീഷുകാരുടെ പാരമ്പര്യം, അവർ വ്യവസ്ഥാപിതമാർഗ്ഗങ്ങൾക്കെതിരാണു്. ഇതിനെപ്പറ്റി കേംബ്രിഡ്ജിലെ പ്രസിദ്ധനായ തത്വശാസ്ത്ര പ്രൊഫസ്സർ ഹെൻറി സിഡ്ഗ്വിക്കു് (Henry Sidgwick) ഭംഗിയായി പ്രതിപാദിച്ചിട്ടുണ്ടു്. ജർമ്മൻകാർ വ്യവസ്ഥാപിതമായ ചിന്ത വളർത്തുന്നതിൽ തീവ്രമായ വാസനയുള്ളവരാണു്. സിഡ്ഗ്വിക്കിന്റെ തത്വശാസ്ത്രത്തെപ്പറ്റി ഒരു പ്രബന്ധം തയ്യാറാക്കികൊണ്ടിരുന്ന ഒരു ജർമ്മൻവിദ്യാർത്ഥി അതു് വ്യവസ്ഥാപിതമാകണമെന്നു് ആഗ്രഹിച്ചു. അതിൽ ബുദ്ധിമുട്ടു് അനുഭവപ്പെട്ട അയാൾ നേരേ സിഡ്ഗ്വിക്കിനോടുതന്നെ എഴുതിച്ചോദിച്ചു, ലോകത്തെപ്പററിയുള്ള അദ്ദേഹത്തിന്റെ അഭിപ്രായം എന്താണെന്നു് പണ്ഡിതനായ പ്രൊഫസ്സർ ഒരു പോസ്റ്റ്കാർഡിൽ അതിനു മറുപടി എഴുതി 'എനിക്കൊരു ഊഹവും ഇല്ല'. ബ്രിട്ടീഷ്തത്വശാസ്ത്രത്തിലെ വ്യവസ്ഥയില്ലായ്മയാണതിന്റെ പ്രത്യേകത. അടിസ്ഥാനപരമായി അതു് പരീക്ഷണാത്മകവുമാണു്. ബ്രിട്ടന്റെ രാഷ്ട്രീയത്തെപ്പറ്റിയും ഏതാണ്ടു് ഇതുതന്നെ പറയാം. പാർലമെന്റിന്റെ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിലല്ലാ അതു കെട്ടിപ്പടുത്തിട്ടുള്ളതു്. അതു് അങ്ങിനെയങ്ങു് വളരുകയായിരുന്നു. വൈരുദ്ധ്യങ്ങൾ നിറഞ്ഞ അതിന്റെ പ്രത്യേകത വിദേശിയരെ അമ്പരപ്പിക്കുന്നതാണു് എന്നാൽ ഇംഗ്ലീഷുകാർക്കു് തികഞ്ഞ സാമാന്യബുദ്ധിയും കർത്തവ്യബോധവും ഒത്തുതീർപ്പിനുള്ള അത്ഭുതാവഹമായ സിദ്ധിയും ഉണ്ടു്. ഏതു പ്രതിസന്ധിഘട്ടത്തെയും തരണംചെയ്യാനുള്ള കഴിവും ഉണ്ടു്. അവർ യുദ്ധത്തിൽ

തോല്ലുകയും ജനിക്കുകയും ചെയ്തിട്ടുണ്ട്. നിയമത്തിനെക്കാൾ ആചാരംകൊണ്ട് ക്രമപ്പെട്ടുത്തിയെടുത്ത ബ്രിട്ടീഷ്ഭരണഘടന അവരുടെ അത്തരം വിശേഷഗുണങ്ങൾക്ക് ദൃഷ്ടാന്തമായി നിലകൊള്ളുന്നു.

ബ്രിട്ടീഷ്‌രാഷ്ട്രീയവ്യവസ്ഥിതിയിൽ മൂന്ന് രാജ്യധർമ്മങ്ങൾ അടങ്ങിയിരിക്കുന്നു. ഒന്ന്, രാജാവ്. രണ്ട്: പാർലമെൻറ്. മൂന്ന്: നീതിന്യായവ്യവസ്ഥ. പഴയറോമാക്കാരെപ്പോലെ ഇംഗ്ലീഷുകാർ അടിസ്ഥാനപരമായി യാഥാസ്ഥിതികരാണ് പാരമ്പര്യബോധത്തോടുകൂടി മാത്രമേ അവർ വിപ്ലവപരിഷ്കാരങ്ങൾക്കുപോലും തുനിയാറുള്ളു, രാജാവിന് അധികാരം കുറഞ്ഞിട്ടുണ്ടെങ്കിലും ആഭിജാത്യം അവശേഷിക്കുന്നുണ്ട്. പ്രഭുസഭ പഴയനാടുവാഴിത്വത്തിൻെറ അവശിഷ്ടമാണ്: അതിൻെറ നിലയും വിലയും നശിച്ചിരിക്കുന്നു, പഴയ പ്രഭുകുടുംബങ്ങൾ ഇന്നും തങ്ങളുടെ കഴിവുകൊണ്ട് പ്രഭുസഭയിൽ തുടന്നുപോരുന്നുവെന്ന ഒരു മെച്ചം മാത്രം അതിനുണ്ട്. പ്രഭുപദവിയെ കാംക്ഷിക്കാതെ ബ്രിട്ടീഷ്ചരിത്രത്തിലെ വിഖ്യാതനായ കോമൺ സഭാംഗമായി വർത്തിച്ച സർ വിൻസ്റ്റൻചർച്ചിൽ ഇതിനൊരു നല്ല ഉദാഹരണമാണ്. ജനസഭ ബ്രിട്ടിഷ് രാഷ്ട്രീയത്തിൻെറ കേന്ദ്രമാണ്. ടൂഡർ (Tudor) മാരുടെ വളന്നു വരുന്ന യാഥാസ്ഥിതിക സമ്പ്രദായത്തിനെതിരെ സമരം ചെയ്യുകയും സ്റ്റുവാർട്ടു (stuart) കളെ നിരഹങ്കരികളാക്കുകയും രാജാവിൻെറ അധികാരത്തെ ക്ലിപ്തപ്പെടുത്തുകയും ജോൺരാജാവിനെക്കൊണ്ട് മാഗ്നാകാർട്ട എന്ന മഹാശാസനപത്രിക ഒപ്പുവയ്പിക്കുകയും ചെയ്യുന്നതിൽ പ്രഭുക്കന്മാർ തങ്ങളുടെ പങ്കുവഹിച്ചു. ഇംഗ്ലണ്ടിലെ ബഹുജനങ്ങളെ അധികാരത്തിലേറുന്നതിന് അതു വഴി വച്ചു. അതോടെ ജനസഭ പരമോന്നത സഭയായിത്തീന്നു. പ്രഭുസഭ വെറുമൊരു അനുബന്ധവും രാജാവ്

ധാത്ഥ അധികാരമില്ലാത്ത ഒരു ഏകീകരണശക്തിയും മാത്രമായിത്തീൎന്നു. അങ്ങിനെ പരിമിതപ്പെട്ടത്തിയ ഒരു ഏകാധിപത്യത്തെപ്പററി നമുക്കൊരു ധാരണകിട്ടുന്നു. ജനസഭയിലേക്കുള്ള തെരഞ്ഞെടുപ്പ് :അഞ്ചുവഷത്തിൽ ഒരിക്കലാണു് നടത്തപ്പെടുന്നതു്. ഏകാംഗ നിയോജകമണ്ഡലങ്ങളിൽ നിന്നാണു് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതു്, ജനസാന്ദ്രത അനുസരിച്ചു് എണ്ണത്തിൽ വ്യത്യാസം വരാം. ഇപ്പോൾ 630 അംഗങ്ങളുണ്ടു്, ബ്രിട്ടീഷ് രാഷ്ട്രീയത്തിൽ സാധാരണയായി രണ്ടുപ്രധാന പാർട്ടികളാണുള്ളതു് പതിനെട്ടാംനൂററാണ്ടിൽ അവരെ ''വിഗ്ഗുകളെ'' ന്നും ''ടോറി''കളെന്നും ആണു് അറിയപ്പെട്ടിരുന്നതു്. പത്തൊമ്പതാം നൂററാണ്ടിൽ ഉൽപ്പതിഷ്ണുക്കൾ(Liberals) എന്നും യാഥാസ്ഥിതികർ Conservatives) എന്നും അറിയപ്പെട്ടു. താല്കാലികമായി ഹോംറൂൾപാർട്ടി എന്നൊന്നുകൂടി :ഉണ്ടായിരുന്നെങ്കിലും അയർലൻഡ് സ്വാതന്ത്ര്യം പ്രഖ്യാപിച്ചതോടെ അതപ്രത്യക്ഷമായി. പത്തൊൻപതാം നൂററാണ്ടിൻെറ അവസാനഘട്ടത്തിൽ തൊഴിലാളി കക്ഷി ഉടലെടുക്കുകയും ഉൽപ്പതിഷ്ണുക്കളെ നാമാവശേഷമാക്കുകയും ചെയ്തു. അവർ എണ്ണത്തിൽ കുറവാണെങ്കിലും ഇന്നും നില നില്ക്കുന്നുണ്ടു്. പക്ഷെ അതു് ഏതെങ്കിലും ഒരു കക്ഷി ഇന്നത്തെ തൊഴിലാളി ഗവർണ്മെൻറിനേപ്പോലെ അല്പഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വരുമ്പോൾ മാത്രമേ പരിഗണിക്കപ്പെടാറുള്ളു. നീതിയുടെ മുൻപിൽ ഈ തെരഞ്ഞെടുപ്പുഫലങ്ങൾ എത്ര അവിശ്വസനീയങ്ങളാണെന്നു് ഒന്നോ രണ്ടോ ഉദാഹരണങ്ങൾ കൊണ്ടു് വ്യക്തമാക്കാം. 1900-ൽ നടന്ന തെരഞ്ഞെടുപ്പിൽ ഐക്യകക്ഷികൾ 402 സീററുകളും ഹോംറൂൾകാർക്കു് 268 സീററുകളും കിട്ടി. കിട്ടിയവോട്ടുകളുടെ അനുപാതത്തിൽ ഐക്യകക്ഷികൾക്കു് 343-ം ഹോംറൂൾകാർക്കു്

327-ം സീററുകൾ ആയിരുന്നു കിട്ടേണ്ടിയിരുന്നതു്. ആ സ്ഥിതിക്കു് യഥാൎത്ഥത്തിൽ 134 സീററുകൾ ഭൂരിപക്ഷം കിട്ടിയിടത്തു് 16 മാത്രമേ ആകാമായിരുന്നുള്ളൂ, അതുപോലെ 1906 ലെ പൊതു തിരഞ്ഞെടുപ്പിൽ ഭരണകക്ഷിക്കു് 513-ം ഐക്യകക്ഷികൾക്കു് 157 സീററുകളും കിട്ടി. കിട്ടിയവോട്ടുകളുടെ അനുപാതത്തിൽ ഭരണകക്ഷിക്കു് 357-ം ഐക്യകക്ഷികൾക്കു് 283-ം ആണു് കിട്ടേണ്ടിയിരുന്നതു്, അങ്ങനെ ഭരണകക്ഷിക്കു് 104 സീററുകൾ മാത്രം ഭൂരിപക്ഷം കിട്ടേണ്ടിടത്തു് 356 സീററുകൾ ഭൂരിപക്ഷം കിട്ടി. അതിനൊക്കെ മുൻപു് 1886 ൽ നടന്നതെരഞ്ഞെടുപ്പിൽ ജനസഭയിൽ ഉൽപ്പതിഷ്ണുക്കൾ യാഥാസ്ഥിതികരെക്കാൾ രാജ്യമൊട്ടുക്കു് 54817 വോട്ടുകൾ കൂടുതൽ നേടിയെങ്കിലും യാഥാസ്ഥിതികൎക്കായിരുന്നു 104 സീററുകൾ കൂടുതൽ. എന്തിനു്, 1964 ലെ തെരഞ്ഞെടുപ്പിൽ ഉൽപ്പതിഷ്ണുക്കൾ 40 ലക്ഷം വോട്ടുകൾ നേടിയെങ്കിലും 9 സീററുകൾ മാത്രമേ നേടിയുള്ളൂ, 11.2% വോട്ടുകൾ നേടിയ അവൎക്കു് അതിൻെറ അടിസ്ഥാനത്തിൽ 70ഓളം സീററുകൾ കിട്ടേണ്ടതാണു്. ഈ ഉദാഹരണങ്ങൾ തെളിയിക്കുന്നതു് തെരഞ്ഞെടുപ്പുകൾ ഒരു ഏകദേശ രാഷ്ട്രീയത്തെ മാത്രമേ കാണിക്കുന്നുള്ളു എന്നാണു്. ഈ തകരാറിനെ തരണം ചെയ്യാൻ വോട്ടുകളുടെ ആനുപാതികാടിസ്ഥാനത്തിൽ പ്രാതിനിധ്യത്തെ ശുപാർശചെയ്യുന്നുണ്ടു്. പക്ഷേ അങ്ങിനെയുള്ള ന്യൂനപക്ഷങ്ങൾ രൂപീകരിക്കുന്ന ഭരണകൂടങ്ങൾക്കു് ഉറപ്പു കുറവായിരിക്കുമെന്ന കാരണത്താലാണു് സർ വിൻസ്റ്റൻചർച്ചിലിനെപോലുള്ളവർ അതിനെ എതിർത്തതു്.

ജനസഭ അതിന്റെ ആധിപത്യം പലവിധത്തിലും സ്ഥാപിച്ചുകഴിഞ്ഞു. 1911ലെ പാർലമെന്റ്നിയമം അ

ന്നസരിച്ച് രാജ്യഭണ്ഡാരത്തിൻെറ മേൽനോട്ടം ജനസഭ ഏറെറടുത്തു. പണബില്ലുകൾ ഉണ്ടാക്കുവാനുള്ള അധികാരം ജനസഭക്കാണ്. അവരതു് മൂന്നു തുടർച്ചയായ സഭകളിൽ പാസ്സാക്കിയാൽ പ്രഭുസഭ അതു് അംഗീകരിച്ചേ മതിയാവൂ. ജനസഭ പാസ്സാക്കുന്ന സകല ബില്ലുകളും പ്രഭുസഭയിലേക്കയക്കുന്നു. അതു് അവക്കു് പാസ്സാക്കുവാനും നിഷേധിക്കുവാനും ഭേദഗതികൾ ചെയ്യുവാനും ഉള്ള അധികാരം ഉണ്ടു്. ഗവർണ്മെന്റിനു് എത്ര അംഗങ്ങളെ വേണമെങ്കിലും എടുക്കുവാനുള്ള അധികാരം ഉളളതുകൊണ്ടു് പ്രഭുസഭയിലെ അംഗങ്ങളുടെ എണ്ണം വ്യത്യസ്ഥമായിരുന്നു. ഏതെങ്കിലും ഒരു ബില്ലു് പാസ്സാക്കിയെടുക്കുന്നതിനാവശ്യമായ ഭൂരിപക്ഷം നേടുന്നതിനു് അംഗങ്ങളെ എടുക്കുമെന്ന ഭീഷണികൊണ്ടു് ഗവർണ്മെന്റു് പ്രഭുസഭയുടെ മേൽ എപ്പോഴും സ്വാധീനം ചെലുത്തിയിരുന്നു. അത്തരത്തിലൊരു ഭീഷണി 20-ാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ഉൽപ്പതിഷ്ണുസക്കാർ നടത്തിയതോടെ പ്രഭുക്കന്മാർ കാര്യബോധത്താൽ വഴങ്ങിക്കൊടുക്കുകയും അവരുടെ ജന്മസിദ്ധമായ അന്തസ്സിനെ സൂക്ഷിക്കുകയും ചെയ്തു. പ്രഭുസഭയെ ഒരു ആഡംബരമെന്നു വിശ്വസിച്ചുപോരുന്നുണ്ടെങ്കിലും അതിന്റെ ചരിത്രപരമായ കീർത്തിയേയും പരമ്പരാഗതമായ കഴിവുകളേയും യാഥാസ്ഥിതിക ഇംഗ്ലണ്ടിൽ കണക്കിലെടുക്കുന്നുണ്ടു്. ഇന്നു് പല പ്രഭുക്കളും ബിസിനസ്സിലും വ്യവസായത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചു് സ്വാധീനശക്തി വർദ്ധിപ്പിച്ചിട്ടുണ്ടു്. ഇപ്പോൾ ആജീവ പ്രഭുപദവി നല്കുന്നുണ്ടു്. അതു് സ്ത്രീകൾക്കും ബാധകമാണ്. അങ്ങിനെ പ്രഭുസഭയുടെ പ്രാബല്യം അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. യാഥാസ്ഥിതികകക്ഷിയുടെ കോട്ടയാണെങ്കിലും കാലത്തിനൊപ്പിച്ചു് ഉൽപ്പതിഷ്ണു ഗവണ്മെന്റിനോ

ട്ടം തൊഴിലാളിഗവൺമെന്റിനോട്ടം ഒത്തുപോകുവാനുള്ള കഴിവ് ഉള്ളതിനാൽ ഇന്നുവരെയും അതിന്റെ സ്വാധീനം നിലനിന്നുപോന്നിട്ടുണ്ട്. കഴിവനുസരിച്ച് വളരെ ഫലപ്രദങ്ങളായ ഭാഗങ്ങൾ അവർ അഭിനയിച്ചിട്ടുണ്ട്. വൈസ്രോയികൾ, ഗവർണ്ണർജനറലന്മാർ വ്യവസായ പ്രമുഖന്മാർ എന്ന നിലയിൽ തുടൎന്നുപോന്നിട്ടുള്ള അവരുടെ മുൻപരിചയത്തിന് അതിന്റേതായ ഒരു ശക്തിയുണ്ട്. വളരെ വർഷങ്ങൾക്കു മുൻപ് ഐറിഷ് ഹോംറൂൾ സമരകാലത്ത് വിക്ടോറിയാരാജ്ഞി ജനസഭ പിരിച്ചുവിട്ടപ്പോൾ സമ്മതിദായകർ കിരീടത്തിനും പ്രഭുസഭക്കും അനുകൂലമായി തങ്ങളുടെ വിധിയെഴുതി. ഇതൊരു ഒററപ്പെട്ട സംഭവമാണെങ്കിലും, വളരെ മുൻപ് കഴിഞ്ഞ നൂററാണ്ടിൽ നടന്നതാണെങ്കിലും, അതു ബ്രിട്ടീഷ്ഭരണഘടനയുടെ അയവിനെ കാണിക്കുന്നതാണ്.

തത്വത്തിൽ ജനസഭയാണ് പരമാധികാരസഭയെങ്കിലും യഥാൎത്ഥ അധികാരം ജനസഭയിലെ ഭൂരിപക്ഷത്തെ പ്രതിനിധീകരിക്കുന്ന മന്ത്രിസഭക്കാണ്. വിക്ടോറിയൻ കാലഘട്ടം ജനസഭയുടെ അധികാരത്തിൻെറ സുവൎണ്ണകാലഘട്ടമായിരുന്നു.. ഗ്ലാഡ്സ്റ്റനും, ഡിസ്രേയ്ലിയും തമ്മിൽ നടന്ന സമർത്ഥമായ വാഗ്വാദങ്ങൾ ജനസഭയുടെ രാമണീയകതയെ വർദ്ധിപ്പിച്ചിട്ടുണ്ട്. അതിനുശേഷം പാർട്ടിഭരണം ശക്തമായിത്തീരുകയും വിപ്പുകളുടെ ആജ്ഞാശക്തി വർദ്ധിക്കുകയും ചെയ്തപ്പോൾ ജനസഭയിലെ സാധാരണ അംഗങ്ങളുടെ പ്രാധാന്യം വളരെ കുറഞ്ഞു. പാർട്ടിനേതാക്കന്മാരുടെ കയ്യിൽ അയാൾ വെറും ഒരു ഉപകരണമായിത്തീൎന്നു. പ്രഭുസഭയിലെ ഒരംഗം ബ്രിട്ടീഷ്രാഷ്ട്രീയത്തിലെ ഏററവും ഉയൎന്ന പദവിയായ പ്രധാനമന്ത്രി പദത്തിന് അർഹനല്ലെന്നൊരു നിയമം ഇപ്പോഴുണ്ടായിട്ടുണ്ട്. വളരെ ശക്ത

നം ബുദ്ധിമാനും കഴിവുള്ളവനും ആയ ലോർഡ്കഴ്സനെപ്പോലും മാററിനിർത്തുകയാണുണ്ടായതു്. ഇംഗ്ലണ്ടിലെ പ്രധാനമന്ത്രിയാകുവാൻവേണ്ടി ഈ അടുത്തകാലത്തു് ഹ്യൂംപ്രഭു തൻെറ പ്രഭുപദവി വിട്ടുകളയുവാനാഗ്രഹിച്ചു.

ഇംഗ്ലണ്ടിലെ നീതിന്യായവകുപ്പിനു് നീണ്ട മഹത്തായ ഒരു ചരിത്രം ഉണ്ടു്. അറിവിൻെറയും പൂർണ്ണതയുടെയും വലിയ പാരമ്പര്യം അതിനുണ്ടു്. മഹാത്മഗാന്ധിയെപോലുള്ള നിശിതവിമർശകർകൂടി അതിനെ പുകഴ്ത്തിയിട്ടുണ്ടു്. അദ്ദേഹത്തിലെ നിയമപണ്ഡിതൻ ബ്രിട്ടീഷുകാർ ഇൻഡ്യക്കു നല്കിയ മഹത്തായ സംഭാവനകളിലൊന്നായി അതിനെ വിവരിച്ചിട്ടുണ്ടു്. ഇംഗ്ലീഷ് പൗരസ്വാതന്ത്ര്യത്തിനുവേണ്ടി അതു വാദിച്ചിട്ടുണ്ടു്. രാജാക്കന്മാരുടെ അനിയന്ത്രിതശാസനത്തേപ്പോലെ സർക്കാരിൻെറ അനിയന്ത്രിതശാസനത്തിനെതിരെയും അതിനു നിരോധനശക്തിയുണ്ടു്. എന്നാൽ ബ്രിട്ടീഷ്ഭരണഘടനയിൽ അതിനു് ഇൻഡ്യൻ ഭരണഘടനയിലെയോ അമേരിക്കൻ ഭരണഘടനയിലെയോ പോലെ അത്ര സ്ഥാനമില്ല. പാർലമെൻറ് പരമോന്നതസഭയായിതന്നെ നിലകൊണ്ടു. എന്നാൽ ഒരു നിയമവും പൂർണ്ണമല്ല. അതിനാൽ പലപ്പോഴും പലവിധ വ്യാഖ്യാനങ്ങൾക്കും ഇടം കൊടുക്കാറുണ്ടു്. ഈ വ്യാഖ്യാനകർമ്മത്തിലാണു് ബ്രിട്ടീഷ്നീതിന്യായവകുപ്പു്ഒരു മുഖ്യഭാഗം നിർവ്വഹിച്ചിട്ടുള്ളതു്. ബ്രിട്ടീഷ്കോടതികളിൽ പഴയ വ്യവഹാരങ്ങൾക്കുള്ള വിധിന്യായങ്ങൾ ഇതിൽനിന്നാണു് വന്നിട്ടുള്ളതു്. നിയമനിർമ്മാണസഭക്കു് സുപ്രീംകോടതിയിലെ ജഡ്ജിയെ നീക്കംചെയ്യാനുള്ള അധികാരം ഉണ്ടെങ്കിലും, ബ്രിട്ടീഷ് ജഡ്ജിമാരുടെ പ്രാപ്തിയും, സ്വഭാവമാഹാത്മ്യവുംകൊണ്ടു് മൂന്നു നൂററാണ്ടുകൾക്കു മുൻപു നടന്ന

ബ്രിട്ടീഷ്‌വിപ്ളവത്തിനുശേഷം ഒരിക്കൽപോലും അതിനിടവന്നിട്ടില്ല.

ബ്രിട്ടീഷ്ഭരണഘടനയുടെ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഘടകമാണ് കിരീടം. ട്യൂഡർമ്മാരും സ്റ്റുവാർട്ടുകളും അനുഭവിച്ചിരുന്ന അധികാരങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഇന്നു കിരീടത്തിനു് അധികാരങ്ങൾ കുറവാണെങ്കിലും താത്വികമായി ജനസഭയോടും പ്രഭുസഭയോടും തുല്യതയുണ്ടെന്നു മാത്രമല്ല, രണ്ടുസഭയും പാസ്സാക്കുന്ന നിയമങ്ങൾ പാസ്സാക്കണമെങ്കിൽ രാജാവിൻെറ ഒപ്പുകൂടിയേ തീരൂ. തത്വത്തിൽ രാജാവാണു് കര, നാവിക വ്യോമസേനകളുടെ മേധാവി. രാജാവിൻെറ കരസേന, രാജാവിൻെറ നാവികസേന, രാജാവിൻെറ വിമാനസേനാ എന്നാണു് പറയപ്പെടുന്നതു്. ജനസഭയിൽ ഭൂരിപക്ഷം നേടുന്നകക്ഷി നടത്തുന്ന ഭരണം രാജാവിൻെറ ഭരണമാണു്. പ്രതിപക്ഷനേതാവു് രാജാവിൻെറ പ്രതിപക്ഷത്തിൻെറ നേതാവാണു്. പ്രതിപക്ഷനേതാവിനും പ്രധാനമന്ത്രിയുടേയും അദ്ദേഹത്തിൻെറ സഹമന്ത്രിമാരുടേയും തുല്യമായ ശമ്പളംതന്നെയാണു്. ഇംഗ്ലീഷ്‌വിപ്ലവത്തിനുശേഷം ഒരു രാജാവും ഒരു നിയമത്തെയും നിരാകരിച്ചിട്ടില്ല. പാർലമെൻറ് പാസാക്കുന്ന നിയമങ്ങൾ സ്വീകരിക്കുകയും തൻെറ പേരിൽ ഭരണം നടത്തുകയും ചെയ്യുവാനുള്ള ചുമതല മന്ത്രിസഭക്കുവിട്ടുകൊടുത്തിരിക്കുകയാണു്. പൂർണ്ണമായ ഏകാധിപത്യത്തിൻെറ സ്ഥാനത്തു് പരിമിതമായ ഏകാധിപത്യത്തെകുടിയിരുത്തുന്ന പരിണാമത്തിനു് ചരിത്രവും പരിതസ്ഥിതികളും അനുകൂലമായി നിന്നു. ഇംഗ്ലീഷ് വിപ്ളവത്തിനുശേഷവും രാജാവിനു് വ്യക്തമായ ചില അധികാരങ്ങളുണ്ടായിരുന്നു മന്ത്രിസഭായോഗങ്ങളിൽ അദ്ധ്യക്ഷം വഹിക്കുവാനും തീരുമാനങ്ങളിൽ സ്വാധീനം ചെലുത്തുന്നതിനും സാധിക്കു

മായിരുന്നു. എന്നാൽ ഒരു വിദേശിയും ഇംഗ്ലീഷ്ഭാഷാപരിജ്ഞാനം ഇല്ലാത്തവനുമായ ജോർജ്ജ്ഒന്നാമൻ സിംഹാസനത്തിൽ അവരോധിതനായി തീൎന്നപ്പോൾ തന്റെ അർഹതയെപ്പററി സംശയാലുവായിത്തീൎന്നു. അധികാരം ന്യായമായും പ്രധാനമന്ത്രിയുടെ കയ്യിലേക്കു വഴുതിവീണു. സർ റോബർട്ടുവാൾപ്പോൾ ആ അവസരം ശരിക്കും വിനിയോഗിച്ചു. അന്നുമുതൽ ഇംഗ്ലണ്ടിലെ സുപ്രധാന രാഷ്ട്രീയനേതാവായി പ്രധാനമന്ത്രി മാറുകയാണുണ്ടായതു്. എന്നാലും പ്രശസ്തിയുടെ പ്രഭ രാജാവിൽ ചുററിപ്പറ്റിത്തന്നെ നില്ക്കുന്നു. ആദ്യത്തെ ജോർജ്ജ്മാരിൽ ആരുംതന്നെ ആകർഷണീയരായിരുന്നില്ല. ആരെങ്കിലും ഉണ്ടായിരുന്നെങ്കിൽത്തന്നെ അപ്രശസ്തരായിതീരുവാനുള്ള എന്തെങ്കിലും കാരണങ്ങളും ഉണ്ടായിരുന്നു. എന്നാൽ പൊതുജനഹൃദയങ്ങളിൽ രാജത്വത്തിന്റെ പ്രതിബിംബം ഉണ്ടാക്കുവാൻ വിക്ടോറിയമഹാറാണിയുടെ നീണ്ടകാലത്തെ പ്രശസ്തഭരണത്തിനു കഴിഞ്ഞു. പ്യൂരിട്ടൻ ആദർശങ്ങൾ ഉണ്ടായിരുന്നെങ്കിലും അവർക്കു നല്ല ജനസ്വാധീനം ഉണ്ടായിരുന്നു. മക്കളും കൊച്ചുമക്കളുംആയി ധാരാളംപേർ ഉണ്ടായിരുന്ന അവർ അവരെയെല്ലാം യൂറോപ്പിലെ പല പ്രഭുകുടുംബങ്ങളുമായി ബന്ധത്തിലേർപ്പെട്ടുത്തിയതുമൂലം യൂറോപ്പിലുള്ള വിദേശസർക്കാരുകളുമായി അവൎക്കു് വ്യക്തിപരമായ ആത്മാർത്ഥബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു. ഇംഗ്ലണ്ടിലെ രാജാവിനു് അധികാരമില്ലെന്ന ഒരു പൊതുവായ ധാരണയുണ്ടു്; വിശേഷിച്ചും ഇന്ത്യയിൽ. ഒരു കണക്കിൽ അതു നേരുമാണു്. വിവേകശാലിയും ഒരു ബ്രിട്ടീഷ്രാജ്യതന്ത്രവിദ്യാർത്ഥിയുമായ ബഗോട്ടു് :(BAGEHOT) പറഞ്ഞതു് ഇംഗ്ലണ്ടിലെ രാജാവിനു് അറിയിക്കപ്പെടാനും ആലോചിക്കപ്പെടാനും, താക്കീതുചെയ്യുവാനും ഉള്ള അ

വകാശമേ ഉള്ളു എന്നാണ്. പ്രധാനമന്ത്രിമാർ വരികയും പോവുകയും ചെയ്യുമെങ്കിലും രാജാവിന്റെ (അല്ലെങ്കിൽ രാജ്ഞിയുടെ) വ്യക്തിത്വം സ്ഥിരമായ ഒന്നാണ്. വളരെ വിശ്വസ്തനും കാര്യപ്രാപ്തനും ആയ പ്രധാനമന്ത്രി ഡിസ്രേയ്ലി ഇല്ലായിരുന്നുവെങ്കിൽ വിക്ടോറിയാരാജ്ഞിയുടെ പരിചയസമ്പത്തോ, കാര്യജ്ഞാനമോ യുക്തിബോധമോ ഒന്നുംതന്നെ ഇത്രകണ്ട് ശോഭിക്കുകയില്ലായിരുന്നു. അദ്ദേഹത്തിൻെറ കീഴിൽ ബ്രിട്ടീഷ് സാമ്രാജ്യം അതിൻെറ പ്രശസ്തിയുടെ ഉച്ചശൃംഗത്തിൽ എത്തിച്ചേരുകയുണ്ടായി. തന്നെയുമല്ല അവരെ ഇന്ത്യയുടെ ചക്രവർത്തിനിയായി അവരോധിക്കുകയും ചെയ്തു.

എഡ്വേർഡ് ഏഴാമൻ വലിയ ആഡംബരപ്രിയനും പാരീസ്ജീവിതത്തിൻെറ കാമുകനും ആയിരുന്നു. അദ്ദേഹത്തിന് സ്വന്തരാജ്യത്തു് ഉണ്ടായിരുന്നതിനെക്കാൾ പ്രശസ്തി ഫ്രാൻസിലായിരുന്നു. ഇംഗ്ലണ്ടും ഫ്രാൻസും തമ്മിൽ സ്നേഹത്തിൽ കഴിയാൻ ഇടയാക്കി എന്നതാണ് അദ്ദേഹത്തിൻെറ നേട്ടം. തലമുറകളായി പരമ്പരാഗതമായ ശത്രുതവച്ചു പുലത്തുന്നവരായിരുന്നു ഫ്രാൻസും ഇംഗ്ലണ്ടും. ഈ പുതിയ സ്നേഹവും സൗഖ്യവും അവക്ക് കൈസർവില്യം രണ്ടാമൻെറ അധികാരദുർമ്മോഹത്തിൽനിന്നും ഒരു രക്ഷയായിരുന്നുവെങ്കിലും അവസാനം ഒന്നാംലോകമഹായുദ്ധത്തിന് വഴിവച്ചു. തീർച്ചയായും ഭരണഘടനപ്രകാരം അധികാരമില്ലാത്ത ഈ രാജാവിൻെറ നേട്ടം ചെറുതല്ലതന്നെ. അദ്ദേഹത്തിൻെറ മകൻ ജേർജ്ജ് അഞ്ചാമൻ അച്ഛനെക്കാൾ ഉറച്ച സ്വഭാവം ഉള്ളവനായിരുന്നു. അയർലൻഡിനു സ്വാതന്ത്ര്യം കൊടുക്കാനും ബംഗാൾ വിഭജിക്കാതിരിക്കാനും ഇൻഡ്യയുടെ തലസ്ഥാനം കൽക്കത്തയിൽനിന്നും ഡൽഹിയിലേക്കു മാറ്റാനും ഉള്ള കാരണക്കാരൻ അ

ദ്ദേഹമാണ്. പ്രഭുകുഡുംബത്തിനോ പ്രധാനമന്ത്രി സ്റ്റാൻലിബാൾഡ്വിനോ കാന്റർബറി ആർച്ചുബിഷപ്പിനോ സമ്മതമില്ലാത്തതും എന്നാൽ തനിക്ക് ഇഷ്ടപെട്ട ഒരു പെണ്ണിനെ വിവാഹംചെയ്യുവാൻവേണ്ടി സിംഹാസനം വലിച്ചെറിഞ്ഞു് ചരിത്രംസൃഷ്ടിച്ചുകളഞ്ഞു. എഡ്. വേർഡ് എട്ടാമൻ. തൻെറ അമേരിക്കക്കാരിയായ അമ്മയുടെ ഓർമ്മവച്ചുകൊണ്ടാവണം ഒരു ഇംഗ്ലീഷ്രാജാവും സാധാരണക്കാരിയായ ഒരു അമേരിക്കൻ വനിതയെ വിവാഹം ചെയ്യുന്നതിലോ, വിവിഹം വേർപെടുത്തുന്നതിലോ ഒരു കുററവും കണ്ടില്ല സർവിൻസ്റ്റൻചച്ചിൽ. ഏതായാലും ഈ രാജകീയ പ്രണയകഥക്ക് ഒരു നൂററാണ്ട പഴക്കം ഉണ്ടെങ്കിലും അതു് മനുഷ്യത്വത്തിൻെറ ചരിത്രത്തിൽ അറിയപ്പെട്ടുന്ന പ്രണയകഥകളുടെ കൂട്ടത്തിൽ പ്രഥമഗണനീയമാണ്. എഡ്വേർഡ് എട്ടാമന് തൻെറ സാമൂഹികജ്ഞാനംവച്ചുകൊണ്ടു വീട്ടുകാരുടെയും രാഷ്ട്രീയോപദേശകരുടെയും നിർബ്ബന്ധത്തിനു വഴങ്ങാതെനിന്നു പൊതുവി കുഴപ്പംസൃഷ്ടിക്കാമായിരുന്നെങ്കിലും അദ്ദേഹം രാജ്യസ്നേഹിയായ ഒരു ഇംഗ്ലീഷുകാരനെപ്പോലെ തൻെറ വിവാഹപ്രശ്നം രാജ്യത്തെ വിഭജിച്ചുകൂടെന്നുറച്ചു. സിംഹാസനത്തിനുവേണ്ടി മനുഷ്യത്വം കുരുതികഴിക്കപ്പെടാതിരിക്കാൻ സിംഹാസനം പരിത്യജിക്കുകയാണുണ്ടായതു്. രണ്ടുഭാഗത്തെപ്പറ്റിയും ധാരാളം പറയുവാനുണ്ടെങ്കിലും അവസാനവിധി ഭാവിചരിത്രകാരന്മാർ എഴുതട്ടെ.

ബ്രിട്ടീഷ്ജനാധിപത്യം നിരോധത്തിൻേറയും സമീകരണത്തിൻെറയും നല്ല ഉദാഹരണമാണ്. മന്ത്രിസഭയുടെ ശക്തി ജനസഭയിലെ ഭൂരിപക്ഷ പാർട്ടിയുടെ സത്യസന്ധമായ പിൻതുണയെ ആശ്രയിച്ചാണിരിക്കുന്നതു്.

അംഗങ്ങൾ മന്ത്രിസഭയെ എതൃക്കുകയാണെങ്കിൽ ജനസഭയെ പിരിച്ചുവിടാൻ പ്രധാനമന്ത്രിക്ക് രാജാവിനെ ഉപദേശിക്കാം പിന്നീട്ട് ഒരു തെരഞ്ഞെടുപ്പ് അനിവാര്യമാകും. തെരഞ്ഞെടുപ്പ് പണച്ചിലവുള്ളതാണ്. അതിനാൽ സാധാരണ അംഗങ്ങൾ അതിനു തയ്യാറാകാറില്ല. പ്രഭുസഭ അധികാരത്തിൽനിന്നും വിട്ടു നിൽക്കുകയാണെങ്കിലും നിയമനിർമ്മാണത്തിൽ കാലതാമസം ഉണ്ടാക്കാം. സമയം നൽകി പൊതുജനാഭിപ്രായം സൃഷ്ടിച്ചെടുത്ത് പ്രഭുസഭയെ സമ്മതിപ്പിച്ചോ, ഗവണ്മെൻറ് ചില മാററങ്ങൾ വരുത്തിയോ നിയമനിർമ്മാണം നടത്താം. അതുകൊണ്ടും പ്രഭുസഭ സമ്മതിക്കുന്നില്ലെങ്കിൽ ജനസഭക്ക് ആദ്യത്തെനിലപാടിൽ തന്നെ ഉറച്ചു നിന്ന് പ്രഭുസഭയുടെ അംഗീകാരം ഇല്ലാതെയും നിയമമുണ്ടാക്കാം. രാജാവിൻെറ സ്ഥാനം ഉന്നതമാണ്. രാഷ്ട്രീയമായി അദ്ദേഹത്തിന് ഉപദേശിക്കുവാൻ അധികാരം ഉണ്ടെങ്കിൽക്കൂടി രംഗത്തിൻെറ പുറകിൽ നിന്ന് തൻെറ പങ്കുവഹിക്കുവാൻ കഴിയും. ഈ അടുത്തകാലംവരെ നിലവിലിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ ഐകമത്യവും ചരിത്രവും രൂപപ്പെടുത്തുന്നതിൽ രാജാവിനുള്ള പങ്ക് വിസ്മരിച്ചുകൂടാ: ഇന്ന് ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങൾ കൂടിച്ചേർന്ന കോമൺവെൽത്തിലും ഇംഗ്ലണ്ടിലെ രാജാവാണ്തലവൻ. ബ്രിട്ടനിലും അതിന്റെ അധികാരാതിർത്തിയിലും രാജാവ് മാത്രമല്ലാ, രാജകുടുംബത്തിലെ എല്ലാ അംഗങ്ങളും സ്നേഹിക്കപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നുവെന്നതു് ലോകത്തിനാകമാനം അത്ഭുതത്തിന്നിടനല്കുന്നു. രണ്ടാം ലോകമഹായുദ്ധകാലത്ത് ഒരു പത്രപ്രതിനിധി ഈജിപ്തിലെ ഫറോക്ക്രാജാവിനോട്ട് യുദ്ധാവസാനത്തിൽ ലോകത്ത് എത്രരാജാക്കന്മാർ അവശേഷിക്കുമെന്നു ചോദിച്ച

പ്പോൾ അദ്ദേഹം നൽകിയ മറുപടി ഇതാണ്. "അഞ്ച് ആഡ്യൻരാജാവ്, ഡയമണ്ഡ്‌രാജാവ്, ഇസ്പേഡ് രാജാവ്, ക്ലാവർ രാജാവ്, ഇംഗ്ലണ്ടിലെ രാജാവ്". തന്റെ കാര്യത്തിൽപോലും അദ്ദേഹത്തിനു സംശയം ഉണ്ടെന്നല്ലേ ഇതിന്റെ അർത്ഥം? അനാറേൽഫ്രാൻസ് തന്റെ സ്വതസ്സിദ്ധമായ ഫലിതത്തോടെ പറയുകയുണ്ടായി, ഇംഗ്ലണ്ട് സോഷ്യലിസം അംഗീകരിച്ചാലും രാജവാഴ്ചതുടരുവാൻ തന്നെ സമ്മതിക്കും എന്നു് സ്വാതന്ത്ര്യഭാരതത്തിൽ എലിസബേത്തുറാണിക്കു കിട്ടിയ ഹാർദ്ദവമായ സ്വീകരണം അട്ടത്തകാലം മുൻപ് സ്വാതന്ത്ര്യസമരം നടത്തി. സ്വാതന്ത്ര്യം നേടിയ ഒരു ജനവിഭാഗത്തിൽ നിന്നും പ്രതീക്ഷിച്ചുകൂടാത്തതാണ്.

ആധുനിക യൂറോപ്പിൽ പഴയ റോം തന്റെ നിയമവും ഭരണസമ്പ്രദായവും മൂലം ജീവിക്കുമെങ്കിൽ, ഇംഗ്ലണ്ട് അവളുടെ ജനാധിപത്യവും, നിയമസമാധാനവ്യവസ്ഥയും ഭരണശേഷിയും ഇംഗ്ലീഷ് ഭാഷ ഇന്ത്യൻ ജനതയുടെ മേൽ നേടിയ സ്വാധീനവും മൂലം ഇന്ത്യയിൽ ജീവിക്കുക തന്നെ ചെയ്യും.

## അമേരിക്കൻ ഐക്യനാടുകൾ.

അമേരിക്കൻ ഐക്യനാടുകൾ ബ്രിട്ടന്റെ സന്താനമാണ്, എന്നാൽ കലഹത്തിലൂടെ ജനിച്ച് സ്വതന്ത്രമായ രീതിയിൽ വളരുകയാണുണ്ടായത്. ബ്രിട്ടീഷ് ഭരണഘടനയെ അനുകരിക്കുവാനായിരുന്നു, ഉന്നമെങ്കിലും പുതിയ സാഹചര്യങ്ങൾക്കൊപ്പിച്ച് മാററം വരുത്തിയതിനാൽ രക്ഷാകർത്താവിൽനിന്നും അടിസ്ഥാനമായ മാറ്റങ്ങൾ ഭരണഘടനയിലുണ്ടായി. പരമ്പരാഗതമായ രാജാധികാരം ഇല്ലാതിരുന്നതിനാൽ തെരഞ്ഞെടുക്കപ്പെട്ട

പ്രസിഡൻറിനെ അവരോധിക്കപ്പെടേണ്ടിവന്നു. രാജ്യത്തു് പ്രഭുക്കന്മാർ ഇല്ലാതിരുന്നതിനാൽ ഒരു പുതിയ രീതിയിൽ രണ്ടാമതൊരു സഭയും ഉണ്ടാക്കേണ്ടിവന്നു. ഇംഗ്ലീഷ് ഭരണഘടന നിരോധത്തിൻെറയും സമീകരണത്തിൻെറയും അടിസ്ഥാനത്തിൽ രൂപപ്പെട്ടുത്തിയതാണെന്നു് ലോക്കു് അവകാശപ്പെട്ടുന്നെങ്കിലും ഈ വിവരം സൂചിപ്പിക്കുന്നത്ര നിഷ്ക്കർഷമായി വെട്ടിവേർപ്പെട്ടുത്തി വെച്ച ഒന്നല്ല അതു്. അമേരിക്കൻ ഐക്യനാട്ടുകളുടെ ഭരണഘടന എഴുതി ഉണ്ടാക്കിയവർ ലോക്കിൻെറ ആശയങ്ങളെ വാക്യാർത്ഥത്തിൽത്തന്നെ എടുത്തു. നിർവ്വാഹകസഭ നിയമനിർമ്മാണത്തിൽ നിന്നും, അവ രണ്ടും നീതിവിചാരണയിൽ നിന്നും വേറിട്ടു നിൽക്കുന്നു. ഇതു തമ്മിലുള്ള അടിസ്ഥാന വ്യത്യാസം ഇതാണു്. ബ്രിട്ടീഷ്ഭരണഘടന വളരുകയും വളർന്നുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ അമേരിക്കൻ ഭരണഘടനയാവട്ടെ അങ്ങനെ സൃഷ്ടിച്ചതാണു്. ആദ്യത്തേതു് അയവുള്ളതാണെങ്കിൽ രണ്ടാമത്തേതു് ഏറെക്കുറെ ഉറച്ചതാണു്. രണ്ടുസഭയിലെയും മൂന്നിൽ രണ്ടു് അംഗങ്ങൾ മാററത്തിനു വേണ്ടി സമ്മതിദാനം രേഖപ്പെടുത്തുകയോ മൂന്നിൽരണ്ടു സംസ്ഥാന അസംബ്ലികൾ. മാററം ആവശ്യപ്പെടുകയോ ചെയ്താൽ മാത്രം പോരാ? ഏതവസ്ഥയിലും നാലിൽ മൂന്നു സംസ്ഥാനങ്ങൾ മാററത്തെ അംഗീകരിക്കുകയും ചെയ്താലേ ഭരണഘടന ഭേദഗതി ചെയ്യാൻ പാടുള്ളൂ. ഇതു വളരെ ബുദ്ധിമുട്ടുള്ള ഒരു പദ്ധതിയാണു്. അതുകൊണ്ടു് ഏററവും ആവശ്യമെന്നു തോന്നുമ്പോഴല്ലാതെ സാദ്ധ്യമല്ല. കഴിഞ്ഞ 160 വർഷങ്ങൾക്കകം വെറും 24 തവണമാത്രമേ ഭരണഘടനയിൽ മാററം വരുത്തിയിട്ടുള്ളൂ. അതിൽ ഏററവും പ്രധാനപ്പെട്ടതു് വടക്കു് ഏബ്രഹാം ലിങ്കൺൻെറ നേതൃത്വത്തിൽ നടന്ന ആഭ്യ

ന്തരയുദ്ധാനന്തരം അടിമത്വം അവസാനിപ്പിക്കാനായി ചെയ്തതാണു്. സംസ്ഥാനങ്ങൾ അവസാനതീരുമാനം എടുക്കുന്നതിനു മുൻപു് ബ്രിട്ടീഷ്പാർലമെൻറിനു തുല്യമായ കോൺഗ്രസ് സംസ്ഥാന അസംബ്ളികളോടു് ആ പ്രശ്നത്തെപ്പററി തീരുമാനമെടുക്കുവാൻ അപേക്ഷിക്കുകയോ പ്രത്യേകമായി കൂടി ആലോചിച്ചു് ജനങ്ങൾ തെരഞ്ഞെടുത്ത പ്രതിനിധികളുടെ സമ്മതിദാനം ആവശ്യപ്പെടുകയോ ചെയ്യേണ്ടതാണു്.

ഇംഗ്ലണ്ടിലെയും വെയ്ൽസിലെയും സ്കോട്ലൻഡിലെയും വടക്കു് അയർലൻഡിലെയും നിയമനിർമ്മാണത്തിൻെറ പരിപൂർണ്ണാധികാരം ബ്രിട്ടീഷ്പാർമെൻറിനാണെങ്കിൽ, അമേരിക്കയുടെ കാര്യത്തിൽ അതു് സംയുക്തഭരണഘടന ആയതിനാലും സംസ്ഥാനങ്ങളുടെ അവകാശങ്ങൾ പരിരക്ഷിക്കുവാനുള്ളകടമ ഉള്ളതിനാലും കോൺഗ്രസ്സിൻെറ കേന്ദ്രഗവർണ്മെൻറും സംസ്ഥാന അസംബ്ളികളും തമ്മിൽ നിയമനിർമ്മാണത്തിൻെറ ചുമതല പങ്കിട്ടെടുക്കുന്നു. സംസ്ഥാനങ്ങളും കേന്ദ്രവും :തമ്മിൽ ഉള്ള നിയമപരമായ തർക്കങ്ങൾ തീരുമാനിക്കുവാനുള്ള ചുമതല നീതിന്യായവകുപ്പിനാണു്. അതിനാൽ അമേരിക്കയിലെ സുപ്രീംകോടതി ബ്രിട്ടനിലെക്കാൾ വളരെയേറെ പ്രാധാന്യം അർഹിക്കുന്നതാണു്. അടിമത്വനിർമ്മാർജ്ജനത്തിന്നെതിരെ തെക്കൻ സംസ്ഥാനങ്ങൾ ശബ്ദം ഉയർത്തുകയും ഒററപ്പെട്ടുനില്ക്കുവാൻ വേണ്ടി സംഘടിതസമരത്തിനു് തയ്യാറാവുകയും ചെയ്തപ്പോൾ അടിമത്വനിർമ്മാർജ്ജനം നടപ്പിൽ വരുത്തുവാനുള്ള അധികാരം ഫെഡറൽ ഗവൺമെൻറിനു ഉണ്ടായിരുന്നുവോ. ഒരു ആഭ്യന്തരയുദ്ധത്തിനുവഴിതെളിച്ചെങ്കിലും ലിങ്കൺൻെറ ബുദ്ധിവൈഭവം ഒന്നുമാത്രമാണു് ഐക്യത്തെ തകർക്കാത്തതു

മഹാന്മാരായ പ്രസിഡൻറുമാർ പലപ്പോഴും സംസ്ഥാനങ്ങൾക്ക് സ്വീകാര്യമല്ലാത്ത പല തന്ത്രങ്ങളും ആവിഷ്ക്കരിച്ചിട്ടുണ്ട്. 1930 ലെ ശമ്പളപരിഷ്കരണനിയമവും വിലനിയന്ത്രണവും തങ്ങളുടെ അധികാരപരിധിയിൽപ്പെട്ടതായി ഫെഡറൽഗവൺമെൻറ് അവകാശപ്പെട്ടു. നമ്മുടെ കാലത്തുതന്നെ നടന്ന സംഭവം ആണല്ലോ നീഗ്രോ വിദ്യാർത്ഥികളെ സ്കൂളുകളിലും, റസ്റ്റോറൻറുകളിലും ഹോട്ടലുകളിലും പ്രവേശിപ്പിക്കുന്ന പ്രശ്നം ഒരു തീരുമാനത്തിനായി സുപ്രീംകോടതിയിൽ പോയതും ആ മഹാമനസ്കതക്കു പ്രതിഫലമായി ഏബ്രഹാം ലിങ്കണെപ്പോലെത്തന്നെ വധിക്കപ്പെട്ട പ്രസിഡൻറ് കെന്നഡിയുടെ നവീകരണാശയങ്ങൾക്ക് പിൻതുണനല്കി അനുകൂലമായി വിധിപറഞ്ഞു് ചീഫ് ജസ്റ്റീസ് വാറൻ ചരിത്രം സൃഷ്ടിച്ചതും.

അമേരിക്കൻഭരണഘടനയുടെ നിർമ്മാതാക്കൾ തങ്ങളുടെ പ്രധാന മാർഗ്ഗദർശിയായി ജോൺലോക്കിനെ സ്വീകരിച്ചു്. അദ്ദേഹത്തിൻെറ നേതൃത്വത്തെ പിൻതുടന്നെങ്കിലും അവസാനം അദ്ദേഹത്തെയും കവച്ചുവച്ചു. ഗവണ്മെൻറിൻെറ മൂന്നു് അനുബന്ധങ്ങളെയും പ്രത്യേകമാക്കണമെന്ന ലോക്കിൻെറ ആദർശങ്ങൾക്കു് ഭരണഘടനാനിർമ്മാതാക്കൾ പ്രാധാന്യം നല്കിയതിനാൽ ബ്രിട്ടീഷ്ഭരണഘടനയിൽനിന്നും സാരമായ വത്യാസം ഉണ്ടായി. ബ്രിട്ടിഷ്പാർലമെൻറിനേപ്പോലെ കോൺഗ്രസിനും രണ്ടു സഭകളുണ്ടു്. പ്രതിനിധിസഭയും സെനററും. പ്രതിനിധിസഭയിൽ 50 സംസ്ഥാനങ്ങളിൽനിന്നും രണ്ടുവർഷത്തിലൊരിക്കൽ തെരഞ്ഞെടുക്കപ്പെടുന്ന 435 അംഗങ്ങളുണ്ടു്. അതു് രൂപംപ്രാപിച്ചതാണു് അമേരിക്കൻ ഐക്യനാടുകൾ. ഭരണഘടന അനുസരിച്ചു് 35000 ആളുകൾക്കു് ഒരു പ്രതിനിധി എന്നാണു് കണക്കു്. എന്നാൽ

സഭയുടെ വൃഥാസ്ഥൂലത കുറക്കുവാൻ മൂന്നരലക്ഷംപേർക്കു് ഒരാൾ എന്ന കണക്കിനു് ഏകാംഗനിയോജകമണ്ഡലങ്ങളുണ്ടു്. പ്രതിനിധിക്കു് 25 വയസ്സു് പ്രായം ഉണ്ടായിരിക്കണം. തെരഞ്ഞെടുപ്പിനു മുൻപു് ഏഴുവർഷത്തെ അമേരിക്കൻ പൗരത്വവും ഉണ്ടായിരിക്കണം. അതുപോലെ അയാൾ തെരഞ്ഞെടുക്കപ്പെടുന്ന സംസ്ഥാനത്തെ നിവാസിയും ആയിരിക്കണം. ഒരു പ്രതിനിധിയുടെ പ്രതിവർഷ വേതനം 22500 ഡോളറുകൾ ആണു്. അതിൽ 3000 ഡോളർ നികുതിയിൽനിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു; ഇൻഡ്യൻനാണയത്തിൽ കണക്കാക്കിയാൽ പ്രതിമാസം പതിന്നാലായിരം രൂപയാണു്. ബ്രിട്ടീഷ് ജനസഭയുടെ സകല അധികാരത്തിനും പുറമേ പണബില്ലുകളിലുള്ള പരിപൂർണ്ണ നിയന്ത്രണവും ഉണ്ടു്.

സെനററ് രണ്ടാം നിയമനിർമ്മണസഭയാണു്. എല്ലാസംസ്ഥാനങ്ങളിൽനിന്നും രണ്ടു് അംഗങ്ങൾവീതം 6 വർഷത്തേക്കാണു്. അതിലേക്കു അംഗങ്ങളെ തിരഞ്ഞെടുക്കുന്നതു് രണ്ടുവർഷത്തിലൊരിക്കൽ മൂന്നിലൊരുഭാഗം അംഗങ്ങൾ പിരിഞ്ഞുപോകുന്നതിനാൽ അതിൻെറ നിലനില്പിനൊരു തുടർച്ചയുണ്ടു്. ജനസംഖ്യയും വലിപ്പവും ഒന്നും കണക്കാക്കാതെ ഒരു സംസ്ഥാനത്തുനിന്നു് രണ്ടു് അംഗങ്ങൾ എന്നാണു് നിശ്ചയിച്ചിരിക്കുന്നതു്.

ഒരുപക്ഷേ ലോകത്തെങ്ങുമുള്ളതിനേക്കാൾ നിയമനിർമ്മാണത്തെ ഗൗരവമായി വീക്ഷിക്കുന്നുണ്ടു് അമേരിക്കൻ കോൺഗ്രസ്സു് കോൺഗ്രസ്സിൻെറ ഇരുസഭകളിലെയും ഒരു യാദൃശ്ചിക സന്ദർശകനു് എപ്പോഴും കുറഞ്ഞ ഹാജർ മാത്രമേ കാണുവാൻ കഴിയുകയുള്ളു എന്നതു് കോൺഗ്രസ്സു് വളരെ ശക്തികുറഞ്ഞ ഘടകമാണെന്നു് തോന്നലുണ്ടായേക്കാം. വാസ്തവത്തിൽ ബഹുഭൂരി

പക്ഷവും ജോലിചെയ്തു തീക്കുന്നതു് കമ്മററികളാണു്. ഒ രംഗം അവതരിപ്പിക്കുന്ന ഏതു ബില്ലും അയാളുടെ സ്വന്ത താല്പര്യത്തിലോ താൻ പ്രതിനിധാനം ചെയ്യുന്ന നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ അപേക്ഷ അനുസരിച്ചോ ആയിരിക്കും. പ്രസിഡന്റിൻെറ ക്യാബിനറ്റോ, പ്രസിഡന്റ്തന്നെയോ ചെയ്യുവാൻ പോകുന്ന നിയമനിർമ്മാണത്തിൻെറ സൂചന അദ്ദേഹം തൻെറ വാർഷികസന്ദേശത്തിൽ ചെയ്യാറുണ്ടു്. എല്ലാ ബില്ലുകളും അതിൻെറ സ്വഭാവവിശദീകരണത്തോടുകൂടി 20 പേർ പ്രതിനിധിസഭയിൽനിന്നും 16 പേർ സെനറ്റിൽനിന്നും അടങ്ങുന്ന ഒരു കമ്മററിയെ ഏല്പിക്കുന്നു. രണ്ടുസഭയിലെയും രണ്ടു പാർട്ടികളുടെയും അംഗസംഖ്യയുടെ അനുപാതത്തിൽ അംഗങ്ങൾ ആ കമ്മററിയിലുണ്ടായിരിക്കും. കമ്മററികളിൽതന്നെ സബ്ബ്കമ്മററികളും ഉണ്ടായിരിക്കുന്നതുകൊണ്ടു് ബില്ലുകളിൽതന്നെ കൂടുതൽ ശ്രദ്ധ ചെലുത്താൻ കഴിയുന്നതാണു്. ബില്ലിലെ എല്ലാവകുപ്പുകളും പ്രത്യേകമായെടുത്തു് ചർച്ചക്കും വിധേയമാക്കി ഒരവസാനതീരുമാനം എടുത്തതിനുശേഷമേ സഭയിലവതരിപ്പിക്കാറുള്ളു. കമ്മററി ഒരു ബിൽ അംഗീകരണയോഗ്യമല്ലെന്നു തീരുമാനിച്ചാൽ പിന്നെ കോൺഗ്രസിന്റെ മുൻപിൽ പോകാറില്ല. ഇതിനെ ബിൽ മേശപ്പുറത്തു വക്കുക എന്നാണു പറയുന്നതു്.

ബില്ലുകളെ കൂടാതെ കോൺഗ്രസ്സ് പ്രമേയങ്ങളും പാസ്സാക്കാറുണ്ടു്. അതിനും ബില്ലിൻെറ പ്രാധാന്യംതന്നെയുണ്ടു്. എന്തുകൊണ്ടെന്നാൽ അതും നിയമത്തിന്റെ ഒരു ഭാഗമാണു്. ഓരോ സഭകളും പ്രത്യേകം പ്രത്യേകമാണു് പാസ്സാക്കുന്നതെങ്കിലും അതിനെ ജോയിന്റ് റെസലൃഷൻ എന്നാണു് പറയുന്നതു്. ചില പ്രത്യേക സന്ദർഭങ്ങൾ ഒഴിച്ചാൽ സഭകൂടുമ്പോൾ പ്രത്യേക അനു

മതികൂടാതെ കമ്മററിഅംഗങ്ങൾക്കു് സഭയിൽ പ്രവേശനം ഇല്ലെന്നുള്ളതു് എടുത്തുപറയത്തക്കതാണു്. സാധാരണ കോറം തികയാൻ ആവശ്യമായ 218 അംഗങ്ങളുടെ സ്ഥാനത്തു് നൂറു് അംഗങ്ങളെ ഉള്ളുവെങ്കിലും സഭ ഒരു കമ്മററിയായി പരിഗണിക്കപ്പെടുന്നതാണു്. വേണ്ട കോറത്തിന്റെ അഞ്ചിൽഒന്നു് ആവശ്യപ്പെട്ടാൽ വോട്ടിംഗിനിടുന്നതാണു്. എഴുന്നേററുനിന്നോ വിളിച്ചുപറഞ്ഞോ തങ്ങളുടെ സമ്മതിദാനം നിർവ്വഹിക്കാവുന്നതാണു്. ഓരോ സഭക്കും അതിൻെറതായ നിയമങ്ങളും രീതികളും ഉണ്ടു്. ഏതെങ്കിലും അഭിപ്രായവ്യത്യാസം ഉണ്ടെന്നുകണ്ടാൽ ഓരോ സഭയുടെയും പ്രതിനിധികൾ അടങ്ങിയ മാനേജരന്മാരുടെ ഒരു സമ്മേളനം കൂട്ടുവാനും വകുപ്പുണ്ടു്. എല്ലാകമ്മററികളിലും ന്യൂനപക്ഷകക്ഷികൾക്കു് അർഹിക്കുന്ന സ്ഥാനം നല്കാറുണ്ടെങ്കിലും ഇതിൽ ഒരു കക്ഷി മാത്രമേ ഉണ്ടായിരിക്കൂ.

ഈ സങ്കീർണ്ണരീതിയിലുള്ള നിയമനിർമ്മാണം സാവധാനത്തിലേ നടക്കുകയുള്ളൂ. എങ്കിലും കുററങ്ങളും കുറവുകളും മനസ്സിലാക്കി ഭാവിയിൽ തകരാറുകൾ ഒഴിവാക്കുന്നതിനു സഹായിക്കുന്നു. അമേരിക്കൻവ്യവസ്ഥ ഇൻഡ്യയുടെയും ഇംഗ്ലണ്ടിൻെറയും രീതിയെക്കാൾ എന്തുകൊണ്ടും മെച്ചപ്പെട്ടതാണു്. കാരണം അവിടെ രണ്ടിടത്തും ചുരുക്കം പ്രധാനപ്പെട്ട ബില്ലുകൾ മാത്രമേ ജനപ്രതിനിധികളടങ്ങിയ ജോയിൻറു് സെലക്ടു്കമ്മററിക്കു് അയക്കാറുള്ളൂ.

ഒരു സെനററു് മെമ്പറിനു് 30 വയസ്സു് പ്രായം ഉണ്ടായിരിക്കണം. 9 വർഷത്തെ അമേരിക്കൻ പൗരത്വവും വേണം. ഒരു മെമ്പർ മരിക്കുകയോ രാജികൊടുക്കുകയോ ചെയ്താൽ അടുത്ത പൊതുതെരഞ്ഞെടുപ്പുവ

രെ ഒരു പിൻഗാമിയെ നോമിനേററുചെയ്യാനുള്ള അധികാരം ഗവർണ്ണർക്കുണ്ടു്. സെനററ് ബ്രിട്ടനിലെ പ്രഭുസഭയെപ്പോലെയല്ല. വിപുലമായ അധികാരം ഉണ്ടു്. ധനപരമായ കാര്യം ഒഴിച്ചുള്ള പ്രഭുസഭയുടെ അധികാരത്തിനുപുറമെ താഴെപറയുന്ന അവകാശങ്ങളും ഉണ്ടു്.

(1) ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രസിഡന്റിന്റെ തീരുമാനത്തെ സ്വാഗതം ചെയ്യുവാനും നിരസിക്കുവാനും ഉള്ള അധികാരം.

(2) അമേരിക്കയുടെ ഏതു കരാറും മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ അംഗീകരിക്കാം.

(3) പ്രതിനിധിസഭക്കു് കുററം ചുമത്താനുള്ള അധികാരം ഉണ്ടെങ്കിൽ സെനററിനു് കുററം വിസ്തരിക്കുവാനുള്ള അവകാശം ഉണ്ടു്.

ബ്രിട്ടനിലെപോലെ അമേരിക്കൻഐക്യനാടുകളിലും രണ്ടു പ്രധാന പാർട്ടികളേ ഉള്ളു. റിപ്പബ്ലിക്കൻസും ഡമോക്രാറ്റ്സും. വളരെ ഒച്ചപ്പാടൊക്കെ സൃഷ്ടിക്കുമെങ്കിലും ഈ പാർട്ടികൾ ഉറച്ച സംഘടനകളാണെന്നു പറഞ്ഞുകൂടാ, മൂന്നിലൊന്നു് അമേരിക്കക്കാർക്കു് ഒരു പാർട്ടിയും ഇല്ല. പത്തുമുതൽ അമ്പതുവരെ ശതമാനം സമ്മതിദായകരും തങ്ങളുടെ വോട്ടു് രേഖപ്പെടുത്താൻ കൂട്ടാക്കാറില്ല. ബ്രിട്ടനിലെ യാഥാസ്ഥിതികർക്കും. തൊഴിലാളികക്ഷിക്കാർക്കും വ്യത്യസ്ഥ നയപരിപാടികൾ ഉള്ളപ്പോൾ അമേരിക്കൻ ഐക്യനാടുകളിലെ റിപ്പബ്ലിക്കൻസിനും ഡമോക്രാറ്റ്സിനും അങ്ങിനെ പറയത്തക്ക വ്യത്യാസങ്ങളില്ല ഇ. എസ്. ഗ്രിഫ്ത്ത്സ് അമേരിക്കൻ ഭരണവ്യവസ്ഥയെപ്പററി പറഞ്ഞു, 'ബ്രിട്ടീഷ്പാർലമെന്ററി ഗവണ്മെന്റിനെപ്പററി പരിചയിച്ചുപോന്നിട്ടുള്ളവർക്കു് അമേരിക്കൻവ്യവസ്ഥ

ഒരുതരം കഴഞ്ഞതും, ക്രമമാല്ലാത്തതും, ഉത്തരവാദിത്വം ഇല്ലാത്തതും നിഷ്ഫലവും, സ്ഥാപിതതാല്പര്യങ്ങൾക്ക് വഴങ്ങുന്നതും ആണെന്നുള്ള തോന്നലിനിടയുണ്ട്. ഒര തിരുവരെ അതിൽ സത്യവും ഉണ്ടെന്ന് സമ്മതിച്ചു കൊടുക്കാം. എന്നാൽ ഫലത്തിൽ ഈ കുറ്റാരോപണം വ്യാജമാണെന്നു തെളിയിക്കുന്നു', വേറൊരിടത്ത് അദ്ദേഹം സമ്മതിക്കുന്നു, 'ബ്രിട്ടീഷ്പാർട്ടി സംഘടനയുടെ ഉയന്ന ശബ്ദംമൂലം അമേരിക്കയുടേതു് മനസ്സിലാക്കാൻ ബദ്ധപ്പാടായിത്തീന്നു'. അതുപോലെ അല്ലൻനെവിൻ എഴുതുന്നു. 'മാതൃകാനിർമ്മാതാക്കളുടെ വീരവാദങ്ങൾ ഒക്കെ എവിടെയിരുന്നാലും ലോകത്തറിയപ്പെടുന്ന ജനാധിപത്യങ്ങളിൽവച്ചേററവും കട്ടപ്പമുള്ളതാണു് അമേരിക്കൻ ജനാധിപത്യം'.

ഒരു അമേരിക്കൻയൂണിവേഴ്സിററിയുടെ പ്രസിഡൻറു് ഇൻഡ്യ സന്ദർശിച്ച വേളയിൽ താനൊരു ഡെമോക്രാററാണെങ്കിലും അഡ്ലിസ്റ്റിവൻസൻ ഒരു റിപ്പബ്ളിക്കിനായി പ്രസിഡൻറു സ്ഥാനത്തിനു മത്സരിച്ചപ്പോൾ അദ്ദേഹം പററിയ ഒരു സ്ഥാനാർത്ഥിയാണെന്നു തോന്നുകയാൽ തൻെറ രാഷ്ട്രീയാഭിപ്രായത്തെ വിട്ടു് വോട്ടുചെയ്ത വസ്തുതയെ വെളിപ്പെടുത്തിയതു് എന്നെ ഈ സത്യത്തെക്കുറിച്ചു് കൂടുതൽ ബോധവനാക്കി. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണു്. അമേരിക്കക്കാർക്കു് പാർട്ടി വ്യവസ്ഥയിലൊന്നും വലിയ മതിപ്പില്ല. ഒരു പാർട്ടിയുടേയും വക്താക്കളായി മാറാറുമില്ല,

അമേരിക്കൻ ഭരണഘടനയിൽ ഏററവും കല്പനാവൈഭവം ഉള്ളസ്ഥാനമാണു് പ്രസിഡന്റിൻേറതു്. ഇംഗ്ലണ്ടിലെ രാജാവിൻെറ മാതിരിയല്ലാ അമേരിക്കൻ പ്രസിഡൻറു് ലോകത്തിലെ ഏററവും ശക്തനായ ഒരു

മനുഷ്യൻെറ പദവിലേക്ക് ഉയരാൻ തക്കവെണ്ണം അത്ര കൂടുതൽ ഉത്തരവാദിത്വവും അധികാരവും ആണ് അമേരിക്കൻ പ്രസിഡൻറിനുള്ളതു്. അദ്ദേഹത്തിനു് 35 വയസ്സിൽ കുറയാത്ത പ്രായവും കുറഞ്ഞപക്ഷം 14 വർഷത്തെ അമേരിക്കൻ പൗരത്വവും ഉണ്ടായിരിക്കണം. അദ്ദേഹത്തെ നാലു് വഷത്തേക്കാണു് തെരഞ്ഞെടുക്കുന്നതു്. ഒരിക്കൽ പ്രസിഡന്റായിരുന്ന ആളിനു് പിന്നീടു് ഒരു പ്രാവശ്യം കൂടി മാത്രമേ തിരഞ്ഞെടുക്കപ്പെടാൻ അർഹതയുള്ളൂ. ഒരു വിചാരണകൂടാതെ അദ്ദേഹത്തെ മാററുവാനും സാദ്ധ്യമല്ല. പ്രസിഡൻറു മരിച്ചാൽ വൈസ് പ്രസിഡൻറു് ആ നിമിഷം തന്നെ ആ സ്ഥാനം കയ്യേൽക്കുന്നു. തന്മൂലം തലവൻ ഇല്ലാത്ത അവസ്ഥ ഉണ്ടാവാറില്ല. "രാജാവുമരിച്ചു, രാജാവു് നീണാൽ വാഴട്ടെ" എന്നു പറയുന്ന ബ്രിട്ടീഷ് തത്വശാസ്ത്രത്തിൻെറ മറെറാരു വശമാണിതു്. ചില പ്രസിഡന്റന്മാർ കൊല്ലപ്പെട്ടിട്ടുണ്ടു്. അവരിൽ ഗണനീയർ ഏബ്രഹാംലിങ്കണും കെന്നഡിയും ആണു്. ഭരണഘടനാനിർമ്മാതാക്കളുടെ ഉദ്ദേശം പ്രസിഡൻറുതെരഞ്ഞെടുപ്പ് ഏററവും സത്യസന്ധവും നല്ലനിലവാരം പുലത്തുന്നതും ആകണമെന്നായിരുന്നതിനാൽ പ്രസിഡൻറു തെരഞ്ഞെടുപ്പു് തെരഞ്ഞെടുക്കപ്പെട്ട ഒരു ഇലക്ടറൽ കോളേജാണു് നടത്തുന്നതു്. ആ കോളേജിൽ ഓരോ സ്റ്റേററിലെയും സമ്മതിദായകർ പ്രതിനിധി സഭയിലേക്കും, സെനററിലേക്കും തെരഞ്ഞെടുത്തയച്ച തുല്യ അംഗങ്ങളാണുള്ളതു്. അതിൻെറ ഉദ്ദേശം നല്ല പ്രഡിഡൻറിനെ നല്ലകഴിവുള്ളവർ തെരഞ്ഞെടുക്കണമെന്നാണു്. എന്നാൽ പ്രയോഗത്തിൽ ഇതു് ഏതാണ്ടു് വിസ്മരിക്കപ്പെട്ടമട്ടാണു് പ്രസിഡൻറുപദവി ഏററവും പ്രാധാന്യം ഉള്ളതാകയാൽ എല്ലാ പൗരന്മാരും അതിൽ തല്പരരും തന്മൂലം തങ്ങളുടെ കയ്യു്

അതിൽ ഉണ്ടായിരിക്കണമെന്നാഗ്രഹിക്കുന്നവരും ആകുന്നു. ഇലക്ടറൽകോളേജ് നശിപ്പിച്ചിട്ടില്ലെങ്കിലും അതു് പൂർണ്ണമായും അവഗണിക്കപ്പെട്ടിരിക്കുകയാണു്. ഇപ്പോഴത്തെ പതിവു് ഡമോക്രാററും റിപ്പബ്ളിക്കനും പ്രസിഡൻററ് സ്ഥാനത്തിനു് തങ്ങളുടെ സ്ഥാനാർത്ഥികളെ നിത്തുകയാണു്. ഇലക്ടറൽ കോളേജിലേക്കുള്ള അംഗങ്ങളെ തിരഞ്ഞെടുക്കുന്നതു് അവർ തങ്ങളുടെ വോട്ടു് ഡമോക്രാററിനോ, റിപ്പബ്ളിക്കിനോ നല്കുന്നതെന്നുള്ള ധാരണയിലാണു്. മറെറാരർത്ഥത്തിൽ അമേരിക്കയിലെ പൗരന്മാർ തങ്ങളുടെ പ്രസിഡൻറന്മാരായിരിക്കണമെന്നുള്ളതു് തീർച്ചയാക്കുന്നു. അവരുടെ തീരുമാനത്തിൻെറ വെറുമൊരു ഉപകരണമായിത്തീർന്നിരിക്കുകയാണു്. ഇലക്ടറൽ കോളേജിൻെറ പ്രജ്ഞ പൊതുജനാഭിപ്രായത്തിൻെറ മുൻപിൽ ആവിയായിപ്പോയി. വാസ്തവത്തിൽ ഒന്നാംതരം ധീഷണാശാലികളെ പ്രസിഡൻറായി തെരഞ്ഞെടുക്കുന്നതിൽ അമേരിക്കൻ ജനതയെ അഭിനന്ദിക്കുക തന്നെവേണം. രാഷ്ട്രീയബുദ്ധിജീവികളായ വാഷിംഗ്ടൺ, ജഫേഴ്സൺ, ജാക്സൺ, ഏബ്രഹാംലിങ്കൺ, വിൽസൺ, റൂസ്വെൽറ്റ്, കെന്നഡി മുതലായവർ ആ കൂട്ടത്തിൽ പെടുന്നു.

പ്രസിഡൻറിൻെറ അധികാരങ്ങൾ വളരെയാണു് കോൺഗ്രസ്സ് പാസ്സാക്കുന്ന എല്ലാ ബില്ലുകൾക്കും അദ്ദേഹത്തിൻെറ അംഗീകാരം വേണം. ഇംഗ്ലണ്ടിലെ രാജാവിൻെറ മാതിരിയല്ല; അദ്ദേഹത്തിൻെറ ഏതു ബില്ലും നിഷേധിക്കുവാനുള്ള അധികാരം ഉണ്ടു്. പക്ഷേ അതു് പത്തുദിവസത്തിനകം ചെയ്തിരിക്കണം. അല്ലെങ്കിൽ ബില്ലു് അദ്ദേഹത്തിൻെറ അനുമതികൂടാതെ തന്നെ നിയമമാകുന്നതാണു്. പത്തുദിവസത്തിനകം അദ്ദേഹം അതു് നിഷേധിച്ചാൽ ബില്ലു് വീണ്ടും കോൺഗ്രസ്സിലേ

ക്കപോകുന്നതും മൂന്നിൽരണ്ടു ഭൂരിപക്ഷത്തോടെ വീണ്ടും പാസ്സാക്കുകയും വേണം. കഴിവുള്ള പ്രസിഡൻറുമാരുടെയും കോൺഗ്രസിൻെറയും നേട്ടമെന്നുതന്നെ പറയട്ടെ, ഇതിനകം വെറും 71 ബില്ലുകൾ മാത്രമേ പ്രസിഡന്റിന്റെ വീറ്റോയേയും മറികടന്ന് നിയമമായിട്ടുള്ളൂ,

ഇനിയും ഉണ്ട് അദ്ദേഹത്തിന് സുപ്രധാനമായ ചില അധികാരങ്ങൾ കൂടി. എല്ലാ പ്രധാനപ്പെട്ട നയങ്ങളുടെയും ഉദ്ദേശത്തെ വിശദീകരിച്ചുകൊണ്ട് കോൺഗ്രസ്സിന് സന്ദേശം അയക്കുവാനും അദ്ദേഹത്തിനു കഴിയുന്നു. എന്നാൽ നയങ്ങൾക്കു രൂപം നല്കുന്നതിനുള്ള അധികാരം അദ്ദേഹത്തിനില്ല. കാരണം അതു നിയമനിർമ്മാണസഭയുടെ അവകാശങ്ങളിൽ കൈകടത്തലാണെന്നുള്ളതു തന്നെ. അദ്ദേഹത്തിന് സുപ്രീംകോടതിജഡ്ജിമാരെ നിയമിക്കുവാനുള്ള അധികാരം ഉള്ളതിനോടൊപ്പം അദ്ദേഹം തന്നെയാണ് കര' നാവിക. വ്യോമസേനകളുടെ സർവ്വസൈന്യാധിപതിയും. ഇങ്ങനെയുള്ള അധികാരങ്ങൾ അദ്ദേഹത്തെ ലോകത്തിലെ ഏററവും ശക്തനായ ഒരു വ്യക്തിയാക്കിമാററുന്നു. അദ്ദേഹത്തിൻെറ ശമ്പളം പ്രതിവർഷം ഒരു ലക്ഷം ഡോളറാണ് ഇൻഡ്യൻ നാണയമായി കണക്കാക്കിയാൽ പ്രതിമാസം 62000 രൂപയാണ്. അമേരിക്കയിലെ ജീവിതത്തോതും കോൺഗ്രസ്സ് അംഗങ്ങൾക്കു നല്കുന്ന വലിയശമ്പളവും അവരുടെ മററുസൗകര്യങ്ങളും വച്ചുനോക്കുമ്പോൾ ഇതൊരു വലിയ തുകയാണെന്നു പറഞ്ഞുകൂടാ.

ബ്രിട്ടീഷ്ഭരണഘടനയും അമേരിക്കൻ ഭരണഘടനയും തമ്മിലുള്ള പ്രധാന വ്യത്യാസം ഭരണരീതിയിലും കാണാം. ബ്രിട്ടനിൽ ജനസഭയിലെ ഭൂരിപക്ഷകക്ഷിയുടെ നേതാവിനോട്ടും മന്ത്രിസഭാരൂപികരണത്തിന് രാ

ജാവു് ആവശ്യപ്പെടുന്നു. സഹപ്രവൎത്തകരെയും സഹമന്ത്രിമാരേയും തെരഞ്ഞെടുക്കുവാനുള്ള അവകാശം അങ്ങനെ പ്രധാനമന്ത്രിയിൽ നിക്ഷിപ്തമാകുന്നു. അദ്ദേഹം ജനസഭയോടും തദ്വാരാ സമ്മതിദായകരോടും കടപ്പെട്ടിരിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ ഗവൺമെന്റിനെതിരെ അവിശ്വാസപ്രമേയം പാസാക്കുന്നതിനുള്ള സാദ്ധ്യത കുറവാണെങ്കിലും അങ്ങിനൊന്നു് ജനസഭയിൽ സംഭവിച്ചാൽ ഗവൺമെന്റു് രാജികൊടുക്കുകയോ, പ്രതിപക്ഷനേതാവിനോടു് മറെറാരു ഗവൺമെൻറുണ്ടാക്കാൻ ആവശ്യപ്പെടുകയോ, അല്ലെങ്കിൽ ജനസഭയെ പിരിച്ചുവിടാൻ രാജാവിനോടു് പ്രധാനമന്ത്രി ഉപദേശിക്കുകയോ ആണു ചെയ്യാറുള്ളതു്. പ്രതിപക്ഷം ഒരു മന്ത്രിസഭാരൂപീകരണത്തിനു തയ്യാറായാൽ കൂടി ഒരു ഗവൺമെൻറു രൂപീകരിക്കാൻ തക്ക ഭൂരിപക്ഷം കിട്ടായ്കയാൽ ജനസഭയെ പിരിച്ചുവിടാൻ രാജാവിനെ ഉപദേശിക്കുന്നതാണു്. അമേരിക്കൻ ഭരണഘടനയിൽ ഈ തകരാറുകളെല്ലാം ഒഴിവാക്കപ്പെട്ടിരിക്കുന്നു. കാരണം പ്രസിഡന്റിനു് സെക്രട്ടറിമാരെ നിയമിക്കാനുള്ള അധികാരം ഉണ്ടു്. അവർക്കു് കോൺഗ്രസിനോടല്ലാ പ്രസിഡന്റിനോടാണു് ഉത്തരവാദിത്വം. സ്റേററുസെക്രട്ടറി മുഖ്യനായുള്ള 9 സെക്രട്ടറിമാരടങ്ങുന്നതാണു് പ്രസിഡന്റിൻെറ ക്യാബിനററു്. ധനകാര്യം, പ്രതിരോധം, നീതിന്യായം, തപാൽവകുപ്പു്, കൃഷി, വ്യവസായം, തൊഴിൽ, ആഭ്യന്തരം തുടങ്ങിയ ചുമതലകളാണു് സെക്രട്ടറിമാൎക്കുള്ളതു്. നിയമനിൎമ്മാണവും ഭരണച്ചുമതലയും വഹിക്കുന്നതു് പ്രത്യേകം പ്രത്യേകം ആകയാൽ സെക്രട്ടറിമാർ രണ്ടുസഭകളിലെയും അംഗങ്ങളല്ല. ഭരണകാര്യങ്ങളിലുള്ള അതൃപ്തിയുടെ ഉത്തരവാദിത്വം വഹിക്കേണ്ടതു് പ്രസിഡന്റാണു്. വെറുതെയല്ലാ പ്രസിഡന്റിൻെറ ശയ്യ പുഷ്പവി

രി അല്ലാതായിതീന്നു്. ജോൺആഡംസ് ജീവിത ത്തിലെ ഏററവും ദയനീയമായ കാലഘട്ടമായി ഈ നാ ലുവർഷങ്ങളെ നോക്കികണ്ടു. ഗർഫീൽഡു പറഞ്ഞു: "ദൈവമേ മനുഷ്യർ ആഗ്രഹിക്കുന്നതു് എന്താണിതിലു ള്ളതു്". ചിലർ തങ്ങളുടെ മഹത്തായ ജീവിതമാണു് വിലകൊടുത്തതു്. ചിലർ ആശ്വാസത്തോടെ ആ ഭാരം ഇറക്കിവച്ചു. എന്നാൽ എല്ലാവക്കും ലോകത്തിനു നന്മ ചെയ്യുവാനും നയിക്കുവാനും ഉള്ള സന്ദർഭം കിട്ടിയിട്ടുണ്ടു്.

അമേരിക്കൻഭരണഘടനയുടെ മൂന്നാമത്തെ ഘടക മാണു് നീതിന്യായവകുപ്പു്. അതിനു് ഏററവും ഉയ ന്ന സ്ഥാനമാണുള്ളതു്. ഒരുപക്ഷേ ലോകത്തിലേക്കു് ഏറ്റവും ശക്തമായ നീതിന്യായവകുപ്പു് ആണതു്. ഒരു എഴുതപ്പെട്ട ഭരണഘടനയാൽ സംസ്ഥാനഗവണ്മെന്റും കളും കേന്ദ്രഗവണ്മെന്റും തമ്മിലുള്ള നിയമനിമ്മാണ ത്തിൻെറ പരിധി നിർണ്ണയിക്കുന്നതിനും നിയമനിമ്മാ ണസഭയുടെയും ഭരണവകുപ്പിൻെറയും മേൽ നിയന്ത്ര ണം നടത്തുന്നതിനും സാധിക്കുന്നു. നിയമത്തെ വ്യാ ഖ്യാനിക്കുവാനുള്ള അധികാരം ഉള്ളതുകൊണ്ടു് അതു് ഒരു നിയമനിമ്മാണഘടകമായിത്തീരുന്നു. വാഷിംഗ് ഡനിലുള്ള തലസ്ഥാനത്തിനു മുൻപിൽ അമേരിക്കൻ ഐക്യനാട്ടുകളിലെ ആദ്യത്തെ ചീഫ്ജസ്റ്റീസായരുന്ന ജോൺമാർഷലിൻെറ പ്രതിമ, നിയമനിമ്മാണസഭയു ടെ പ്രതീകമായി നിലകൊള്ളുന്നു. സുപ്രീംകോടതിയി ലെ ജഡ്ജിമാർ വ്യവഹാരശാസ്ത്രത്തിനും ക്രിയാത്മക മായ സംഭാവനകൾ ചെയ്തിട്ടുണ്ടു്. ആഭ്യന്തരരാഷ്ട്രീയ ത്തിൽ നീഗ്രോകളുടെ പ്രശ്നംപോലെ കുഴ ഛുമറി ഞ്ഞ മറെറാരു പ്രശ്നവും ഇല്ല. ഏബ്രഹാംലിങ്കനാ ണു് അവർക്കു് സ്വാതന്ത്ര്യം നല്കിയതു്. റെസ്റ്റോറന്റുക ളിലും ഹോട്ടലുകളിലും, സ്കൂളുകളിലും, കോളേജുകളിലും

സർവ്വകലാശാലകളിലും പ്രവേശിക്കുന്നതിനു് അവർക്കു ള്ള തടസ്സം എടുത്തുകളഞ്ഞു് കെന്നഡി ആ സ്വാതന്ത്ര്യ ത്തിനു കൂടുതൽ ഒരർത്ഥം നല്കി. അവർ രണ്ടുപേരും മനു ഷ്യത്വവും പുരോഗമനാശയങ്ങളും അടങ്ങുന്ന അവരുടെ നയങ്ങൾക്കുവേണ്ടി ജീവൻ ബലികഴിച്ചു. ഒരു ശരി യായ കൃത്യം ചെയ്തിട്ടു മരിച്ചുവെന്ന സംതൃപ്തിക്കു് കെന്ന ഡിയെ അർഹനാക്കിയതു് അദ്ദേഹത്തിൻെറ നയങ്ങൾ ക്കു് ഉദാരമായ അർത്ഥം നല്കിയ ചീഫ്ജസ്റ്റീസ് വാറൻ ആണു്

രണ്ടു് ലോകമഹായുദ്ധങ്ങൾക്കുശേഷം അമേരിക്കൻ ജനാധിപത്യം സ്വാതന്ത്ര്യത്തിന്റെ സന്ദേശം ലോകത്തെ ങ്ങും പരത്തി ഒന്നാംലോകമഹായുദ്ധാനന്തരം വിൽസ ൺൻെറ ലീഗ്ഓഫ്നേഷൻസിനു് പിൻതുണ നൽകു ന്നതിൽ അമേരിക്ക പരാജയപ്പെട്ടു. മൺറോ സിദ്ധാ ന്തം അമേരിക്കക്കാർക്കു് നല്ലതായിരുന്നെങ്കിലും, അമേ രിക്കയെ ഒററപ്പെടുത്തുന്ന അന്തരീക്ഷം സൃഷ്ടിച്ചതു് ഇ രുപതാംനൂററാണ്ടിലെ വലിയ വിഡ്ഢിത്വമായിരുന്നു. അതാണു് രണ്ടാംലോകമഹായുദ്ധം അനിവാര്യമാക്കിതീ ർത്തതു്. പേൾഹാർബർ ആക്രമിക്കുവാൻ ജപ്പാൻ തുനി ഞ്ഞതു് അമേരിക്കയെ ഒരിക്കൽകൂടി ലോകരാഷ്ട്രീയ ത്തിലേക്കു് കൊണ്ടുവന്നു. വിജയംവരിച്ച അമേരിക്ക ലോകസ്വാതന്ത്ര്യത്തിൻെറ നേതൃത്വം ഏറെറടുത്തു.

സ്വാതന്ത്ര്യത്തിൻെറ പ്രവാചകനായാണു് ഏബ്ര ഹാംലിങ്കണെ കണക്കാക്കുന്നതു്. അദ്ദേഹത്തെപോലെ ഇത്രയേറെ ശൈലികൾ ഉണ്ടാക്കുകയും എന്നുമെന്നും അ മേരിക്കക്കാർ ഉദ്ധരിക്കുകയും ചെയ്യുന്ന മറെറാരു രാഷ്ട്ര തന്ത്രജ്ഞൻ അമേരിക്കയിൽ ഉണ്ടായിട്ടില്ല. അദ്ദേഹം സ്വാതന്ത്ര്യത്തിൻെറ വേദപുസ്തകംതന്നെ രചിച്ചുകളഞ്ഞു

'പകുതി അടിമകളും പകുതി സ്വതന്ത്ര്യരും എന്ന നില ഈ രാജ്യത്തിനു് എന്നും സഹിച്ചുകൂടാ.'

"ഞാനൊരടിമയാവാൻ ആഗ്രഹിക്കാത്തതുപോലെ. ഒരു യജമാനനാകുവാനും ആഗ്രഹിക്കുന്നില്ല."

അവശനായവന്നു കൊടുക്കുക എന്നതാണു് ക്രിസ്തീയധർമ്മനിയമം, അവശനിൽ നിന്നും എടുക്കുക എന്നതു് അടിമത്വത്തിൻെറ നിയമമാണു്.

"നീതിയാണു് കരുത്തു് എന്ന വിശ്വാസം നമുക്കും ഉണ്ടാകട്ടെ"

എന്നിങ്ങനെയുള്ള ലിങ്കൺെറ പല പ്രസ്താവങ്ങളും ആളുകൾ ഉദ്ധരിക്കാറുണ്ട്. വാഷിംഗ്ടണിലെ ലിങ്കൺ സ്മാരകം അദ്ദേഹത്തിൻെറ ലളിതവും ഹൃദയസ്പർശിയും ഒഴുക്കുള്ളതുമായ ഗെറ്റ്സ്ബർഗ്ഗ് പ്രസംഗത്തെപ്പോലെ മഹത്തരമായ ഒന്നാണു്. രാഷ്ട്രീയക്കാരുടെ രക്തസാക്ഷിയായിത്തീർന്നു ഹൃദയം പൊട്ടിയാണു മരിച്ചതെങ്കിലും വുഡ്റോവ്വിൽസൺ അദ്ദേഹത്തിൻെറ വലിയ ഒരു അനുയായിയായിരുന്നു. റൂസ്വെൽട്ടു് ജേതാവായി ജീവിക്കുകയും സമാധാനത്തിൻെറ പാതയിലെ ദീപസ്തംഭമായ U. N. O.യുടെ നിർമ്മിതിയോടുകൂടി വിജയത്തിൻെറ വിളഞ്ഞഫലം കൊയ്തെടുക്കുകയും ചെയ്തു. 1941-ാമാണ്ടു് ജനുവരി 6-ാം തീയതി കോൺഗ്രസ്സിനുള്ള സന്ദേശത്തോടെ അദ്ദേഹം ലോകത്തിനു മുഴുവൻ ഒരു സന്ദേശം നല്കി.

'പുരാതന സംസ്കാരത്തിൻെറ ഘോഷയാത്രയിൽ നമ്മെ ചൈനീസ് വൻകോട്ടയുടെ പുറകിൽ അടച്ചിടുവാനുള്ള ഏതു ശ്രമത്തെയും അമേരിക്കൻ ഐക്യനാടുകൾ ഒരു രാഷ്ട്രം എന്ന നിലയിൽ എന്നും വ്യക്തമായി എതിർത്തുകൊണ്ടിരുന്നിട്ടുണ്ടെന്നുള്ള ചരിത്രസത്യം ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. ഇന്നു് നമ്മുടെ കുഞ്ഞുങ്ങളെ

യും അവരുടെ കുഞ്ഞുങ്ങളെയും ഓർത്തുകൊണ്ടു് സ്വയം ഒററപ്പെട്ട നില്ക്കുന്നതിനെ നാം എതൃക്കുന്നു. അമേരിക്കയുടെ ഏതെങ്കിലും ഭാഗം ഒററപ്പെട്ട നില്ക്കുന്നതിനെയും നാം എതൃക്കുന്നു'.

കൊറിയയിലും വിയററ്നാമിലും യുദ്ധം ചെയ്യേണ്ടിവന്നെങ്കിലും ലോകം മുഴുവൻ ജനാധിപത്യത്തിന്റെ കൊടി പാറിക്കുവാനുള്ള ഉത്തരവാദിത്വം തോളിലേറ്റിയിരിക്കുകയാണു് അമേരിക്കൻ ഐക്യനാടുകൾ. ഈ നയത്തിൻെറ ബുദ്ധിയിലും, ന്യായീകരണത്തിലും ലോകാഭിപ്രായം ശക്തിയായ രണ്ടു ചേരിയിലാണു്, ഇതിൽ അമേരിക്കക്കൊണോ എതിരാളികൾക്കാണോ വിജയം ഉണ്ടാകാൻ പോകുന്നതെന്നു് ഭാവി:തീരുമാനിച്ചുകൊള്ളും.

എന്തായാലും പ്രസിഡൻറു് റൂസ്വെൽററ് ലോകത്തിനു നല്കിയ വാഗ്ദത്തം നിറവേററുവാൻ അമേരിക്ക കിണഞ്ഞു ശ്രമിക്കുന്നുണ്ടു്. U.N.O. യുടെ സ്ഥാപനത്തിനും ഭാവി സമാധാനത്തിനുള്ള ജാമ്യത്തിനും ഭാവിയിലെ യുദ്ധം ഒഴിവാക്കുവാനുമായി അററ്ലാന്റിക് ചാർട്ടറിൽ നാല്പ തത്വങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടു്.

1) അഭിപ്രായ സ്വാതന്ത്ര്യം
2) ലോകത്തെവിടെയും സ്വന്തതാല്പര്യപ്രകാരം ഈശ്വരപ്രാത്ഥനക്കുള്ള സ്വാതന്ത്ര്യം.
3) ദാരിദ്ര്യത്തിൽ നിന്നുള്ള സ്വാതന്ത്ര്യം.
4) ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യം.

ഇതിൽ ദാരിദ്ര്യത്തിൽ നിന്നുള്ള സ്വാതന്ത്ര്യത്തിനു മാത്രമേ റഷ്യ പ്രാധാന്യം നല്കുന്നുള്ളു. അവർക്കു് മററുള്ള മൂന്നു സ്വാതന്ത്ര്യങ്ങൾ കൊണ്ടു് ഒരു പ്രയോജനവും ഇല്ല. അതാണു് ലോകം ഇന്നു് പ്രതികൂല ചേരികളായി നിൽക്കുന്നതു്. രണ്ടു കൂട്ടർക്കും അവരുടേതായ വിശ്വാസപ്രമാണങ്ങളുണ്ടു്. രണ്ടു കൂട്ടരും ശാസ്ത്രത്തിലും സാങ്കേതിക വിഷയങ്ങളിലും പുരോഗമിച്ചിട്ടുണ്ടു്. രണ്ടു കൂട്ടരും യുദ്ധത്തിനു വേണ്ടി തയ്യാറെട്ടു

ത്തിട്ടുണ്ട്. എങ്കിലും ഇനിയും ഒരു യുദ്ധം ഉണ്ടായാൽ അതു് കഴിഞ്ഞ രണ്ടു യുദ്ധങ്ങളേക്കാൾ ഭീകരമായിരിക്കുമെന്നു് ഭയന്നു നില്ക്കുകയാണു്.

സ്വാതന്ത്ര്യത്തെപ്പററിയും ജനാധിപത്യത്തെപ്പററിയും ഉച്ചത്തിൽ സംസാരിക്കാറുണ്ടെങ്കിലും നീഗ്രോകൾ രാഷ്ട്രീയവും സാമുദായികവുമായ അസമത്വങ്ങൾ കൊണ്ടു് കഷ്ടപ്പെട്ടുന്നുണ്ടെന്ന പരമാർത്ഥം അമേരിക്കൻ ജനാധിപത്യത്തിനൊരു കളങ്കമാണെന്നു് ഖേദപൂർവ്വം സമ്മതിക്കേണ്ടിയിരിക്കുന്നു. സാമുദായിക പക്ഷഭേദം തെക്കൻ സംസ്ഥാനങ്ങളുടെ ഹൃദയത്തിൽ പതിയിരുപ്പുണ്ടു്. ഏതായാലും അമേരിക്കൻ ഗവണ്മെൻറു് തങ്ങളാൽ ആവുംവിധം ചെയ്യുന്നുണ്ടെന്നതു് അഭിമാനകരമാണു്. നീഗ്രോകൾക്കു് അനുകൂലമായുണ്ടായ ചരിത്ര പ്രസിദ്ധമായ വിധിയിലൂടെ ചീഫ്ജസ്റ്റീസ്വാറൻ തൻെറ കർത്തവ്യം നിറവേററിയിട്ടുണ്ടു്. പൗരസ്വാതന്ത്ര്യബിൽ നടപ്പിലാക്കും മുൻപു് കെന്നഡി വധിക്കപ്പെട്ടു. തെക്കാണു് ജനിച്ചതെങ്കിലും മഹാനായ തൻെറ മുൻഗാമിയുടെ ജോലി പൂർത്തിയാക്കുവാനുള്ള പ്രസിഡൻറു് ജോൺസൻെറ യത്നം അഭിനന്ദനീയമാണു്. 1965 മാർച്ചു് 15-ാം തീയതി കോൺഗ്രസിൻെറ ഇരു സഭകളുടേയും കൂടിയുള്ള സംയുക്തസമ്മേളനത്തിനു് അയച്ച പൗരാവകാശ സന്ദേശത്തിൽ പ്രസിഡൻറു് ലിൻഡൻജോൺസൻ പറഞ്ഞു.

“തെക്കൻമണ്ണിൽ വേരുറച്ചുപോയ എനിക്കറിയാം വർഗ്ഗചിന്ത എത്ര വേദനാജനകമാണെന്നു്. സമുദായത്തിൻെറ പെരുമാററങ്ങളും ഘടനയും മാററി രൂപംപിടിപ്പിക്കുന്നതു് എത്ര ബുദ്ധിമുട്ടാണെന്നും എനിക്കറിയാം. നീഗ്രോകൾക്കു് സ്വാതന്ത്ര്യം പ്രഖ്യാപിച്ചിട്ടു് 100 വർഷങ്ങളായെങ്കിലും അവൻ പൂർണ്ണമായും സ്വതന്ത്രനല്ല.

സമത്വം വാഗ്ദാനംചെയ്തിട്ട് 100 വർഷമായി; പക്ഷേ അവൻ സമനല്ല. വാഗ്ദാനങ്ങൾ കഴിഞ്ഞിട്ട് 100 വർഷം കഴിഞ്ഞു: പക്ഷേ അവ നിറവേറ്റപ്പെട്ടിട്ടില്ല. നീതി നടത്തുവാനുള്ള സമയമായി. ഒരുശക്തിക്കും അതു തടയുവാനാവില്ല. ദൈവത്തിൻെറയും മനുഷ്യൻെറയും കണ്ണുകളിൽ ശരിയാണതു്. അതു നടന്നേ പററൂ. അതെന്നു നടക്കുന്നുവോ അന്നു എല്ലാ അമേരിക്കക്കാരൻെറയും ജീവിതം അർത്ഥപൂർണ്ണമാകും''.

അതേ സന്ദേശത്തിൻെറ ആദ്യഭാഗത്തു് അദ്ദേഹം പറഞ്ഞു.

''തെരഞ്ഞെടുപ്പിൻെറ നിയന്ത്രണം തദ്ദേശവാസികൾക്കായിരിക്കണം എന്നു ശഠിക്കുകയും തങ്ങളുടെ കാര്യത്തിൽ ദേശീയഗവണ്മെന്റിൻെറ കൈകടത്തൽ പാടില്ലെന്നും പറയുന്നവർക്കുള്ള മറുപടി വളരെ ലളിതമാണു്.

എല്ലാവർക്കും പോളിംഗ്ബൂത്തുകൾ തുറന്നിട്ടുകൊടുക്കുക. തൊലിയുടെ നിറം നോക്കാതെ സകല സ്ത്രീപുരുഷന്മാരെയും വോട്ടുചെയ്യാൻ അനുവദിക്കുക. എല്ലാ പൗരനും പൗരത്വാവകാശം നൽകുക. ഇവിടെ ഭരണഘടനാപ്രശ്നം ഉദിക്കുന്നില്ല. ഭരണഘടന വളരെ വ്യക്തമാണു് ധാർമ്മികപ്രശ്നവും ഉദിക്കുന്നില്ല. ഏതെങ്കിലും അമേരിക്കക്കാരനു് വോട്ടു നിഷേധിക്കുന്നതു തെററാണു്. രാഷ്ട്രത്തിൻെറയും സംസ്ഥാനങ്ങളുടെയും അവകാശത്തിൻെറ പ്രശ്നം ഉദിക്കുന്നില്ല. മാനുഷികാവകാശങ്ങൾക്കുവേണ്ടിയുള്ള സമരം മാത്രമാണിതു്''.

നല്ലകാര്യങ്ങൾക്കുവേണ്ടി സർക്കാർ ഒന്നും ചെയ്യുന്നില്ലെന്നു് അമേരിക്കയുടെ ഒരു നിശിതവിമർശകനുപോലും പറയുവാൻ സാദ്ധ്യമല്ല. ഗാന്ധിജിയുടെ സ

ന്ദേശത്തെ ഹൃദയത്തിലൂൾക്കൊണ്ട് തന്റെ ജനതയുടെ അവകാശത്തിനുവേണ്ടി, റവ: ലൂതർകിംഗ്ന്റെ നേതൃത്വത്തിൽ നീഗ്രോകൾ നടത്തുന്ന നിർവ്യാജമായ നിരായുധസമരം പ്രതിലോമശക്തികളെ ലോകജനതയുടെ അപഹാസ്യത്തിനു പാത്രമാക്കി.

മനുഷ്യാവകാശങ്ങൾക്കും സ്വാതന്ത്ര്യത്തിനും സമത്വത്തിനും നേതൃത്വം നൽകി അമേരിക്കയുടെ പ്രതിബിംബം പ്രശസ്തിയാൽ പ്രശോഭിതമാക്കുന്ന സുദിനം അത്രയേറെ ദൂരത്തല്ല.

# 3

## ജനാധിപത്യം പ്രയോഗത്തിൽ.

### ഇൻഡ്യാ.

ലോകത്തിലെ ഏററവും വലിയ ജനാധിപത്യമാണെന്നാണ് ഇന്ത്യയുടെ പ്രത്യേകത. ലോകത്തിലേക്ക് ഏററവും നീണ്ട ലിഖിത ഭരണഘടനയുണ്ടെന്നുള്ളതും ഇന്ത്യയുടെ പ്രത്യേകതയാണ്. അവസാനമുണ്ടാകുന്നതായിരിക്കും കൂടുതൽ നന്നായിരിക്കുക എന്നതു്. സാധാരണ അനുഭവത്തിൽ കണ്ടു വരുന്ന ഒന്നാണ്. ഇതിനു കാരണം മുൻഗാമികളുടെ തെററുകൾ തിരുത്തി പുരോഗമിപ്പിക്കാൻ കഴിയുമെന്നതു് തന്നെ. ഇൻഡ്യയ്ക്കു് ഒരു ഭരണഘടനയുണ്ടാക്കുവാൻ കൂടിയ 'കോൺസ്റ്റിററുവന്റ് അസംബ്ലി' രണ്ടു വർഷങ്ങളെടുത്തു അതു പൂർത്തിയാക്കുവാൻ. എന്നിട്ടും അതു് കുററമററതാണെന്നു പറഞ്ഞുകൂടാ. ഇൻഡ്യയുടെ നേതാക്കന്മാർ ബ്രിട്ടീഷ് ഭരണഘടനയുടെ തത്വങ്ങൾ ശരിക്കും പഠിച്ചിരുന്നതിനാൽ കഴിയുന്നത്ര അതിൽ നിന്നു് കടം കൊള്ളുവാനുള്ള ഒരു പ്രവണതയുണ്ടാ

യി. ബ്രിട്ടനു് ലിഖിതഭരണഘടനയില്ലെങ്കിലും ഇന്ത്യ ലിഖിത ഭരണഘടനയാണു് ഉന്നം വച്ചതു്. ബ്രിട്ടനു് ഏകാധിപത്യ പാരമ്പര്യം ഉണ്ടു്. എന്നാൽ ഇന്ത്യൻ റിപ്പബ്ളിക്കിനു് ഒരു പ്രസിഡണ്ടിനെ തെരഞ്ഞെടുക്കേണ്ടിയിരുന്നു. തൻമൂലം അതിന്നു അമേരിക്കൻ ഭരണഘടനയുടെ മാതൃക സ്വീകരിക്കേണ്ടി വന്നു.

ഈ രണ്ടു മാതൃകകളെയും കൂട്ടി യോജിപ്പിച്ചുകൊണ്ടുള്ള നമ്മുടെ ഭരണഘടന പല അസ്ഥിരതകൾക്കും വഴി വച്ചു. റഷ്യൻ കമ്മ്യൂണിസത്തിന്റെ സ്വാധീനം കൂടിയപ്പോൾ കൂടുതൽ കുഴപ്പങ്ങൾക്കു കാരണമായി. ഇതെല്ലാം എണ്ണമററ ഭേദഗതികൾ ഭരണഘടനയിൽ വരുത്തുവാൻ കാരണമായിത്തീർന്നു. നൂററിഎഴുപതു വർഷങ്ങൾകൊണ്ടു അമേരിക്കൻ ഭരണഘടനയിൽ വരുത്തിയ ഭേദഗതികളെക്കാൾ കൂടുതൽ മാററങ്ങൾ ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ നമ്മുടെ ഭരണഘടനയിൽ വരുത്തിയിട്ടുണ്ടു്. പരിശുദ്ധവും ഉന്നതവുമായ ആദർശങ്ങളുടെ അന്തരീക്ഷത്തിൽ ഉണ്ടായ അതിന്റെ ചില വകുപ്പുകൾ വിഷമങ്ങൾ സൃഷ്ടിക്കുകയും ഭരണഘടനാപരമായ വിവാദങ്ങൾക്കു് വഴിവയ്ക്കുകയും ചെയ്തതു് ഇംഗ്ലണ്ടിലെ സുപ്രീം കോടതിക്കില്ലാത്ത പ്രാധാന്യങ്ങൾ നമ്മുടെ സുപ്രീംകോടതിക്കു വകവെച്ചു കൊടുക്കേണ്ട പരിതസ്ഥിതിയിൽ എത്തിച്ചതിനാൽ പല തീരുമാനങ്ങൾക്കും വഴി കാട്ടിയായി അമേരിക്കയിലെ സുപ്രീംകോടതിയുടെ തീരുമാനങ്ങൾ കണക്കിലെടുക്കേണ്ടിവന്നു.

സാമൂഹിക സാമ്പത്തിക രാഷ്ട്രീയ നീതികളും ചിന്താ-വിശ്വാസ-മത അഭിപ്രായ സ്വാതന്ത്ര്യങ്ങളും സ്ഥിതിസമത്വം, അവസരസമത്വം, സാഹോദര്യം, എന്നതിനു പുറമേ വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ യോജിപ്പും

സർവ്വപ്രധാനമായി അംഗീകരിച്ചുകൊണ്ടുള്ള നമ്മുടെ ഭരണ ഘടന അമേരിക്കൻ മാതൃകയിലുള്ളതാണ്, പാശ്ചാത്യജനാധിപത്യപാരമ്പര്യമുള്ള ഒരു നല്ല ജനാധിപത്യമാണിതു്.

ഭരണഘടനയുടെ മൂന്നാം ഭാഗം സമത്വം, സ്വതന്ത്രവിഹാരം, രാജ്യത്തെവിടെയും സ്ഥിരതാമസത്തിനും, സ്വത്തു് കൈവശം വയ്ക്കുന്നതിനും ഉള്ള അവകാശം, എന്തു ജോലിയും എന്തുദ്യോഗവും വഹിക്കുന്നതിനുള്ള സ്വാതന്ത്ര്യം, തുടങ്ങിയ മനുഷ്യന്റെ മൗലികാവകാശങ്ങൾക്കു് ഉറപ്പു നൽകുന്നതാണ്.

സംസ്ഥാനത്തിന്റെ നയപരിപാടികളെ വിശദീകരിക്കുന്ന നാലാംഭാഗമാണ് ഇന്ത്യൻഭരണഘടനയിൽ ഏററവും സുപ്രധാനം. ദരിദ്രമായ ധനാഗമമാർഗ്ഗങ്ങളുള്ള, വളന്നുകൊണ്ടിരിക്കുന്ന യുവജനാധിപത്യത്തിന്റെ തോളുകളിൽ വലിയൊരു ചുമതലയാണ് അടിച്ചേല്പിക്കപ്പെട്ടിരിക്കുന്നതു്. പതിനാലു വയസ്സുവരെ നിർബന്ധിത സൗജന്യവിദ്യാഭ്യാസം നടത്തണമെന്ന ന്യായമായ തീരുമാനംപോലും സ്വാതന്ത്ര്യംകിട്ടി ഇരുപതുവർഷങ്ങൾക്കുശേഷവും നടപ്പിലായിട്ടില്ല. നാല്പത്തിയേഴാം വകുപ്പിൽ പറയുന്നു.

"മരുന്നുകളുടെ ഉപയോഗം ഒഴിച്ചു ശാരീരികാരോഗ്യത്തെ നശിപ്പിക്കുന്ന ലഹരിപദാർത്ഥങ്ങൾ നിരോധിക്കുന്നതിനുള്ള 'ശ്രമം' സംസ്ഥാനം ചെയ്യുന്നതാണ്". ഇതിലെ ഭാഷ വളരെ മയമുള്ളതാണ്. 'ശ്രമി'ക്കുന്നതാണെന്നേ പറയുന്നുള്ളു, അമേരിക്കയുടെ അനുഭവം വച്ചുനോക്കുമ്പോൾ ഇതിന്റെ ആവശ്യംതന്നെയില്ലായിരുന്നു. പട്ടാളത്തെ ഇതിൽനിന്നു് ഒഴിവാക്കിയിരിക്കുകയാണ്. മിക്ക സംസ്ഥാനങ്ങളിലും ഇന്നും നിരോധനം ഏർപ്പെടുത്തിയിട്ടില്ല. ചില സംസ്ഥാനങ്ങൾ പല

ദോഷഫലങ്ങളും സഹിച്ച് നിരോധനം ഏർപ്പെടു ത്തിയിട്ടുണ്ട്. ആ സംസ്ഥാനങ്ങളിൽ വ്യാജവാററ് ഒരു കുടിൽവ്യവസായത്തിൻെറ രീതിയിൽ മാറിയിരിക്കുക യാണ്. ആദായമുള്ള കള്ളക്കടത്ത് വർദ്ധിച്ചു. പോ ലീസിനുനേരേയും അല്ലാതെയും ഇതിൽ പങ്കുണ്ട്. ശമ്പ ളത്തെക്കാൾ കൂടുതൽ തുക കിട്ടുവാനുള്ള ഒരു ഉപാധി യായി അവർ അതിനെ സ്വീകരിച്ചിരിക്കുകയാണ്. പ ണ്ടത്തെക്കാൾ കുടിയന്മാരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. നിരോധനംകൊണ്ട് കോടികണക്കിനു് രൂപാ സർക്കാ രിന്ന് നഷ്ടമായിവന്നു എന്നതിനും പുറമേ നിയമസമാ ധാനങ്ങൾ ഭഞ്ജിക്കപ്പെടുന്നതിനും കാരണമായിത്തീൎന്നു. മന്ത്രിമാർക്കുടി കുടിക്കുന്നവരുണ്ട്. മാത്രമല്ല അവരിൽ ഒരാൾ പരസ്യമായി പ്രഖ്യാപിക്കുകപോലും ചെയ്തിട്ടു ണ്ടത്രേ മദ്യനിരോധനം. എല്ലാവരെയും ബാധിക്കുന്നി ല്ലന്നു്! അമേരിക്കയിൽ മദ്യനിരോധനനിയമത്തെ തുട ൎന്നുണ്ടായ ദോഷങ്ങളെല്ലാം ഇന്നു് ഇൻഡ്യയിലും അനു ഭവപ്പെട്ടിരിക്കുകയാണ്. എന്നാൽ അമേരിക്ക ബുദ്ധി പൂൎവ്വം മദ്യനിരോധനം എടുത്തുകളഞ്ഞു. എന്തിന്, കോൺഗ്രസ് നേതാക്കന്മാർക്കുടി മദ്യനിരോധനം ഒരു പ രാജയമാണെന്നു് സമ്മതിച്ചുതുടങ്ങിയിരിക്കുന്നു. മഹാ രാഷ്ട്രയിലെ മുഖ്യമന്ത്രി അതു പറഞ്ഞപ്പോൾ ഡൽഹി യിലെ നിയമനിർമ്മാതക്കളും കോൺഗ്രസുകാരും, നി രോധനം എടുത്തുകളയുന്നതിൽനിന്നു് കിട്ടുന്ന ആദായം പാപമാർഗ്ഗത്തിലുള്ളതാണെന്നു പറഞ്ഞു് അദ്ദേഹത്തെ കുററപ്പെടുത്തി.

ഭരണഘടന നടപ്പിൽവന്നു് പതിനഞ്ചുവർഷ ങ്ങൾക്കുശേഷം ഹിന്ദിയെ ഔദ്യോഗിക ഭാഷയായി അംഗീകരിക്കണമെന്ന പ്രഖ്യാപനവും ഫലത്തിൽ വിജയിക്കുമോ എന്നതു സംശയാസ്പദമായ കാര്യ

മാണ് ഇതുപോലെ മററൊരു പ്രശ്നവും വിവാദ വിഷയമായിട്ടില്ലെന്നുള്ളതും എടുത്തു പറയത്തക്കതാണ്. പണ്ഡിത്ജവഹർലാൽ നെഹ്റുവിനെയും, മൗലാന അബ്ദുൾഖലാം ആസാദിനേയും പോലുള്ളവരെ അത്ഭുതപ്പെടുത്തുകയും ഞെട്ടിക്കുകയും ചെയ്തിട്ടുള്ളതാണ് ഹിന്ദിഭ്രാന്തന്മാരുടെ ഭാഷാഭ്രാന്ത്. ഒരു തുറന്ന പൊതുജനാഭിപ്രായത്തിന് ഈ പ്രശ്നം വിട്ടിരുന്നെങ്കിൽ തീർച്ചയായും ഇങ്ങനെയൊന്നും സംഭവിക്കുമായിരുന്നില്ല. എന്നാൽ ഇന്ത്യയുടെ നേതാക്കന്മാർ, തങ്ങൾക്ക് ഐകകണ്ഠേന തീരുമാനിച്ച ഒരു ഭരണഘടനയാണുള്ളത് എന്ന് ലോകത്തെ ബോധ്യപ്പെടുത്തണമെന്ന് ആഗ്രഹിച്ചു ഇൻഡ്യയുടെ ഔദ്യോഗിക ഭാഷ ഹിന്ദിയായും അക്ഷരമാല ദേവനാഗരലിപിയായും അംഗീകരിച്ചുകൊണ്ട് ഒരു തീർപ്പ് പാസ്സാക്കുകയും, അതു ജനങ്ങളെ ബോധ്യപ്പെടുത്തുവാനും അനുവാദശീട്ട്വാങ്ങുവാനുമുള്ള ശ്രമം നടക്കുകയുംചെയ്തു. പതിനഞ്ചു വർഷത്തിനു ശേഷവും ഇംഗ്ലീഷ് തുടരുവാനുള്ള വഴി തുറന്നിട്ടിരിക്കുകയാണ്. അതിനു മുൻപ് തെക്കേ ഇൻഡ്യയിലേയും ബംഗാളിലേയും പ്രക്ഷോഭണത്തിന്റെ മുൻപിൽ ഗവണ്മെൻറു തല കുനിക്കുകയും, ഇംഗ്ലീഷ് ഒരു സഹഭാഷയായി തുടരുവാൻ സമ്മതിക്കുകയും ചെയ്തു. പണ്ഡിററ് നെഹ്റു നൽകിയ വാക്കാലുള്ള ഉറപ്പാണ് അതു്. എന്നാൽ ആയിരത്തിത്തൊള്ളായിരത്തിഅറുപത്തഞ്ച് ജനുവരി ഇരുപത്താറാം തീയതി ഡൽഹിയിൽ നിന്ന് ആരോ ഹിന്ദിയിൽ സന്ദേശം അയച്ച വിഡ്ഢിത്തം ആയിരക്കണക്കിന് തെക്കേ ഇന്ത്യക്കാരുടെ വികാരത്തെ തട്ടിയുണർത്തി അനവധി വിലപ്പെട്ട ജീവിതങ്ങൾ നഷ്ടപ്പെട്ടു. ഒട്ടനവധിപേർക്കു പരുക്കേററു ലക്ഷക്കണക്കിന് വിലപ്പിടിപ്പുള്ള കെട്ടിടങ്ങളും വസ്തുവകകളും നശിപ്പിക്കപ്പെട്ടു. ഇന്ത്യാക്കാ

ന്നതെ അക്രമരാഹിത്യത്തിനു് ഒരു തീരാത്ത കളങ്കമാണ ത്. ഏതായാലും ഇതു രണ്ടാമതൊരു ചിന്തയ്ക്കു് വഴി തെളിച്ചു. തെക്കേ ഇൻഡ്യയിലെ രണ്ടു മന്ത്രിമാർ രാജികൊടുത്തു. പണ്ഡിററു് നെഹ്റു നൽകിയ വാക്കാലുള്ള ഉറപ്പിനു് നിയമപ്രാബല്യം നൽകാമെന്നു് ഉറപ്പുനൽകിയതിനു ശേഷം മാത്രമേ അവർ രാജി പിൻവലിച്ചുള്ളു. ഇന്നും ഇതു് നീറുന്ന ഒരു പ്രശ്നം ആണു്. ഹിന്ദിയോടൊപ്പം മററുള്ള പ്രാദേശികഭാഷകളും ഔദ്യോഗികഭാഷകളാകുവാനുള്ള യോഗ്യത നേട്ടം വരെ ഹിന്ദിസംസ്ഥാനങ്ങളിൽ ഹിന്ദിയും അഹിന്ദി സംസ്ഥാനങ്ങളിൽ ഇംഗ്ലീഷും ഔദ്യോഗികഭാഷയായി തുടരുന്നതിനും ഹിന്ദിയും ഇംഗ്ലീഷും നിർബന്ധിതഭാഷകളായി അംഗീകരിക്കുന്നതിനും ഉള്ള വാദം അവർ ഉന്നയിച്ചു. ഇതു് അപകടചിന്തയുടെ സന്തതിയാണു്. ഇംഗ്ലീഷുകാരോടു് നാം നടത്തിയ സമരം സ്വാതന്ത്ര്യത്തിനല്ല, പ്രാദേശിക ഭാഷകളുടെ അഭ്യുന്നതിക്കുവേണ്ടി ആണെന്നുവരെ തോന്നിപ്പോകുന്നു. തീർച്ചയായും ഇതു് നമ്മുടെ ഭരണഘടന ഊന്നുന്ന ഐകമത്യത്തിനു് ബാധകമായി തീരുന്നതാണു്. ഭാഷാപ്രശ്നം ഒരു നീറുന്ന പ്രശ്നമാണു്. അവസാനപരിഹാരം എന്തായിത്തീരുമെന്നു പറഞ്ഞുകൂടാ. ഭാരതത്തിൻെറ ഐക്യമത്യം കാത്തുസൂക്ഷിക്കുവാൻ കഴിയുമോ അതോ പതിനെട്ടാം നൂററാണ്ടിലെപ്പോലെ വിഭജനത്തിൽ എത്തിച്ചേരുമോ എന്നും പറഞ്ഞു കൂടാ. ഭരണഘടനാ നിർമ്മാണവേളയിൽ കുറച്ചു കൂടി വ്യക്തമായും സത്യസന്ധമായും ചിന്തിച്ചിരുന്നുവെങ്കിൽ ഭാവിയിൽ ഒരു ഇന്ത്യാക്കാരനു് മറെറാരു ഇന്ത്യക്കാരനോടു് ദ്വിഭാഷയുടെ സഹായംകൂടാതെ സംഭാഷണം നടത്തുവാൻ സാധ്യമല്ലാത്ത തരത്തിൽ രാഷ്ട്രീയവും സാമൂഹ്യവുമായ വിപത്തിനു് കളമൊരുക്കുന്ന ഇന്നത്തെ ഈ തകരാറുകൾ കൂടാതെ കഴിക്കാമായിരുന്നു.

നമ്മുടെ ഭരണഘടന ബ്രിട്ടന്റെ രീതിയിലാണ് ചലിക്കുന്നത്. നിയമനിർമ്മാണത്തിനു രണ്ടു സഭകളുണ്ട്: ലോകസഭയും രാജ്യസഭയും. സംസ്ഥാന അസംബ്ളികളാൽ തെരഞ്ഞെടുക്കപ്പെടുന്നു എന്ന കാരണത്താൽ രാജ്യസഭ ആദ്യം "കൗൺസിൽ ഓഫ് സ്റ്റേററ്സ്" എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. തെറ്റായ ഏതു നിയമനിർമ്മാണത്തെയും തടയുക എന്നതാണ് അതിന്റെ ഉദ്ദേശ്യം. അധികാരത്തിലും സ്ഥാനമഹത്വത്തിലും താത്വികമായി രണ്ടു സഭകൾക്കും തുല്യവകാശമാണുള്ളത്. എന്നാൽ സംസ്ഥാന അസംബ്ളികളിലും കേന്ദ്രനിയമനിർമ്മാണസഭയിലും കോൺഗ്രസ്സ് നേടിയ ഭൂരിപക്ഷം പല രാജ്യസഭാ മെമ്പറന്മാരിലും ഒരധമബോധം ജനിപ്പിക്കുകയും രാജ്യസഭയിലെ പല ഉന്നതന്മാരും ലോകസഭയിൽ തെരഞ്ഞെടുക്കപ്പെടുവാൻ ആഗ്രഹിക്കുകയും ചെയ്തു. രണ്ടു സഭകൾക്കും അതിന്റെ ഉത്തരവാദിത്വങ്ങളെപ്പററിയും അധികാരങ്ങളെപ്പറ്റിയും ബോധം ഉണ്ടു്. ബ്രിട്ടണിലെ ജനസഭയും പ്രഭുസഭയും തമ്മിലുള്ള മൽപിടുത്തത്തിന്റെ ഓർമ്മ ഉണ്ടെങ്കിലും അവരുടെ ചരിത്രപരമായ കാരണങ്ങൾ ഇവിടെ ഇല്ലാത്തതുകൊണ്ടു് ഇൻഡ്യയിൽ അതു ന്യായീകരിക്കപ്പെട്ടന്നില്ല. രാജ്യസഭ അത്യാവശ്യമായ ഒന്നാണെന്നു് എപ്പോഴും വിമർശിക്കപ്പെട്ടുന്നുണ്ടു്. ഒരു കണക്കിൽ ഈ വിമർശനത്തിലും കഴമ്പുണ്ടു്. കാരണം ലോകസഭയിലും സംസ്ഥാനഅസംബ്ളികളിലും ഭൂരിപക്ഷമുള്ള ഒരു കക്ഷിയുടെ പ്രതിഫലനമാണെന്നതുതന്നെ സഭയിൽ വിഭിന്നതാല്പര്യങ്ങളും നിലകളും ഉള്ള ആൾക്കാരുടെ പ്രതിനിധികൾ ആണുള്ളതെങ്കിൽ ഇതിൽനിന്നുതന്നേ വിഭിന്നമായ ഒരവസ്ഥയായിരുന്നേനേ. അങ്ങനെ സ്വതന്ത്രമായ ചിന്താഗതികളും അഭിപ്രായങ്ങളും ഉള്ള ആൾ

ക്കാരാണുള്ളതെങ്കിൽ ഗവണ്മെൻ്റ് മുൻപോട്ടു വയ്ക്കുന്ന നിയമനിർമ്മാണത്തിൽ നിയന്ത്രണം ചെലുത്തുവാൻ സാധിക്കുന്നതാണ്.

ബ്രിട്ടണിലെ ജനസഭയുടെ ആചാരക്രമങ്ങൾ അപ്പാടെ പകർത്തിയിരിക്കുകയാണ് ഇന്ത്യ. മെയ് (May) ആൻസൺ (Anson) ഡിസേ (Dicey) തുടങ്ങിയവരെ ഉദ്ധരിക്കുകയും അവരുടെ റൂളിംഗുകൾ പകർത്തുകയും നാം സാധാരണയായി ചെയ്യാറുണ്ട് അവരുടെ പാർലമെൻ്ററി നടപടികളും അപ്പാടെ സ്വീകരിച്ചിട്ടുണ്ട്. ഉദാഹരണത്തിന് സഭാദ്ധ്യക്ഷൻ വരുകയും പോവുകയും ചെയ്യുമ്പോൾ എഴുന്നേൽക്കുകയും തല കുനിക്കുകയും ചെയ്യുന്ന ഏർപ്പാടുതന്നെ. ഒരുവിധത്തിലും ബ്രിട്ടീഷ്ഭരണഘടനയോട് തുല്യതവഹിക്കുവാൻ അർഹതയില്ലെങ്കിലും നിയമങ്ങൾ പാസാക്കുന്ന രീതിയും അവരുടേതുപോലെതന്നെ താത്വികമായി രാജ്യസഭയെപ്പററി പ്രായമായവരുടെ സഭ (House of elders) എന്നാണ് പറയുന്നതു്. വാസ്തവത്തിൽ ധാരാളം ചെറുപ്പക്കാർ അതിലുണ്ടെന്നുള്ളതാണ് ഏററവും രസാവഹം. കുറച്ചുനാൾ മുൻപ് രാജ്യസഭയിലെ ആൾക്കാരുടെ ശരാശരി വയസ്സ് ലോകസഭയിലെ അംഗങ്ങളുടെ ശരാശരി വയസ്സിനേക്കാൾ കുറവായിരുന്നപോൽ!

യുവത്വത്തിൻെറ പ്രസരിപ്പുള്ളതാണ് എങ്കിലും നമ്മുടെ പാർലമെൻ്റിൻെറ നിയമനിർമ്മാണം വളരെ ദുർബ്ബലമാണെന്ന സത്യം വേദനയോടെ പറയേണ്ടിയിരിക്കുന്നു. ഈ ഭൂമിയിലുള്ള സകല കുഴപ്പങ്ങളും ഒരു നിയമം പാസ്സാക്കി എടുക്കുന്നതോടെ പരിഹരിക്കപ്പെട്ടും എന്ന ബാലിശമായ ചിന്ത അതു വച്ചുപുലർത്തുന്നുണ്ട്. മദ്യനിരോധനവും സ്വർണ്ണനിയന്ത്രണവും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനെക്കാൾ കൂടുതൽ പ്രശ്നങ്ങ

ളെ സൃഷ്ടിക്കുകയാണു് ചെയ്തതു് മുൻകാലത്തെക്കാളും ഇന്നു നമ്മുടെ ധാർമ്മികബോധം കുറഞ്ഞിട്ടുണ്ടു്. ദുഷിപ്പു് എല്ലാതുറകളിലും സർവ്വവ്യാപകമായി തിന്നിരിക്കുകയാണു്. സാമൂഹ്യപരിഷ്കരണത്തിനു് ഉതകുന്ന ചില നിയമനിർമ്മാണത്തിൻെറ ചുവട്ടു് ഉറപ്പിക്കുന്നതിനു് നടത്തിയ ശ്രമം അഭിനന്ദനീയം ആണു് ശിശുസംരക്ഷണത്തിനും സാമൂഹ്യസുരക്ഷിതത്വത്തിനും വേശ്യാത്വനിർമ്മാർജ്ജനത്തിനുംവേണ്ടി ചെയ്ത നിയമനിർമ്മാണങ്ങൾ ഉദാഹരണത്തിനായി എടുത്തുകാട്ടാവുന്നതാണു്. ധാരാളം നിയമങ്ങൾ ഉണ്ടാകുന്നുണ്ടെങ്കിലും കരട്ടപകർപ്പു് ഉണ്ടാക്കുന്നതിലുള്ള പാകപ്പിഴകൾമൂലം അനവധി ഭേദഗതികൾ ചുരുങ്ങിയ സമയത്തിനകം നടത്തേണ്ടതായി വരുന്നു എന്നതു് ഏററവും ലജ്ജാവഹമാണു്. അതിൻെറ കാരണങ്ങളിലൊന്നു് കരട്ടു് നിർമ്മാതാക്കൾക്കു് വേണ്ടത്ര സമയം നൽകാത്തതും നിയമം പാസ്സാക്കി എടുക്കുന്നതിനുള്ള മന്ത്രിമാരുടെ ധൃതിയും ആണു്. ഇങ്ങനെ ഉണ്ടാക്കുന്ന നിയമങ്ങൾ നിയമക്കോടതികളുടെ ജോലി വർദ്ധിപ്പിക്കുകയും നിയമങ്ങൾ വിശദീകരിക്കേണ്ട ആവശ്യകത കൂട്ടുകയും ചെയ്തിട്ടുണ്ടു്. പശ്ചിമ ഇന്ത്യയിലെ 'അഡ്വക്കേററു് അസോസ്യേഷ്യ'നെ അഭിമുഖീകരിച്ചു് പ്രസംഗിക്കുന്ന വേളയിൽ അറ്റോർണി ജനറൽ മിസ്റ്റർ സി. കെ. ഡഫ്താരിയെപ്പോലെയുള്ള ഒരു സമുന്നത വ്യക്തി അഭിപ്രായപ്പെട്ടന്നതിങ്ങനെയാണു്. 'നയമങ്ങൾ ഉണ്ടാക്കുന്നു! ഉണ്ടാക്കുന്നു! ഉണ്ടാക്കുന്നു!' എന്നിട്ടു് അദ്ദേഹം ഡൽഹിയേയും ബോംബെയേയും പോലെയുള്ള നഗരങ്ങളുടെ വളർച്ചയുമായി അതിനെ താരതമ്യപ്പെടുത്തുകയാണു്. "കോളനികൾ പുതിയതുണ്ടാക്കുന്നു, റോഡുകളില്ലാതെ. കെട്ടിടങ്ങൾ പത്തും ഇരുപതും നിലകളിലേക്കു ഉയരുന്നു, വേണ്ടത്ര സ്ഥല

സൗകര്യം ഇല്ലാതെ'' ആയിരത്തിതൊള്ളായിരത്തിഅറുപത്തിനാലു ജൂൺ 30-ാം തീയതി കൽക്കത്തായിലെ കമ്പനി സെക്രട്ടറിമാരുടേയും എക്സിക്യൂട്ടീവുകളുടെയും സംഘടനയിൽ ആദ്ധ്യക്ഷം വഹിച്ചുകൊണ്ടു് പശ്ചിമബംഗാളിലെയോ ഇൻസ്റ്റിറ്റ്യൂട്ടിൻെറ എക്സിക്യൂട്ടീവു് ചെയർമാനായ മിസ്റ്റർ ജസ്റ്റീസ് ഡി. എൻ. സിഹ്നാ ചെയ്ത പ്രസംഗത്തിൽ ഇതിനെ കൂടുതൽ വ്യക്തമാക്കുകയുണ്ടായി ''ഒരു മനുഷ്യൻ അവൻെറ കടബാദ്ധ്യതകളെപ്പററിയും ഭാവിയിൽ ഉണ്ടാകുവാനിടയുള്ള കടത്തെപ്പററിയും പൂർണ്ണബോധവാനായിരിക്കണം. എങ്കിൽ അയാൾക്കു അയാളുടെ ബഡ്ജറ്റ് ഉണ്ടാക്കുവാനും അതിനനുസൃതമായി ആയവ്യയങ്ങൾ ക്രമപ്പെടുത്തുവാനും കഴിയുന്നതാണു്. നമ്മുടെ നിയമനിർമ്മാണസഭകൾ ഇതിൽ അമ്പേ പരാജയപ്പെട്ടുവെന്നു വേദനയോടുകൂടി പറയേണ്ടിയിരിക്കുന്നു. നമ്മുടെ നികുതിനിയമങ്ങൾ (Taxation laws) നീണ്ടതും സമ്മിശ്രവും അനാവശ്യവുമായ സാങ്കേതികപ്രതിബന്ധങ്ങൾ ഉള്ളതുമാണെന്നു് മാത്രമല്ല പ്രതിദിനം വഷളായിക്കൊണ്ടിരിക്കുന്ന ജീവിതത്തോതുള്ള പാവപ്പെട്ട നികുതിദായകർക്കു് വിമ്മിഷ്ടം ഉളവാക്കുന്നതും ആണു്. ഇതിനു് ഒരു വിരാമം ഇടേണ്ടതു് ആവശ്യം ആണു്. നിയന്ത്രണാതീതമായ വിലക്കയററവും അസഹനീയമായ നികുതിഭാരവും പൊറുക്കുവാൻ ഒരു സമൂഹത്തിനും കഴിവില്ല.'

തർച്ചയായും ബ്രിട്ടൻെറമാതിരിഉള്ള നികുതിനിയമങ്ങൾ നാം കൈവെടിയേണ്ടിയിരിക്കുന്നു. വർഷങ്ങൾക്കു മുൻപു് പാസ്സാക്കിയ അടിസ്ഥാന നിയമങ്ങളുടെ ഘടനയിൽ കാലാകാലങ്ങളിൽ വരുത്തുന്ന വിപ്ലവാത്മകമായ മാററങ്ങളും നടപ്പാക്കുന്ന പുതിയ എണ്ണമററ പരിഷ്കാരങ്ങളും നിയമത്തെ കൂടുതൽ സങ്കീർണ്ണ

മാക്കി മാററുന്നു. അതിലും ഭേദം വർഷം തോറും മെച്ച മായ പുതിയ നികുതി നിയമങ്ങൾ നടപ്പാക്കുകയാണ്. അതിൽ 80 ശതമാനം പഴയ അടിസ്ഥാനനിയമങ്ങൾ ഉൾക്കൊള്ളിക്കുന്നതിൽ തെററില്ല. എന്നാൽ എപ്പോഴും മുൻപോട്ടും പുറകോട്ടും തിരിഞ്ഞുനോക്കേണ്ട ആവശ്യം ഉണ്ടെന്നും തോന്നുന്നില്ല. ഒരു പക്ഷേ കമ്പനി നിയമവും അതിൻെറ ഭേദഗതികളും പോലെ ഇത്ര സങ്കീർണ്ണസ്വഭാ വമുള്ള മറെറാന്നില്ലതന്നെ. അതു് പാസ്സാക്കുമ്പോൾ പാർലമെൻറിലെ അധികം ആളുകൾക്കും മനസിലായിരു ന്നുവോ എന്നു് എനിക്കു് സംശയമുണ്ടു്. അപേക്ഷകരും വക്കീലന്മാരും വരെ ഈ പരമാർത്ഥം തുറന്നു സമ്മതി ച്ചിട്ടുണ്ടു്. കരടു് നിർമ്മാതാക്കൾക്കു മാത്രമേ മനസ്സിലാ യിരുന്നിരിക്കുള്ളു എന്നാണതിൻെറ അർത്ഥം എന്നു്! ഈ സന്ദർഭത്തിൽ അലക്സാണ്ടർ ഹാമിൽടൻ എഴുതി യ ചില വരികൾ മിസ്റ്റർ ജസ്റ്റീസ്സ് സിഹ്നാ ഉദ്ധരിക്കു ന്നുണ്ടു്.

'നിയമങ്ങൾ മനുഷ്യർക്കു് മനസ്സിലാകാത്തതോ പി ടികിട്ടാത്തതോ ആയ വിധത്തിൽ സൃഷ്ടിക്കുന്നതുകൊ ണ്ടു് യാതൊരു പ്രയോജനവുമില്ല. അതു പരസ്യപ്പെടു ത്തുന്നതിനു മുൻപു് വേണ്ടത്ര ഭേദഗതികൾ ചെയ്തു സാ ധാരണക്കാർക്കു മനസ്സിലാക്കുവാൻ ഉതകുന്ന വിധത്തിൽ ആക്കിയില്ലെങ്കിൽ എന്താണു് നിയമം എന്നു് ഇന്നോ? നാളെയോ എന്തായിരിക്കുമെന്നോ. ഒരുവനും അറിവാൻ സാദ്ധ്യമല്ല.

മിസ്റ്റർ ജസ്റ്റീസ് സിഹ്നായുടെ വ്യാഖ്യാനം ഇതി ലേക്കു പ്രകാശം പരത്തുന്നതാണു്. "അമേരിക്കൻ ജറി യുടെ ഈ പ്രസ്താവന പൂർണ്ണമായും ഇന്നത്തെ ഇൻഡ്യ യിലെ കമ്പനി നിയമത്തിനും ബാധകമാണു്.'

ബ്രിട്ടീഷ് രീതിയിലുള്ള ജനാധിപത്യ സമ്പ്രദായം ഏഷ്യയിലേയും ആഫ്രിക്കയിലേയും സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾ സസന്തോഷം സ്വീകരിച്ചെങ്കിലും ഏകകക്ഷി ഭരണത്തിന്റെയും ഏകാധിപത്യത്തിന്റേയും കൈകളിൽ അമർന്നമരിഞ്ഞു് തകരുകയാൽ ഫലത്തിൽ പാശ്ചാത്യരുടെ ജനാധിപത്യസമ്പ്രദായത്തിന് ഘടകവിരുദ്ധമായിതീന്നു. 1947 ആഗസ്റ്റ് 15-ാം തീയതി മുതൽ മരണദിവസമായ 1964 മെയ് 27-ാം തീയതി വരെ ഭരണത്തിന്റെ ചുക്കാൻ പിടിച്ച പ്രധാനമന്ത്രി നെഹ്രുവിന്റെ വ്യക്തിപ്രഭാവം ഒന്നുകൊണ്ടു മാത്രമാണ് ഇന്ത്യയിലെ ജനാധിപത്യം ഇത്രയെങ്കിലും സുരക്ഷിതമായിരുന്നതു്. നെഹ്രുവിന്റെ വ്യക്തിപ്രഭാവം ഉണ്ടായിരുന്നിട്ടുകൂടി നമ്മുടെ ജനാധിപത്യത്തിലുണ്ടായ അടിസ്ഥാനപരമായ പരാജയങ്ങളുടെ നേർക്കു് കണ്ണടക്കുവാൻ സാദ്ധ്യമല്ല. രണ്ടു കക്ഷിസമ്പ്രദായം (Two party system) ബ്രിട്ടനിലെയും അമേരിക്കൻ ഐക്യനാട്ടുകളിലേയും ജനാധിപത്യത്തെ വിജയത്തിലേക്കു നയിച്ചെങ്കിൽ ഇന്ത്യയുടെ സ്ഥിതി അതല്ല. ശക്തമായ ഒരു പ്രതിപക്ഷമുണ്ടാക്കുവാൻ ഇവിട്ടത്തെ എണ്ണമററ പാർട്ടികൾക്കു സാദ്ധ്യമല്ല. അതിലൊക്കെ ദയനീയമായ മററൊരു വസ്തുത ഈ പ്രതിപക്ഷകക്ഷികളുടെ എണ്ണ സംഖ്യ മൊത്തം എടുത്താലും കോൺഗ്രസ്സിന്റേതിനേക്കാൾ വളരെയേറെ കുറവാണ് എന്നതാണ് കോൺഗ്രസ്സും ചുരുക്കം ചില സന്ദർഭങ്ങളൊഴിച്ചാൽ നെഹ്രുവിന്റെ നയങ്ങൾക്കും ആഗ്രഹങ്ങൾക്കും അപ്പാടെ വഴങ്ങിക്കൊടുക്കുകയാണ് ചെയ്തതു്. ഭാഷാടിസ്ഥാനസംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിന് ഒരു സംസ്ഥാന പുനർനിർമ്മാണ സമിതിയെ നിയമിക്കുന്നതിന് അദ്ദേഹം മററുള്ളവരുടെ ആഗ്രഹങ്ങൾക്കു് വഴങ്ങിക്കൊടുത്തതുപോലെയുള്ള സന്ദർഭങ്ങൾ ഉണ്ടായി

ട്ടണ്ടെന്നുള്ളതും മറക്കുന്നില്ല. ബ്രിട്ടീഷുകാർക്കെതിരെ സമരം ചെയ്യുകയും ഇന്ത്യയെ സ്വതന്ത്ര്യയാക്കുകയും ചെയ്തു എന്ന ചരിത്രസത്യത്തിൻെറ വെളിച്ചത്തിൽ കോൺഗ്രസ്സിൻെറ പ്രാധാന്യം വിസ്മരിച്ചുകൂടാ. കോൺഗ്രസ്സ് ഗവൺമെൻറുകളുടെ ഭരണത്തിൽ നിരാശയുണ്ടെങ്കിലും ഒന്നുകിൽ കോൺഗ്രസ്സിനു് വോട്ടു ചെയ്യുക, അല്ലെങ്കിൽ വോട്ടു ചെയ്യാതിരിക്കുക എന്ന ഒരു വിശ്വാസത്തിൽ ജനങ്ങളെ പിടിച്ചു നിർത്തുവാൻ കോൺഗ്രസ്സിനു് സാധിക്കുന്നുവെന്നതു് അതിൻെറ അന്തസ്സിനു് ഇന്നും കാര്യമായ ഉടവു് തട്ടിയിട്ടില്ലെന്നുള്ളതിൻെറ തെളിവാണു്. പോരെങ്കിൽ ഒരു ഗവൺമെൻറു രൂപീകരിക്കുവാൻ മറ്റൊരു പാർട്ടിക്കും കഴിവോ തന്റേടമോ ഇല്ലാത്തതും മറ്റൊരു കാരണമാണു്.

സ്വാതന്ത്ര്യത്തിൻെ ആദ്യകാലഘട്ടത്തിൽ ആരോഗ്യപൂർണ്ണമായ ഒരു പാർട്ടി വ്യവസ്ഥ വളർത്തിയെടുക്കുവാനുള്ള സാദ്ധ്യതകൾ ഉണ്ടായിരുന്നു. ഗാന്ധിജി തൻെറ സ്വസിദ്ധമായ ബുദ്ധിവൈഭവം കൊണ്ടു് അഭിപ്രായപ്പെടുകപോലും ചെയ്തതാണു്, സ്വാതന്ത്ര്യയാനന്തരം കോൺഗ്രസ് പിരിച്ചുവിടണം എന്നു്, കേൺഗ്രസിൻെറ സ്ഥാപനോദ്ദേശം സ്വാതന്ത്ര്യസമ്പാദനവും ഇൻഡ്യയിലെ രാഷ്ട്രീയ ഉന്നതിയും മാത്രമായിരുന്നതിനാൽ ഈ ഉദ്ദേശം ഏററവും ബുദ്ധിപൂർവ്വകം ആയിരുന്നു. ആദ്യകാലത്തു് ഇൻഡ്യൻ നേതാക്കന്മാർ ബ്രിട്ടീഷ്മേൽകോയ്മയിലുള്ള സ്വയംഭരണം മാത്രമേ ഉന്നം വച്ചിരുന്നുള്ളു. എന്നാൽ ഗാന്ധിജിയുടെ നേതൃത്വത്തിനു് ഇതു് അത്ര അഭികാമ്യമായി തോന്നിയില്ല അതിനാൽ കോൺഗ്രസ് പൂർണ്ണസ്വരാജ് തൻെറ ലക്ഷ്യമായി പ്രഖ്യാപിച്ചു. ഹിററലർ പരാജയപ്പെട്ടു എങ്കിലും ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറ ശക്തിക്കും കാര്യമായ ഉടവു തട്ടിക്കുവാൻ കഴിഞ്ഞുവെന്നതു്.

ചർച്ചിലിന്റെ മഹത്തായ സേവനങ്ങൾ ഉണ്ടായിരുന്നിട്ടും, സമ്മതിദായകർ അദ്ദേഹത്തിനെതിരേ വിധിയെഴുതുകയും തൊഴിലാളി കക്ഷിപ്രധാനമന്ത്രി തൽസ്ഥാനത്ത് അവരോധിക്കുകയും ചെയ്തതാണ്. ആയിരത്തിത്തൊള്ളായിരത്തിനാല്പത്തിഏഴിൽ ഇൻഡ്യക്ക് സ്വാതന്ത്ര്യം കിട്ടുവാനുള്ള പ്രധാനകാരണങ്ങൾ. രാജ്യം ആനന്ദസാഗരത്തിൽ ആറാടി. ഗാന്ധിജിയോടും അദ്ദേഹത്തിന്റെ ഉപനായകന്മാരായ നെഹ്റുവിനോടും പട്ടേലിനോടും ഉള്ള കടപ്പാട് വാക്കുകളിലൊതുങ്ങുന്നതല്ല. ബ്രിട്ടീഷ് ആധിപത്യകാലത്തു ഇന്ത്യക്കാർക്ക് ഒരൊറ്റലക്ഷ്യമേ ഉണ്ടായിരുന്നുള്ളു, എവ്വിധവും ഇംഗ്ലീഷുകാരെ ഇൻഡ്യയിൽ നിന്നോടിക്കുക. നയപരിപാടികളെപ്പററിയുള്ള പ്രശ്നമേ ഉദിച്ചിരുന്നില്ല. ഇൻഡ്യാക്കാർ ഒന്നായി. ഏതു കക്ഷിയിൽപ്പെട്ടന്നവനായാലും അവൻ കോൺഗ്രസ്സിന്റെ സംരക്ഷണയിൽ ഇരുന്നിട്ടുണ്ട്-പിന്നീട് തെറ്റിപ്പിരിഞ്ഞു പോയിട്ടുണ്ടെങ്കിലും കോൺഗ്രസ്സ് അതിന്റെ ജോലി ചെയ്തുതീർത്തതുകൊണ്ട് അതു് പിരിച്ചുവിടണമെന്നു പ്രഖ്യാപിക്കുവാൻ ഗാന്ധിജി ധൈര്യപ്പെട്ടു. അതു് ഏററവും ബുദ്ധിപൂർവ്വമായ ഒരു ഉപദേശം ആയിരുന്നു. അന്നതിന് ചെവിക്കൊണ്ടിരുന്നെങ്കിൽ വിഭിന്നമായ ആദർശങ്ങൾ വച്ചു പുലർത്തുന്ന അതിലെ പ്രവർത്തകർക്കു് ഇന്ത്യൻ ജനാധിപത്യത്തെ ശുദ്ധമായ ഒരു മാർഗ്ഗത്തിലൂടെ നയിക്കുവാനാകുമായിരുന്നു. എന്നാൽ അധികാര വ്യാമോഹികളായ ചില നേതാക്കന്മാർ കോൺഗ്രസ്സ് എന്ന മാസ്മര മന്ത്രവുമായി സമ്മതിദായകരെ സമീപിച്ചാൽ ബഹുഭൂരിപക്ഷത്തോടെ അധികാരത്തിൽ പററിപ്പിടിക്കുവാൻ കഴിയുമെന്നു് വിശ്വസിച്ചു. തുടർന്നു വന്ന വർഷങ്ങളിലെല്ലാം ഏതാണ്ട് അതു തന്നെയാണ് സംഭവിച്ചതു്. ഇനിയും കുറച്ചുനാൾ ആ നിലയിൽ തുടരുകയും ചെയ്യും.

കോൺഗ്രസ്സിൻെറ നയപരിപാടികളോട്ട് അതൃപ്തിയുള്ള ജനങ്ങൾ പോലും ചോദിക്കുന്ന ചോദ്യം ഇതാണ്. കോൺഗ്രസ്സ് അല്ലെങ്കിൽ പിന്നെ ഏതു പാർട്ടി? വാസ്തവത്തിൽ അതിൻെറ സ്ഥാനം അലങ്കരിക്കുവാൻ പിന്നെ മറെറാരു പാർട്ടി ഇല്ലെന്നുള്ളതും നേരാണ്. കോൺഗ്രസ്സിനു് അതിൻെറ പഴയസ്ഥാനം നഷ്ടപ്പെട്ടുവെന്നതു നേരാണ്. ജനാധിപത്യം ആവശ്യപ്പെടുന്ന യാതൊന്നും നൽകുവാൻ അതിൻെറ കയ്യിലില്ലെന്നതും നേരാണ്. അധികാരത്തിൻേറയും സ്ഥാനമാനങ്ങളുടേയും മായാവലയത്തിൽപ്പെട്ട എല്ലാതരക്കാരായ ആളുകളുടേയും സങ്കരമായി തീർന്നിരിക്കുകയാണ് കോൺഗ്രസ്സ്. അതിൽ മുതലാളിമാരുണ്ടു്, സേഷ്യലിസ്റ്റുകളുണ്ടു്, ഹിന്ദുമഹാസഭക്കാരുണ്ടു്, പല തരം സോഷ്യലിസ്റ്റുകളുണ്ടു്, പോരാ, കമ്യൂണിസ്റ്റുകളുമുണ്ടു്. ഇങ്ങനെ വിജാതിയ പ്രകൃതികൾഉള്ള കോൺഗ്രസിനു് എങ്ങനെ ജനാധിപത്യവ്യവസ്ഥിതിയിൽ വിജയിക്കാനാകും? ഉത്തരം വളരെ ലളിതമാണ്. പണ്ഡിററ്നെഹ്രുവിൻെറ മാസ്മരവ്യക്തിത്വം മാത്രമാണ് കോൺഗ്രസ്സിനെ ഒന്നിച്ചുപിടിച്ചു നിറുത്തിയതു്. അദ്ദേഹത്തിനു് തീർച്ചയായും സോഷ്യലിസ്റ്റ് അനുഭാവം ഉണ്ടായിരുന്നു. അദ്ദേഹത്തിൻെറ മാനസീക ഘടനയിൽ കമ്യൂണിസ്റ്റ് ആദർശങ്ങൾ നിറം കലർത്തിയിരുന്നു. എന്നാൽ ഇതിലൊക്കെ ഉപരിയായി അദ്ദേഹം സമാധാനപ്രേമിയായിരുന്നു. അതൊന്നുമാത്രമാണ് അദ്ദേഹത്തെ ജനാധിപത്യത്തിൻെറ പ്രവാചകനായി മാററിയതു്. ഇതിൻെറ ഒക്കെ ഫലമോ? ഇന്ത്യയിലെ ജനാധിപത്യം, ജനാധിപത്യത്തിൻെറ ചട്ടക്കൂട്ടിൽ ഒതുങ്ങിനില്ക്കുന്നുണ്ടെങ്കിലും, പ്രയോഗത്തിൽ, ഒരാളിൻെറ ഇച്ഛക്കൊപ്പിച്ചു വഴങ്ങുന്ന പാർട്ടിയും അദ്ദേഹത്തിൻെറ അധികാരത്തെ അംഗീകരി

ച്ചുകൊടുക്കുന്ന സമ്മതിദായകരും, പാർലമെന്റിനകത്ത് വിപ്ളാവാത്മകമായ പരിപാടികൾ ബഹുഭൂരിപക്ഷത്തോട്ട് പാസ്സാക്കിക്കൊടുക്കുന്ന പാർട്ടി അച്ചടക്കവും പാർട്ടിവീർപ്പുകളും മൂലം ഫലപ്രദമായ ഒരു ഏകാധിപത്യമായി മാറി. പ്രതിപക്ഷപാർട്ടികൾക്ക് വിമർശിക്കുന്നതിനുള്ള സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടെങ്കിലും എല്ലാ പ്രതിപക്ഷകക്ഷികളും കക്ഷിരഹിതന്മാരും കൂടിചേൎന്ന് ഒരു ചെള്ളുകടിയുടെ ഫലമേ ചെയ്തിട്ടുള്ളു. കോൺഗ്രസ് പാർട്ടിയെയെന്നതു പോലെതന്നെ പ്രതിപക്ഷകക്ഷികക്ഷികൾക്ക് പരസ്പരം കുററപ്പെടുത്തുവാനുള്ള അധികാരം ഉണ്ട്. ചൈനീസ് ആക്രമണവും തുടൎന്ന് ചൈനാക്കാരോടു പരസ്യമായ സഹാനുഭൂതി കാട്ടി. ഇടതുപക്ഷകമ്യൂണിസ്റ്റ് രൂപീകരിക്കപ്പെട്ടുകയും അവരിൽ പലരും ജയിലറകൾക്കുള്ളിലാവുകയും ചെയ്യുന്നതുവരെ കമ്യൂണിസ്റ്റുകാർ മൊത്തത്തിൽ നല്ല ഒരു സ്നേഹിത പ്രതിപക്ഷമായിരുന്നു. അത്ഥത്തിൽ എങ്ങനെയിരുന്നാലും കോൺഗ്രസ് സോഷ്യലിസ്റ്റുമാതൃക സ്വീകരിച്ചതോടെ സോഷ്യലിസ്റ്റുകാരുടെ വാദഗതികൾക്കു സ്ഥാനം ഇല്ലാതായി. വർഗ്ഗീയ വാദികളാണ് പിന്നീടവശേഷിക്കുന്ന പ്രതിപക്ഷം. എന്നാൽ പോയകാലത്തെ പ്രതിനിധീകരിക്കുന്ന അവർക്കു വാസ്തവത്തിൽ ഇന്ത്യയിലെ ജനാധിപത്യത്തിൽ യാതൊരു സ്ഥാനവുമില്ല. ഈ വസ്തുതകളെയെല്ലാം കണക്കിലെടുത്താൽ നെഹ്റുവിൻെറ പ്രതിബിംബം ഏററവും ഉയരത്തിൽ കാണാം. ഇപ്പോൾ ന്യായമായ ഒരു ചോദ്യം ഉദിക്കുന്നുണ്ട്. നമുക്കുള്ളത് ജനാധിപത്യമാണോ അതോ ഒരു വ്യക്തിയുടെ ഭരണമായ ഫാസിസ്റ്റ് ഭരണമാണോ? ഗാന്ധിജിയുടെ ഉപദേശം സ്വീകരിച്ചിരുന്നെങ്കിൽ അടിസ്ഥാനതത്വങ്ങളിൽ ഏറ്റക്കുറവോട്ടുകൂടിയ പാർട്ടികളുണ്ടാകുവാൻ സാധിക്കുമായിരുന്നു.

ആശയക്കുഴപ്പം ഉണ്ടാകുന്നതാണെങ്കിലും എഴുപത്തഞ്ചു ശതമാനം നിരക്ഷരരും ഇരുപത്തഞ്ച് ശതമാനം വിദ്യാസമ്പന്നരും ഉള്ളതു ഇൻഡ്യയെപ്പോലെയുള്ള ഒരു രാജ്യത്തു് പ്രായപൂർത്തി വോട്ടവകാശം ദുഃഖപര്യവസായിയാണെന്നു് പലരും വിശ്വസിച്ചുപോരുന്നു. ബഹുഭൂരിപക്ഷം അജ്ഞന്മാരായ സമ്മതിദായകന്മാർ തെരഞ്ഞെടുപ്പു പണച്ചിലവുള്ളതാക്കി തീർക്കുന്നു. എൻെറ ഒരു സ്നേഹിതനു് ലോകസഭയിൽ ഒരു സ്ഥാനം കൈവശപ്പെടുത്തുവാൻ 20,000 രൂപാ ചിലവാക്കേണ്ടിവന്നു. ഈ അടുത്ത കാലത്തു ഒരു പ്രതിപക്ഷ നേതാവു് പറയുകയുണ്ടായി ലോകസഭയിലേക്കുള്ള തെരഞ്ഞെടുപ്പിൽ ജയിക്കുവാൻ ഒരു ലക്ഷം രൂപാ വേണ്ടിവരുമെന്നു്. എവിടെ നിന്നാണു. ഈ പണം വരുന്നതു്? പാർട്ടിഫണ്ടുകൾ പര്യാപ്തമല്ലെന്നു് തീർച്ച. ഒരു സ്ഥാനാർത്ഥിക്കു തൻെറ തെരഞ്ഞെടുപ്പിനു വേണ്ടി ഇത്ര ഭീമമായ ഒരു തുക ചിലവാക്കേണ്ടിവന്നാൽ ഏതെങ്കിലും മാർഗ്ഗത്തിൽ അതു വീണ്ടെടുക്കുവാനുള്ള ആഗ്രഹം ഉണ്ടാവുക സഹജമാണു്.

ഉറപ്പുള്ള ഒരു ലിഖിത ഭരണ ഘടനയിലാണു് ഇന്ത്യൻ ജനാധിപത്യം സ്ഥിതിചെയ്യുന്നതെന്നതു് നേരാണു്. ഉന്നതമായ നീതിന്യായ വകുപ്പു് ഗവണ്മെന്റിനെതിരേ വിധിയെഴുതുമ്പോഴും അതിനെ തൃണവൽഗണിച്ചുകൊണ്ടു് ഭൂരിപക്ഷത്തിന്റെ സഹായത്താൽ പുതിയ നിയമനിർമ്മാണം നടത്തുവാനും ഗവണ്മെന്റിനു് പ്രയാസമില്ല. മൂന്നിൽ രണ്ടു ഭൂരിപക്ഷം വേണമെന്നിരുന്നിട്ടുകൂടി ഭരണഘടനയിൽ അനായാസം ഭേദഗതി ചെയ്യാവുന്ന ഒരു സ്ഥിതിവിശേഷമാണു് നമുക്കു്. വെറും ചുരുങ്ങിയ പതിനേഴു് വർഷത്തിന്നകം ഒട്ടനവധി തവണ ഭേദഗതി ചെയ്തിട്ടുമുണ്ടു്. ഇന്ത്യയിലെ നീതിന്യായ വകുപ്പിനു്

അമേരിക്കൻ ഐക്യനാട്ടുകളിലെ നീതിന്യായ വകുപ്പി നെപ്പോലെ ഉള്ള അധികാരം ഉണ്ടെങ്കിലും ഏകകക്ഷി ഭരണത്തിൻകീഴിൽ അതു ദുർബ്ബലമാണ്.

ഇന്ത്യയിലെ ശൈശവാവസ്ഥയിലിരിക്കുന്ന ജനാധി പത്യത്തെപ്പററി ചിന്തിക്കുമ്പോൾ ഒരു ഫലിതമാണ് ഓർമ്മവരിക. ഒരു മകൻ അച്ഛനോട്ട് രാഷ്ട്രീയക്കാരന്റെ അർത്ഥം എന്താണെന്നു് ചോദിച്ചതിൻെറ മറുപടി ഇ താണ്. "അതു വളരെ നിസ്സാരം ആണ് മോനേ! ന മുക്ക് മുൻപെങ്ങും ഇല്ലാതിരുന്ന ബദ്ധപ്പാടുകളിൽ സ ഹായത്തിനെത്തുന്ന ഒരു വലിയ ബുദ്ധിജീവിയാണ്". കാര്യമിങ്ങനെയൊക്കെയാണെങ്കിലും നമുക്ക് അഭിമാന ത്തോടെ പറയാൻ കഴിയും, കോളനിരാജ്യങ്ങളിൽ പാർ ലമെന്ററി ജനാധിപത്യം തുടരുവാൻ കഴിഞ്ഞ ഒരേഒരു രാജ്യം ഇൻഡ്യമാത്രമാണ്. കാലം അവൾക്കനുകൂലമാ ണ്. കോൺഗ്രസ്സിൻെറ പാരമ്പര്യം തകരുകയും വ്യ ക്തികളെക്കാൾ ആദർശങ്ങൾ ബഹുമാനിക്കപ്പെടുകയും ചെയ്യുമ്പോൾ ഇന്ത്യൻജനാധിപത്യം ബ്രിട്ടനിലെപ്പോ ലെതന്നെ അതിന്റെ വെന്നിക്കൊടി പാറിക്കുന്നതാണ്.

ഇന്ത്യൻഭരണഘടനയിൽ പ്രസിഡന്റിൻെറ സ്ഥാ നം എന്താണെന്ന പ്രശ്നം ഇനിയും അവശേഷിക്കുക യാണ്. അമേരിക്കൻ ഐക്യനാട്ടുകളിലെ പ്രസിഡ ണ്ടിൻെറ സ്ഥാനമാണ് നമ്മുടെ സ്മൃതിപഥത്തിൽ ഓ ടിക്കയറുക. എന്നാൽ നമ്മുടെ പ്രസിഡണ്ടിന്റെ സ്ഥാനം അധികാരമില്ലാത്ത ബ്രിട്ടനിലെ രാജാവിൻെറ സ്ഥാന മാണ്. ഫലമോ. വളരെ നിരാശാജനകവും. നമ്മുടെ ഭരണഘടനാനിർമ്മാതാക്കളുടെ മേൽ ബ്രിട്ടീഷ്ഭരണ ഘടന വളരെയേറെ സ്വാധീനം ചെലുത്തിയിരുന്നു. എന്നാൽ ഇന്ത്യയുടെ സ്ഥിതി അനുസരിച്ച് ഒരു രാജാ

വിനു് പകരം പ്രസിഡണ്ടിനെ തെരഞ്ഞെടുക്കേണ്ടിയിരുന്നു. നിർഭാഗ്യവശാൽ അതിവിസ്തൃതമായ ഒരു രാജ്യത്തിൽ അതും പ്രത്യേകിച്ചു് ശൈശവാവസ്ഥയിലിരിക്കുന്ന ഒരു ജനാധിപത്യ വ്യവസ്ഥിതിയിൽ ബ്രിട്ടനിലെ രാജാവിനു് ചുററും ഉള്ള ചരിത്ര പാരമ്പര്യമോ ബഹുമതിയോ ഇന്ത്യൻ പ്രസിഡണ്ടിനു് കിട്ടുകയില്ല. അമേരിക്കൻ പ്രസിഡണ്ടിനുള്ളത്ര അധികാരവും ഇല്ല. ഇന്ത്യയുടെ പ്രസിഡണ്ടു് ഇന്ത്യയിലെ ഒന്നാമത്തെ പൗരനാണു് അദ്ദേഹത്തിൻെറ ബഹുമാന്യസ്ഥാനത്തിനു പുറമേ അദ്ദേഹത്തിൻെറ വ്യക്തിത്വത്തിലുള്ള പ്രതാപവും മാത്രമേ ഉള്ളു. നമ്മുടെ ഒന്നാമത്തെ പ്രസിഡണ്ടായ ഡാക്ടർ രാജേന്ദ്രപ്രസാദ് ഇന്ത്യക്കു പുറമേ വളരെയേറെ ബഹുമാനിതനായിരുന്നതിൻെറ കാരണം അദ്ദേഹം സ്വാതന്ത്ര്യസമരകാലത്തു വഹിച്ച പങ്കും കോൺസ്റ്റിററുവൻറു് അസംബ്ലിയുടെ പ്രസിഡണ്ടുസ്ഥാനം കൊണ്ടാണു്. അദ്ദേഹത്തിൻെറ പക്വസ്വഭാവം ഗവണ്മെൻറിൻെറ ഏതു നയപരിപാടികളും അംഗീകരിക്കുന്നതിനു് അദ്ദേഹത്തെ പ്രേരിപ്പിച്ചു, നീണ്ട 10 വർഷക്കാലത്തെ ഭരണത്തിനുള്ളിൽ അദ്ദേഹം വെറും രണ്ടു തവണ മാത്രമേ എതിർഭാവിക്കുകപോലും ചെയ്തിട്ടുള്ളു. ഒന്നാമത്തേതു് ഹിന്ദു കോർഡു് ബില്ലിൻെറ പ്രശ്നം വന്നപ്പോൾ, അദ്ദേഹം അതു് രാജ്യവ്യാപകമായി പൊതുജനാഭിപ്രായത്തിനു് വിടണം എന്നു പറഞ്ഞതാണു്. രണ്ടാമത്തേതു്, താരതമ്യേന നിസ്സാരമാണെങ്കിലും മതപരമായ കാര്യങ്ങളിൽ അദ്ദേഹത്തിൻെറ അവകാശങ്ങളെ സംബന്ധിച്ചുള്ളതായിരുന്നു. ഇന്നത്തെ പ്രസിഡണ്ടു് ഡോക്ടർ രാധാകൃഷ്ണൻ സ്വാതന്ത്ര്യസമരക്കാലത്തു് അതിൽ നിന്നൊക്കെ അകന്നു നില്ക്കുയായിരുന്നുവെങ്കിലും ഒരു തത്വശാസ്ത്രജ്ഞൻ എന്ന നിലയിൽ അദ്ദേഹത്തിനുള്ള ലോകാന്തര പ്രശസ്തിയും പ്രസംഗപാടവവും രാജ്യസ്നേഹവും ഡോക്ടർ രാജേന്ദ്രപ്രസാ

ദിനെ തുടൎന്നു രണ്ടാമത്തെ പ്രസിഡണ്ടാകുവാൻ അദ്ദേഹ ത്തെ യോഗ്യനാക്കി. പണ്ഡിററു് നെഹ്രുവിനെപ്പററി മിസ്റ്റർ ഫ്രാങ്കു് മോറിയാസ് എഴുതിയ ഒരു പഠനത്തിൽ അന്നത്തെ ഉപരാഷ്ട്രപതിയായ രാധാകൃഷ്ണനെപ്പററി ഒരു സൂചനയുണ്ടു്. ഡോക്ടർ രാധാകൃഷ്ണനിൽ നി ന്നും തനിക്കു വേണ്ടുന്ന ഉപദേശം കിട്ടുമെന്നു ഉറപ്പുള്ള പ്പോൾ മാത്രമേ പണ്ഡിററ് നെഹ്രു അദ്ദേഹത്തെ സമീ പിക്കുമായിരുന്നുള്ളു വത്രേ. സ്വതന്ത്രമായ ഒരഭിപ്രായ പ്ര കടനത്തിനു് ഡോക്ടർ രാധാകൃഷ്ണനു് കഴിഞ്ഞിരുന്നി ല്ലന്നല്ലേ ഇതിൻെറ അൎത്ഥം. ഡോക്ടർ രാധാകൃഷ്ണൻ ആവശ്യപ്പെടാതെ ഉപദേശിക്കാറില്ല. ചൈനീസാക്ര മണത്തെപ്പോലെ കുഴപ്പം പിടിച്ച ഒരന്തരീക്ഷത്തിൽ കോൺഗ്രസ്സു് നേതാക്കന്മാരും പൊതുജനങ്ങളും മന്ത്രിസഭ യിൽ ചില മാറ്റങ്ങൾ വരുത്തണമെന്നാവശ്യപ്പെട്ടപ്പോൾ ഒരു പ്രസിഡണ്ടു് എന്ന നിലയിൽ അദ്ദേഹം തന്നെ അ ഭിപ്രായവ്യമായി പുറത്തു വരേണ്ടതായിരുന്നു.

ഇന്ത്യൻഭരണഘടന അധികാരമില്ലാത്ത ഒരു പ്ര സിഡണ്ടിനുള്ള സ്ഥാനമേ അനുവദിച്ചുകൊടുത്തിട്ടുള്ളു വോ എന്ന പ്രശ്നം തുറന്ന ചൎച്ചയ്ക്കു് വിധേയമാക്കേ ണ്ടതാണു്. ഡോക്ടർ രാജേന്ദ്രപ്രസാദിനുപോലും ഈ സംശയം ഉണ്ടായിരുന്നു. അദ്ദേഹം 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ളിക്ക് അഡ്മിനിസ്റ്റ്രേഷ്യന്റെ'' ചടങ്ങിൽ സം ബന്ധിച്ചു് പ്രസംഗിക്കുമ്പോൾ ഈ സംശയം പ്രകടി പ്പിക്കുകയും, പ്രസിഡണ്ടിൻെറ യഥാൎത്ഥ അധികാരം എന്താണെന്നുള്ളതിനെപ്പററി ഒരു ഗവേഷണം നടത്തേ ണ്ടതാണെന്നു് അഭിപ്രായപ്പെട്ടുകയും ചെയ്തു. അതിന്റെ ആവശ്യകതയെപ്പററി അന്നത്തെ പ്രധാനമന്ത്രി ചോ ദ്യംചെയ്തു ഏതായാലും അമേരിക്കൻ ഭരണഘടനയാ ണോ, ബ്രിട്ടീഷ്ഭരണഘടനയാണോ നമുക്കു് അനുയോ

ജ്യം എന്നു് പലരും സംശയിക്കുന്നുണ്ടു്. അമേരിക്കൻ ഭരണഘടനയാണെന്നു് വാദിക്കുന്നവരാണു് അവർ. ഏററവും വിവാദവിഷയനും ബഹുമാന്യനും ആയ രാജാജിപോലും പ്രസിഡണ്ടിനു് കൂടുതൽ അധികാരം നല്കണം എന്ന പക്ഷക്കാരനാണു്. ആഭ്യന്തരകാര്യങ്ങളിൽ പ്രസിഡണ്ടിനു് യഥാർത്ഥ ശബ്ദം ഉണ്ടെന്നു വാദിക്കുവാൻ നിയമജ്ഞന്മാർക്കു് ഭരണഘടനയിലെ ഭാഷ പിൻതുണനൽകുന്നുണ്ടു്. ഇന്നല്ലെങ്കിലും ഒരു കുഴപ്പം പിടിച്ച കാലഘട്ടത്തിൽ അതിൻെറ പ്രാധാന്യത്തെ നാം വിസ്മരിച്ചുകൂടാ.

പ്രസിഡണ്ടിൻെറ പ്രതിനിധികളായ സംസ്ഥാന ഗവർണ്ണറന്മാരുടെ അധികാരങ്ങളും സ്ഥാനവും പ്രസിഡണ്ടിൻെറ അധികാരമില്ലായ്മയെ പ്രതിഫലിപ്പിക്കുന്നുണ്ടു്. ബ്രിട്ടീഷുകാരുടെ കാലത്തു് ഗവർണ്ണർമാർക്കുണ്ടായിരുന്ന അധികാരവും സ്ഥാനവും അവരെ അധികാരത്തിൻെറ കേന്ദ്രമായി മാററിയിരുന്നു. ഇന്നത്തെ അവസ്ഥ അതല്ല. അവർ നാമമാത്രത്തലവന്മാരാണിന്നു്. ഇന്നു് പ്രധാനവും അപ്രധാനവുമായ കെട്ടിടങ്ങൾ ഉൽഘാടനം ചെയ്യുന്നതിനും അടിക്കല്ലിടുന്നതിനും മാത്രമായി തീർന്നിരിക്കുകയാണു് അവർ. അവർ സമ്മേളനങ്ങൾ ഉൽഘാടനം ചെയ്യാറുണ്ടു്. ഏതെങ്കിലും സംസ്ഥാനത്തു് പ്രസിഡണ്ടുഭരണം ഏർപ്പെടുത്തുമ്പോൾ മാത്രമേ അവർക്കെന്തെങ്കിലും പറയത്തക്ക അധികാരമുള്ളൂ. അപ്പോഴും കേന്ദ്രഗവണ്മെൻറിൻെറ ആജ്ഞാനുവർത്തിയായി മാത്രമേ അവർ പ്രവർത്തിക്കുന്നുള്ളൂ. മുഖ്യമന്ത്രിമാരിൽ എല്ലാ അധികാരങ്ങളും നിക്ഷിപ്തമായിരിക്കുന്നതിനാൽ ഗവർണ്ണറുടെ ആവശ്യം എന്തെന്നുതന്നെ ഒരു ചോദ്യം ഉയർന്നുവരുന്നതിൽ അത്ഭുതപ്പെട്ടിട്ടു് കാര്യമില്ല. അതുപോലെ രാഷ്ട്രീയനേതാക്കന്മാർക്കു് സ്വന്ത സം

സ്ഥാനത്തു് സ്ഥാനമില്ലാതെയും അവിടെ പോററുവാൻ വയ്യാതെയും വരുമ്പോഴോ, തെരഞ്ഞെടുപ്പിൽ തോൽക്കുമ്പോഴോ, അവരുടെ പഴയ സേവനങ്ങളെ പുരസ്കരിച്ചു നൽകുന്ന പ്രതിഫലമായി തീൎന്നിരിക്കുകയാണു് ഗവൎണ്ണർപദവി. പാശ്ചാത്യ ജനാധിപത്യസമ്പ്രദായത്തിലും കമ്മ്യൂണിസ്റ്റ്രാജ്യങ്ങളിലും ഭരണഘടനാപരമായി ഗവൎണ്ണർമാരുടെ സ്ഥാനം വളരെ മികച്ചതാണു്. ബുദ്ധിമാനും കഴിവുള്ളവനും ആയ ഒരു ഗവൎണ്ണർക്കു് ആരോഗ്യപരമായ ഒരു ജനാധിപത്യം വാൎത്തെടുക്കുന്നതിനും ഭരണകാര്യങ്ങളിൽ ഉന്നതനിലവാരം പുലൎത്തുന്നതിനും പലതും ചെയ്യുവാൻ കഴിയും.

## റഷ്യ

കമ്മ്യൂണിസ്റ്റുകൾ തങ്ങളുടെ രാഷ്ട്രീയസംഘടനയെ ജനാധിപത്യത്തിൻെറ കാഴ്ചപ്പാടിലൂടെ നോക്കിക്കാണുവാൻ താല്പര്യപ്പെടുന്നു. ജനാധിപത്യം എന്നാൽ പാർലമെൻററിഗവണ്മെൻറ് എന്നാണു് നാം അർത്ഥമാക്കുന്നതെങ്കിൽ തങ്ങളുടെ സ്വന്തമായ ഒരു പാർട്ടിയെമാത്രം അംഗീകരിക്കുകയും മററുള്ള പാർട്ടികളെയെല്ലാം വിലക്കുകയും ചെയ്യുന്ന കമ്മ്യൂണിസ്റ്റുകാരുടെ ഈ അവകാശവാദത്തിൽ യാതൊരു ന്യായവും ഇല്ല. കമ്മ്യൂണിസ്റ്റിതരരെ മനുഷ്യരുടെ കൂട്ടത്തിൽ ഉൾപ്പെടുത്താത്ത സ്ഥിതിക്കു് ലിങ്കൺെറ നിർവ്വചനത്തിൽപെടുന്ന ജനാധിപത്യത്തിലും അവർ ഉൾപ്പെടുന്നില്ല. റഷ്യയിലായാലും ചൈനയിലായാലും കമ്മ്യൂണിസ്റ്റിതരരെ ദശലക്ഷക്കണക്കിനു് ഗളഹസ്തം ചെയ്യുകയും അവശേഷിക്കുന്നതു് കമ്മ്യൂണിസ്റ്റുകാർ മാത്രമാവുകയും ചെയ്യുന്നതിനാൽ ജനങ്ങളുടെ, ജനങ്ങൾക്കുവേണ്ടിയുള്ള ഗവണ്മെൻറ് എന്ന

ലിങ്കൺൻെറ ജനാധിപത്യവുമായി സാമ്യമുണ്ടെങ്കിലും അതൊരിക്കലും ജനങ്ങളാലുള്ള ഗവണ്മെന്റാകുവാൻ സാദ്ധ്യമല്ല. കാരണം കമ്മ്യൂണിസ്റ്റുസംഘടനമുകളിൽനിന്നുള്ള കട്ടപ്പമേറിയ നിയന്ത്രണത്തിനു് വിധേയമാകയാൽ ഒരുതരത്തിലുള്ള ഏകാധിപത്യം ഒഴിച്ചുകൂടാൻ വയ്യാത്ത ഒന്നായിട്ടുണ്ടു്. കമ്മ്യൂണിസത്തെ രാഷ്ട്രീയാടിസ്ഥാനത്തിൽ ജനാധിപത്യം എന്നു് വ്യവഹരിച്ചാലും ഇല്ലെങ്കിലും ബഹുജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവുമായ സമത്വത്തിനും സുരക്ഷിതത്വത്തിനുംവേണ്ടി വാദിക്കുന്ന ഒരു തത്വസംഹിതയായി അതു് മാറിയിട്ടുണ്ടു —മാനുഷികമൂല്യങ്ങളുടെ കൂട്ടത്തിൽ സ്വാതന്ത്ര്യം ഉൾപ്പെടുത്തപ്പെട്ടിട്ടില്ലെങ്കിലും!

സോവ്യററു് എന്ന വാക്കു് കമ്മ്യൂണിസത്തിൽ പാർലമെന്റിന്റെ സ്ഥാനം വഹിക്കുന്നുണ്ടു്. റഷ്യൻഭാഷയിൽ അതിന്റെ അർത്ഥം ഏതെങ്കിലും തരത്തിൽ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന സഭ എന്നാണു്. കമ്മ്യൂണിസത്തിൻെറ ആവിർഭാവത്തോടെ അതിൻെറ അർത്ഥം കർഷക തൊഴിലാളികളാലും ഫാക്ടറി തൊഴിലാളികളാലും തെരഞ്ഞെടുക്കപ്പെട്ടു് മുകളിലുള്ള ചുരുക്കം ചില ബുദ്ധി ജീവികളാൽ നയിക്കപ്പെടുന്ന സഭ എന്നായി തീർന്നു.

കമ്മ്യൂണിസ്റ്റു് രാഷ്ട്രീയ തത്വശാസ്ത്രത്തിൽ ചില അടിസ്ഥാന തത്വങ്ങൾ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ടു്. ഒന്നാമതായി ദേശീയതത്വത്തിൻെറ സ്വതന്ത്ര വികസനത്തിനു് ഗൗരവം നല്കുന്നുണ്ടു്. റഷ്യയുടെ രാഷ്ട്രീയ സ്ഥിതികളാണു് ഇതിൻെറ കാരണം. എണ്ണമററ വിഭിന്ന രാജ്യങ്ങൾ ഒന്നുചേർന്നുള്ള ഡാറിൻെറ റഷ്യാസാമ്രാജ്യത്തിന്റെ പ്രാധാന്യത്തെ കണക്കിലെടുക്കേണ്ടിയിരുന്നു, അതു മുഴുവൻ കമ്മ്യൂണിസത്തിൻെറ കരവലയത്തിൽ കൊണ്ടുവരു

വാൻ. വിഭിന്നങ്ങളായ ദേശീയതളെ അംഗീകരിക്കേണ്ടതായി വന്നതോടെ ദേശീയ ഭാഷകളുടെ പ്രാധാന്യത്തെ അംഗീകരിച്ചു കൊടുക്കേണ്ടതായി വന്നു, താത്വികമായി രാജ്യങ്ങൾക്ക് അവരുടെ സ്വന്തം ദേശീയ സംഘടനകൾ തെരഞ്ഞെടുക്കുന്നതിനുള്ള അവകാശം ഉണ്ട്. കമ്മ്യൂണിസ്റ്റും പാർട്ടിയുടെ പ്രാബല്യത്തോടെ ഈ സ്വാതന്ത്ര്യം കമ്മ്യൂണിസ്ററു പാർട്ടി സംഘടനകൾക്കു മാത്രമായി ചുരുങ്ങി. അങ്ങിനെ പുതിയതായി രൂപം കൊണ്ട കമ്മ്യൂണിസ്റ്റുംസാമ്രാജ്യത്തിൽ പ്രധാനപ്പെട്ട അധികാരങ്ങൾ മോസ്ക്കോയിലെ സോവ്യററുകൾക്കു നല്കി. അതു പോലെ മററുള്ള ദേശീയ ഭാഷകളുടെ വികസനത്തോടൊപ്പം റഷ്യൻ ഭാഷ നിർബ്ബന്ധിത പഠനത്തിനു വിധേയവും ആക്കി. മാർക്സിൻെറയും. എംഗൽസിൻെറയും, ലെനിൻെറയും നോട്ടത്തിൽ കമ്മ്യൂണിസത്തിൻെറ ലക്ഷ്യം സാർവ്വദേശീയത്വമായിരുന്നെങ്കിലും സ്റ്റാലിൻെറയും മാവോസേതുങ്ങിൻെറയും നേതൃത്വത്തിൽ കമ്മ്യൂണിസം ദേശീയ സ്വഭാവം ഉള്ളതായിത്തീർന്നു. എങ്കിലും സാർവ്വദേശീയ കമ്മ്യൂണിസം വിട്ടുകളഞ്ഞില്ല. ലോകത്താകമാനമുള്ള തൊഴിലാളികളുടെ താല്പര്യങ്ങളെ മാനിക്കുന്ന വിധത്തിൽ സൗഹാർദ്ദവും സ്നേഹവും മുന്നിൽ കണ്ടുകൊണ്ട് അഖിലലോക തൊഴിലാളി പ്രസ്ഥാനം കെട്ടിപടുക്കുക എന്ന ആദർശമാണ് എല്ലായ്പോഴും കമ്മ്യൂണിസത്തിൻെറ അടിത്തട്ടിലുള്ളതു്. റഷ്യൻ വിപ്ളവത്തിന്റെ ആരംഭത്തിൽ, മുതലാളിത്വരാഷ്ട്രങ്ങളാൽ ചുററപ്പെട്ട ഒരു കമ്മ്യൂണിസ്ററു രാഷ്ട്രത്തിനും ജീവിക്കുവാൻ ആവുകയില്ലെന്നു് ഭയപ്പെട്ടിരുന്നു. അതുകൊണ്ടു് എല്ലാ രാജ്യങ്ങളിലും കമ്മ്യൂണിസം വളർത്തുന്നതിനുള്ള ചൂടു പിടിച്ച ആഗ്രഹം ഉണ്ടായി. ഇതിനെ മററുമുതലാളിത്വ രാഷ്ട്രങ്ങൾ കണക്കാക്കാതെ വന്നപ്പോൾ റഷ്യ അവരുടെ ദേ

ശീയ കമ്മ്യൂണിസത്തിൻെറ വികസനത്തിലേക്കു് ശ്രദ്ധ തിരിച്ചു. സന്ദർഭം കിട്ടിയാൽ കമ്മ്യൂണിസ്റ്റു് വിപ്ളവങ്ങൾക്കു് പ്രചോദനം നല്കാം എന്ന ഉദ്ദേശത്തിൽ എല്ലാ രാജ്യത്തും കമ്മ്യൂണിസത്തിൻെറ വികസനത്തിലേക്കു് ശ്രദ്ധ തിരിച്ചു. സന്ദർഭം കിട്ടിയാൽ കമ്മ്യൂണിസ്റ്റു് വിപ്ലവങ്ങൾക്കു് പ്രചോദനം നല്കാം എന്ന ഉദ്ദേശത്തിൽ എല്ലാ രാജ്യത്തും കമ്മ്യൂണിസത്തിൻെറ ചുവട്ടു് ഉറപ്പിക്കുവാനുള്ള ആഗ്രഹവും ഉണ്ടായി. ഭാവിയെ കൺമുൻപിൽ കണ്ടു കൊണ്ടു് എല്ലാ രാജ്യത്തുമുള്ള കമ്മ്യൂണിസ്റ്റു് പാർട്ടികൾക്കും ധനസഹായം ചെയ്യുകയും കൊറിയ, വിയററ്നാം, ഇൻഡോനേഷ്യ തുടങ്ങിയ രാജ്യങ്ങളിൽ അതിൻെറ ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ ചൈന എടുത്ത നിലപാടു് വിസ്മരിച്ചുകൂടാ.
അതിൻെറ ആശയങ്ങൾ പ്രചരിപ്പിക്കുകയും ചെയ്യുന്നതിൽ ചൈന എടുത്ത നിലപാടു് വിസ്മരിച്ചുകൂടാ.
അതുകൊണ്ടു് കമ്മ്യൂണിസ്റ്റു് രാജ്യങ്ങൾ ജനാധിപത്യരാജ്യങ്ങളുമായി എല്ലായ്പോഴും മത്സരത്തിൽ കഴിയുന്നതു്. താല്ക്കാലികമായി മററുള്ളവരുമായി നയതന്ത്രപരമായ സഹവർത്തിത്വത്തിൽ കഴിയുന്നതാണു് ബുദ്ധിയെന്നു് റഷ്യ കണ്ടിട്ടും ചൈന യുദ്ധം ചെയ്തു് മററുള്ളവരെക്കൊണ്ടു് അംഗീകരിപ്പിക്കാം എന്ന നിലപാടിലാണു് നില്ക്കുന്നതു്.

റഷ്യയുടെ എല്ലാ തുറയിലുമുള്ള അഭൂതപൂർവ്വമായ വളർച്ചയുടെ ചരിത്രം ഇന്ത്യ പഠിക്കേണ്ടതാണു്. എന്തുകൊണ്ടെന്നാൽ ഏതാണ്ടു് ഇന്ത്യയുടെ ഇന്നത്തെ അവസ്ഥയോടു സാമ്യമുള്ള അന്തരീക്ഷത്തിലാണു് മഷ്യൻവിപ്ളവം ഉടലെടുത്തതു്. രണ്ടിടത്തും കൃഷിക്കു പ്രാധാന്യം നല്കുന്ന ഗ്രാമപ്രദേശങ്ങളാണുള്ളതു്. രണ്ടിടത്തും അന്ധവിശ്വാസജഡിലമായ മതബോധമുള്ള ജനതതി

യാണ് ഉണ്ടായിരുന്നതു്. മുകൾപരപ്പിൽ ചുരുക്കം ചില ബുദ്ധിജീവികളും ഭൂരിപക്ഷം നിരക്ഷരകുക്ഷികളുമാണ് ഉണ്ടായിരുന്നതു്. എന്നാൽ അരനൂററാണ്ടുകാലത്തിടക്ക് റഷ്യ ലോകത്തിൻെറ മുകൾപ്പരപ്പിലെത്തി, ആനൂററാണ്ടിൻെറ ആരംഭത്തിൽ നേതൃസ്ഥാനത്തിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്തെ തള്ളിമാററിക്കൊണ്ടു് നിരക്ഷരത്വം തുടച്ചുമാററപ്പെട്ടു. വ്യവസായികമായി അവർ പുരോഗതിയുടെ ഉച്ചശൃംഗത്തിലെത്തി. സാങ്കേതിക വിജ്ഞാനത്തിൽ റഷ്യ, അമേരിക്കയെ പിന്നിലാക്കിയിട്ടില്ലെങ്കിലും; പുറകിലല്ല. സൈനികശക്തിയിൽ അമേരിക്കയാണ് മികച്ചുനില്ക്കുന്നതെന്ന് വിശ്വസിക്കുന്നുണ്ടെങ്കിലും റഷ്യ അവരുടെ ഇരുമ്പുമറസ്സുകളിൽ നിന്നുകൊണ്ടു് ഭാവനക്കതീതമായി വളൎന്നുവികസിക്കുന്നുവെന്നതാണ് അത്ഭുതകരം. റഷ്യയുടെ അത്ഭുതാവഹമായ നേട്ടത്തിൻെറ വെളിച്ചത്തിൽ കുറച്ചെങ്കിലും അവരുടെ രാഷ്ട്രീയ സംഘടനകളെപ്പററി പഠിക്കുന്നതു് അസ്ഥാനത്തല്ലാതല്ല. എന്തുകൊണ്ടെന്നാൽ അവരുടെ സൈനികവും ധനപരവും സാംസ്കാരികവുമായ വികസനം സാദ്ധ്യമായിതീൎന്നതു് അവരുടെ രാഷ്ട്രീയ സംഘടനയുടെ രക്ഷാകവചത്തിൽ നിന്നതുകൊണ്ടാണ്. അതു് റഷ്യക്കുപുറമേ നിന്നുനോക്കുന്ന ഒരുവന് ഒരുപക്ഷേ മനസ്സിലാക്കാൻ സാധിച്ചില്ലെന്നു വരാം.

റഷ്യൻ കമ്മ്യൂണിസ്റ്റുകൾക്ക് സാറിസ്റ്റും റഷ്യയിലെ എല്ലാമററ സംസ്ഥാനങ്ങളുമായി യോജിപ്പിൽ എത്തേണ്ടിവന്നു. ഭരണഘടന നാലുതരത്തിലുള്ള സംസ്ഥാനങ്ങളെ അംഗീകരിച്ചിട്ടുണ്ട്.

## 1) യൂണിയൻറിപ്പബ്ലിക്കുകൾ

"ഓരോ യൂണിയൻ റിപ്പബ്ളിക്കും തൊഴിലാളികളുടെയും കർഷകരുടേയും ദേശീയ സോവ്യററു സോഷ്യലിസ്റ്റുസംസ്ഥാനമാണു്. മററു് യൂണിയൻ റിപ്പബ്ളിക്കുകളുമായി തുല്യതയുടെ അടിസ്ഥാനത്തിൽ സോവിയററു യൂണിയൻെറനേരിട്ടുള്ള ഘടകമായാണു രൂപീകരിച്ചിട്ടുള്ളതു്. [വി. കർപ്പിൻസ്കിയുടെ 'യൂ. എസ്. എസ് ആർ.' ലെ സാമൂഹിക –സാംസ്ഥാനിക ഘടന (പേജ് 71) അതിനു് അതിൻേറതായ ഭരണഘടനയും ഭാഷയും നിയമവും ഉണ്ടു്. അതിനു് വിദേശസംസ്ഥാനങ്ങളുമായി നേരിട്ടുള്ള ബന്ധങ്ങൾ പുലർത്താം. യുക്രേനിയൻ. ബെയ്ലോറഷ്യൻ എന്നീ യൂണിയൻ റിപ്പബ്ളിക്കുകൾ ഐക്യരാഷ്ട്രസംഘടനയുടെ ജന്മസ്ഥലമായ സാൻഫ്രാൻസിസ്കോയിലെ ഒരു സമ്മേളനത്തിൽ പങ്കുകൊള്ളാൻ ക്ഷണിക്കപ്പെട്ടതായി പറയപ്പെടുന്നു. ഇന്ത്യക്കു സ്വാതന്ത്ര്യം കിട്ടുന്നതിനു് മുൻപു് ഇൻഡ്യ ഉൾപ്പെടെയുള്ള ബ്രിട്ടീഷ്മേൽക്കോയ്മയിലുള്ള രാഷ്ട്രങ്ങൾക്കു് കിട്ടിയ ക്ഷണത്തിനു തുല്യമായിരുന്നു അതു്. U. S. S. R. ന്റെ ഭാഷ എന്ന നിലയിൽ റഷ്യൻ പഠിക്കണം എന്ന കാര്യം എടുത്തു പറയത്തക്കതാണു്. യൂണിയൻ റിപ്പബ്ളിക്കുകൾ പാസ്സാക്കുന്ന നിയമങ്ങളെക്കാൾ പ്രാബല്യം യൂ എസ്സ്. എസ്സ്. ആർ. പാസ്സാക്കുന്ന നിയമങ്ങൾക്കാണു്. അതുപോലെ ഇങ്ങനെയുള്ള എല്ലാറിപ്പബ്ളിക്കുകൾക്കും. വിട്ടുനില്ക്കുവാനുള്ള അവകാശം ഉണ്ടെങ്കിലും സർവ്വശക്തമായ സംയുക്തഗവർണ്മെൻറിൻെറമുൻപിൽ എന്തെങ്കിലും നടപ്പിലാക്കുവാനുള്ള സാദ്ധ്യതയിലെ സംശയമുള്ളു.

## 2) സ്വയംഭരണാധികാരറിപ്പബ്ലിക്കുകൾ

കോമീസിനെപോലെഉള്ള ന്യൂനപക്ഷങ്ങൾ അടങ്ങുന്ന റിപ്പബ്ളിക്കാണിതു്. ഏതാണ്ടു് പതിനേഴോ

ളം അത്തരം റിപ്പബ്ളിക്കുകൾ അതിൽ അടങ്ങിയിരിക്കുന്നു.

### 3) സ്വയംഭരണാധികാര പ്രദേശങ്ങൾ

എണ്ണത്തിൽ ചെറിയ ദേശീയ ഘടകങ്ങൾ അടങ്ങുന്നതാണിതു്. ഉദാഹരണം. അഡിജി സ്വയംഭരണാധികാര പ്രദേശം യഹൂദസ്വയം ഭരണാധികാര പ്രദേശം മുതലായവ.

### 4) പ്രാദേശിക ഘടകങ്ങൾ

വ്യത്യസ്തമായ ദേശീയ സ്വഭാവം അടങ്ങുന്ന ചെറിയ ചെറിയ കൂട്ടർചേർന്നുള്ളതാണു് ഇതു്.

ഈ വിവരങ്ങൾ പുറത്തുള്ളവർക്കു് അധികമൊന്നും അറിഞ്ഞുകൂടാ. എണ്ണമററ വ്യത്യസ്തവിഭാഗങ്ങളും, ചെറുതും വലുതുമായ ഭൂവിഭാഗങ്ങളും അടങ്ങുന്ന വിഭിന്ന സംസ്ഥാനങ്ങളെ മോസ്ക്കോവിലെ സംയുക്ത ഗവണ്മെൻറിൻെറ ചട്ടക്കൂട്ടിൽ ഒതുക്കിനിർത്തുവാനുള്ള കഴിവു് റഷ്യയുടെ കല്പനാശക്തിക്കുദാഹരണമാണു്.

ഇതുപോലെയുള്ള സംഘടനകൾ ഇടുങ്ങിയ ദേശീയ പരിമിതികളുള്ളിൽ ഒതുങ്ങിനിന്നുകൊണ്ടു് പ്രവത്തിക്കുന്നു എന്നതും പ്രാധാന്യം അർഹിക്കുന്നതാണു് ലോകത്തിൻെറ മുൻപിൽ റഷ്യയെ ശക്തമാക്കിത്തീർത്തതു്, മോസ്ക്കോവിലെ കേന്ദ്രഗവർണ്മെൻറാണു്. അടിത്തട്ടിൽ ഗ്രാമങ്ങളിലെ ചെറിയ സോവ്യററുകളും മുകൾപ്പരപ്പിൽ യു. എസ്. എ. ആർ, ലെ സുപ്രീംസോവ്യററും അടങ്ങുന്ന സോവ്യററുകളുടെ ഘടന ഒരു പിരമിഡിൻെറ മാതിരിയാണു്. യാഥാസ്ഥിതിക ജനാധിപത്യമാതൃകയിൽ അതിനും രണ്ടുസഭകളുണ്ടു്, ഒന്നാമത്തെ സഭയായ കേന്ദ്ര

സോവ്യററിൽ മൂന്നുലക്ഷംപേൎക്ക് ഒരു പ്രതിനിധി എന്ന കണക്കാണു്. രണ്ടാമത്തെ സഭയായ സംസ്ഥാന പ്രതിനിധി സോവ്യററിൽ ഓരോ യൂണിയൻ റിപ്പബ്ളിക്കിൽ നിന്നും 25 പ്രതിനിധികളും ഓരോ സ്വയംഭരണാധികാര റിപ്പബ്ളിക്കുകളിൽ നിന്നു് പതിനൊന്നു പ്രതിനിധികളും, ഓരോ സ്വയം ഭരണാധികാര പ്രദേശങ്ങളിൽ നിന്നും അഞ്ചു പ്രതിനിധികളും ഓരോ പ്രാദേശിക ഘടകങ്ങളിൽ നിന്നും ഓരോ പ്രതിനിധി വീതവും അടങ്ങുന്നു. റഷ്യക്കു് വിവിധദേശീയത്വം ഉള്ളതു കൊണ്ടു് സംസ്ഥാന പ്രതിനിധികളടങ്ങുന്ന രണ്ടാമത്തെ സഭയുടെ നിലനില്പിനെ പൂൎണ്ണമായും ന്യായീകരിക്കാം.

എല്ലാ നിലയിലേക്കുമുള്ള പ്രതിനിധികൾ സോവ്യററുകളിലേക്കു് തെരഞ്ഞെടുക്കപ്പെടുന്നു. എന്നാൽ സമ്മതിദാനാവകാശം തൊഴിലാളികളുടെ സംഘടനകൾക്കും ട്രെയിഡ്യൂണിയനുകൾക്കും സഹകരണസംഘങ്ങൾക്കും, യുവജനസംഘടനകൾക്കും, സാംസ്കാരിക സമിതികൾക്കും മാത്രമേയുള്ളു, തൊഴിലാളികൾ അവരുടെ സംഘടനയിലൂടെയാണു് വോട്ടു ചെയ്യുന്നതു്. ഉദാഹരണങ്ങൾ സൈനിക യൂണിററുകൾ, കൃഷിക്കാരുടെ സംഘടനകൾ, ഗ്രാമങ്ങൾ, ഔദ്യോഗിക സംഘടനകൾ എന്നിവ. റഷ്യൻ വിപ്ളവത്തിൻെറ ആദ്യകാലത്തു് നല്ല ഒരു സംഖ്യ ആൾക്കാരുടെ വോട്ടവകാശം എടുത്തുകളഞ്ഞിരുന്നു. ഉദാഹരണത്തിനു് സാർവംശക്കാർ കൃഷിഉടമകൾ തുടങ്ങിയ കമ്മ്യൂണിസ്റ്റുപാർട്ടിയിൽ ചേരാതെ നിന്ന എല്ലാവരും അതിൽപെടുന്നു. കാലക്രമേണ ഈ വോട്ടവകാശമില്ലാതിരുന്ന ആൾക്കാരെല്ലാം ഗളഹസ്തം ചെയ്യുകയോ, ജനശത്രുക്കളായി എണ്ണി ഗളച്ഛേദം ചെയ്യുകയോ സൈബീരിയായിലേക്കു് നാടുകടത്തുകയോ ചെയ്തു. ഇ

തൊന്നും പൊറുക്കുവാനാവാതെ ദശലക്ഷക്കണക്കിനാളു കൾ നാട്ടും വീട്ടും വിട്ട് യൂറോപ്പിലേക്കോ അമേരിക്കയിലേക്കോ ഒളിച്ചോടിപ്പോയി പുതിയജീവിതം ആരംഭിക്കുകയും ചെയ്തു. പ്രഭുക്കന്മാർ, ടാക്സിഡ്രൈവറന്മാരായോ പ്രഭുപത്നികൾ 'റസപ്ഷനിസ്റ്റു'കളായോ മാറി. വാസ്തവത്തിൽ ആത്മാവിനെയും ശരീരത്തെയും സംരക്ഷിക്കുവാൻ എന്തുജോലിയും നല്ലതായിരുന്നു. അമ്പതുവർഷങ്ങൾക്കുശേഷം രാഷ്ട്രീയകുററവാളികളോട് തങ്ങൾ തുല്യരീതിയിൽ പെരുമാറി എന്ന് അവർ അവകാശപ്പെട്ടേക്കാം. അവിടെയും വിഘടിച്ചു നില്ക്കുന്നവർ കണ്ടേക്കാമെങ്കിലും അച്ഛനെയോ മകനെയോ, സഹോദരനെയോ വിശ്വസിക്കാൻ വയ്യാത്ത ഭയംനിറഞ്ഞ ഒരന്തരീക്ഷത്തിൽ ജീവിക്കുന്ന അവർ നിശ്ശബ്ദത പാലിക്കുന്നു എന്നേ അർത്ഥമുള്ളു.

തെരഞ്ഞെടുപ്പുകൾ സ്വാതന്ത്ര്യമല്ലെന്നതും പ്രത്യേകം ശ്രദ്ധേയമാണ്. ഒഴിവുള്ള സ്ഥാനങ്ങളിലേക്ക് അത്രയും സ്ഥാനാർത്ഥികളെ തെരഞ്ഞെടുക്കുന്നു. അതിനാൽ തെരഞ്ഞെടുപ്പുകൾ എല്ലാം ഐകകണ്ഠ്യേനയാണ്. ഒരു കുതിരയെ മാത്രം ഓട്ടുവാൻ അനുവദിക്കുന്ന ഒരു കുതിരപന്തയത്തോട് റഷ്യയിലെ തെരഞ്ഞെടുപ്പുകളെ നല്ല ഫലിതരസത്തിൽ ആററ്ലിപ്രഭു താരതമ്യപ്പെടുത്തുകയുണ്ടായി.

രണ്ട് സഭകളുടെയുംകൂടിയ സംയുക്തസമ്മേളനത്തിൽവച്ചാണ് മന്ത്രിസഭയെ തെരഞ്ഞെടുക്കുന്നത്. പൗരസമാധാനപരിപാലനം, രാജ്യത്തിൻെറ താല്പര്യസംരക്ഷണം, പൗരാവകാശസംരക്ഷണം, സൈനികസേവനത്തിനുള്ള പൗരന്മാരുടെ വാർഷിക ഓഹരി ക്ലിപ്തപ്പെടുത്തൽ, സോവ്യററുയൂണിയനിലെ സൈനികശക്തിയുടെ പൊതുവായ ഭരണനിർവ്വഹണം, വിദേശരാജ്യങ്ങ

ളുമായുള്ള ബന്ധത്തെപററിയുള്ള മാർഗ്ഗനിർദ്ദേശം തുടങ്ങിയ സാധാരണ ഉത്തരവാദിത്വങ്ങൾ അവരിൽ നിക്ഷിപ്തമായിരിക്കുന്നു.

ഈ മന്ത്രിസഭയെ യു. എസ്. എസ്. ആറിലെ സുപ്രീം സോവ്യററിൻെറ അദ്ധ്യക്ഷസമിതി എന്നാണു് പറയുന്നതു്. അതിൽ ഒരു പ്രസിഡന്റ്, 16 വൈസു് പ്രസിഡന്റന്മാർ, ഒരു സെക്രട്ടറി, 15 അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്നു. അവരെ രണ്ടു സഭകളുടെ സംയുക്ത സമ്മേളനത്തിലാണു് തെരഞ്ഞെടുക്കുന്നതു്. യു. എസ്. എസ്. ആറിലെ ഗവമ്മെന്റിനു് തങ്ങളെ തെരഞ്ഞെടുക്കുന്ന സുപ്രീംസോവ്യററിനോടു് കടപ്പാടും ഉത്തരവാദിത്വവും ഉള്ളതുപോലെ സഭ സമ്മേളിക്കാതിരിക്കുന്ന കാലത്തു് അതേ ഉത്തരവാദിത്വവും കടപ്പാടും അദ്ധ്യക്ഷസമിതിയോടു് ഉണ്ടു്. യു. എസ്. എസ്. ആറിന്റെയും യൂണിയൻ റിപ്പബ്ളിക്കുകളിലെയും മന്ത്രിസഭകൾ എടുക്കുന്ന തീരുമാനങ്ങൾ നിയമാനുസൃതമല്ലെങ്കിൽ അവയെ അസാധുവാക്കാനുള്ള അധികാരവും ഉണ്ടു്.

ഒരിക്കൽ നിയമിക്കപ്പെടുന്ന ജഡ്ജിമാർ കഴിവില്ലായ്മയോ അഴിമതിയോ തെളിയിക്കും വരെ മാററപ്പെടാത്ത പാശ്ചാത്യ ജനായത്ത സമ്പ്രദായത്തെക്കാൾ തികച്ചും വ്യത്യസ്തമായ പഴയ ഏതൻ രീതിക്കനുസൃതവും വിചിത്രവുമായ ഒന്നാണു് റഷ്യയിലെ നീതിന്യായവകുപ്പു്. റഷ്യയിലെ ജഡ്ജികൾ തെരഞ്ഞെടുക്കപ്പെടുകയും മാററപ്പെടുകയും ചെയ്യുന്നു. അതിനാൽ പ്രഥമദൃഷ്ടിയിൽ അവർ പൊതുജനാഭിപ്രായത്തിനും രാഷ്ട്രീയസമ്മർദ്ദത്തിനും വഴങ്ങിപ്പോകുന്നു.

യു. എസ്. എസ്. ആറിലെ ഭരണഘടന വളരെ സമ്മിശ്രവും മററുള്ള ഗവമ്മെൻറുകളുടെ രീതിക്കു് അനു

സ്വതവും ആണെങ്കിലും പ്രയോഗത്തിൽ ഏകഭരണ സ്വ ഭാവം അടങ്ങുന്ന ഒന്നാണ്. ലെനിൻ ഒരു വലിയ ബു ദ്ധി ജീവിയും കമ്മ്യൂണിസ്റ്റു റഷ്യയുടെ സ്ഥാപകനും ആ യിരുന്നു. അദ്ദേഹത്തിനു ശേഷം കമ്മ ബുദ്ധിയും നിർ ദ്ദയ സംഘാടകനും എതിരാളികളെ പ്രത്യേകിച്ച് ബുദ്ധി മാനും പ്രബലനുമായ ട്രോസ്കിയെ, തുടച്ചു മാററിയവനു മായ സ്റ്റാലിൻെറ കൈളിൽ അധികാരം വന്നുചേർന്നു. രക്തപങ്കിലമായ ഒരു നീണ്ട ഭരണമായിരുന്നു. സ്റ്റാലിൻ നയിച്ചതു്, തെരഞ്ഞെടുപ്പുകൾ ഉണ്ടായിരുന്നു. സ്ഥാനാ ത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടുകയും ചെയ്തിരുന്നു. എന്നാൽ സ്റ്റാലിൻെറ നയങ്ങളിൽ നിന്നുള്ള ചെറിയ വ്യതിചല നം പോലും അപകടകാരികളായി കണക്കാക്കിയിരുന്നു. സാറിസ്റ്റു റഷ്യക്കു് സുശക്തമായ പോലീസും അമിതമാ യ കഴിവുള്ള ചാരസംഘവും ഉണ്ടായിരുന്നു. കമ്മ്യൂണി സ്ററു റഷ്യ ഈ സ്ഥാപനങ്ങളെയെല്ലാം കാത്തു സൂക്ഷി ക്കുകയും കമ്മ്യൂണിസം കുത്തിനിറച്ച ചെറുപ്പക്കാരെ കൊണ്ടും പുരോഗമിപ്പിക്കുകയും ചെയ്തു. അവരെ സ്വന്തം അച്ഛനമ്മമാക്കും സഹോദരീസഹോദരന്മാർക്കും സ്നേ ഹിതന്മാർക്കും എതിരായി ഉപയോഗിക്കുകയും ചെയ്തു. അങ്ങിനെ ഹീനമായ ഒരു വ്യവസ്ഥിതി മനുഷ്യനെ ജീ വിതത്തിൻെറയും സ്വാതന്ത്ര്യത്തിന്റെയും മദ്ധ്യത്തിൽ ഭയ ന്നു ജീവിക്കുവാൻ പ്രേരിപ്പിക്കുന്നു. സ്ററാലിൻെറ കാ ലത്തു് ഒരൊററ വിദേശീയനും അവിടെ സ്വതന്ത്രവി ഹാരം അനുവദിച്ചിരുന്നില്ല. കരിങ്കടൽ തുറമുഖത്തു് ഒരു കൂട്ടം വിദേശവിനോദസഞ്ചാരികൾ ഒരു മാർഗ്ഗദർശി യാൽ അനുഗതരായ ഒരു കഥയുണ്ടു്, ആ സംഘത്തിൽ പെട്ട ഒരാൾ തുടർച്ചയായി ഒററപ്പെട്ടു പോവുകയും അവ സാനം മാർഗ്ഗ ദർശിക്കു് അയാളെ മര്യാദ നടിച്ചു് കൂട്ടി കൊണ്ടു വരേണ്ടതായും വന്നു. അവസാനം ഇതു നട പ്പാകാതെ വന്നപ്പോൾ അയാൾ വളരെ ദയനീയമായി

പറയുകയുണ്ടായി. ആ അംഗത്തെ സംഘത്തിൽപെടുത്തിയില്ലെങ്കിൽ മാർഗ്ഗദർശിയുടെ ജോലി നഷ്ടപ്പെടുകയോ ശിക്ഷ അനുഭവിക്കേണ്ടി വരികയോ ചെയ്യുമെന്നു്. ഒരു വിദ്യാർത്ഥി പ്രതിനിധി സംഘത്തിൻെറ നേതാവായി റഷ്യയിൽ പോയിരുന്ന ഒരു ഇന്ത്യൻ വിദ്യാർത്ഥി എന്നോടു പറയുകയുണ്ടായി: ശ്വാസം മുട്ടിക്കുന്ന ഒരന്തരീക്ഷമാണു് അദ്ദേഹം അവിടെ കണ്ടതെന്നും ഒരു മാസത്തിനു ശേഷം പാരീസിലെത്തിയപ്പോഴാണു് നേരേ ചൊവ്വേ ഒന്നു് ശ്വാസം വിടുവാൻ കഴിഞ്ഞതെന്നും. ഒരു പക്ഷേ ക്രൂഷ്ചേവിൽ നിന്നു തന്നെയാണു് പല കഥകളും നമുക്കു് കേൾക്കുവാൻ കഴിഞ്ഞതു്. അദ്ദേഹം സ്ററാലിന്റെ നല്ല ഒരു സിൽബന്തിയായിരുന്നു. ഒരുപക്ഷേ അതു തന്നെയാവണം അദ്ദേഹത്തിന്നു സ്ററാലിൻെറ മരണ ശേഷം ആ സ്ഥാനത്തു് അവരോധം കിട്ടിയതു്, ഉന്മേഷവും മനുഷ്യത്വവും ഉള്ള തൻെറ സ്വഭാവവിശേഷത്താൽ സ്ഥിതിഗതികൾ കുറച്ചു് മെച്ചപ്പെടുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. സ്ററാലിൻെറ മഹത്വത്തെ ഇടിച്ചുതാഴ്ത്താൻ അദ്ദേഹം ധൈര്യപ്പെട്ടു. ഒരു പ്രസംഗത്തിലൂടെ അദ്ദേഹം അതു സാധിച്ചുകൊണ്ടിരിക്കുമ്പോൾ, എന്തുകൊണ്ടിതു് സ്ററാലിൻെറ ജീവിതകാലത്തു് പറഞ്ഞില്ല, എന്നു ചോദിക്കുവാൻ സദസ്യരിലൊരാൾ ധൈര്യപ്പെട്ടു. ക്രൂഷ് ചേവ് സ്വതസ്സിദ്ധമായ ശാന്തതയോടെ അതാരാണു് ചോദിച്ചതെന്നു് ആരാഞ്ഞു. എഴുന്നേററു നിന്നു് മറുപടി പറയാൻ ആരും ധൈര്യപ്പെട്ടില്ല. ക്രൂഷ്ചേവ് ശാന്തനായി പറഞ്ഞു, 'ഇതാണു കാരണം' ഒറ്റ നോട്ടത്തിൽ ഈ മർദ്ദിക്കപ്പെട്ട ഭയത്തിൻെറ അന്തരീക്ഷത്തിൽ മനുഷ്യൻ എങ്ങിനെ ഇഷ്ടപ്പെടുന്നു എന്നതു് അത്ഭുതമായി തോന്നിയേക്കാം. സുശക്തമായ ന്യൂനപക്ഷത്തിനു് ഭൂരിപക്ഷത്തെയും അമർത്തിവയ്ക്കാം. എന്നാൽ കമ്മ്യൂണിസ്ററു തത്വശാസ്ത്രത്തിൽ വളർന്നു വരുന്ന ഒരു

തലമുറ ഭൂരിപക്ഷമാകുമ്പോൾ പാസ്ററർ നാക്കിനെ പോലെയുള്ള ബുദ്ധിജീവികൾ അടങ്ങുന്ന ന്യൂനപക്ഷത്തെ അമർത്തിവെയ്ക്കാനും വിഷമമില്ല. കമ്മ്യൂണിസം ദശലക്ഷകണക്കിനാളുകളുടെ ഹൃദയത്തിൽ ശക്തമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നുള്ള വസ്തുത അവശേഷിക്കുന്നു. തങ്ങളുടെ വിലയേറിയ ജീവിതം കൊടുത്തുപോലും അതിനെ ഒരു പുതിയ മതമായി അംഗീകരിച്ച് ഉയർത്തി കാട്ടുവാൻ അനവധി ബുദ്ധിജീവികൾ തയ്യാറാണ്. മാർഷൽ സുക്കോവിനെ കമ്മ്യൂണിസത്തിൽ നിന്നു പിൻതിരിപ്പിക്കാൻ പ്രസിഡൻറ് റൂസ്വെൽററ് ചെയ്ത പരാജയപ്പെട്ട ശ്രമത്തെപ്പററി സർ വിൻസ്ററൻ ചർച്ചിൽ തൻെറ ഒരു ലേഖനത്തിൽ എഴുതിയിട്ടുണ്ട്. കമ്മ്യൂണിസം ഒരു തത്വശാസ്ത്രവും, ജീവിതമാർഗ്ഗവും ആയി അംഗീകരിച്ച ദശലക്ഷകണക്കിനാളുകൾ ഉണ്ട്. പാശ്ചാത്യജനാധിപത്യാശയങ്ങൾക്കനുസൃതമല്ലെങ്കിലും അവർ അതിനെ ജനാധിപത്യമെന്നു പറയുകയും ചിന്തിക്കുകയും ചെയ്യുന്നു. 'ജനാധിപത്യത്തെപ്പററി വ്യാഖ്യാനിക്കുമ്പോൾ നമ്മൾ ഇംഗ്ലീഷുകാരും അമേരിക്കക്കാരും ഒരു കണക്കിൽ ഭാവനാശൂന്യന്മാരാണ്. നമ്മുടെ നിർവ്വചനപ്രകാരം നമ്മുടേതിനനുസൃതമല്ലാത്ത ഒരു സമൂഹത്തെയും അംഗീകരിക്കുവാൻ നാം തയ്യാറില്ല.' എന്ന് വൈററ് ഹെഡ് പറഞ്ഞതു് എത്രയോ അർത്ഥവത്താണ്, മനുഷ്യൻെറ നന്മയാണ് കമ്മ്യൂണിസത്തിൻെറ അവസാന ലക്ഷ്യമെങ്കിൽ അതു് ജനാധിപത്യമെന്നു വിളിക്കപ്പെടുവാൻ അർഹതയുള്ളതാണ്. ജോലി ചെയ്യുവാനും മിനക്കെടുവാനും വിശ്രമിക്കുവാനും ഉള്ള മനുഷ്യൻെറ അവകാശത്തെ അംഗീകരിക്കുന്നുണ്ട്. ജോലി ചെയ്യാത്തവനു് ആഹാരം കഴിക്കുവാനുള്ള അവകാശം ഇല്ലെന്നുള്ള വ്യവസ്ഥയിൽ അവനു് വിദ്യാഭ്യാസം നല്കുന്നു, ഭാര്യയു

ടെയും കുഞ്ഞുങ്ങളുടെയും വിദ്യാഭ്യാസം ഉൾപ്പടെയുള്ള അവൻെറ എല്ലാ ആവശ്യങ്ങളും നിറവേററപ്പെടുന്നു. അവനു് താല്പര്യമുള്ള ജോലി കൊടുത്തില്ലെങ്കിലും ഒരു കമ്മ്യൂണിസ്ററു സമുദായം വാഗ്ദാനം ചെയ്യുന്ന സകല ആനുകൂല്യങ്ങളും അനുഭവിക്കുവാനുള്ള അവകാശം അവ ൻെറ ജോലി അവനു നല്കുന്നു.

വിശക്കുന്നവക്കുവേണ്ടിയാണു് കമ്യൂണിസം എന്നു് കാണുവാൻ തക്ക മനക്കണ്ണു് ഐൻസ്റ്റനുണ്ടായിരുന്നു. എല്ലാവരും സ്വാതന്ത്ര്യത്തിൻെറ സംരക്ഷണം ആഗ്രഹിക്കുന്നു എന്നാൽ ഒഴിഞ്ഞ വയറുള്ള സ്ത്രീ പുരുഷന്മാക്കു് സ്വാതന്ത്ര്യം അർത്ഥശൂന്യമാണു്. മനുഷ്യൻെറ സകല മഹത്വത്തിൻേറയും അടിസ്ഥാന കാരണം സ്വാതന്ത്ര്യമിണെന്നു് വിശ്വസിക്കുന്നവർക്കു ഇതനുകരണീയമായി തോന്നുകയില്ല. റഷ്യക്കാരുടെ ശാസ്ത്രത്തിലും സാങ്കേതികശാസ്ത്രത്തിലുമുള്ള അത്ഭുതാവഹമായ നേട്ടങ്ങൾ. ഇതിനൊരപവാദം ആണെന്നു് തോന്നിയേക്കാമെങ്കിലും അതു് അതിൻേറതായ കാരണങ്ങളുണ്ടു്. താത്വീകമായി തുല്ല്യവരുമാനം. എന്നൊക്കെ പറയുന്നുണ്ടെങ്കിലും രാഷ്ട്രീയമില്ലാത്ത ശാസ്ത്രജ്ഞന്മാർക്കു് നല്ല ശമ്പളം കൊടുക്കുന്നു അതുകൊണ്ടു് അവർക്കു് ജോലികൊടുക്കാനുള്ള പ്രചോദനം നല്ലവണ്ണം കിട്ടുന്ന ശാസ്ത്രം രാഷ്ട്രീയത്തിനുമേലേ ആകയാൽ അവരുടെ കൈകൾ സ്വതന്ത്രങ്ങളാണു്. എന്നാൽ സാഹത്യത്തിൻേറയും ദർശനത്തിൻേറയും കഥ ഇതിൽനിന്നും വ്യത്യസ്തമാണു്. ജീവിതസ്പർശിയായ അവരുടെ ശാസനങ്ങൾ മനുഷ്യനെ വിപ്ളവത്തിലേക്കു നയിക്കും. അതിനാൽ സ്വതന്ത്രമായ അഭിപ്രായ പ്രകടനങ്ങൾക്കു് അവർക്കു സ്വാതന്ത്ര്യം ഇല്ല. അവർക്കു് കമ്മ്യൂണിസ്ററു് തത്വത്തിൻെറ നാല്യ് അതിരുകളിൽ

ഒതുങ്ങിനിന്നുകൊണ്ടു് വേണം ചിന്തിക്കുവാനും എഴുതുവാനും എന്നാൽ മനുഷ്യൻ തത്വങ്ങളേക്കാൾ മികച്ചവനാണു്. ഏതു പരിതസ്ഥിതിയിലും മനുഷ്യൻെറ ആത്മാവു് തലപൊക്കും. അതു റഷ്യയിലും അങ്ങനെതന്നെ ക്രൂഷ്ചേവ്വ് മനുഷ്യവർഗ്ഗത്തിനു് ആകമാനമുള്ള അഭ്യന്നതിയ്ക്കുവേണ്ടി നിലകൊള്ളുന്ന ഏകരക്ഷാമാർഗ്ഗമാണു്, കമ്യൂണിസമെന്ന യാഥാസ്ഥിതിക വിശ്വാസത്തോട്ടുകൂടിയവനാണെങ്കിലും. വെറുക്കപ്പെട്ടുന്ന അമേരിക്കു അടക്കമുള്ളവരുടെ അനുഭവങ്ങളിൽ നിന്നു് നേട്ടമുണ്ടാക്കുവാനുള്ള തൽപരത റഷ്യൻരാഷ്ട്രീയത്തെ മനുഷ്യത്വപൂർണ്ണവും സഹിഷ്ണതാഭാവമുള്ള ഒരു പാതയിലേക്കുനയിച്ചു. ഫലമോ? ക്രൂഷ്ചേവ് വീണു. എന്നാൽ ഇതുവരെയും അതു് അഭംഗിയായ പരിതസ്ഥിതിക്കു വഴിവച്ചില്ല. ക്രൂഷ്ചേവ് ഇന്നും ജീവിയ്ക്കുവാൻ അനുവദിക്കപ്പെട്ടിട്ടുണ്ടു്. സ്ലാലിൻെറ കാലത്തു് ഇതു് നടക്കുമായിരുന്നില്ല. റഷ്യൻ സ്വേച്ഛാധിപതികൾ അരുചികരമായി എഴുതിയ പാസ്ററർനൂക്കിൻെറ നോവൽ ഡോ: ശിവിഗേവാഗോ റഷ്യൻ ഇതുവരെയും പ്രസിദ്ധീകരിക്കപ്പെട്ടിട്ടില്ല. എന്നാൽ അതിൻെറ തർജ്ജമകൾ ഫ്രഞ്ചു ഭാഷയിലും ഇററാലിയൻ ഭാഷയിലും ഇംഗ്ലീഷ്ഭാഷയിലും വന്നിട്ടുണ്ടെന്നു മാത്രമല്ല. നോബൽ പ്രൈസിനു് അർഹമാണെന്നു് അവരാൽ സമ്മതിക്കപ്പെട്ടിട്ടുമുണ്ടു്. അദ്ദേഹത്തെ നോബൽപ്രൈസ് വാങ്ങുവാൻ സമ്മതിച്ചില്ലെങ്കിലും ജീവിക്കുവാൻ അനുവദിച്ചു. അങ്ങനെ ഒന്നു സ്ററാലിൻെറ കാലഘട്ടത്തിൽ ചിന്തിക്കുകപോലും സാദ്ധ്യമല്ലായിരുന്നു. മിസ്. ഈവ്ജനിയം പൊപ്പോവാ എന്ന ഒരു റഷ്യൻ സ്ത്രീ അമേരിക്കയിലെ തൊഴിലാളികൾ ദ്രോഹിക്കപ്പെട്ടുന്നില്ലെന്നും ഗവണ്മെൻറിൻെറ നിയമനിർമ്മാണം നടത്തുന്നതു മുഴുവൻ വാൾസ്ട്രീറിലെ പ്രഭു

ക്കന്മാരെല്ലെന്നും ഉള്ള ഒരഭിപ്രായം പറയുവാൻ ധൈര്യപ്പെട്ടു. സത്യത്തിന്നു വെളിച്ചത്തിൽ വരാമെന്നതു് ആശാവഹമായ ഒരു ലക്ഷണമാണു്. അണുവായുധങ്ങളുടെ മാരകഭീഷണിയിൽ ഇന്നുലോകം ജീവിക്കുകയാണെങ്കിലും അമേരിക്കയും റഷ്യയും തമ്മിൽ പരസ്പരം മനസ്സിലാക്കുവാനുള്ള സാദ്ധ്യതയുണ്ടു്. അതുമാത്രമേ നമ്മേ സമാധാധത്തിലേക്കു നയിക്കുകയുള്ളു.

റഷ്യയിൽ നടക്കുന്ന സ്വേച്ഛാധിപത്യത്തിൻെറ വെളിച്ചത്തിൽ അവിടെ ജനാധിപത്യം ജീവിക്കുന്നു എന്നുപറയാൻ വിഷമമുണ്ടു്. കഷ്ടപ്പെടുന്ന ജനതയുടെ നന്മയാണു ലക്ഷ്യമെങ്കിൽ അതവിടെ ഉണ്ടു്. എന്നാൽ സ്വാതന്ത്ര്യം കാണിക്കുവാൻ ഭയപ്പെടുകയും സ്ത്രീ പുരുഷന്മാർ തങ്ങളുടെ ഹൃദയവികാരങ്ങൾ തെരഞ്ഞെടുത്ത സ്നേഹിതന്മാരോടു് മാത്രം മന്ത്രിക്കേണ്ടിവരുകയും ചെയ്യുന്ന ഒരു പരിതസ്ഥിതിയിൽ ജനാധിപത്യം അതിൻെറ ശരിയായ അർത്ഥത്തിൽ റഷ്യയിൽ ഇല്ലതന്നെ. എല്ലാകമ്യൂണിസ്ററ്രാജ്യങ്ങളിലും അധികാരത്തിൽ ഉള്ളവർ എന്നും ജയിലിലുള്ള മററുള്ളവരെന്നും രണ്ടുപാർട്ടികളേയുള്ളു. എന്നു് ഒരു വിമർശകൻ പറഞ്ഞതിലും കഴമ്പുണ്ടു്.

## ജനാധിപത്യവിമർശനം

പാശ്ചാത്യ ജനാധിപത്യസമ്പ്രദായത്തോടുള്ള എൻെറ പക്ഷപാത മനഃസ്ഥിതി ഒളിച്ചു വയ്ക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും പരക്കെ അറിയപ്പെടുന്ന ജനാധിപത്യസമ്പ്രദായങ്ങളെപ്പററി പറയുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്. എൻെറ പക്ഷപാതം തുറന്നു സമ്മതിക്കുന്നതിനോടൊപ്പം പ്ളേറേറായേയും അരിസ്റേറാട്ടിലിനേയും പോലെ രാജഭരണമാണു് നല്ല ഭരണസമ്പ്രദായം എന്നു ഞാൻ വിശ്വസിക്കുന്നു. എല്ലാ രാജ്യത്തിലും നല്ല രാജാ

ക്കന്മാരുണ്ടായിരുന്നു. അവരെ കൃതജ്ഞതയോടെ സ്മരിയ്ക്കുകയും ചെയ്യുന്നു. നിർഭാഗ്യവശാൽ മഹാത്മാരായ നല്ല രാജാക്കന്മാർ കുറവാണ്. തൻമൂലം രാജാക്കന്മാരിൽ ഭൂരിപക്ഷവും ദുർഭരണമാണ് നടത്തി പോന്നത്. അതു കൊണ്ടാണ് ഇന്നത്തെ ചുററുപാടിൽ വിദ്യാസമ്പന്നരും ആത്മബോധം ഉള്ളവരുമായ സമ്മതിദായകർക്ക്. എല്ലാ തെററുകുററങ്ങളോടും കൂടി ജനാധിപത്യം യോജിക്കുന്നതായി തീർന്നതു്. വ്യക്തമായ ചില തെററുകൾ മാത്രം ചൂണ്ടിക്കാണിപ്പറയാം.

1) നല്ല പരിതസ്ഥിതിയിൽ നടത്തുന്ന തെരഞ്ഞെടുപ്പുപോലും ഭൂരിപക്ഷങ്ങൾ ഏതെങ്കിലും ഒരു പ്രത്യേക ഗവണ്മെൻറ് വേണമെന്നു് ശഠിക്കുന്നതായി സ്ഥാപിച്ചിട്ടില്ല. നല്ല സമ്മതിദായകരുള്ളിടത്തുപോലും അൻപതു (50) ശതമാനത്തോളം വോട്ടു രേഖപ്പെടുത്താറില്ല. ബാക്കിയുള്ളവർ യഥാർത്ഥഭൂരിപക്ഷം ആകുന്നുമില്ല പാർലമെൻറിൽ കിട്ടുന്ന സീററുകളുടെ അടിസ്ഥാനത്തിൽ ഒരു പാർട്ടിയുടെ അനുപാതം എടുക്കുന്നതു് ശരിയല്ല. താത്വികമായി ഈ അനുപാത പ്രാതിനിധ്യങ്ങൾ വിഭിന്ന പാർട്ടികളുടെ തെരഞ്ഞെടുപ്പുശക്തിയുടെ ഒരു രൂപം തരുന്നു എന്നുള്ളതു നേരുതന്നെ. കൂടാതെ അതിൽ നിന്നുണ്ടാകുന്ന ന്യൂനഭൂരിപക്ഷങ്ങൾ ഉറച്ച ഗവണ്മെൻറുണ്ടാകുന്നതു് അസാദ്ധ്യവുമാക്കി തീർക്കുന്നു. അതാണ് സർ വിൻസ്റ്റൻ ചർച്ചിൽ ഇംഗ്ലണ്ടിൽ അതു വേണ്ടെന്നു വച്ചതു്.

2) തെരഞ്ഞെടുപ്പിനു് വേണ്ടിയുള്ള ചിലവു് മട്ടപ്പു് ഉണ്ടാക്കുന്നതാണ്. മുൻപു് പറഞ്ഞതുതന്നെ ഒന്നു വീണ്ടും ആവർത്തിയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആറു വർഷം മുൻപു് എൻെറ ഒരു സ്നേഹിതൻ പറയുകയുണ്ടായി. അദ്ദേഹത്തിനു് ഒരു ലോകസഭാസ്ഥാനം നേടിയെടുക്കുന്നതിനുവേണ്ടി പാർട്ടി നൽകിയ സഹായത്തിനും

പുറമേ 20,000 രൂപ ചിലവായി എന്നു്. കഴിഞ്ഞവ വർഷം പാർലമെന്റിലെ ഒരു പാർട്ടിയുടെ നേതാവു് പറഞ്ഞു: ലോകസഭ സീററിനു് ഒരു ലക്ഷത്തിൽ കുറയാത്ത വിലയുണ്ടെന്നു്. ഇതിൻെറ അർത്ഥം സാധാരണ വരുമാനമുള്ള ഒരുവനു് തെരഞ്ഞെടുപ്പിനെ അഭിമുഖീകരിക്കുവാൻ സാദ്ധ്യമല്ലെന്നല്ലോ. അല്ലെങ്കിൽ പാർട്ടിഫണ്ടുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. വാസ്തവത്തിൽ ഇതാണു് ഒരു തൊഴിലാളി സംഘടന ഇംഗ്ലണ്ടിൽ കെട്ടിപ്പടുക്കുവാൻ കാരണമായിത്തീന്നതു്.

പിന്നോക്കരാജ്യങ്ങളിൽ ഇന്നും പാവപ്പെട്ടവർ പണക്കാരെ ആശ്രയിച്ചാണു് കഴിഞ്ഞുകൂട്ടുന്നതു്. തങ്ങളുടെ സ്ഥാനാർത്ഥികൾക്കു അവർ ധനസഹായം ചെയ്യുന്നതിനാൽ അവിടുത്തെ ട്രേയിഡ്യൂണിയനുകൾ ഒരു സംയുക്താടിസ്ഥാനത്തിലാണു് കെട്ടിപ്പടുത്തിരിക്കുന്നതു്. പണം വളരെയേറെ ചിലവാക്കുമ്പോൾ അതു് ഈടാക്കുവാനുള്ള ആശ ഉണ്ടാകുന്നതാണു്, അതിൻെറ ഫലമോ, പൊതുജീവിതത്തിലും ഭരണമണ്ഡലങ്ങളിലും അഴിമതി നടമാടുകയും.

3) ജനാധിപത്യം സുശക്തമായുള്ള രാജ്യങ്ങളിലും പല കഴിവുള്ളവർ രാഷ്ട്രീയത്തിൽ ഇടപെട്ടിട്ടുകൂടി രാഷ്ട്രീയക്കാരെപ്പററി മോശമായ അഭിപ്രായമാണുള്ളതു്. രാഷ്ട്രീയക്കാരുടെ വാഗ്ദാനങ്ങൾ മുഖവിലയിൽ എടുത്തുകൂടാ. തൻമൂലം നല്ല ആളുകൾ രാഷ്ട്രീയത്തിൽനിന്നും പിൻവാങ്ങിയിരിക്കുകയാണു്. അമേരിക്കയിലെ പ്രസിദ്ധനായ 'ജയിംസ്ബ്രിക്കു'' എന്ന ചരിത്രകാരൻ കഴിഞ്ഞ നൂററാണ്ടിലെ എൺപതുകളിൽ പ്രസിഡണ്ടുസ്ഥാനത്തിനു് ആളുകളെ കിട്ടുവാൻ വിഷമിച്ചതായി എഴുതിയിട്ടുണ്ടു്. എന്നാൽ ഈ നൂററാണ്ടിൽ ആ പരാതി

ജ്ജുള്ള വഴിയില്ല. കാരണം വുഡ്രോവിൽസൻ, റൂസ്‌വെൽറ്റ്, കെന്നഡി തുടങ്ങിയ പല പ്രതിഭാശാലികളും തെരഞ്ഞെടുപ്പിനു നില്ക്കുകയും പ്രസിഡണ്ടുമാരായി തങ്ങളുടെ വ്യക്തിത്വം പുലർത്തുകയും ചെയ്തു. ഇംഗ്ലണ്ടിൽ കഴിവുള്ള ആൾക്കാർ രാഷ്ട്രീയത്തിലേക്ക് കടന്നുവന്നിട്ടുണ്ട്. വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിലെസ്ഥിതി ഇനിയും മെച്ചപ്പെട്ടുവാനുണ്ട്. തങ്ങളുടെ കഴിവിന്റെ അനുപാതത്തിൽ രാഷ്ട്രീയക്കാർക്ക് സ്ഥാനം നൽകുമ്പോൾ സത്യസന്ധന്മാരായ മനുഷ്യർ രാഷ്ട്രീയത്തിൽനിന്നു് മാറി നില്ക്കുകയോ പുറംതള്ളപ്പെടുകയോ ചെയ്യപ്പെടുന്നു.

4) സമ്മതിദായകർക്ക് അവരുടെ ഇഷ്ടപ്രകാരം വോട്ടുചെയ്യാമെങ്കിലും, വോട്ടുകൾ വാങ്ങുകയും വിൽക്കുകയും ചെയ്യാം എന്നുള്ളതു് ഏററവും ലജ്ജാവഹമാണ്, അതു് അവരുടെ രാഷ്ട്രീയാജ്ഞവത്തിന്റെ പ്രതിഫലനം ആണ്. അതു തെരഞ്ഞെടുപ്പിന്റെ യഥാർത്ഥസ്വഭാവത്തിൽ കളങ്കം ചേർക്കുന്നതാണ്.

5) എല്ലാ ജനാധിപത്യവും ഒരു മനുഷ്യനു് ഒരു വോട്ട് എന്നാണ് അംഗീകരിച്ചിരിക്കുന്നതു്. പ്രയോഗത്തിൽ അതിന്റെ അർത്ഥം ഒരു ഖനികനും വിദ്യാസമ്പന്നനും ഐൻസ്റ്റിനെപ്പോലുള്ള ബുദ്ധിജീവിയും എല്ലാം തുല്യന്മാരാണെന്നാണ്.

ഈ തെററുകുററങ്ങൾ മുഴുവൻ കണക്കിലെടുത്താലും ജനാധിപത്യം ഒരു വിജയംതന്നെയാണ്. ഒരു നല്ല ജനാധിപത്യത്തിൻ വോട്ടന്മാർ വിദ്യാശൂന്യരും അജ്ഞന്മാരും ആയിരുന്നാലും സാധാരണയായി കഴിവുള്ളവരെയാണ് പാർലമെന്റിലേക്ക തെരഞ്ഞെടുത്തയയ്ക്കുന്നതു്. അവർ അതിൽ കഴിവുള്ളവരെ നേതാക്കന്മാരായും എടുക്കുന്നു. ഈ നേതാക്കന്മാർ ഗവണ്മെന്റ് രൂപീകരിക്കു

കയും ചെയ്യുന്നു. സർ വിൻസ്റ്റൻചർച്ചിൽ, താൻ ജനങ്ങളുടെ സേവകനാണെന്നു പറയുന്നതിൽ അഭിമാനിച്ചിരുന്നു. തന്റെ ജനസഭാംഗത്വത്തിൽ അഭിമാനിക്കുകയും ചെയ്തിരുന്നു, 1909 മുതൽ ആരംഭിച്ച തന്റെ രാഷ്ട്രീയജീവിതത്തിൽനിന്നും ജനസഭയുടെ പരിമിതികളെപ്പററി അദ്ദേഹം ബോധവനായിരുന്നു. 'മററുള്ളവരുടെ അഭിപ്രായങ്ങൾക്ക് സന്ദർഭാനുസരണം വഴങ്ങുന്ന ഒന്നാണ് ജനാധിപത്യം' എന്നദ്ദേഹം നിർവചിച്ചു. പാർലമെന്റിനോട്ട് ആലോചിക്കാതെ തീരുമാനങ്ങൾ ദീർഘദർശനം ചെയ്യുവാനുള്ള സ്വാതന്ത്ര്യവും ഹൃദയസ്പർശിയായ പ്രസംഗപാടവുമാണ് അദ്ദേഹത്തെ ഇംഗ്ലണ്ടിന്റെ രക്ഷിതാവാക്കി മാററിയതു്. മററു രാഷ്ട്രങ്ങളിലായിരുന്നുവെങ്കിൽ ആജീവനാന്തം പ്രധാനമന്ത്രിപദത്തിൽ അവരോധിക്കപ്പെട്ടവാൻ തക്ക യോഗ്യതയായി- യുദ്ധാനന്തരം ബ്രിട്ടന് നേടിക്കൊടുത്ത വമ്പിച്ച വിജയം ഒന്നുമാത്രം മതിയായിരുന്നിട്ടുകൂടി അദ്ദേഹത്തെ അധികരത്തിൽ നിന്നും എടുത്തെറിഞ്ഞതാണ് ബ്രിട്ടീഷ് ജനാധിപത്യത്തിന്റെ അന്തസ്സ് സ്ഥിതി ചെയ്യുന്നതു്.

പാശ്ചാത്യമാതൃകയിലുള്ള ജനാധിപത്യം അതിന്റെ തെററുകളോട്ടുകൂടിതന്നെ പ്രശോഭിക്കുന്നുവെങ്കിൽ റഷ്യയിലെ കമ്യൂണിസ്റ്റുമാതൃകയിലുള്ള ജനാധിപത്യവും ലക്ഷക്കണക്കിനു് ആളുകൾക്കു് സ്വീകാര്യമാണ് അവർ അതിനെ ഒരു പുതിയ വിശ്വാസവും മതവുമായി അംഗീകരിച്ചിരിക്കുകയാണ്. അതു് മനുഷ്യത്വത്തിന്റെ പുനർജന്മത്തിനുവേണ്ടി നിലകൊള്ളുകയാണ്. പുതിയതായി ജാതമായ ആ വിശ്വാസത്തിന്റെ ഉത്സാഹത്തള്ളിച്ചയിൽ തങ്ങളോട് യോജിക്കാത്തവരുടെ സ്വാതന്ത്ര്യത്തെ നിരസിക്കുവാനോ നാട്ടുകടത്തുവാനോ മടിക്കുന്നില്ല. ജീ

വിതത്തിൻെറ എല്ലാതുറയിലുമുള്ള തൊഴിലാളിവർഗ്ഗത്തിന് അർഹിക്കുന്ന കൂലികൊടുക്കുന്നതായി ആണ് അവർ അതിനെ കണക്കാക്കുന്നത് അവർ സ്വാതന്ത്ര്യം നിരസിക്കുന്നു; സുരക്ഷിതത്വത്തെ വാഗ്ദാനം ചെയ്യുന്നു. അപ്പോൾ സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്ന പാശ്ചാത്യജനാധിപത്യമോ, സുരക്ഷിതത്വം വാഗ്ദാനം ചെയ്യുന്ന റഷ്യൻ ജനാധിപത്യമോ സ്വീകരിക്കേണ്ടതു് എന്നൊരു പ്രശ്നം ഉദിക്കുന്നു. പെട്ടെന്നങ്ങനെ ഒരു തീരുമാനം എടുക്കാൻ വയ്യെങ്കിലും മനുഷ്യവർഗ്ഗത്തിൻെറ പുരോഗതിക്കുവേണ്ടി സമരം ചെയ്യുന്ന സ്വാതന്ത്ര്യം തന്നെ അവസാനം യുദ്ധത്തിൽ വിജയിക്കുന്നതാണ്. അപ്പോൾ പ്രശ്നം ഇതാണ്. വികസിക്കുവാനുള്ള സ്വാതന്ത്ര്യമോ, ജീവിക്കുവാനുള്ള സുരക്ഷിതത്വമോ ഏതാണ് സ്വീകരിക്കേണ്ടതു്? ഇനിയും ഓരോ ജനാധിപത്യങ്ങളും തയ്യാറാക്കുന്ന സമുദായ വ്യവസ്ഥിതിയെപ്പററി ആലോചിക്കുന്നതു് അസ്ഥാനത്തല്ലാത്തതു കൊണ്ടു് അടുത്ത അദ്ധ്യായങ്ങളിൽ അതിനെപ്പററി ചർച്ച ചെയ്യാം.

4

# സമൂഹവും രാഷ്ട്രവും

## സമൂഹത്തിൻെറ തത്വശാസ്ത്രം.

വ്യക്തികളുടെ അവകാശങ്ങളെപ്പററി തികച്ചും ബോധമുള്ള ഇന്നത്തെ ലോകത്തിൽ വ്യക്തിത്വത്തെ മാനിക്കുന്ന യൂറോപ്യൻസംസ്കാരം സർവ്വഥാ ശ്രേഷ്ഠമാണ്. ഒരു വ്യക്തിക്കും ഒററപ്പെട്ടു ജീവിക്കുക സാദ്ധ്യമല്ല. അയാൾ വലുതോ ചെറുതോ ആയ ഏതെങ്കിലും ഒരു സമൂഹത്തിലെയോ സമുദായത്തിലെയോ അംഗമാണെന്നതു കൊണ്ടുതന്നെ ഒററപ്പെട്ടു നിൽക്കുക എന്നതു അപ്രായോഗികമാണ്. ഒരു സമുദായത്തിൽ ജനിച്ച് ആ സമുദായത്തിൻെറ സംരക്ഷണയിൽ അയാൾ വളരുന്നു. അതിന്റെ ധാർമ്മികമൂല്യങ്ങളുമായി പരിചയിച്ചുപോന്ന അയാൾ അതാണ് ഏററവും ശ്രേഷ്ഠമെന്നും മറെറാന്നും ശരിയല്ലെന്നും വിശ്വസിക്കുകയും അവൻെറ സ്വന്ത ധാർമ്മികമൂല്യങ്ങൾക്കു ഭ്രഷ്ട് കല്പിക്കുകയും ചെയ്യുന്നു. മനുഷ്യ

ത്വത്തിൻെറ പരിരക്ഷണത്തിനു് അടിത്തറയിടുന്ന ഇതിനെ സകല പരിഷ്കൃതസമുദായങ്ങളും അംഗീകരിച്ചിരിക്കുകയാണു്. ഭാവിയിൽ ഗോത്രം, രാഷ്ട്രീയം തുടങ്ങിയ വലിയ വലിയ കക്ഷികളിലേക്കു് ചേരേണ്ടതാണെങ്കിലും എല്ലാ സമുദായത്തിൻെറയും അടിസ്ഥാനഘടകം കുടുംബം ആണു്. വ്യക്തിത്വത്തെ മാനിക്കുന്ന പാശ്ചാത്യസംസ്കാരങ്ങളെക്കാൾ കുടുംബത്തിനു് പ്രാധാന്യം നൽകിയിരുന്ന ഹൈന്ദവസംസ്കാരം, ചൈനീസ് സംസ്കാരം തുടങ്ങിയ പൗരസ്ത്യസംസ്കാരങ്ങൾ. ഹൈന്ദവക്കൂട്ടുകുടുംബവ്യവസ്ഥിതിയും ജാതിവ്യവസ്ഥയും അടിസ്ഥാനകുടുംബങ്ങളുടെ വളർച്ചയുടെ പരിണിതഫലമാണു് ഈ അടുത്തകാലംവരെയും, എന്നുവച്ചാൽ കമ്മ്യൂണിസം ആധിപത്യം ഉറപ്പിക്കുന്നതുവരെയും ചൈനീസ് സംസ്കാരത്തിൻെറ കേന്ദ്രബിന്ദുവായി വർത്തിച്ചിരുന്നതു് കൺഫ്യൂഷ്യസിൻെറ സാമൂഹികതത്വശാസ്ത്രത്തിൽ വിവരിക്കുന്ന കുടുംബമാണു്. പഴയ ഗ്രീസിലെ നഗരരാഷ്ട്രങ്ങളുടെ ജനനത്തിനുശേഷവും യൂറോപ്പിൽ വർഗ്ഗസംഘടനകൾ നിലവിലിരുന്നു. ഉത്തമസമൂഹം എന്നു ഗണിച്ചിരിക്കുന്നതും എല്ലാ സാമൂഹികപ്രവർത്തനങ്ങളുടെയും നിയന്ത്രണം ഏറ്റെടുത്തിരിക്കുന്നതുമായ യൂറോപ്യൻസംസ്കാരത്തിൻെറയും രാഷ്ട്രത്തിൻെറയും വികസനത്തിൽ ഗ്രീക്കു സംസ്കാരം അതിൻെറ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ടു്. രാഷ്ട്രത്തിൻെറ പരമാധികാരം ലോകമെല്ലാം കീഴടക്കിയിരിക്കുകയാണു്. ജനാധിപത്യത്തിലായാലും കമ്മ്യൂണിസത്തിലായാലും രാഷ്ട്രത്തിൻെറ അധികാരം ഉന്നതമാണു്. ഗ്രീക്കു് തത്വശാസ്ത്രജ്ഞന്മാരായ പ്ളേറ്റോയും അരിസ്റ്റോട്ടിലും നഗരരാഷ്ട്രത്തെ മനുഷ്യസമൂഹത്തിൻെറ ഏററവും നല്ല മാതൃകയായി ചൂണ്ടിക്കാട്ടി. ഈജിപ്തിലേയും പേർഷ്യയിലേയും സുശക്ത

മായ രാജവംശങ്ങളുടെയും സാമ്രാജ്യങ്ങളുടെയും നില നില്പിനെപ്പററി അവർ അജ്ഞരല്ലായിരുന്നു എന്നതു് എടുത്തുപറയത്തക്ക സംഗതിയാണു്. അവർ ബോധ പൂർവ്വം ഈ വലിയ രാഷ്ട്രങ്ങളെ നിന്ദയോടെ വീക്ഷി ക്കുകയും സ്വാതന്ത്ര്യദാഹമില്ലെന്ന കാരണത്താൽ കാട്ടാ ളന്മാർ എന്നു പറഞ്ഞു് അവഗണിയ്ക്കുകയും ചെയ്തു. അ ടിമത്വത്തെ പ്രകൃതിനിയമമായി കണക്കാക്കി, ഗ്രീക്കു കാർ ഭരിക്കുവാനും അല്ലാത്തവർ അടിമകളായിരിക്കുവാ നും മാത്രമേ യോഗ്യരായിരുന്നുള്ളൂ, എന്ന ന്യായത്തിൽ അവർ തങ്ങളുടെ നഗരരാഷ്ട്രങ്ങളുടെ നേർക്കു കണ്ണടച്ചു കളഞ്ഞു. മനുഷ്യചരിത്രത്തിന്റെ പുരോഗതിയിൽ അ ടിമത്വത്തിനു് ന്യായീകരണമുണ്ടെന്നു് എൻഗൽസ്പോ ലും സമ്മതിച്ചിട്ടുണ്ടു്. ഈജിപ്ഷ്യൻ, ബാബിലോണി യൻ, അസീറിയൻ, ചൈനീസ് തുടങ്ങിയ പുരാതന സംസ്കാരങ്ങളുടെ മഹത്തായ വിജയം അടിമകളുടെ പ്രയത്നത്തിന്റെ ഫലമാണു്. ഗ്രീക്കുസംസ്കാരത്തിനു തന്നെ അതിന്റെ രാഷ്ട്രീയജനാധിപത്യത്തിന്റെ നേട്ട ത്തോടൊപ്പം കലകൾ, സാഹിത്യം, ശാസ്ത്രം, തത്വശാസ്ത്രം മുതലായവയിൽ വിജയം വരിയ്ക്കുവാൻ കഴിഞ്ഞതു് മറ്റു സാധാരണ ജോലികൾ അടിമകൾക്കു വിട്ടുകൊടുക്കുകയും സ്വതന്ത്രപൗരന്മാർക്കു് രാഷ്ട്രീയത്തിലേക്കും കലകളിലേ ക്കും തത്വശാസ്ത്രത്തിലേക്കും ശ്രദ്ധ ചെലുത്തുവാൻ വേ ണ്ടത്ര സമയം കിട്ടുകയും ചെയ്തതുകൊണ്ടാണു്. വർ ദ്ധിച്ചുവരുന്ന ജനപ്പെരുപ്പം തടയുവാൻ സമീപസ്ഥരെ കീഴടക്കുകയല്ല, അധികമുള്ള ജനങ്ങളെ മറെറാരു നഗര രാഷ്ട്രനിർമ്മിതിക്കു വിടുകയാണു് ചെയ്തതു്. അങ്ങനെ സാമ്രാജ്യത്വം കോളനിവ്യവസ്ഥയായി രൂപാന്തരം പ്രാ പിയ്ക്കുകയും, മെഡിറ്ററേനിയൻ തീരപ്രദേശങ്ങളിൽ ഗ്രീക്കു കോളനികൾ നഗരരാഷ്ട്രങ്ങളായി മാറുകയും ചെയ്തു.

ഗ്രീക്കുസാമ്രാജ്യത്തെ കിഴക്കോട്ട് വ്യാപിപ്പിച്ച അലക്സാണ്ടരുടെ ഗുരുവായ അരിസ്റ്റോട്ടിൽ, ജന്മനാ ഒരു അപരിഷ്കൃതനായിരുന്നു. എന്നാൽ ഗ്രീക്കുസംസ്കാരത്തെ പ്രചരിപ്പിക്കുവാനുള്ള ഒരു ഉപകരണമായി വിധി അദ്ദേഹത്തെ തെരഞ്ഞെടുത്തു. റോമാക്കാർ ഗ്രീസ് പിടിച്ചടക്കിയെങ്കിലും മഹത്തായ ഗ്രീക്കുസംസ്കാരം തങ്ങളെ കീഴടക്കുവാൻ അവർ മനസാ സമ്മതിച്ചതു് ചരിത്രത്തിലെ ഒരു ഉർവ്വശീശാപമാണു്. അങ്ങനെ ഗ്രീക്കുസംസ്കാരം പടിഞ്ഞാറോട്ടു തിരിയുകയും പശ്ചിമയൂറോപ്പിൽ എല്ലായിടവും വ്യാപിക്കുകയും ചെയ്തു. ഗ്രീക്കുകാരെപ്പോലെ റോമാക്കാർ ജന്മനാ സമ്രാജ്യവാദികളല്ലായിരുന്നു. അവരുടെ നിയമവിജ്ഞാനവും സൈനികവിജ്ഞാനവും ഗ്രീക്കുസംസ്കാരത്തിൻെറ മുഖഭാവം മാററുകയും ഗ്രീക്കു-റോമൻസംസ്കാരത്തിനു് ജന്മം നൽകുകയും ചെയ്തതാണു് ഇന്നു ലോകത്തെ മുഴുവൻ കീഴടക്കിയിരിക്കുന്ന പാശ്ചാത്യസംസ്കാരത്തിൻെറ അടിത്തറ.

റോം ഒരു നഗരരാഷ്ട്രമായി തുടങ്ങി ഒരു വലിയ സാമ്രാജ്യമായി വികസിക്കുകയാണു ചെയ്തതു് അവർ മനസ്സാക്ഷിയില്ലാത്ത യുദ്ധക്കൊതിയന്മാരായിരുന്നുവെങ്കിലും ലോകത്തെ മുഴുവൻ സംസ്കാരസമ്പന്നമാക്കി എന്നവർക്കഭിമാനിക്കാം. റോമാ സാമ്രാജ്യം അതിൻെറ പ്രശസ്തിയുടെ ഔന്നത്യത്തിലിരിക്കുമ്പോഴാണു് അതിന്റെ ശക്തിയുടെ നേക്കുള്ള ഒരു വലിയ വെല്ലുവിളിയായിതീന്ന ക്രിസ്തുമതത്തിൻെറ ജനനം ഉണ്ടായതു്. റോമാസാമ്രാജ്യത്തിൻെറ പതനത്തെ തുടന്നു പരിശുദ്ധിയോ, റോമാസാമ്രാജ്യമോ പോലുമില്ലാത്ത 'വിശുദ്ധറോമാസാമ്രാജ്യ'ത്തോടു കൂടിയ ഫ്യൂഡൽ യൂറോപ്പും, ലൗകീകവും ആത്മീകവുമായി സംശയാതീതമായി സ്ഥാനം വഹിക്കു

ന്ന മാർപ്പാപ്പമാരുടെ അനിയന്ത്രിതശാസനത്തിലുള്ള റോമും രൂപം കൊണ്ടു. ഇംഗ്ലണ്ട്, ഫ്രാൻസ്, സ്പെയിൻ, പോർച്ചുഗൽ, തുടങ്ങിയ ദേശീയ സംസ്ഥാനങ്ങൾ മുൻപന്തിയിലെത്തുംവരെ ഈ രണ്ടിൻേറയും മദ്ധ്യത്തിൽ ഏകാധിപത്യരാജ്യഭാരത്തിൻെറ ഒരു പാരമ്പര്യം വളൎന്നുവലുതായിരുന്നു.

ഗ്രീക്കുകാർ മനുഷ്യനെ ഒരു സാമൂഹ്യമൃഗമെന്നു് ബുദ്ധിപൂൎവ്വമായി നോക്കിക്കാണുകയുണ്ടായെങ്കിലും, മനുഷ്യസമൂഹം എങ്ങിനെ തുടങ്ങി എന്ന പ്രശ്നത്തെപ്പററി അവർ ഗൗനിച്ചതേയില്ല. എന്നാൽ നവോത്ഥാന കാലഘട്ടത്തിനു ശേഷമുള്ള ചിന്തകന്മാർ പഴയ ഗ്രീസിലെയും റോമിലേയും സ്വാതന്ത്ര്യത്തിൻെറ ഓൎമ്മയാൽ വശീകരിക്കപ്പെട്ടു. ഏകാധിപത്യ രാജാക്കന്മാരുടേയും ചക്രവൎത്തിമാരുടേയും കീഴിൽ ഉരസുവാൻ തുടങ്ങി. എങ്ങിനെയാണു മനുഷ്യസമൂഹം ഉടലെടുത്തതു് അവർ ചോദിക്കുവാൻ തുടങ്ങി. ഹോബ്സ് തൻെറ 'ലെവിയാത്ത'നിൽ അതിൻെറ മറുപടി പറഞ്ഞിട്ടുണ്ടു്. മനുഷ്യൻ ആദ്യം പ്രകൃതി നിമയത്തിനു് വഴങ്ങി ജീവിച്ചുപോന്നു. അന്നു നിയമസമാധാനങ്ങൾ ഇല്ലായിരുന്നു. ഒരു മനുഷ്യൻെറ കൈ മററുള്ളവൎക്കെതിരായിരുന്നു, തൻമൂലം മനുഷ്യജീവിതം 'വൃത്തികെട്ടതും ക്രൂരവും ചെറുതും' ആയിതീൎന്നു. അവരുടെ സ്വന്ത താല്പര്യപ്രകാരം ഓരോരുത്തരും തൻ്റെ സ്വാതന്ത്ര്യാവകാശത്തെ ഉപേക്ഷിച്ചു് തങ്ങളുടെ സുരക്ഷിതത്വത്തിനു വേണ്ടി ഒരു പരമോന്നതഭരണാധികാരത്തിനു കീഴടങ്ങുവാൻ സമ്മതിക്കുകയും ഒന്നുചേൎന്നു് ഒരു സാമൂഹ്യകരാർ ഉണ്ടാക്കുകയും ചെയ്തു, അങ്ങനെ മനുഷ്യസമൂഹം ആരംഭിച്ചു, ഹോബ്സ് രാഷ്ട്രീയത്തിൽ പരമാധികാര രാജ്യഭാരക്രമത്തിനുവേണ്ടിയാണു് നിലകൊണ്ടതെങ്കിലും ഭരണാധികാരം ദൈവദത്തമാണെന്നു്,

ഇംഗ്ലണ്ടിലെ രാജാക്കന്മാരും ഏകാധിപതികളും അവകാശപ്പെട്ടപ്പോൾ, ഈ പരമാധികാര രാജ്യഭാരക്രമത്തെ ജനങ്ങൾ സ്വന്തതാല്പര്യപ്രകാരം കടപുഴക്കി എറിഞ്ഞു. ഇതു് ജനങ്ങളുടെ ഭരണത്തിലേക്കുള്ള ആദ്യത്തെ പടിയായിരുന്നു. ജനാധിപത്യത്തിൻെറ വഴിത്താരയും ചാൾസ് ഒന്നാമനെ തൂക്കികൊല്ലുകയും ജെയിംസ് രണ്ടാമനെ നാടുകടത്തുകയും ചെയ്തതോടെ ദൈവികാവകാശതത്വശാസ്ത്രം സാധാരണ രീതിയിൽ മരണമടഞ്ഞു. ഇംഗ്ലീഷ് വിപ്ലവം ഇംഗ്ലണ്ടിൽ പാർലമെൻറിൻെറ ഭരണം തുടങ്ങിവച്ചു. അതിൻെറ ന്യായീകരണത്തിനു് ആവശ്യമായ ഒരു തത്വശാസ്ത്രജ്ഞൻെറ കുറവു് ജോൺലോക്കു് തൻെറ "സിവിൽ ഗവണ്മെൻറു്" എന്ന ലേഖനംകൊണ്ടു് പരിഹരിച്ചു. പ്രകൃതിഭരണ വ്യവസ്ഥയുമായി ആണു് അദ്ദേഹവും രംഗപ്രവേശം ചെയ്തതു്. ഹോബ്സിനെപ്പോലെ അദ്ദേഹവുമിതിനെ വെള്ളയടിച്ചില്ല. തക്കങ്ങൾ പറഞ്ഞു തീക്കുവാൻ ആരുമില്ലാത്തതു് അദ്ദേഹം ഇതിൻെറ ഒരു കുറവായി കണ്ടു. അതിനാൽ പ്രകൃതി ഭരണ വ്യവസ്ഥയിലെ ആൾക്കാർ ഒന്നിച്ചൊരു സാമൂഹ്യകരാറിൽ ചേൎന്നു. മനുഷ്യരെ സംരക്ഷിക്കുവാൻ പരമോന്നത ഭരണാധികാരം അപ്രാപ്തമെന്നു കണ്ടാൽ തൽസ്ഥാനത്തുമായൊന്നിനെ തെരഞ്ഞെടുക്കുവാൻ ജനങ്ങൾക്കവകാശം ഉണ്ടെന്ന ഒരു പ്രധാന വ്യത്യാസം ഒഴിച്ചാൽ ബാക്കി എല്ലാം ഹോബ്സിൻെറ മാതൃക തന്നെയായിരുന്നു. ചാൾസ് ഒന്നാമനെ തൂക്കിലിടുവാനും അയാളുടെ മകനെ ഓടിക്കുവാനും സാധിച്ചതു് ഇതുകൊണ്ടാണു്.

രാജ്യത്തിനനുയോജ്യമായ ഒരു ജനാധിപത്യം ഇംഗ്ലണ്ടു വീണ്ടും കണ്ടുപിടിച്ചെങ്കിലും യൂറോപ്പ് ഭൂഖണ്ഡവും ലോകത്തുള്ള മറെറല്ലാ രാഷ്ട്രങ്ങളും ഏകാധിപത്യരാജ്യഭാരക്രമത്തിൻ കീഴിൽ തന്നെയായിരുന്നു. ലൂയി പതിന്നാലാമൻെറ L'etat C'estmoi, ശബ്ദായമാനമായ ഒരു

വെല്ലുവിളിയായിരുന്നു, അതിനെ റൂസ്സോ 'മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു, എന്നാൽ എല്ലായിടത്തും അവൻ ബന്ധനത്തിലാണ്.' എന്ന വിപ്ളവാത്മകമായ മുഖവാചകത്തോടെ തുടങ്ങുന്ന തന്റെ സാമൂഹ്യകരാറുമായി നേരിട്ടു. ഹോബ്സിൽ നിന്നും ലോക്കിൽനിന്നും വ്യത്യസ്തമായ രീതിയിൽ അദ്ദേഹം പ്രകൃതി ഭരണവ്യവസ്ഥിതിയെ സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും രീതിയിൽ ചിത്രീകരിച്ചെന്നുമാത്രമല്ല കാട്ടാളത്വത്തെ പൂർവ്വികബഹുമാന വികാരത്തോടെ ശ്രേഷ്ഠമായും ചിത്രീകരിച്ചു. സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും അടിസ്ഥാനത്തിൽ രൂപം കൊള്ളുന്ന ഒരു സാമൂഹ്യകരാറിന് മാത്രമേ ഏകാധിപത്യരാജ്യഭരണ സമ്പ്രദായത്തിന് ഒരു അമതി വരുത്തുവാനാകൂ എന്നും അദ്ദേഹം കണ്ടു. വാസ്തവത്തിൽ മുഖവാചകത്തെപ്പോലെ വിപ്ളവസ്വഭാവം അടങ്ങുന്നതല്ല അദ്ദേഹത്തിന്റെ ഉപദേശങ്ങളെങ്കിലും അതു് സ്വാതന്ത്ര്യം, സമത്വം സാഹോദര്യം എന്ന മുദ്രാവാക്യത്തോടെ പൊട്ടിപുറപ്പെട്ട ഫ്റഞ്ചു് വിപ്ളവത്തിലേക്കു നയിച്ച ഒരു വിചാരധാര ഉണ്ടാക്കിക്കളഞ്ഞു.

സാമൂഹിക കരാറിന് ഒരു ചരിത്രപരമായ അടിസ്ഥാനം ഇല്ല. അതു് പല ചിന്തകന്മാരുടെയും ബുദ്ധിയിലൂടെ ഒഴുകി വരുകയാണ് ചെയ്തതു്. അതിന്റെ ചപല സ്വഭാവത്തെ തുറന്നുകാട്ടുവാനും വലിച്ചുകീറി തത്വശാസ്ത്രങ്ങളിൽ ഉൾക്കൊള്ളിക്കുവാനും തുടന്നു വന്ന ചിന്തകന്മാർ അധികസമയം എടുത്തില്ല. അതു് മനുഷ്യന്റെ ജീവൻ, സ്വാതന്ത്ര്യം, ധനം എന്ന മൂന്നു് മൗലികാവകാശങ്ങളെ മാനിച്ചു. താത്വികമായി ആദ്യത്തെ രണ്ടും വെല്ലുവിളിക്കപ്പെട്ടിട്ടില്ലെങ്കിലും പ്രായോഗത്തിൽ ഹിററ്ലർ. മുസോളിനി, സ്റ്റാലിൻ തുടങ്ങിയ സ്വേചരാ

ധികാരികൾ പരസ്യമായി നിന്ദിച്ചിട്ടുണ്ട്. പാശ്ചാത്യ ജനാധിപത്യത്തിൽ മൂന്നാമത്തെ അവകാശം അടിസ്ഥാനപരമാണെങ്കിലും കമ്യൂണിസ്റ്റുകൾ അതിനെ വെല്ലുവിളിച്ചിട്ടുണ്ട്.

ആധുനിക രാഷ്ട്രീയചിന്താഗതികൾ മനുഷ്യൻ ഒരു സാമൂഹ്യ മൃഗമാണെന്ന പഴയ ഗ്രീക്ക തത്വശാസ്ത്രത്തിലേക്കു മടങ്ങുന്നതിനാൽ, സമൂഹം എപ്പോൾ എങ്ങനെ നടപ്പിൽവന്നു എന്ന പ്രശ്നം ഉദിക്കുന്നതേയില്ല. മനുഷ്യൻേറയും സമൂഹത്തിന്റേയും ഉല്പത്തി ജീവശാസ്ത്രസംബന്ധമായ പ്രശ്നമാണെന്നു് ഡാർവിൻ വാദിച്ചു. കുടുംബം, അതിൻെറ ഉല്പത്തി എത്രതന്നെ യാദൃച്ഛികമായാലും, സാമൂഹ്യജീവിതത്തിൻെറ തുടക്കത്തെക്കുറിക്കുന്നു. ആയിരത്താണ്ടുകളിലൂടെ കുടുംബം പല ഘട്ടങ്ങളിലൂടെ വികസിച്ചു. ഗോത്രം, വർഗ്ഗം, ജാതി, ഒരു സ്ഥിരതാമസം സുസാദ്ധ്യമാക്കിതീർത്ത കൃഷിയുടെ കണ്ടുപിടിത്തം വരെ ആയിരക്കണക്കിനു് ആളുകൾ അലഞ്ഞുനടന്നിരിക്കണം. മനുഷ്യസമുദായ ശാസ്ത്രത്തിൽ ഇതെല്ലാം ഉണ്ടു്. നഗരരാഷ്ട്രങ്ങളുടെ ആരംഭത്തോടെയാണു് നാം രാഷ്ട്രീയ ഘട്ടത്തിലേക്കു കടക്കുന്നതു്.

നാം നഗരരാഷ്ട്രങ്ങളെപ്പററി നേരത്തെ പറഞ്ഞു കഴിഞ്ഞു. എങ്കിലും അതിൻെറ പ്രധാനവശങ്ങളെപ്പറ്റി ഒന്നു ചുരുക്കിപ്പറയാം.

(1) അവർ ഏകാധിപത്യത്തിൽ തുടങ്ങിയെങ്കിലും ഏകാധിപത്യം ദുഷ്പ്രഭുത്വത്തിലേക്കു നീങ്ങിയപ്പോൾ പെരിക്ലീസിൻെറ നേതൃത്വത്തിൽ ജനാധിപത്യം നിലവിൽ വന്നു. ജനാധിപത്യം സ്വതന്ത്രപൗരന്മാരടങ്ങുന്നതാണെങ്കിലും കാലപ്പഴക്കത്തിൽ ബഹുജനങ്ങളുടെ ഭരണമാകുമെന്നു് നീതിമാനായ അരിസ്റ്റെയിഡസ് വിശ്വ

സിച്ചു, പ്ളേറോയും അരിസ്റ്റോട്ടിലും ബഹുജനങ്ങളുടെ ഭരണത്തോടുള്ള എതിർപ്പിനെ പ്രകടിപ്പിക്കുവാൻ മടിച്ചില്ലെന്നു മാത്രമല്ല ദുഷ്പ്രഭുത്വമില്ലാത്ത ഏകാധിപത്യമാണ് ഏററവും നല്ല ഗവണ്മെന്റ് എന്നു് പ്രഖ്യാപിക്കുകയും ചെയ്തു.

(2) ആളുകളുടെ എണ്ണം വർദ്ധിച്ചപ്പോൾ പുതിയ കോളനികൾ ഉണ്ടാവുകയും പുതിയ നഗര രാഷ്ട്രങ്ങൾ നിലവിൽ വരുകയും ചെയ്തു.

(3) താല്ക്കാലിക കൂട്ടുകെട്ടുകൊണ്ടു് പേർഷ്യാക്കാരെ തോല്പിക്കുവാൻ കഴിഞ്ഞെങ്കിലും നഗര രാഷ്ട്രങ്ങൾ സൈനികശക്തിയിൽ യഥാർത്ഥത്തിൽ ദുർബ്ബലമായിരുന്നു. അവർക്കു് മാസിഡോണിയായിലെ ഫിലിപ്പിന്റെ ശക്തിയേയോ, അദ്ദേഹത്തിൻെറ മകൻ മഹാനായ അലക്സാണ്ടറെയോ, പിന്നീട്ട് റോമാക്കാരെയോ നേരിടുവാനുള്ള ശക്തിയില്ലായിരുന്നു.

(4) നഗരരാഷ്ട്രങ്ങളുടെ തത്വശാസ്ത്രം ജനസംഖ്യ കുറക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. അതിനായി ദുർബ്ബലരും വിരൂപരും ആയ കുട്ടികളെ ഹനിക്കുന്ന ഏർപ്പാടുണ്ടായിരുന്നു, വിശിഷ്യ സ്പാർട്ടാക്കാരുടെ ഇടയിൽ സ്വവർഗ്ഗ സംഭോഗം ജനനനിയന്ത്രണത്തിനു് സഹായകമായിരിക്കുന്നതിനാൽ അതിനെ പ്രകൃതി വിരുദ്ധമായി ഗണിച്ചിരുന്നില്ല.

റോമിനു് ഒരു നഗരരാഷ്ട്രം എന്ന നിലയിൽ ശ്രദ്ധേയമായ ഒരു ചരിത്രം ഉണ്ടു്. സൈനിക ശക്തിയും സാമ്രാജ്യദുർമ്മോഹവും ഉള്ള റോമാക്കാർക്കു് അയൽ വാസികളുടെ അവകാശങ്ങളിൽ തീരെ മതിപ്പില്ലായിരുന്നു എന്നുമാത്രമല്ല അവർ അതിത്തിവികസന പരിപാടി ആരംഭിക്കുകയും ഇററലിയുമായി യോജിപ്പിലെത്തുന്നതു

വരെ അതു തുടരുകയും ചെയ്തു. ഏകാധിപത്യത്തേയും സ്വേഛാധിപത്യത്തേയും തുടച്ചു മാററിയതിനുശേഷം റോമൻ ഭരണഘടന ജനാധിപത്യ ഭരണഘടന അംഗീകരിച്ചു. ഒരു മനുഷ്യനിൽ മാത്രം അധികാരം ഏല്പിച്ചു കൊടുക്കുന്നതിനെ ഭയന്നു് അവർ പരസ്പരം 'വീറ്റോ' ചെയ്യാനുള്ള അധികാരത്തോടെ രണ്ടു പ്രതിനിധികളെ വച്ചു. സ്ഥാപിത താല്പര്യങ്ങൾ വളരാതിരിയ്ക്കാൻ തെരഞ്ഞെടുപ്പു് ഓരോ വർഷവും ആക്കി. നിയമനിർമ്മാണാധികാരം "കൊമീടിയാ ക്യൂറിയാട്ടാ" (comitia curiata) എന്നും കൊമീടിയാ സെഞ്ച്യൂറിയാട്ടാ (comitia centuriata) എന്നും രണ്ടു കൂട്ടത്തിൽ നിക്ഷിപ്തമായിരുന്നു. പടീഷ്യന്മാരായിരുന്നു അതിലുണ്ടായിരുന്നതു്. എന്നാൽ കാലക്രമത്തിൽ പ്ളബിയക്കാരുടെ എണ്ണം വർദ്ധിക്കുകയും അവർ രാഷ്ട്രീയ വാദം തുടങ്ങുകയും ചെയ്തപ്പോൾ അതു് അംഗീകരിച്ചുകൊടുക്കേണ്ടതായി വന്നു. അങ്ങനെ കൺസീലിയം പ്ളബിസ് (concilium plebis) എന്ന മൂന്നാമതൊരു നിയമനിർമ്മാണ ഘടകവും പ്ളബിയാക്കാരുടെ ന്യായപീഠവും നടപ്പിൽ വരുത്തി. എങ്ങിനെ ഈ വിധത്തിൽ സമ്മിശ്രമായ ഘടകങ്ങളും ആഫീസറന്മാരും വിജയകരമായി തങ്ങളുടെ ജോലികൾ ചെയ്തു എന്നതു് ചരിത്രത്തിലെ അത്ഭുതമായി അവശേഷിക്കുന്നു. ഇതിനെ റോമാക്കാരുടെ സവിശേഷമായ സ്വഭാവവിശേഷത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ വിശദീകരിക്കുവാനാകൂ. സ്ഥിരതയും മുരട്ടുശീലവും കറകളഞ്ഞ സ്വദേശസ്നേഹവും സഹകരണ മനോഭാവവുമാണു് ആ പ്രത്യേകതകൾ അത്യാസന്ന ഘട്ടങ്ങളിൽ അവർ സ്വേഛാധിപത്യത്തിനു് വഴങ്ങിയിട്ടുണ്ടു്. അതു ഏകഭാവത്തിനും യോജിപ്പിനും കളമൊരുക്കി. മെഡിററേനിയൻ ലോകത്തിൽ റോമൻറിപ്പബ്ലിക്കു് ഒരു മഹൽ ശക്തിയായി

തീർന്നു. എന്നാൽ ധനവും അധികാരവും റോമൻ സ്വഭാവത്തിനെ തുരുമ്പുപിടിപ്പിച്ചു. അധികാരമോഹികളായ ഗവർണ്ണർമാർ സൈനിക മേധാവികളുടെ സഹായത്താൽ അധികാരത്തിനും, ''സുള്ള''യും 'മേറിയസ്സും' തമ്മിലുള്ള ആഭ്യന്തരകലഹത്തിനും തയ്യാറായി. സീസറും പോംപയിയും റോമൻ റിപ്പബ്ളിക്കിൻെറ മണിനാദം മുഴക്കുവാൻ ശ്രമിച്ചവരാണ്. റിപ്പബ്ളിക്കിനെ രക്ഷിക്കുവാൻ നിരാശയോടെ നടത്തിയ അവസാന ശ്രമത്തിൽ സീസറിനെ അദ്ദേഹത്തിൻെറ വിശ്വസ്ത സ്നേഹിതൻ ബ്രൂട്ടസ് കൊലപ്പെടുത്തി. എന്നാൽ ആ കാലഘട്ടം റിപ്പബ്ളിക്കിനെതിരായിരുന്നു. അതിനാൽ അഗസ്റ്റസിൻെറ കീഴിൽ അതൊരു സാമ്രാജ്യമായിതീർന്നു. വിപ്ളവം അവസാനിച്ചതു റോമാക്കാരുടെ പ്രത്യേക രീതിയിലും ഭരണഘടനാനുസൃതവും ആണ്. റിപ്പബ്ളിക്ക് ആവശ്യത്തിലേറെയുള്ള ഓഫീസറന്മാരുടെ കീഴിൽ പരസ്പരം നിയന്ത്രണത്തിലാണ് നടന്നുപോന്നതു്. ഈ ഓഫീസുകളെല്ലാം സർവ്വാധികാരമുള്ള ഒരാളോട്ട് ആലോചിച്ചാണ് പ്രവർത്തിച്ചുപോന്നതു്. അവരുടെ രീതി വളരെ ലളിതമായിരുന്നു. സർവ്വസൈന്യാധിപനാണ് ചക്രവർത്തിയായി മാറുന്നതു്. നീറോയുടെ ക്രൂരതയും മെസാലിനായുടെ അപ്രശസ്തിയും ഉണ്ടായിരുന്നിട്ടും റോമാസാമ്രാജ്യം ശോഭിക്കുകതന്നെ ചെയ്തു. ഒരു റോമാക്കാരന് താനൊരു റോമൻ പൗരനാണെന്നു പറയുന്നതു് അഭിമാനജനകമാണ്. റോമൻ പൗരത്വം അതിൻെറ ഇടുങ്ങിയ അർത്ഥത്തിലല്ല ഒതുങ്ങിനിന്നിരുന്നതു്. അതിവിസ്തൃതമായ റോമാസാമ്രാജ്യത്തിലെ എല്ലാ പൗരന്മാരും അതിൽ അടങ്ങിയിരുന്നു. അതിന് വിശേഷാൽ യാതൊരു രാഷ്ട്രീയാധികാരവും ഇല്ലെങ്കിലും അന്തസ്സ് ഉണ്ടായിരുന്നു. സാമ്രാജ്യം നിലം പതി

ച്ചപ്പോൾ മാർപ്പാപ്പാ റോമിലെ ബിഷപ്പായി റോമിനെ രക്ഷിച്ചു. സാമ്റാജ്യത്തിൻെറ തുണ്ടുകൾ പ്യൂഡൽസ്റ്റേറ്റു യിററുകളായി വികസിച്ചു. അതു കാലാന്തരത്തിൽ ദേശീയ സംസ്ഥാനങ്ങളുമായി രൂപാന്തരപ്പെട്ടുകയും ചെയ്തു.

അമേരിക്കയുടെ കണ്ടു പിടുത്തത്തെ തുടർന്നു നല്ല നിലയിൽ കഴിഞ്ഞിരുന്ന ചില രാജ്യങ്ങൾ കോളനി രാജ്യങ്ങളായി വളന്നു. ബ്രിട്ടൻ ഇന്ത്യയെ അധീനത്തിലാക്കി. ധനപരവും രാഷ്ട്രീയവുമായ ചൂഷണം അനിവാര്യമായിരുന്നെങ്കിലും ചില മെച്ചങ്ങളുമുണ്ടായിരുന്നു. ഇന്ത്യയിലേയും ചൈനയിലേയും ഇസ്ളാമിക സംസ്ഥാനങ്ങളിലേയും യാഥാസ്ഥിതികതത്വത്തെ അതു പിടിച്ചു കുലുക്കി. സമുദ്രത്തിൽ നിന്നു് ഒറ്റപ്പെട്ടു നില്ക്കുന്ന ജമ്മനി കാളനിക്കവേണ്ടിയുള്ള ഓട്ടത്തിൽ പുറകിലായിപ്പോയപ്പോൾ പുതിയ ആശയങ്ങളും വ്യാമോഹങ്ങളും സ്വരാജ്യസ്നേഹവുമുണ്ടായതോടൊപ്പം മററുള്ളവരോട്ട് അസൂയയും ഉണ്ടായി. ജമ്മനി രണ്ടു തവണ യുദ്ധത്തിനു് സൈന്യങ്ങളെ നയിക്കുകയും തോല്ക്കുകയും ചെയ്തെങ്കിലും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിൻെറ അടിത്തറ ദുർബ്ബലപ്പെട്ടുത്തി. ഇതു് പിടിച്ചടക്കപ്പെട്ട രാജ്യങ്ങളിൽ അക്രമവും അക്രമരഹിതവുമായ വിപ്ളവങ്ങൾക്കു് കളമൊരുക്കുകയും ബ്രിട്ടീഷുകാക്കു് അതിൻെറ മുൻപിൽ തല കുനിക്കേണ്ടിവരുകയും ചെയ്തു. അതു് ശക്തമായ ഒരു സാമ്രാജ്യത്വത്തിൻെറ അന്ത്യം കുറിച്ചു. ബ്രിട്ടൻേറയും ജമ്മനിയുടേയും പതനം എതിർ തത്വശാസ്ത്രങ്ങളോടു കൂടിയ റഷ്യയേയും അമേരിക്കയേയും മുൻപിലേക്കു് കൊണ്ടുവന്നു.

മനുഷ്യ ചരിത്രത്തിലൂടെ വിശാല വീക്ഷണം നടത്തിയാൽ ചില ശക്തികളുടെ ദുഃഖപര്യവസായി ആയ അന്ത്യവുംയുദ്ധവിജയാഘോഷങ്ങളുംകാണുവാൻ കഴിയും.

മനുഷ്യശൈശവത്തിനു് വർഷങ്ങളോളം നീണ്ടു നിൽക്കുന്ന മാതൃപരിരക്ഷണം ആവശ്യമാണു്. പിതൃത്വം ചോദ്യം ചെയ്യപ്പെടാമെങ്കിലും മാതൃത്വം ചോദ്യം ചെയ്യപ്പെടാൻ സാദ്ധ്യമല്ലാത്തതിനാൽ അമ്മയാണു് യഥാർത്ഥ രക്ഷിതാവു്. മനുഷ്യവർഗ്ഗത്തിൻെറ ആദ്യകാലഘട്ടങ്ങളിൽ ജനങ്ങൾ യാദൃശ്ചികസംഭവവും ക്രമം തെററിയ ലൈംഗീക വേഴ്ചകളും സാധാരണ നടപടിക്രമമായി വിശ്വസിക്കുന്നതിൽ തെററില്ല. ഗർഭധാരണത്തിനും പ്രസവത്തിനും ഇടയ്ക്കുള്ള നീണ്ട കാലഘട്ടം പിതൃത്വം അജ്ഞമാകുന്നു. ഇന്നും ലൈംഗീകകാര്യങ്ങളെപ്പററി അജ്ഞന്മാരായ സമുദായങ്ങൾ ഉണ്ടെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. ഉദാഹരണത്തിനു് 'പപ്പുവായ്ക്കു് വടക്കു കിഴക്കുള്ള ട്രോബ്രിയൻ ദ്വീപുകളിലെ മെലേനേഷ്യൻ നിവാസികൾ വിശ്വസിക്കുന്നതു്, ഒരു ആത്മാവു് അവതാരം എടുക്കുവാൻ ആഗ്രഹിക്കുമ്പോൾ സ്ത്രീക്കു് ഗർഭം ഉണ്ടാകുന്നുവെന്നാണു്.... ഒരു പിതാവിൻെറ ആവശ്യം ഇല്ല. ട്രോബ്രിയൻകാർ പിതൃത്വത്തിൽ വിശ്വസിക്കുന്നില്ല' എന്നു് റിച്ചു് മോണ്ടു് തൻെറ 'അറിയപ്പെടാത്ത വർഗ്ഗങ്ങളും രേഖപ്പെടുത്താത്ത സമുദ്രങ്ങളും' എന്ന പുസ്തകത്തിൽ രേഖപ്പെടുത്തിയിരിയ്ക്കുന്നതു് അവിശ്വസനീയങ്ങളായ പല സത്യങ്ങളിലേക്കും നിഴൽ വീശുന്നുണ്ടു്. അച്ഛനു് സ്ഥാനം നൽകാത്ത മാതൃത്വം വഴിയിലുള്ള ആദ്യത്തെ കുടുംബങ്ങളുടെ കഥ നമ്മെ അത്ഭുതപ്പെടുത്തുന്നില്ല. ഒരു കുഞ്ഞിൻെറ പ്രാഥമിക ആവശ്യങ്ങളും സുരക്ഷിതത്വവും അമ്മയുടെ സ്നേഹം നിറഞ്ഞ കൈത്തണ്ടുകളിൽ നിന്നു് ലഭിയ്ക്കുന്നു. ബഹുഭർത്തൃത്വ കുടുംബങ്ങൾ ഇന്നും ലോകത്തിൻെറ പല ഭാഗങ്ങളിലും നടന്നു വരുന്നുണ്ടു്. 1956-ലെ ഹിന്ദു വിവാഹ നിയമത്തോടുകൂടി നാമാവശേഷമായ മരുമക്കത്തായ കുടുംബ

ങ്ങൾ കേരളത്തിലെ നായന്മാരുടെ ഇടയിൽ ഉണ്ടായിരുന്നു. ഈ ഒരു മാററത്തെ സ്വാഗതം ചെയ്യാത്ത പല നായന്മാരെയും കണ്ടിട്ടുണ്ട്. മുപ്പതു് വർഷങ്ങൾക്കു മുൻപു് പണ്ഡിതനായ ഒരു നായർ പ്രൊഫസർ ആത്മാർത്ഥമായും എന്നോടു ചോദിക്കുകയുണ്ടായി, ഒരു ഭർത്താവിനു് ഭാര്യയുടെ സ്വത്തിൻ മേലുള്ള അവകാശം എന്താണെന്നു്. അച്ഛൻെറ സ്ഥാനം എന്നു മുതൽ അംഗീകരിച്ചു തുടങ്ങി എന്നു വിശദമായി പറയുക സാദ്ധ്യമല്ല. തീർച്ചയായും മനുഷ്യൻ ഒരു സ്ത്രീയുമായോ അനവധി സ്ത്രീകളുമായോ സ്ഥിര താമസം തുടങ്ങുന്നതിനു് മുമ്പായിരിക്കുവാനിടയില്ല. ഈജിപ്ററ്, ചൈന ഇന്ത്യ ബാബിലോണിയ തുടങ്ങിയ ഏററവും പൗരാണിക സംസ്കാരങ്ങൾ ആധിപത്യം ഉറപ്പിച്ചപ്പോൾ പിതൃദായക്രമത്തിലുള്ള കുടുംബങ്ങൾ നിലവിൽ വരുകയും ക്രമാനുഗതമായി വളർന്നു് എല്ലാ സമുദായത്തിലേക്കും പടർന്നു പിടിക്കുകയും അതിനെ 'സംസ്കാരം' എന്നു വിളിക്കുകയും ചെയ്തുവെന്നതു് ചരിത്രപരമായ ഒരു വസ്തുതയാണു്. അമ്മയുടെ കൈകളിൽ നിന്നു് മക്കളെപ്പോറേണ്ട ചുമതല ഏറെറടുക്കുന്നതു് ഒരു പിതാവിൻെറ ധാർമ്മികമായ അവകാശം മാത്രമാണു്.

വർഗ്ഗഘട്ടത്തിലെ ആസ്തിയെ കമ്യൂണിസ്റ്റുകാർ കണക്കിലെടുത്തു. കാരണം വിലപ്പെട്ട വളരെ കുറച്ചു മാത്രമേ അന്നു വ്യക്തികളുടെ ഉടമസ്ഥാവകാശത്തിലുണ്ടായിരുന്നുള്ളു എന്നതു തന്നെ. ഒരു നേതാവും പ്രായമായവരും ചേർന്നുണ്ടാക്കിയ നിയമസഭ, പ്രശ്നങ്ങളെ പരിഹരിച്ചിരുന്നതു് വർഗ്ഗഘട്ടത്തിനു ശേഷമുള്ള നഗരരാഷ്ട്രങ്ങളുടെയും ചെറിയചെറിയ രാജവംശങ്ങളുടെയും ഉത്ഭവത്തിനു് അടികല്ലിട്ടു.

യൂറോപ്യൻ മണ്ണിൽ സ്റ്റേററിൻെറ രാഷ്ട്രീയആദർശം അംഗീകരിച്ചതു് ഗ്രീക്കു് റോമൻസംസ്കാരത്തിന്റെ സമ്മർദ്ദത്താലാണെന്നുള്ളതു് എടുത്തുപറയത്തക്കതാണു്. അതു് രാഷ്ട്രത്തിന്റെയും സമൂഹത്തിൻെറയും വ്യത്യാസത്തെ ബോധ്യമാക്കി. എന്തുകൊണ്ടെന്നാൽ രാഷ്ട്രം സാമൂഹ്യജീവിതത്തിൻെറ എല്ലാവശങ്ങളിലും ആധിപത്യം നേടുവാൻ ശക്തമായിതീൎന്നു. മാർപ്പാപ്പായുടെ ആത്മീയചൈതന്യത്താൽ സുശക്തമാക്കപ്പെട്ട പള്ളിയുടെ താല്ക്കാലിക അധികാരം ചില നൂററാണ്ടുകളോളം രാഷ്ട്രത്തിൻെറ അധികാരത്തെ ക്ലിപ്തപ്പെടുത്തി. ദേശീയരാഷ്ട്രങ്ങളുടെ വളർച്ചയും പതിനാറാംനൂററാണ്ടിലെ മതവിപ്ളവവും (Reformation) കൂടി കഴിഞ്ഞ നൂററാണ്ടിലെ എഴുപതുകളിൽ കുറച്ചു ചതുരശ്രൂമൈൽ മാത്രം അടങ്ങുന്ന 'വത്തിക്കാൻ' രാഷ്ട്രത്തിലേക്കു് യഥാർത്ഥമായും ചുരുങ്ങിക്കൂടുന്നതുവരെ മാർപ്പാപ്പായുടെ താല്ക്കാലികാധികാരത്തെ ക്ഷയിപ്പിച്ചു. പാശ്ചാത്യരാജ്യങ്ങളിൽ സംസ്ഥാനത്തിനു് പരമാധികാരം ഉണ്ടെന്നു മാത്രമല്ല എല്ലാം അതിൻെറ കീഴിലുമാണു്.

പാശ്ചാത്യരാജ്യങ്ങളിൽ നേരായുള്ളതു് ലോകംമുഴുവൻ നേരാകണമെന്നില്ല. ചൈനയിലേയും ഇൻഡ്യയിലേയും മദ്ധ്യകിഴക്കൻ ഇസ്ലാമികരാഷ്ട്രങ്ങളിലേയും സ്ഥിതിഗതികളെപ്പററി ഒരു ചെറിയ പഠനം നടത്തുന്നതു് അസ്ഥാനത്തല്ല. പൗരസ്ത്യരാജ്യങ്ങളിലെ രാജാക്കന്മാരുടേയും ചക്രവർത്തിമാരുടെയും ക്രൂരമായ അനിയന്ത്രിതശാസനത്തെപ്പററി പാശ്ചാത്യപണ്ഡിതന്മാർ പറയാറുണ്ടെങ്കിലും ഈ അനിയന്ത്രിതശാസനത്തെ നിയന്ത്രിച്ചിരുന്ന ചില യഥാർത്ഥ്യങ്ങളുടെ നേർക്കു് നാം കണ്ണടച്ചുകൂടാ. രണ്ടു് ദശവത്സരങ്ങൾക്കു് മുൻപു് അതായതു്

കമ്മ്യൂണിസ്റ്റുകാർ അധികാരത്തിൽ എത്തുന്നതുവരെ, കൺഫ്യൂഷ്യസിൻെറ സാമൂഹ്യതത്വശാസ്ത്രത്തിനു് വഴങ്ങിയാണു് ചൈനയിലെ ഭരണം നടന്നിരുന്നതു്. ബഹുഭർത്തൃത്വവും ബഹുഭാര്യാത്വവും അനുവദിച്ചിരുന്നുവെങ്കിലും അതു് കുടുംബത്തെ വളരെയേറെ പുകഴ്ത്തിയിരുന്നു. എല്ലാ ധാർമ്മികമൂല്യങ്ങളും കുടുംബത്തിനു് ചുററുമാണു പടുത്തുയർത്തിയിരുന്നതു്. ആഭ്യന്തരവും ബാഹ്യവുമായ കലഹങ്ങളിൽനിന്നു് രാജ്യത്തെ രക്ഷിക്കുവാനുള്ള ചുമതല തലവനായ ചക്രവർത്തിയിലാണു് നിക്ഷിപ്തമായിരുന്നതു്. അദ്ദേഹം ഇരുമ്പുമുഷ്ടികളാലാണു് ഭരണം നടത്തിയിരുന്നതെങ്കിലും കൺഫ്യൂഷ്യൻ നീതിയിൽ പടുത്തുയർത്ത സാധാരണക്കാരുടെ ജീവിതത്തിൽ ഇടപെട്ടിരുന്നില്ല. രാജകുടുംബങ്ങൾപോലും ഇതിൽനിന്നു് വ്യത്യസ്ഥമായിരുന്നില്ല. ഭരിക്കുന്നവരും ഭരണീയരും തമ്മിൽ ഒരു കരാർ ഇതിലടങ്ങിയിരുന്നു.

ഇസ്ലാമിക സംസ്ഥാനങ്ങളിലാവട്ടെ, പരിശുദ്ധ ഖുറാനിലെ ഉപദേശങ്ങൾ ആണു് രാജാക്കന്മാരുടെ അനിയന്ത്രിതശാസനത്തിനു പുറകിലുണ്ടായിരുന്നതു്. ഭരണകാര്യങ്ങളിൽ, വിശിഷ്യ യുദ്ധത്തിലും സമാധാനത്തിലും രാജാക്കന്മാർ പൂർണ്ണന്മാരായിരുന്നു. ഈ ഇരുപതാംനൂററാണ്ടിൽ പാകിസ്ഥാനിൽ നടക്കുന്നതുപോലെ ഇസ്ളാമികസംസ്ഥാനങ്ങളുടെ തലവന്മാരെന്ന നിലയിൽ നിസ്സാരസംഭവങ്ങൾക്കുപോലും മതത്തിൻെറ നിറം നല്കുവാൻ അവർ തുനിഞ്ഞിരുന്നു. സംസ്ഥാനത്തിൻെറ അടിസ്ഥാനം ഇസ്ളാമാണു്.

പാശ്ചാത്യമാതൃകയിലുള്ള സംസ്ഥാനത്തേക്കാൾ വ്യത്യസ്തമായ ഒന്നാണു് ഇൻഡ്യയുടേതു്. ഹിന്ദുവായാലും മുസ്ളീം ആയാലും യൂറോപ്യനായാലും മറ്റേതൊരു സം

സ്ഥാനത്തുള്ളതിനേക്കാളും സാമൂഹ്യസംഘടനകൾ ജനങ്ങളിൽ സ്വാധീനം ചെലുത്തുന്നു. ജാതിവ്യവസ്ഥയും കൂട്ടുകുടുംബവ്യവസ്ഥയും അതിപുരാതന സ്ഥാപനങ്ങളും ഗ്രാമങ്ങളിലെ സ്വയംഭരണവ്യവസ്ഥിതിയും, വിദേശ രാജ്യാക്രമങ്ങളുടെ തിരമാലയിൽനിന്നും ഹൈന്ദവസംസ്കാരത്തെ അതിജീവിപ്പിച്ചു. മാത്യൂ അർനോൾഡ് (Mathew Arnold) ഉൾക്കാഴ്ചയോടുകൂടി പറയുകയുണ്ടായി.

"കൊടുങ്കാററിൻെറ മുൻപിൽ പൗരസ്ത്യരാണു തല കുനിച്ചു, ക്ഷമാശീലത്തോടും തിരസ്കാരബുദ്ധിയോടുകൂടെ ആ കൊടും ശക്തികളെ അലറിക്കൊണ്ടു കടന്നുപോകാൻ സമ്മതിച്ചുകൊണ്ട് അതു് പിന്നെയും ചിന്തയിൽ ചെന്നു ചാടി."

ഇതു് യോഗികളുടെയും ശുദ്ധഗ്രാമീണരുടെയും കാര്യത്തിൽ യോജിക്കുന്ന ഒന്നാണു്. കരംപിരിവ് ഒഴിച്ചാൽ രാജാക്കന്മാർ ഗ്രാമീണരുടെ കാര്യത്തിൽ തല്പരരല്ലായിരുന്നു. ശത്രുക്കളിൽനിന്നുള്ള സുരക്ഷിതത്വത്തിൻെറ ഉത്തരവാദിത്വം മാത്രമേ അവർ ഏറെറടുത്തുള്ളു. ബാക്കിയുള്ള ചുമതലകളെല്ലാം ജാതിയുടെയും ഹിന്ദുക്കൂട്ടകുടുംബങ്ങളുടേയും അടിസ്ഥാനത്തിൽ ഭരിച്ചിരുന്ന ഗ്രാമപഞ്ചായത്തുകളിലാണു് നിക്ഷിപ്തമായിരുന്നതു്. ഹിന്ദുമതത്തിലെ ജാതി സവിശേഷമാണു്. ആ വാക്കിന്റെ മൂലംതന്നെ വൈദേശികമാണു്. പോർട്ടുഗീസിൽ 'കാസ്റ്റാ' എന്നതിൻെറ അർത്ഥം വിത്തു് അഥവാ വർഗ്ഗം എന്നാണു്. കാസ്റ്റസ് എന്ന ലാറ്റിൻ വാക്കിൻെറ അർത്ഥം പരിശുദ്ധം എന്നും ആണു്. ജാതിവ്യവസ്ഥയുടെ ഉത്ഭവത്തെപ്പററി ധാരാളം ചർച്ചകൾ നടന്നിട്ടുണ്ടെങ്കിലും അതു് നിരർത്ഥകമാണു്. കാരണം സാമ്പത്തികാടിസ്ഥാനത്തിൽ ഉണ്ടായ അതിനെ തലമുറകളായുള്ള ചരിത്ര

സംഭവങ്ങൾ വെളിക്കണ്ടിൽ ആഷ്ട്ടി. വേദങ്ങൾ മൂന്നു ജാതികളെപ്പററി മാത്രമേ പറയുന്നുള്ളൂ. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ. സാമ്പത്തികാടിസ്ഥാനത്തിൽ ഉള്ള വകതിരിവാണിതു്. ഇന്ത്യയിലെ ആര്യന്മാരോടു് സാംസ്കാരികമായി സാമ്യം വഹിക്കുന്ന ഇറാനിലെ ഈ വകതിരിവുകൾതന്നെയുണ്ടു്. ഇറാനിൽ അത്രവാൻസ് (ബ്രാഹ്മണർ) രഥേസ്ഥാഴ്സ് (ക്ഷത്രിയർ) വസ്ത്രിയോഷ് (വൈശ്യർ) എന്നാണു് അറിയപ്പെടുന്നതു്. മൂന്നാമത്തെ വകുപ്പിൽ കൃഷിക്കാരും കൈത്തൊഴിലുകാരും ആയ വിജാതീയരും ഉൾപ്പെടുന്നു. പുരാതന ഇറാനിലെ അവസ്ഥയിൽ കരകൗശലക്കാരെന്ന നാലാമതൊരു തരക്കാരെപ്പററി ഒരിക്കൽ മാത്രമേ പറഞ്ഞിട്ടുള്ളൂ. ജാതിയെ ദ്രാവിഡം എന്നു് നോക്കിക്കാണുവാൻ ആണു് ഡാ: ഗിൽബർട്ട്സ്ലാട്ടറും സ്റ്റാൻലിറൈസും ഇഷ്ടപ്പെട്ടുന്നതു്. ദ്രാവിഡർക്കു് ആര്യന്മാരിൽ സ്വാധീനംചെലുത്തുവാൻ കഴിയുന്നതിനു് എത്രയോ മുൻപുള്ള വേദശാസ്ത്രങ്ങളുടെ വെളിച്ചത്തിൽ ഈ അഭിപ്രായത്തെ സാധൂകരിക്കുവാൻ നിവൃത്തിയില്ല. ആദ്യമുള്ള മൂന്നു ജാതികൾക്കു പുറമേ നാലാമതൊന്നുകൂടി കൂട്ടിച്ചേർന്നപ്പോൾ ദ്രാവിഡർ എതിരായിരുന്നു. ഇതു് ശൂദ്രന്മാരുടെ ജാതിയായിരുന്നു. അതിൻെറ ഉത്ഭവം വർഗ്ഗീയമാണു്. എന്തുകൊണ്ടെന്നാൽ ''വർണ്ണം'' എന്നതിൻെറ അർത്ഥം നിറത്തെക്കാണിക്കുന്നതാണു്, ആര്യന്മാരുടെ നിറം വെളുപ്പും ഇന്ത്യയിലെ ആദിമനിവാസികളായ ദ്രാവിഡരുടേയും മററും നിറം കറുപ്പും ആയിരുന്നു. സാമൂഹ്യനിയമപ്രകാരം പിടിച്ചടക്കപ്പെട്ടവർ പിടിച്ചടക്കിയവരുടെ അടിമകളായി മാറി, ലൈംഗികവ്യവസ്ഥക്കു് നിറം ബാധകമല്ലായിരുന്നുവെങ്കിലും വർഗ്ഗാഭിമാനം വെളുപ്പിനേയും കറുപ്പിനേയും വേർതിരിച്ചു നിർത്തി. കറുത്തവർ

ക്ക് താണപദവിറയ നൽകുന്നുള്ളു. അവരിൽ കർഷക തൊഴിലാളികളും കരകൗശലവിദ്യക്കാരും, അടങ്ങുന്നു. കച്ചവടക്കാരും വ്യവസായികളും ഉൾപ്പെട്ടുന്ന വൈശ്യർ ഉയന്ന ജാതിയായി കണക്കാക്കപ്പെട്ടു. ഹിന്ദുസമുദായത്തിൽപ്പെട്ട ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശൂദ്രജാതികളിൽനിന്നും ഭാര്യമാരെ സ്വീകരിച്ചിരുന്ന ബ്രാഹ്മണരെപ്പററിയുള്ള വ്യക്തമായ സൂചനകൾ മനുസ്മൃതിയിൽ ഉണ്ടെന്നുള്ളതു് ധർമ്മശാസ്ത്രകാലത്തു് മിശ്രവിവാഹങ്ങൾ അജ്ഞാതങ്ങൾ അല്ലായിരുന്നു എന്നതിനു സാക്ഷ്യം വഹിക്കുന്നു.

ജാതി വ്യവസ്ഥയുടെ ഏറ്റവും നീചമായ വശമാണു് പഞ്ചമജാതിക്കാരായ പുറം ജാതിക്കാർ. ആര്യന്മാരുടെ ജീവിതസമ്പ്രദായവും സാമൂഹ്യബന്ധങ്ങളും അംഗീകരിച്ചു കൊടുക്കാത്ത കീഴടക്കപ്പെട്ടവരാണു് അതിൽ അടങ്ങുന്നതു്. അവർ കേരളത്തിൽ വാച്യർത്ഥത്തിൽ തന്നെ തൊട്ടുകൂടാത്തവരും തീണ്ടിക്കൂടാത്തവരും ആയിതീന്നു. കാരണം അവർ പ്രധാനമായി തൂപ്പും ചത്ത മൃഗങ്ങളുടെ തൊലി ഉരിപ്പും തൊഴിലായി അംഗീകരിച്ചതു തന്നെ തൊട്ടുകൂടായ്മയിൽ, ഗ്രാമങ്ങളിലെ പൊതു നിരത്തുകളും കിണറുകളും ഉപയോഗിയ്ക്കുന്നതിനുള്ള അവകാശം നിഷേധിക്കപ്പെട്ടിരുന്നു. അവർ ഒരേ ഗ്രാമത്തിൽപ്പെട്ടവരാണെങ്കിലും അതിൻെറ അതിർത്തിക്കു പുറത്തു് കഴിയേണ്ടിയിരുന്നു. പന്തിഭോജനവും പരസ്പര വിവാഹവും ഭ്രഷ്ടായി കല്പിക്കപ്പെട്ടിരുന്നു. ബ്രിട്ടീഷ് ഭരണകാലത്തു് തൊട്ടുകൂടായ്മ ഹിന്ദുമതത്തിലെ ഒരു ശാപമാണെന്നു് മഹാത്മഗാന്ധിയേപ്പോലെയുള്ള പുരോഗമനവാദിയായ ഇന്ത്യക്കാർ കരുതി. സ്വാതന്ത്ര്യത്തോടുകൂടി പുരാതന ചിന്താഗതികൾ തുടച്ചു നീക്കി പക്ഷേ അതു് മരിച്ചില്ല. ജാതി ഹിന്ദുക്കളുടെ മനസ്സിൽ അതു്

അത്രയ്ക്കു് ആണ്ടുപോയിരുന്നു. ഇന്നും ഗ്രാമങ്ങളിൽ അതു് നിലനിന്നുപോരുന്നുമുണ്ടു്. പട്ടണങ്ങളിൽ റസ്റ്റോറന്റുകളിലും ട്രാമുകളിലും ബസ്സുകളിലും തൊട്ടുകൂടായ്മയുടെ തല തല്ലിച്ചതച്ചിരിക്കുകയാണു്. അവരെ ഹരിജനങ്ങളെന്നു വിളിച്ചാൽ ഈ ശാപത്തിൽ നിന്നും മോചനം കിട്ടാമെന്നു ഗാന്ധിജിയും പട്ടികജാതികളെന്നു വിളിച്ചാൽ ഈ ശാപത്തിൽ നിന്നും മോചനം കിട്ടാമെന്നു ഗാന്ധിജിയും പട്ടികജാതികളെന്നു വിളിച്ചാൽ മതിയെന്നു് ഗവണ്മെൻറും വിശ്വസിച്ചിരുന്നു. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും ഹരിജൻ മന്ത്രിമാരുണ്ടെങ്കിലും ഈ പേരിലുള്ള മാററംകൊണ്ടു് ശാപം പരിഹരിക്കപ്പെട്ടിട്ടില്ല. അവരിൽ ഒരാൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിൻെറ പ്രസിഡണ്ടു പദവി വരെ ഉയരുകയും, ഡാക്ടർ അംബദ്കർ തൻെറ സ്ഥാനമഹത്വം കൊണ്ടു് ഒരു ബ്രാഹ്മണസ്ത്രീയുടെ ഭർത്തൃപദം അലങ്കരിക്കുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ഈ അപവാദങ്ങൾ അതിൻെറ ഭീകരതയെ മാത്രമേ കാണിക്കുന്നുള്ളു. നിയമത്തിൻെറ സമ്മർദ്ദത്താൽ ക്ഷേത്രങ്ങൾ ബലമായി തുറന്നു കൊടുത്തിട്ടുണ്ടെങ്കിലും ഈ പരിഷ്കാരം അതിൻെറ ലക്ഷ്യപ്രാപ്തിയിലെത്തുവാൻ പരാജയപ്പെടുകയും ആ ക്ഷേത്രങ്ങൾ യാഥാസ്ഥിതികർ തിരസ്കരിക്കുകയും ചെയ്തു, യാഥാസ്ഥിതികവർഗ്ഗങ്ങൾ ഇന്നും പൊതു നിരത്തുകളും കിണറുകളും ഉപയോഗിക്കുന്നതിനുള്ള അവരുടെ നിയമപരമായ അവകാശത്തെ ബലമായി തടയുന്നുണ്ടു്. ഗാന്ധിജിയുടെ ഉപദേശങ്ങളനുസരിച്ചു് ഗവണ്മെൻറു കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ടെന്നുള്ളതു് സത്യമാണു്. എന്നാൽ മനസ്സോടെയും ധാർമ്മികബോധത്തോടെയും അനുസരിച്ചെങ്കിൽ മാത്രമേ നിയമങ്ങൾ കൊണ്ടു പ്രയോജനമുള്ളു. ഈ അവസ്ഥ എത്രനാൾ നീണ്ടു നില്ക്കും? ചരിത്രത്തിനു് മാത്രമേ ഈ ചോദ്യത്തിനുത്തരം പറയുവാൻ കഴിയൂ.

പരസ്പര വിവാഹങ്ങളെ സംബന്ധിച്ചിടത്തോളം, ബോധപൂർവ്വമല്ലെങ്കിലും ജാതിക്കിടയിലുള്ള വിവാഹനിയമങ്ങൾ മുറുകുന്നതിൽ മഹമ്മദീയ ആക്രമണങ്ങൾക്കാണ് ഉത്തരവാദിത്വം. മനു പെൺകുട്ടികളുടെ ശൈശവ വിവാഹത്തിനു വേണ്ടി വാദിച്ചിട്ടുണ്ടെങ്കിലും മഹാഭാരതത്തിലോ രാമായണത്തിലോ പ്രായപൂർത്തി വിവാഹങ്ങൾക്ക് ഒരു നിയമതടസ്സവും കാണുന്നില്ല. വിദേശീയ പട്ടാളക്കാരുടെ സാമിപ്യവും സ്ത്രീ മോഷണത്തിനുള്ള സാഹചര്യവും മൂലം അതിനൊരു പ്രതിവിധി എന്ന നിലയിൽ കഴിയുന്നത്ര നേരത്തെ ചിലപ്പോൾ ജനിക്കുന്നതിനു മുൻപ് കൂടി വിവാഹം ചെയ്തുകൊടുത്തിരുന്നു. കാരണം ഭാര്യമാരേയും അവരുടെ ചാരിത്ര്യത്തേയും മുസ്ലീമുകൾ ആദരിച്ചിരുന്നു എന്നതുതന്നെ. ഒരു പ്രതിവിധി എന്ന നിലയിൽ ആരംഭിച്ച ഇതു കാലാന്തരത്തിൽ ഒരു മതാചാരമായി മാറി. ശൈശവ വിവാഹങ്ങൾ ശൈശവവിധവകളെ സൃഷ്ടിച്ചതിന് പുറമേ വിധവാവിവാഹം കന്യകാ വിധവകൾക്കു കൂടി പാടില്ലെന്നതു വരുത്തിവച്ച വിനകളും ഒരു സാമൂഹ്യ പരിഷ്കാരത്തിന്റെ ആവശ്യകതയെ വിളിച്ചു വരുത്തി. റാജാറാം മോഹൻ റായിൽ ആരംഭിച്ച് ഗാന്ധിജിയിലവസാനിച്ച വലിയ സാമൂഹിക പരിഷ്കർത്താക്കളെയും രക്തസാക്ഷികളായി തീർന്ന റാനഡെ, ചന്ദ്രവാർക്കർ, ചന്ദ്രശേഖരസെൻ, വിദ്യാസാഗർ എന്നിവരെ കൂടാതെ വേറെ ഒട്ടനവധി പേർ ഉൾപ്പെടെ നല്ല ഒരു സംഖ്യ സാമൂഹ്യ പരിഷ്കർത്താക്കളെയും കൊണ്ട് സമ്പന്നമായിരുന്നു. പത്തൊൻപതാം നൂറ്റാണ്ട്. സ്വാതന്ത്ര്യസമ്പാദനത്തോടുകൂടി ഏതൊരു ഇന്ത്യാക്കാരനും അവനോ അവൾക്കോ ഇഷ്ടപ്പെട്ട ആരെയും വിവാഹം ചെയ്യുവാൻ സ്വാതന്ത്ര്യം നല്കുന്ന പരിഷ്കാരം നടപ്പിൽ വന്നു. സ്വാതന്ത്ര്യത്തിനു മുൻപ്

തന്നെ വിധവാവിവാഹങ്ങൾ പ്രചുര പ്രചാരങ്ങളാക യാൽ അതിനു് കൂടുതൽ പരസ്യത്തിനാവശ്യമില്ലായിരുന്നു. ജാതീയ വിവാഹങ്ങൾ നിയമവിരുദ്ധമാക്കിയിട്ടുണ്ടെങ്കിലും ഇന്നും സർവ്വസാധാരണമാണു്, വിശേഷിച്ചും ഗ്രാമങ്ങളിൽ, വിദ്യാഭ്യാസ വികസനവും ഭരണഘടനയിലെ ജനാധിപത്യതത്വശാസ്ത്രങ്ങളുടെ സ്വീകരണവും സാമൂഹ്യ പരിഷ്കരണത്തെ പൊതുജന വിരോധത്തിനു പാത്രീഭവിപ്പിക്കുകയും സാമൂഹ്യപരിഷ്കർത്താക്കളെ ദിവ്യൻമാരാക്കുകയും ചെയ്ത ശാപങ്ങൾ സാവധാനത്തിൽ നിർമ്മാർജ്ജനം ചെയ്യുവാൻ കഴിഞ്ഞേക്കും.

വിദേശീയരുടെ ശക്തി ഇന്ത്യയിൽ വർദ്ധിച്ചപ്പോൾ സ്വയരക്ഷക്കായി ഹിന്ദു സമുദായം കൂടുതൽ കൂടുതൽ യാഥാസ്ഥിതികമാവുകയും ജാതിനിയമങ്ങളുടെ നേരിയ ലംഘനം കൂടി ഗൗരവമായി വീക്ഷിയ്ക്കുകയും ചെയ്തു, സദാചാരവിരുദ്ധ പ്രവർത്തനങ്ങളുടെ നേർക്കു് അല്പം ക്ഷമ കാട്ടിയാൽകൂടി സമുദായങ്ങളുടെ ലംഘനം വലിയ കുററമായിഗണിയ്ക്കുകയും അതിൻെറ ശിക്ഷയായി ജാതിഭ്രഷ്ടു് കല്പിക്കുകയും ചെയ്തു. ജാതിഭ്രഷ്ടരായ ആൾക്കാർക്കു് അവരുടേതായ ഉപജാതികൾ സൃഷ്ടിക്കേണ്ടിയിരുന്നതിനാൽ നാലുജാതികൾ എണ്ണമററ ഉപജാതികളിൽ അവസാനിച്ചു. ഒരു തൊഴിലിനകത്തുതന്നെ, ജോലികളുടെ പ്രത്യേകത അനുസരിച്ചു് ഉപവിഭാഗങ്ങളുമുണ്ടായി. ഉദാഹരണത്തിനായി പൂന്തോട്ടക്കാരൻ പൂമാലകെട്ടുകാരനിൽനിന്നു് വ്യത്യസ്തമായ ഉപജാതിയിൽപ്പെട്ടവനാണു്. അങ്ങിനെ യുക്തിശൂന്യതിലൂടെ അതു മുന്നേറി. ടാഗോറിൻെറ പ്രതിഭ അനുകരണാതീതമായ അദ്ദേഹത്തിൻെറ സ്വന്തം ശൈലിയിൽ ഈ ശാപത്തെപ്പററി വിവരിച്ചിട്ടുണ്ടു്. "നാം നമ്മെ തന്നെ വിഭജിച്ചു വിഭജിച്ചു് ചെ

റിയ ഇറച്ചിക്കഷണങ്ങളാക്കി മാററിയിരിക്കുകയാണ്. ജീവിക്കുവാൻ അർഹമല്ല, വിഴുങ്ങുവാനേ സാധിക്കൂ. ഇന്നവരെയും വേർപിരിഞ്ഞ നമ്മുടെ സമുദായത്തിന് ശാപത്തിന്റെ വെല്ലുവിളിയിൽ നിന്നു് മോചനം കിട്ടിയിട്ടില്ല.'' കൃഷിക്കാർക്കും കൈത്തൊഴിലുകാർക്കും ചൈനയിലെ കൺഫ്യൂഷ്യൻ ജനാധിപത്യത്തിൽ നൽകിയിരുന്ന ഉന്നതസ്ഥാനത്തെ അദ്ദേഹം ഇതിനു് വിപരീതമായി എടുത്തുകാട്ടുന്നു. ടാഗോറിനെ ഒരിക്കൽ കൂടി ഉദ്ധരിച്ചാൽ ''തലമുറകളായി തുറന്നിട്ടിരിക്കുന്ന അത്ഭുതാവഹമായ യുക്തിചിന്തകളുണ്ടായിരുന്നിട്ടുകൂടി വിടവുകൾ അടക്കുന്നതിനു് വിഘാതമായി നില്ക്കുന്ന ശിക്ഷയേയും നിയമത്തേയും പരിശുദ്ധമെന്നും പൗരാണികം എന്നും കരുതി കേട്ടപാട്ടുകൾ മാററുവാൻ തയ്യാറാവാത്ത ആത്മഹത്യാപരമായ ഒരു ജനസമൂഹമാണ് നാം''

ജാതി വ്യവസ്ഥയുടെ ഇടുങ്ങിയ പുറംചട്ടക്കെതിരെ സമരം പ്രഖ്യാപിച്ചുകൊണ്ടു് യുഗയുഗങ്ങളിൽ ഓരോ പ്രവാചകന്മാർ വന്നിട്ടുണ്ടെന്നുള്ളതു് ഹിന്ദുമതത്തിന് അഭിമാനത്തിനു വക നൽകുന്നു. ഭഗവദ്ഗീതയിൽ ജാതി വ്യവസ്ഥയുടെ നീതിശാസ്ത്രത്തെപ്പററി കൃഷ്ണൻ നൽകുന്നവിവരങ്ങൾ ആദരണീയങ്ങളാണ് ഗുണഭേദം അനുസരിച്ചു് അദ്ദേഹം തന്നെയാണത്രേ നാലുജാതികൾ സൃഷ്ടിച്ചതു്. സത്വഗുണം, രജോഗുണം, തമോഗുണം, ഇതാണ് ആ മൂന്നു ഗുണങ്ങൾ. ഏററക്കുറച്ചിലനുസരിച്ചു് എല്ലാ വ്യക്തികളിലും ഈ മൂന്നു ഗുണങ്ങൾ അടങ്ങുന്നുണ്ടു്. സത്വഗുണ പ്രധാനന്മാരാണ് ബ്രാഹ്മണർ, രജോഗുണപ്രധാനന്മാരാണ് ക്ഷത്രിയന്മാർ. മൂന്നു് ഗുണങ്ങളുടേയും സമ്മിശ്രസ്വഭാവം ഉള്ളവരാണ് വൈശ്യർ, തമോഗുണ പ്രധാനന്മാരാണ് ശൂദ്രന്മാർ ഇതാണ് നീതിശാസ്ത്രപ്രകാരമുള്ള വകതിരിവുകൾ. നീതിശാസ്ത്ര

പ്രകാരം ജന്മംകൊണ്ടു് ബ്രാഹ്മണനായ ഒരുവൻ വാസ്തവത്തിൽ ശൂദ്രനും, ജന്മംകൊണ്ടുശൂദ്രനായ ഒരുവൻ ബ്രാഹ്മണനും ആകാം. എന്നാൽ ജാതിയുടെ ചരിത്രത്തിൽ ഇതൊരുവെറും തത്വശാസ്ത്രമായി മാത്രമേ നിലകൊള്ളുന്നുള്ളു, പ്രയോഗത്തിൽ പാരമ്പര്യം മാത്രമേ കണക്കിലെടുക്കുന്നുള്ളു. ഒരു ബ്രാഹ്മണൻ എത്രതന്നെ അധർമ്മിയായിരുന്നാലും അയാൾ ബഹുമാനാദരങ്ങളർഹിക്കുന്ന ഒരു ഉന്നതവ്യക്തിയും ബ്രാഹ്മണനും ആയിത്തന്നെ നിലകൊള്ളുമ്പോൾ ഒരു ശൂദ്രൻ എത്ര പരിശുദ്ധനായാലും താണജാതിക്കാരനും ശൂദ്രനുമായിത്തന്നെ നിലകൊള്ളുന്നു. കൃഷ്ണൻെറ ഉപദേശപ്രകാരം ഒരു ചണ്ഡാലൻ കൂടി കൃഷ്ണനെ ആശ്രയിച്ചാൽ മോക്ഷാർഹനാകുന്നതാണു് എന്നാൽ ഇൻഡ്യയിലെ ജാതിവ്യവസ്ഥ അനുസരിച്ചു് ഒരു ജാതിക്കാരനു് മരണാനന്തരം അടുത്ത ജന്മത്തിലല്ലാതെ മറെറാരു ജാതിയിലേക്കു ഉയർച്ച ലഭിക്കുന്നതല്ല.

മദ്ധ്യകാലത്തിലെ മഹാമനസ്കന്മാർ ജാതിയുടെ കെട്ടുകളിൽ നിന്നും ഉയർന്നു നിന്നിരുന്നു. ഇങ്ങിനെയൊരു ചൈതന്യം ഉണ്ടായെങ്കിലും കബീർ പന്തീസിൻെറ ദുരന്ത ചരിത്രം കാണിക്കുന്നതുപോലെ മറെറാരു ഉപജാതിയുടെ ആവിർഭാവത്തോടെ ആ ചൂടു് ഒന്നാറി.

ജാതിരഹിതവും വർഗ്ഗരഹിതവുമായ സമുദായമാണു് നമ്മുടെ ഭരണഘടനയുടെ ഉന്നം. എന്നാൽ അതു് ഏതൊരു ഹിന്ദുവിനും സമുദായത്തെപ്പററി ശിക്ഷയേയോ സമുദായഭ്രഷ്ടിനെയോ ഭയപ്പെടാതെ ചർച്ചചെയ്യുവാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ടെങ്കിലും ജാതിയുടെ കനം കുറയ്ക്കുന്നതിൽ വലിയനേട്ടം ഒന്നും ചെയ്തിട്ടുണ്ടെന്നു പറഞ്ഞുകൂടാ. നിയമങ്ങൾ ജാതിയുടെ നിർമ്മാർജ്ജനത്തിനുള്ള പാത ഒരുക്കിയിട്ടിട്ടുണ്ടെങ്കിലുംവിജയം സ്ഥിതി

ചെയ്യുന്നതു്. ബഹുജനങ്ങളുടെ ഹൃദയങ്ങളിലേക്ക് അതു് എത്ര ആഴ്ത്തിറങ്ങുന്നു എന്നതിനെ ആശ്രയിച്ചാണ്. അതിനാൽ ജാതി കാഴ്ചപ്പാടിൽ കുലീനവും മതപരമായി യഥാസ്ഥിതികവും ജനാധിപത്യ വിരുദ്ധവുമാണ്. നമ്മുടെ ഭരണഘടന മതേതരത്വത്തിനും അയിത്തോച്ചാടനത്തിനും. സാമൂഹ്യ സമത്വത്തിനും വേണ്ടി നിലകൊള്ളുമ്പോൾ നമ്മുടെ ജനാധിപത്യം അപക്വവും. രാഷ്ട്രീയ പാർട്ടികളുടെ വേരു് ഇനിയും ശരിക്കു് ഊന്നിക്കഴിഞ്ഞിട്ടില്ലാത്തതും ആയതുകൊണ്ടു് നമ്മുടെഭൂരിപക്ഷം നിരക്ഷരരായ സമ്മതി ദായകർ ജാതിയുടേയും മതത്തിന്റെയും സമുദായത്തിന്റേയും പേരിൽ വോട്ടുചെയ്യുന്ന സമ്പ്രദായത്തെ മാർഗ്ഗദർശനമായി അംഗീകരിച്ചിരിക്കുന്നു എന്നതു് ഇന്ത്യയിലെ ജീവിതത്തിന്റെ വിഭിന്നഭാവത്തെയാണു് പ്രതിഫലിപ്പിക്കുന്നതു്. ഈ പരമ്പരാഗതമായ നിയുക്താവകാശങ്ങൾ എത്ര നാൾ നിലനില്ക്കുമെന്നു് കാലത്തിനു് മാത്രമേ കാണിക്കുവാനാകൂ.

മുൻപു് സൂചിപ്പിച്ചതുപോലെ ജാതിയുടെ യഥാർത്ഥ ഉത്ഭവം സമ്പത്തികാടിസ്ഥാനത്തിലാണു്. മെരിഡിത് ടൗൺസെൻറു് (Meredith Townsend) എന്ന വിദേശിയൻ ഇന്ത്യയിലെ ജാതിവ്യവസ്ഥക്കു് അഭിവാദനങ്ങൾ അർപ്പിച്ചിട്ടുണ്ടു്. 'ജാതി വ്യവസ്ഥ അത്ഭുതാവഹമായ ഒരു കണ്ടുപിടുത്തമാണെന്നു ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. തലമുറകളായി ഹിന്ദുസമുദായത്തെ ഏകാധിപത്യത്തിൽ നിന്നും വ്യാവസായികമായ ജീവിതമത്സരത്തിൽ നിന്നും രക്ഷിച്ച ഒരു തരം സോഷ്യലിസമാണു് അതു്. വിഭാഗീകസ്വയം ഭരണത്തിന്റെ താഴ്മയുള്ള നിയമത്തിലാണതിന്റെ തുടക്കമെങ്കിലും തൊഴിൽ സംഘടനകളുടെ ശക്തമായ ഒരു രൂപവും അതിനുണ്ടു്.

പരമ്പരാഗതമായ കഴിവുകൾ തലമുറയിൽ നിന്നു് തലമുറയിലേക്കു നൂറ്റാണ്ടുകളായി പകരുകയാണു് ചെയ്തതു്.

ഇന്ത്യൻ തത്വശാസ്ത്രവും സാമൂഹ്യ ചിന്താഗതികളും ഭൂരിപക്ഷം അടങ്ങുന്ന ഇന്ത്യൻ കർഷകരേയും കരകൗശല വിദ്യാക്കാരേയും ഉൾക്കൊള്ളുന്ന തൊഴിലിൻെറ അടിസ്ഥാനത്തിലുള്ള ജാതികൾക്കു വേണ്ടത്ര സ്ഥാനം നൽകുന്നുണ്ടോ എന്ന കാര്യം ചിന്തനീയമാണു്. കുലീനസ്വഭാവം ഉള്ള ജാതി വ്യവസ്ഥ താത്വിക ചിന്തകൾക്കു പ്രാധാന്യം നൽകിയിരുന്നു. ഉപനിഷത്ത് പാരമ്പര്യം ഇന്നും അതു വച്ചു പുലർത്തുന്നുണ്ടു്. ബ്രാഹ്മണർ സ്വാഭാവികമായും സമുദായത്തിൻെറ ഉന്നത പദവി അലങ്കരിച്ചിരുന്നു. ബുദ്ധനേയും മഹാവീരനേയും പോലുള്ള ചുരുക്കം ചില ഉന്നത ക്ഷത്രിയർ ജാതിയാഥാസ്ഥിതികത്വത്തിനും വൈദികമേധാവിത്വത്തിനും എതിരായി സമരം ചെയ്തിട്ടുണ്ടു്. സ്വത്തുകൊണ്ടു് വൈശ്യർ അവരുടെ സ്ഥാനം ഉറപ്പിച്ചു. എന്നാൽ ശൂദ്രന്മാരാവട്ടെ മരം വെട്ടും വെള്ളം കോരും ചെയ്‌വാൻ മാത്രമായി അവശേഷിച്ചു. ഹൈന്ദവക്ഷേത്രങ്ങളിലെ കലാസമ്പത്തു വർദ്ധിപ്പിക്കുവാനും ദിനാവശ്യങ്ങൾക്കു് വേണ്ടിയുള്ള ഭക്ഷ്യപദാർത്ഥങ്ങളും മററാവശ്യങ്ങളും നിറവേററുന്നതിനുവേണ്ടി കർഷകനും കരകൗശല വിദ്യാക്കാരും അടങ്ങുന്ന ശൂദ്രർ വഹിച്ച പങ്കു് അവിസ്മരണീയമാണു്. അവരുടെ കൂട്ടത്തിൽ തന്നെയുള്ള വേശ്യകളെയും ഒരു സംഘം അംഗീകൃത തൊഴിലാളികളായിയാണു് ഗണിച്ചിരിക്കുന്നതു്. ഫലപ്രദങ്ങളായ ജാതികളുടെ വിലയിടിക്കാതിരുന്നാൽ ഇതു് നല്ല ഒരു ജനാധിപത്യമാണെന്നു് വേണം കണക്കാക്കുവാൻ കുലീനാടിസ്ഥാനത്തിലുള്ള ജാതിവ്യവസ്ഥയെ അതിജീവിക്കുവാൻ ഗാന്ധിജി ഒരു ശ്രമം നടത്തിയിട്ടു

ണ്ടു്. ജാതികൾക്കു് അതർഹിക്കുന്ന സ്ഥാനം നൽകണം എന്ന അദ്ദേഹത്തിൻെറ ആശയം വളരെ നല്ലതാണു്. എന്നാൽ ആഗ്രഹപൂർവ്വം നടത്തുന്ന ചിന്തകൾ ചരിത്രത്തെ നശിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നു മാത്രമല്ല പുരാതന നൂററാണ്ടുകളിലെപ്പോലെ തന്നെ ബ്രാഹ്മണർ സമുദായാചാര്യന്മാരായി മുകൾത്തട്ടിലും ശൂദ്രർ അടിത്തട്ടിലുമായി കഴിയുന്നതേയുള്ളു. കുറച്ചു വർഷങ്ങൾക്കു് മുൻപു് ദുസ്വഭാവങ്ങളുടെ വിളനിലമായ ഒരു ബ്രാഹ്മണവക്കീൽ അഭിമാനത്തോടെ പറഞ്ഞതു് ഓർത്തുപോകയാണു്.

"ബ്രാഹ്മണരായ ഞങ്ങൾ ഉയന്നവരാണു് അറിയാമോ?" ബ്രാഹ്മരുടെ കൂട്ടത്തിൽ ഏതൊരു സമുദായത്തിൽപ്പെട്ടവനും അഭിമാനിക്കത്തക്ക സ്വഭാവ വിശേഷങ്ങൾ ഉള്ള നല്ല ബ്രാഹ്മണർ, മററു സമുദായങ്ങളിലെപ്പോലെ തന്നെയുണ്ടു്. മററു സമുദായങ്ങളിൽപ്പെട്ട നല്ല ആളുകൾക്കു് നല്ല ബ്രാഹ്മണരെപ്പോലെ അംഗീകരണം കിട്ടാറില്ല, ഇന്ത്യ അവളുടെ നീണ്ട കാല ചരിത്രത്തിൽ ജന്മം നല്കിയ ഏതു ബ്രാഹ്മണനെക്കാളും കീഴെയായിരുന്നില്ല വൈശ്യനായ ഗാന്ധിജി. ഇന്ത്യയിലിന്നോളം ഉണ്ടായിട്ടുള്ള ഏതു ബ്രാഹ്മണനെക്കാളും മഹത്വം അദ്ദേഹത്തിനവകാശപ്പെടാവുന്നതുപോലെത്തന്നെ നിന്ദാരഹിതനായി ശൂദ്രനായ നല്ല നെയ്ത്തുകാരനേയും 'പഞ്ചമജാതിക്കാരനായ തൂപ്പുകാരനേയുംകാൾ നല്ല തൂപ്പുകാരനും നല്ല നെയ്ത്തുകാരനും അദ്ദേഹത്തിന്നവകാശപ്പെടാം.' ഞാൻ മററുള്ളവരെ വൃത്തിയാക്കുന്നതിനാൽ എന്നെ അശുദ്ധനായി കാണുന്നു' എന്നു മുൽക്ക്‌രാജ് ആനന്ദിൻെറ ഒരു നോവലിൽ വിവരിച്ചിട്ടുള്ള തീണ്ടൽ ജാതിക്കാരുടെ ഹൃദയഭേദകമായ കരച്ചിലിലെ സത്യം മറേറതൊരു ഇന്ത്യാക്കാരനേക്കാളും കൂടുതൽ അദ്ദേഹം മനസ്സിലാക്കി.'ജോൺ

ഡബ്ളിയു ഗാർഡ്നർ' തൻെറ 'മഹത്വം' എന്ന പുസ്തകത്തിൽ വിവരിച്ചിട്ടുള്ള താഴെ പറയുന്ന ചിന്താഗതികൾ എല്ലാ ഇന്ത്യാക്കാരനും ഗൗരവപൂർവ്വം ചിന്തിച്ചാൽ അതു് ഇന്ത്യയുടെ ശ്രേയസ്സിനു് നിദാനമാകുന്നതാണു്.

'വെള്ളം അടിക്കുന്നവൻ (Plumber) ഒരു അസമർത്ഥനായ തത്വശാസ്ത്രജ്ഞനെക്കാൾ മെച്ചമാണു്. വെള്ളം അടിക്കുന്നതു് താണ തൊഴിലായതുകൊണ്ടു് അതിനെ പുച്ഛിക്കുകയും തത്വചിന്ത ഉയർന്നതരം തൊഴിലായതുകൊണ്ടു് അതിൽ അനാവശ്യമുണ്ടായിട്ടും അതു് പൊറുക്കുകയും ചെയ്യുന്ന സമുദായത്തിന്നു നല്ല ജലവിതരണമോ നല്ല തത്വശാസ്ത്രമോ ഉണ്ടാകുന്നതല്ല അതിൻെറ വെള്ളക്കുഴലുകളിലും സിദ്ധാന്തങ്ങളിലും നല്ല ജലം ഉണ്ടാവുന്നതല്ല,

ജാതിവ്യവസ്ഥക്കു് വൈദികകാലത്തും ധർമ്മശാസ്ത്രങ്ങളുടെ കാലത്തും സ്വന്തം നിലനില്പിനെ സാധൂകരിക്കുന്നതിനു് പല ന്യായങ്ങളുമുണ്ടായിരുന്നെങ്കിലും, പരസ്പര വിവാഹവും പന്തിഭോജനവും 'കാളപാനി' (സമുദ്രം) കടക്കലും ഭ്രഷ്ടായി കല്പിക്കപ്പെട്ടുന്ന കട്ടത്ത നിയമങ്ങൾ ജീവിതമൽസരത്തിൽ ഇന്ത്യയെ വളരെ പിൻപിലാക്കിക്കളഞ്ഞു. അതു് വർഗ്ഗസങ്കരത്തിൻെറയും ദേശീയത്വത്തിൻെയും വളർച്ചയെ മുരടിപ്പിച്ചു കളഞ്ഞു. അതു് സാമ്പത്തിക നിശ്ചലത്വത്തിനു് വഴി തെളിച്ചു. അതു് അഹിന്ദുസമുദായങ്ങളിലും ജാതിബോധത്തെ വളത്തി. ഉദാഹരണത്തിനായി പാഴ്സികളും ഖോജാസ് ബോറാസ്, കച്ചിമെമോൻസ് തുടങ്ങിയ മുസ്ളീം സംഘടനകളും ബ്രിട്ടീഷുകാർക്കു മാത്രമുള്ള സമാജങ്ങളും എടുത്തു കാട്ടാം. തെക്കേ ഇന്ത്യയിലെ ക്രിസ്ത്യാനികൾ ഇന്നും ബ്രാഹ്മണ ക്രിസ്ത്യാനികളെന്നും ഉള്ള ചിന്ത വച്ചു പുലത്തുന്നുണ്ടു്.

ജാതി വ്യവസ്ഥ അതിൻെറ സാമ്പത്തികമായ ന്യായീകരണത്തിനു പുറമേ ഇന്ത്യക്കു വേണ്ടി ഒരു വലിയ സേവനം അനുഷ്ഠിച്ചിട്ടുണ്ടു്. ഹിന്ദുമതത്തിൻെറ ശരീരഘടന എത്ര തന്നെ വിരൂപമായിരുന്നാലും അതിനെ കാത്തു സൂക്ഷിച്ചിരുന്നതിനും പുറമേ മഹമ്മദീയരുടെ സൈനിക ശക്തിയേയും ക്രിസ്തുമതത്തിൻെറ കുയുക്തിയാലുള്ള മതപരിവർത്തനത്തേയും തടഞ്ഞു നിർത്തുന്നതിനും സഹായിച്ചു. ഇന്നു് ഇന്ത്യ സ്വതന്ത്രയായ സ്ഥിതിക്കു് ഒരു പുതിയ ദേശീയ സ്നേഹത്തെ രൂപപ്പെടുത്തി ഒരു രാഷ്ട്രം എന്ന നിലയിൽ അവളുടെ ഭാവിയെ ക്രമപ്പെടുത്തേണ്ടതായിട്ടാണു് ഇരിക്കുന്നതു്.

ഏതു പുരോഗമനത്തേയും ജാതി എതിർത്തിട്ടുണ്ടു്. ദേശീയ ബോധത്തിൻെറ വെല്ലുവിളിയെയാണു് അതിനു് എന്നും നേരിടേണ്ടിയിരുന്നതു്. തെരഞ്ഞെടുപ്പുകളിലെ ജാതി തിരിച്ചുള്ള വോട്ടിംഗ് സമ്പ്രദായം ബുദ്ധൻ മുതൽ കിഴോട്ടു രാജാറാം മോഹൻ റായിയും ഗാന്ധിജിയും വരെയുള്ള മഹൽ സന്താനങ്ങളുടെ ദേശീയത്വത്തിനു വേണ്ടിയുള്ള ആഹ്വാനത്തെ കീഴടക്കികളയുന്നില്ലേ എന്നൊരു സംശയം ഉദിക്കുന്നു. ഏതായാലും നമുക്കു ആശിക്കാം. ആശ കൂടാത്ത ജീവിതം എന്തായിരിക്കും

# 5

## ഇന്ത്യാചരിത്രവും യൂറോപ്യൻചരിത്രവും തമ്മിലുള്ള അന്തരം.

യൂറോപ്പിന്റെ ചരിത്രമെന്നുവച്ചാൽ പഴയഗ്രീക്കിന്റെയും റോമിൻെറയും കാലംമുതൽ വിഭിന്നരാജ്യങ്ങളിൽ വിഭിന്നരീതിയിലുള്ള രാഷ്ട്രചരിത്രമായിരുന്നുവെന്നു് നാം കണ്ടുകഴിഞ്ഞു. ഇന്ത്യചരിത്രത്തിൽ രാഷ്ട്രത്തിനു താരതമ്യേന നിസ്സാരമായ സ്ഥാനമാണുള്ളതു്. ജാതിവ്യവസ്ഥ ഇന്ത്യയുടെ കോട്ടയാണു്. ജാതിയുടെ നാലു് അതിരുകൾക്കുള്ളിൽ ജീവിതം തുടരുവാനായി തുടരെയുള്ള നുഴഞ്ഞുകയററക്കാരുടെ മുൻപിൽ ഇന്ത്യക്കാർ തലകുനിച്ചു. നാം ഇതിനെപ്പററി നേരത്തെ പറഞ്ഞുകഴിഞ്ഞു. ഹിന്ദുമതത്തെ പോററിപ്പുലർത്തുവാൻ സംഭാവനചെയ്ത മറെറാരു സ്ഥാപനമാണു് ഹിന്ദുകൂട്ടുകുടുംബവ്യവസ്ഥ. ഇതിനെ ഹൈന്ദവസാമൂഹ്യപ്രതിഭയുടെ ഏററവും മികച്ച സ്മാരകമായാണു് ഞാൻ എപ്പോഴും നോക്കികാണുന്നതു്. ജാതിവ്യവസ്ഥയോടു്ചേർന്നു ഇതു് സംസ്ഥാന

ത്തിന്റെ ഏകശാസനത്തെ എതിത്തു. മഹമ്മദീയർക്കോ ഇംഗ്ലീഷുകാക്കോ ഈ സാമൂഹ്യസ്ഥാപനങ്ങളിൽ പീരങ്കി വയ്ക്കുവാൻ ധൈര്യമില്ലായിരുന്നു. സ്വതന്ത്രഇന്ത്യക്കു് അതിന്റെ പുതിയ രാഷ്ട്രീയ കാഴ്ചപ്പാടുകൊണ്ടു് വിവാഹം, ദത്തെടുക്കൽ, പിൻതുടർച്ചക്രമം എന്നിവയെ സംബന്ധിച്ചു് നിയമനിർമ്മാണം നടത്തുവാനുള്ള ധൈര്യം ഉണ്ടായി. പണ്ഡിററ്ജവഹർലാൽനെഹ്രുവിന്റെ പരിപൂർണ്ണ പിൻതുണയോടുകൂടി ഇതു് കരുപ്പിടുപ്പിക്കുവാൻ തക്ക നിർമ്മാണവൈദഗ്ദ്ധ്യം ഡോക്ടർ അംബദ്കർക്കു് ഉണ്ടായിരുന്നു. തന്റെ ഇംഗ്ലീഷ്‌വിദ്യാഭ്യാസവും മാർക്സിയൻ തത്വശാസ്ത്രവും അനുഭവിച്ചുകൊണ്ടിരുന്ന ബഹുജനപിൻതുണമൂലം അദ്ദേഹത്തിനു യാതൊരു പ്രയാസവും നേരിട്ടില്ല. അദ്ദേഹം തങ്ങളെ എങ്ങോട്ടാണു് നയിക്കുന്നതെന്നു് അറിഞ്ഞുകൂടാതിരുന്നിട്ടും ബഹുജനങ്ങൾ അദ്ദേഹത്തിന്റെ നേതൃത്വത്തെ സന്തോഷസമന്വിതം അംഗീകരിക്കുകയും അദ്ദേഹത്തിന്റെ വാക്കുകൾ വേദവാക്യങ്ങളായി കരുതുകയും ചെയ്തു. നമ്മുടെ ഭരണഘടനയുടെ അനുമാനങ്ങൾ ജാതിവ്യവസ്ഥക്കു തീർച്ചയായും എതിരാണെങ്കിലും ജാതിവ്യവസ്ഥയെ മുൻപിൽനിന്നെടുത്തിട്ടില്ല. എത്രതന്നെ വമ്പിച്ച അധികാരം ഉണ്ടായിരുന്നാലും ഒരു രാഷ്ട്രത്തിന്നു ഒരുവനെയും അയാളുടെ ജാതിയിൽനിന്നും വേറിട്ടു് മറെറാരു ജാതിയിൽനിന്നു വിശിഷ്യ തീണ്ടൽജാതിയിൽനിന്നു, വിവാഹംചെയ്യുവാൻ നിർബ്ബന്ധിക്കുന്നതിനുള്ള അധികാരം ഇല്ല. തീണ്ടൽജാതിക്കാരുടെ പ്രവേശനത്തോടെ അശുദ്ധമാക്കപ്പെട്ടു എന്നു വിശ്വസിക്കുന്ന ഒരു ക്ഷേത്രത്തിൽ ആരാധനനടത്തണമെന്നു് നിർബ്ബന്ധിക്കുവാനും ഒരു രാജ്യത്തിനും സാദ്ധ്യമല്ല. സമുദായനിന്ദയോ ഭ്രഷ്ടോ കൂടാതെ സാമുദായികനിയമങ്ങളെ ഖണ്ഡിക്കുന്നതിനു

മാത്രമേ അനുവാദംനല്കാൻ കഴിയൂ. ഹിന്ദുകൂട്ടുകുടുംബ ങ്ങളെ സംബന്ധിച്ചിടത്തോളം വ്യത്യസ്തമായ നിലപാടാണു് ഉള്ളതു്. ഇന്നത്തെ ഇടിച്ചുതകർക്കപ്പെട്ട പരിതസ്ഥിതിയിൽ അതെന്തിനുവേണ്ടി നിലകൊണ്ടു എന്നു മനസ്സിലാക്കേണ്ടതാണു്.

പാശ്ചാത്യരാജ്യങ്ങളിലെയും ഇസ്ലാമികരാജ്യങ്ങളിലെയും നിയമവ്യവസ്ഥപ്രകാരം ഒരു കുടുംബത്തിൽ ഭാര്യയും ഭർത്താവും മക്കളും അടങ്ങുന്നു. മുസ്ലീംസമുദായത്തിൽ മാതാപിതാക്കളെപോലെയുള്ള ആശ്രിതരെ പരിരക്ഷിക്കുന്നുണ്ടാവാം. എന്നാൽ സ്വത്തിന്റെ അവകാശം ഭാര്യയിലോ ഭർത്താവിലോ നിക്ഷിപ്തമായിരിക്കുന്നു. ക്രിസ്ത്യരാജ്യങ്ങളിൽ മരണപത്രത്തിനും, ഇസ്ലാമികരാജ്യങ്ങളിൽ നിർണ്ണയിക്കപ്പെട്ട ദായക്രമത്തിനും വിധേയമായി അവകാശിയുടെ മരണാനന്തരം മാത്രമേ, കുഞ്ഞുങ്ങളുടെയും ഭാര്യയുടെയും ഭർത്താവിന്റെയും അവകാശങ്ങൾ നിലവിൽവരികയുള്ളു.

ഹിന്ദുകൂട്ടുകുടുംബങ്ങൾ മൂന്നു തലമുറകളിലെ പുരുഷസന്തതികളെ പ്രധാന പങ്കാളികളാക്കി—സാങ്കേതികമായി അവരെ തുല്യാവകാശികൾ എന്നു പറയും—അംഗീകരിക്കുന്നു. ഒരു ആൺകുട്ടി ജനിക്കുന്നതോടെ അവൻ സ്വാഭാവികമായും തുല്യാവകാശിയായി മാറുന്നു. ഗർഭത്തിലുള്ള ആൺകുട്ടിക്കുവരെ അവകാശം ഉണ്ടു്, മൂത്തപുരുഷനാണു് കുടുംബത്തിന്റെ തലവൻ. അയാൾ ഗുണകാംക്ഷിയായ ഒരു ഏകാധിപതിയാണു്.

സ്ത്രീകൾക്കു് കുടുംബസ്വത്തിൽ യാതൊരു അവകാശവും ഇല്ല. (കേരളത്തിൽ ഒഴിച്ചു്-വിവർത്തകൻ) എന്നാൽ അവരെ പോറ്റേണ്ട ചുമതലയുണ്ടു്. അവരുടെ വിവാഹച്ചിലവുകൾ കുടുംബസ്വത്തിൽനിന്നാണു് എടു

കുന്നതു്. കുടുംബത്തിലെ പെൺമക്കൾക്ക് ഓരോരുത്തർക്കും പണമായോ പണ്ടങ്ങളായോ, വസ്തുആയോ സ്ത്രീധനം നല്കേണ്ടിയിരുന്നു. ഭർത്താവിനുപോലും കൈകടത്താൻ സാദ്ധ്യമല്ലാത്ത വിധത്തിൽ അവൾക്ക് അതിൽ പരിപൂർണ്ണ അവകാശമാണുള്ളതു്. തത്വത്തിൽ അങ്ങിനെയാണെങ്കിലും ഫലത്തിൽ ഒരു യഥാർത്ഥ ഹിന്ദുഭാര്യക്ക് സ്വത്തിനെപ്പററി "കിറുകിറുപ്പു്" ഇല്ലെന്നു മാത്രമല്ലാ ഭർത്താവിന് ആവശ്യമെന്നുകണ്ടാൽ സ്ത്രീധനം പൂർണ്ണമായോ ഭാഗികമായോ ഭർത്താവിൻെറ ചേവടികളിൽ അർപ്പിക്കുവാനും മടിയില്ല. ന്യായമായും സ്ത്രീധനത്തുക സാമ്പത്തികശേഷിയും കുടുംബത്തിൻെറ അന്തസ്സും അനുസരിച്ച് വ്യത്യസ്തമായിരിക്കും. ഒരു പെൺകുട്ടി വിവാഹിതയാകുന്നതോടെ അവൾ അന്യകുടുംബത്തിൽപെടുന്നതുകൊണ്ടു് പിന്നീടു് അവൾക്ക് പിതൃസ്വത്തിൽ യാതൊരു അവകാശവും ഇല്ല. സ്വാതന്ത്ര്യത്തിനുശേഷം നിയമംമൂലം ഇതെല്ലാം സമൂലം മാററിയിട്ടുണ്ടു്.

ഹിന്ദുക്കൂട്ടുകുടുംബ വ്യവസ്ഥക്ക് അതിൻേറതായ ചില നേട്ടങ്ങളുണ്ടായിരുന്നു.

(1) അനാവശ്യമായ വസ്തു വിഭജനത്തെ തടയുവാനും കുടുംബസ്വത്തിനെ ഒരു ഘടകമായി (unit) കാത്തുസൂക്ഷിക്കുവാനും കഴിഞ്ഞു.

(2) വിഷമഘട്ടങ്ങളിൽ അതു് സംരക്ഷണം നല്കിയിരുന്നു

(3) കുടുംബത്തിലെ കഴിവുകളും തറവാടിത്വവും കാത്തുസൂക്ഷിച്ചിരുന്നു.

(4) നിസ്സഹായരായ കുഞ്ഞുങ്ങൾക്ക് പരിരക്ഷണം നല്കുന്നതുകൊണ്ടു് ഒരു തരത്തിലുള്ള സാമൂഹ്യ ഭദ്രത നമുക്കുണ്ടായിരുന്നു.

മറുവശം ചിന്തിച്ചാൽ ഇതു് സ്ത്രീകളെ പൊതുഭവദോഷമായി ബാധിച്ചിരുന്നു വിശേഷിച്ചും ഒരച്ഛന് ഒന്നോ അതിലധികമോ പെൺമക്കൾ മാത്രമാണുള്ളതെങ്കിൽ അച്ഛൻെറ സ്വത്തുക്കൾ മുഴുവൻ അനന്തിരവർക്കായി നീക്കിവയ്ക്കുമ്പോൾ അവർക്കു് ഒന്നും കിട്ടാത്ത പരിതസ്ഥിതിയാണു്. എന്നാൽ ഇന്നത്തെ സ്ഥിതി അതല്ല. വിൽപത്രാധികാരം എല്ലാ ഹിന്ദുക്കൾക്കും നല്കിയിരിക്കുന്നതുകൊണ്ടു് പെൺമക്കൾക്കും പ്രയോജനം ഉണ്ടു്. വിൽപ്പത്രം കൂടാതെ ഒരു ഹിന്ദുമരിച്ചാലും സ്ത്രീകളുടെ അവകാശങ്ങൾ പരിരക്ഷിക്കപ്പെട്ടിട്ടുണ്ടു്. സ്ത്രീകൾക്കു് കുടുംബ സ്വത്തിലുള്ള അവകാശം അംഗീകരിക്കപ്പെട്ടതു് കൂട്ടുകുടുംബവ്യവസ്ഥയെ ഗൗരവതരമായി ബാധിച്ചു. അവൾക്കു് വീതം അവകാശപ്പെട്ടില്ലെങ്കിലും കുടുംബത്തിൽ താമസിക്കുവാനുള്ള അവകാശം അനുവദിക്കപ്പെട്ടിട്ടുണ്ടു്. ഇതു് കുടുംബസ്വത്തിൻെറ പഴയ സ്വഭാവത്തെ ബാധിക്കുകയും അന്യകുടുംബത്തിൽപ്പെട്ട ഭർത്താവിനു് ഭാര്യയുടെ കുടുംബത്തിൽവന്നു താമസിക്കുവാനുള്ള അവകാശം നല്കുകയും ചെയ്തിട്ടുണ്ടു്. പൂർവ്വികർക്കു വേണ്ടിയുള്ള ചില മതപരമായ ചടങ്ങുകൾ നിർവ്വഹിക്കുവാനുള്ള അവകാശം പരമ്പരാഗതമായി ആൺമക്കളിൽ നിക്ഷിപ്തമായിരിക്കുന്നതിലാണു് ദത്തെടുക്കലിൻെറ മതപരമായ അടിസ്ഥാനമെങ്കിലും, ഇന്നു് സ്ത്രീകളേയും ദത്തെടുക്കുന്നതിനു് നിയമം അനുവദിക്കുന്നു.

പുരാതനകാലത്തു് കൂട്ടുകുടുംബ വ്യവസ്ഥിതി കുററമററതല്ലായിരുന്നെങ്കിലും ജാതി വ്യവസ്ഥയെപോലെ, കുടുംബത്തിൻെറ വൈകാരികബന്ധം ശക്തമായി വികസിപ്പിക്കുന്നതിനുവേണ്ടി വളരെ താത്വികമായാണു് ആസൂത്രണം ചെയ്തിരുന്നതു്. മകൾക്കു് കുടുംബസ്വത്തിൽ

വീതം ഇല്ലായിരുന്നുവെങ്കിലും വിവാഹവേളയിൽ വളരെ ഔദാര്യത്തോടുകൂടി സ്ത്രീധനം നല്കിയിരുന്നു. കഷ്ടകാലത്ത് സഹോദരന്മാർ സഹോദരിയുടെ സഹായത്തിന് എത്തുകയും ചെയ്തിരുന്നു. പാശ്ചാത്യരാജ്യങ്ങളിലെ വ്യക്തിസ്വഭാവം ബ്രിട്ടീഷുകാരോടൊപ്പം ഇന്ത്യയിൽ കടന്നുവന്നപ്പോൾ പഴയ മാമൂലുകൾ പലതും ചോദ്യം ചെയ്യപ്പെട്ടു. അജ്ഞരായ സ്ത്രീകളെ ശൈശവത്തിൽ തന്നെ വിവാഹം ചെയ്തു കൊടുത്തിരുന്നതുകൊണ്ട് ഈ മാമൂലുകൾ അഭംഗുരം നടന്നു പോന്നു. ഇന്നു സ്ത്രീ വിദ്യാഭ്യാസം വളർച്ചയിലെത്തിയതുകൊണ്ട് അവർ തങ്ങളുടെ അവകാശങ്ങളെപ്പററി തികച്ചും ബോധമുള്ളവരാണ്. ഭർത്താക്കന്മാരുടെയോ അമ്മാവിയമ്മമാരുടെയോ തോന്നിയവാസങ്ങളെ മുഖവിലയിൽ സ്വീകരിക്കുവാൻ അവർ തയ്യാറില്ല, കുടുംബകലഹങ്ങൾ മുമ്പത്തെക്കാൾ സർവ്വസാധാരണമായിട്ടുണ്ട്. അസാദ്ധ്യമെന്നു പറഞ്ഞുകൂടെങ്കിലും കുടുംബബന്ധങ്ങളുടെ തകർച്ച പഴയ കുടുംബവ്യവസ്ഥയുടെ ഭരണത്തെ തകരാറിലാക്കിയിട്ടുണ്ട്. മുപ്പതുവർഷങ്ങൾക്കു മുൻപ് അന്നത്തെ മൈസൂർ ഗവണ്മെന്റ് ഹിന്ദുസ്ത്രീകളുടെ സ്ഥാനത്തേയും അവകാശങ്ങളെയുംപ്പററി അന്വേഷിച്ചു" റിപ്പോർട്ടു സമർപ്പിക്കുവാനായി നിയോഗിച്ച 'ചന്ദ്രശേഖര അയ്യർ കമ്മററി' തീർപ്പിലെത്തിയതു് കൂട്ടുകുടുംബത്തിന്റെ നാശം ഒരു പ്രതിഭാസത്തെ സൃഷ്ടിച്ചുവെന്നും അതു് തടഞ്ഞുവയ്ക്കുവാൻകഴിയുന്നതല്ലെന്നു മാത്രമല്ലാ വ്യസനിക്കേണ്ടതായി ഇല്ലതാനും' എന്നാണ്.

ഹൈന്ദവസംസ്കാരത്തെ സംബന്ധിച്ചിടത്തോളം രാഷ്ട്രത്തിന്റെ പങ്കിനെ ജാതിവ്യവസ്ഥയും കൂട്ടുകുടുംബവ്യവസ്ഥിതിയും നിയന്ത്രിച്ചിരുന്നുവെന്നു് നാം കണ്ടുകഴിഞ്ഞു. ബ്രിട്ടീഷുകാരുടെ ആക്രമണത്തോടും ഇംഗ്ലീ

ഷ് വിദ്യാഭ്യാസത്തോട്ടം ഒപ്പം സ്വാതന്ത്ര്യത്തെയും സ്വയംഭരണാധികാരത്തെയും ജനാധിപത്യത്തേയുംപ്പററിയുള്ള ആശയങ്ങൾ കടന്നുകൂടി. 1947-ൽ ബ്രിട്ടീഷുകാർ കെട്ടുകെട്ടുകയും ഇന്ത്യ സ്വതന്ത്രയാവുകയും ചെയ്തു. ഒരു ജനാധിപത്യ ഭരണഘടന നിലവിൽ വന്നതോട്ടുകൂടി ഇന്ത്യയുടെ നീണ്ട ചരിത്രത്തിൽ മുൻപെങ്ങും ഉള്ളതിനെക്കാൾ രാഷ്ട്രം ഇന്ന് ശക്തമായി തീൎന്നു. ഇന്ത്യയുടെ ഭരണഘടനയിൽ ബ്രിട്ടന്റേയും അമേരിക്കയുടേയും മാതൃകകൾ ചെലുത്തിയ സ്വാധീനവുംസോഷ്യലിസത്തിൻെറ വേഷത്തിൽ കമ്മ്യൂണിസ്റ്റാദർശങ്ങൾ ചെലുത്തിയ സ്വാധീനവും മുൻഅദ്ധ്യായങ്ങളിലൂടെ നാം കണ്ടുകഴിഞ്ഞു.

ഗാന്ധിജി ഇന്ത്യക്ക് സ്വാതന്ത്ര്യം നേടിക്കൊട്ടുത്തു. എന്നാൽ അഭിനവഭാരതത്തിൻെറ സൃഷ്ടികത്താവ് പണ്ഡിററ് ജവഹർലാൽ നെഹ്രുവാണ്. ഇൻഡ്യൻ നേതാക്കന്മാരിൽ വച്ച് ഏററവും വലിയ 'യൂറോപ്യൻ' ആണ് അദ്ദേഹം. ഹൈന്ദവ യാഥാസ്ഥിതികത്വത്തിൽ നിന്നും അദ്ദേഹം പരിപൂർണ്ണ സ്വതന്ത്രനായിരുന്നെങ്കിലും ഇന്ത്യയുടെ മഹത്തായ പൈതൃകത്വത്തെപ്പററി തികച്ചും ബോധവാനായിരുന്നതുകൊണ്ട് ഭാരതത്തെ ഒരു പടിഞ്ഞാറൻ പതിപ്പിക്കുവാൻ വിഷമം ഉണ്ടായില്ല. ഇതു് വളരെ വ്യക്തമായി അദ്ദേഹത്തിൻെറ 'ഇന്ത്യയെ' കണ്ടെത്തൽ എന്ന ഗ്രന്ഥത്തിലും അദ്ദേഹത്തിൻെറ പ്രസിദ്ധമായ ഒസ്യത്തിലും കാണാൻ കഴിയും.

'പാരമ്പര്യങ്ങളെയും ആചാരങ്ങളെയും വളരെയധികം ഞാൻ നിരാകരിച്ചിട്ടുണ്ട്. ഭാരതീയ ജനതയെ വീർപ്പുമുട്ടിക്കുകയും വിഭജിക്കുകയും, അവരിൽ ഭൂരിഭാഗത്തെയും അടിച്ചമർത്തുകയും, ശാരീരികവും ആത്മീയവുമായ സ്വതന്ത്ര വികസനത്തിന് തടസ്സം സൃഷ്ടിക്കുക

യും ചെയ്യുന്ന എല്ലാ ചങ്ങല കെട്ടുകളെയും ഭാരതം സ്വയം പൊട്ടിച്ചെറിയണമെന്ന് എനിക്കതിയായ ആഗ്രഹം ഉണ്ട്. എങ്കിലും ഈ ലക്ഷ്യത്തിനു വേണ്ടി ഞാൻ പ്രവൎത്തിക്കുമ്പോഴും ആ ഭൂതകാലത്തിൽ നിന്നും പൂൎണ്ണമായും വിട്ടു നില്ക്കുവാൻ ഞാൻ അഭിലഷിക്കുന്നില്ല. നമ്മുടെ മഹത്തായ പൈതൃകത്തെ ചൊല്ലി അഭിമാനം കൊള്ളുന്ന ആളാണ് ഞാൻ. ഇന്ത്യയുടെ അജ്ഞാത ഭൂതകാലത്തിലെ ചരിത്രാരംഭഘട്ടം വരെ ചെന്നെത്തുന്ന ആ അവിച്ഛിന്ന ശൃംഖലയിൽ എല്ലാവരെയും പോലെ ഞാനും ഒരു കണ്ണിയാണെന്ന ബോധം എനിക്കുണ്ട്. ആ ശൃംഖല ഞാൻ പൊട്ടിക്കുകയില്ല. കാരണം ഞാനതിനെ അമൂല്യമായി കരുതുകയും അതിൽ നിന്നു പ്രചോദനം നേടുകയും ചെയ്യുന്നു. എന്റെ ഈ അഭിലാഷത്തിന് സാക്ഷ്യം എന്ന നിലക്കും ഇന്ത്യയുടെ സാംസ്കാരിക പാരമ്പര്യത്തിനോടുള്ള എന്റെ അന്തിമാഭിവാദനം എന്ന രീതിയിലും ആണ് എന്റെ ചിതാഭസ്മത്തിൽ ഒരു പിടി ഇൻഡ്യയുടെ തീരങ്ങളെ പ്രക്ഷാളനം ചെയ്യുന്ന മഹാസമുദ്രത്തിൽ ലയിക്കുവാൻ സാദ്ധ്യമാകത്തക്കവണ്ണം അലഹബാദിൽ വച്ച് ഗംഗയിൽ ഒഴുക്കേണ്ടതു്.'

ശാസ്ത്രീയവും ജററ്റ്യുഗത്തിന്റേതുമായ ഈ കാലഘട്ടത്തിൽ ഇന്ത്യക്ക് നിശ്ചലമായിരിക്കുക സാദ്ധ്യമല്ല. ജീവിതത്തിന്റെ ചലിക്കുന്ന പ്രവാഹത്തിലേക്ക് നെഹ്രു ഇന്ത്യയെ തള്ളിവിട്ടെങ്കിലും അദ്ദേഹത്തിനു തന്നെ വ്യക്തമല്ലായിരുന്നു താൻ എങ്ങോട്ടാണ് ഇന്ത്യയെ നയിക്കുന്നതെന്ന്. സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനത്തിലുള്ള ജനാധിപത്യവും സുരക്ഷിതത്വത്തിന്റെ അടിസ്ഥാനത്തിലുള്ള കമ്മ്യൂണിസവും എന്ന സമുദായത്തിലെ വിഭിന്നഭാവമുള്ള രണ്ട് ആദർശങ്ങളുടെ മദ്ധ്യത്തിൽ ലോകം ഇന്ന് ചേരിതിരിഞ്ഞു നില്ക്കുകയാണ്. ഭാവിയിൽ ഇന്ത്യ എവിടെയായിരിക്കും എന്നതാണ് അവശേഷിക്കുന്ന പ്രശ്നം,

6

# കമ്മ്യൂണിസ്റ്റും സമുദായം

പതിനെട്ടാംനൂറ്റാണ്ടുവരെ മറ്റെല്ലായിടത്തെയും യൂറോപ്പിലെയും ജീവിതം കാർഷികാടിസ്ഥാനത്തിലുള്ള സാമ്പത്തികവ്യവസ്ഥിതിയിൽ അധിഷ്ഠിതമായിരുന്നു. ആ നൂററാണ്ടിന്റെ അവസാനത്തിൽ നടന്ന വ്യാവസായിക വിപ്ളവം മനുഷ്യവർഗ്ഗത്തിന്റെ ചരിത്രത്തിൽ ഒരു പുതിയ യുഗത്തിന്റെ ആരംഭം കുറിച്ചു. അതു് യാന്ത്രികയുഗത്തെ അവതരിപ്പിക്കുകയും വ്യവസായത്തിന്റെ അഭൂതപൂർവ്വമായ വളർച്ചക്കു് കളമൊരുക്കുകയും ചെയ്തു. ഇതിനു് മുൻകൈ എടുത്തതു് ഇംഗ്ലണ്ടായിരുന്നു. ഒരു പുതിയ വർഗ്ഗത്തിന്റെ ആവിർഭാവത്തിനു് ഇതു കളമൊരുക്കി. യന്ത്രോപകരണങ്ങൾ നല്കുന്നതിനും ഫാക്ടറികളുടെ നിർമ്മാണത്തിനും ആവശ്യമായ മുതൽമുടക്കു ചെയ്യുന്ന മുതലാളികൾ ആണു് ഈ പുതിയ വർഗ്ഗം. ഇംഗ്ലണ്ടു് ഒരു വ്യാവസായികപട്ടണം ആയി വളന്നു. മാഞ്ചസ്റ്റർ, ബർമിംഗ്ഹാം, ഷെഫീൽഡ് തുടങ്ങിയ

വ്യാവസായിക നഗരങ്ങളും ഉദിച്ചുയൎന്നു. ജോലിക്കുള്ള സാദ്ധ്യത ഉൾനാടൻ ജനതയെ പട്ടണങ്ങളിലേക്ക് ആകൎഷിക്കുകയും തൊഴിലാളികൾ ഈ പട്ടണങ്ങളിൽ ഒരുമിച്ചു ചേരുകയും ചെയ്തു. വ്യവസായവികസനത്തിൽ ശ്രദ്ധിക്കുവാൻ പുതിയ പരിതസ്ഥിതിയിൽ സമയം ലഭിച്ചില്ല. അന്നത്തെ നീതി തടസ്സം സൃഷ്ടിക്കാതിരിക്കുക എന്ന തത്വത്തിൽ അധിഷ്ഠിതമായിരുന്നു. മുതലാളികൾ പണം ഉണ്ടാക്കുവാനുള്ള താല്പൎയ്യക്കാരാകയാൽ അദ്ധ്വാനത്തിന്റെ വില ഇടിക്കുവാൻ കഴിഞ്ഞു, അദ്ധ്വാനം ചൂഷണം ചെയ്യപ്പെട്ടിരുന്നു. റിക്കാൎഡോ (RICARDO) അദ്ധ്വാനത്തെ ആവശ്യത്തിൻെറയും (ഉല്പാദിതവസ്തു വിലകൊടുത്തു വാങ്ങുവാൻ ഉപഭോക്താവിനുള്ള താല്പൎയ്യവും സമ്മതവും) പ്രദാനത്തിൻെറയും അടിസ്ഥാനത്തിൽ നോക്കികണ്ടതോടുകൂടി വൎഗ്ഗസാമ്പത്തികക്രമം എന്നു വിളിക്കപ്പെടുന്ന സാമ്പത്തികവ്യവസ്ഥ വികസിതമായി. മനുഷ്യൻെറ കാഴ്ച നഷ്ടപ്പെട്ടു. റിച്ചാൎഡോവൻ (RICHARDOWEN) എന്ന മുതലാളി ആത്മപ്രചോദനത്താൽ മനുഷ്യത്വത്തിന്റെ അടിസ്ഥാനത്തിൽ തൻെറ വ്യവസായശാല നടത്തുവാൻ ഒരു പരിശ്രമം നടത്തിയെങ്കിലും പരസ്പരസ്പൎദ്ധയോടെ എന്തു വൃത്തികേടുകളും നടത്താൻ മടിക്കാത്ത ഈ ലോകത്തിൽ അദ്ദേഹത്തിനു് വൻപിച്ച നഷ്ടങ്ങൾ നേരിടുകയും തന്റെ പദ്ധതിയെ മനോരാജ്യസോഷ്യലിസം എന്നു പറഞ്ഞു പുച്ഛിക്കുകയും ചെയ്തു. തൊഴിലാളി മുതലാളിബന്ധത്തെപ്പററിയുള്ള പ്രശ്നം അവശേഷിക്കുകയും സംഗതികൾ കൂടുതൽ വഷളാവുകയും ചെയ്തു. തൊഴിലാളികൾ അസംഘടിതരായിരുന്നെന്നു മാത്രമല്ലാ ഗവണ്മെന്റിൽനിന്നു് മുതലാളികൾക്കു കിട്ടുന്ന പിൻതുണ ലഭിച്ചിരുന്നുമില്ല. അധികം താമസിയാതെ തൊഴിലാളി

കൾ സംഘടിക്കുകയും ട്രെയ്ഡ് യൂണിയൻ പണിമുടക്കു കൾ നയിക്കുകയും അവയെ അടിച്ചമർത്തുവാൻ മാർഗ്ഗ ങ്ങളുണ്ടാവുകയും അവസാനം ജോലിക്കു ഹാജരാവുക യും ചെയ്തു. ഇംഗ്ലണ്ടിലും അതേ സ്ഥിതിയിലുള്ള മററു രാജ്യങ്ങളിലും തൊഴിലാളികളും മുതലാളികളും തമ്മിൽ വ്യാവസായിക രംഗത്തുള്ള മൽപിടുത്തം സർവ്വസാധാ രണമാണ്.

ഇംഗ്ലീഷുകാർ ഭരണഘടനയോട്ട് ആദരവുവച്ചു പുലർത്തുന്ന സ്വഭാവഗുണം ഉള്ളവരാകയാൽ ഈ പ്രശ്ന ത്തിന്ന് ഒരു പരിഹാരം കണ്ടെത്തുവാൻ അവരുടേതായ മാർഗ്ഗത്തിലൂടെ ശ്രമിച്ചു. അതിനെപ്പററി നമുക്ക് പി ന്നീട്ട് പ്രതിപാദിക്കാം. യൂറോപ്പിൽ വ്യാവസായിക മനോഭാവം വ്യക്തമായ വിപ്ലവമുഖഭാവത്തിൽ വിക സിക്കുന്നതിന്ന് കാറൽമാർക്സിൻെറ ദാസ്കാപ്പിററൽ (DASKAPITAL) സഹായിച്ചു. അദ്ദേഹം ഒരു തൊ ഴിലാളിയായിരുന്നില്ല. മറിച്ച് ബുദ്ധിമാനായ ഒരു തത്വ ശാസ്ത്രജ്ഞനായിരുന്നു. തന്റെ വിപ്ളവബോധത്താൽ അദ്ദേഹത്തിന്ന് സ്വന്തരാജ്യമായ ജർമ്മനി വിടേണ്ടിവരി കയും ഇംഗ്ലണ്ടിൽ ഔദാര്യമുള്ള വാസസ്ഥാനം കണ്ടെ ത്തുകയും ചെയ്തു. ബ്രിട്ടീഷ്മ്യൂസിയത്തിലെ ഗ്രന്ഥപുര അദ്ദേഹത്തിനുവേണ്ടത്ര സൗകര്യം ചെയ്യുകയും അതിൽ നിന്നും അദ്ദേഹം മുതലെടുക്കുകയും ചെയ്തു, അദ്ദേഹം നിർദ്ധനനായിരുന്നെങ്കിലും എംഗൽസിനെപോലെ ധ നികനായ ഒരു കൂട്ടാളിയെ കണ്ടെത്തുന്നതിൽ അദ്ദേഹ ത്തിനു ഭാഗ്യം സിദ്ധിച്ചു. അദ്ദേഹത്തിൻെറ സോഷ്യ ലിസത്തെ ശാസ്ത്രീയമെന്നു വിശേഷിപ്പിക്കുകയും തൊഴി ലാളികളുടെ പ്രശ്നപരിഹാരത്തെ ധീരമായ നടപടി യായി പറയുകയും ചെയ്തു. അതിനായി മുതലാളിത്വ ത്തെ പരിപൂർണ്ണമായി ഇല്ലാതാക്കണം. അദ്ധ്വാനത്തെ

മൂല്യത്തിൻെറ (Value) സ്രഷ്ടാവായിക്കണ്ട ലോക്കിൽ അദ്ദേഹം പരോക്ഷമായ പിൻതുണ ദർശിച്ചു. അങ്ങിനെയാണെങ്കിൽ മുഴവൻ മൂല്യവും തൊഴിലാളികഠ പോകേണ്ടതും, മുതലാളികൾ എടുക്കുന്ന ആദായം മോഷണം ആയിത്തീരുന്നതും ആണു്. ഉല്പാദനവസ്തുക്കൾക്കു് വേണ്ട അസംസ്കൃതപദാർത്ഥങ്ങൾ നല്കുന്ന കൃഷിക്കാരോടും മൂലധനം ഇറക്കുന്ന മുതലാളിമാരോടും സംവിധാനം നടത്തുന്ന വ്യവസായനേതാക്കളോടും ഈതരത്തിലുള്ള സാമ്പത്തികവ്യവസ്ഥയുടെ അവതരണം നീതി പുലത്തുന്നില്ല. തൊഴിലാളിക്കു് ആദായത്തിൻെറ ഒരംശം അവകാശപ്പെടാൻ അർഹതയുണ്ടെങ്കിലും മുഴവൻ ആദായവും അവകാശപ്പെടുന്നതിൽ ഒരു ന്യായവും ഇല്ല. മുതലാളികളെ നമുക്കു് അവഗണിക്കാം. എന്നാൽ അവരുടെ അഭാവത്തിൽ രാഷ്ട്രത്തിൽനിന്നും മുതൽ ഇറക്കേണ്ടിയിരിക്കുന്നു.

മുതലാളിമാരെ ഒഴിവാക്കുന്നതിനുവേണ്ടിയുള്ള നടപടിയിൽ കയ്പേറിയ വർഗ്ഗസമരവും അവരുടെ പലായന പ്രശ്നവും ഉദിക്കുന്നു. ദരിദ്രവർഗ്ഗത്തിൻെറ സ്വേഛാധിപത്യത്തിൽ മാത്രമേ ഇതു നേടുവാനാകൂ. മുതലാളിമാരെ കൂടാതെ ഭൂഉടമകൾ, ചെറുതും വലുതുമായ തൊഴിൽദായകർ തുടങ്ങിയ മററുവർഗ്ഗങ്ങളേയും തുടച്ചുമാറേറണ്ടിവരുന്നു. കാറൽമാർക്സു് സ്വാതന്ത്ര്യത്തെ ശപിക്കുകയും ദരിദ്രവർഗ്ഗത്തിൻെറ ഏകാധിപത്യത്തെ താല്ക്കാലിക പ്രതിഭാസമായി നോക്കി കാണുകയും ചെയ്തു. രാഷ്ട്രത്തിൻെറ ബലം കുറയുമെന്നു് അദ്ദേഹം വിശ്വാസത്തോടെ സംസാരിച്ചു മാർക്സിൻെറ ശാസ്ത്രീയസോഷ്യലിസത്തിൻെറ അടിസ്ഥാനം പണിതുയർത്തിയിട്ടുള്ളതു കടുത്ത വിദ്വേഷത്തിലാണു്. ഈ വിദ്വേഷത്തെ മനസ്സിലാക്കിയാണു് മാക്സിംഗോർക്കി എഴുതിയതു് ''ബൂർഷ്വാ

ക്കളോട്ടം മുതലിളിത്വശക്തിയോട്ടം അവരുടെ ആശ്രിതരോട്ടം ഫാസിസ്റ്റു ഭൃത്യന്മാരോട്ടം. തൊഴിലാളിവർഗ്ഗത്തിന്റെ ശത്രുക്കളോട്ടം നീചവും സന്ധിയില്ലാത്തതുമായ വിദ്വേഷം ആണ് ഒരു ദരിദ്രന്റെ മനുഷ്യത്വത്തിന് ആവശ്യമായി തീന്നിരിക്കുന്നതു്. ആയിരക്കണക്കിനും ദശലക്ഷക്കണക്കിനുമുള്ള ആളുകളുടെ കഷ്ടപ്പാടുകളിൽ നിന്നും വേദനയിൽ നിന്നും ഉടലെടുത്തുവന്നതാണ് ഈ വിദ്വേഷം ഇംഗ്ലണ്ടിലെ തൊഴിലാളി നേതാക്കന്മാരുടെ ശാന്തതയും സൗമ്യഭാവവും യാഥാസ്ഥിതിക മാർസ്കിസ്റ്റുകളുടെ ധിക്കാരത്തിനു പാത്രീഭവിച്ചു. ഹെൻഡേർസനു (Henerson) "തുങ്ങിചാവുന്നവനു കയർ പിന്തുണ നല്കുന്നു" എന്ന രീതിയിൽ പന്തുണ നല്കുവാൻ ലെനിൻ ആഗ്രഹിച്ചു. ടി. എ. ജാക്സണെ (T. A. Jakson) പോലുള്ള കമ്മ്യൂണിസ്റ്റുകാരൻ പറയാൻപോലും ധൈര്യപ്പെട്ടു-," കഴുത്തു എടുക്കുന്നതിനുള്ള പ്രാരംഭ നടപടിയായി അവരെ(കമ്മ്യൂണിസ്റ്റിതരരെ)ഞാൻ കൈകൊണ്ടുടുക്കും". ഇതു് കമ്മ്യൂണിസ്റ്റുകാരുടെ യുദ്ധമനസ്ഥിതിക്കുള്ള സവിശേഷമായ ഒരു ഉദാഹരണം മാത്രമാണ്. ജീവിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റുകാരുടെ ആഗോള സുരക്ഷിതത്വത്തിനുവേണ്ടി ദശലക്ഷകണക്കിനാളുകൾ അവരുടെ കൈകൊണ്ടു് കൊല്ലപ്പെട്ടിട്ടുണ്ടു്. കഷ്ടപ്പെടുന്നവരുടെ നന്മയെ ലക്ഷ്യമാക്കിയുള്ള യജ്ഞത്തിൽ മനുഷ്യത്വത്തിന്റെ മേൽ വിപുലമായ തരത്തിൽ കഷ്ടപ്പാടുകൾ ബോധപൂർവ്വം അടിച്ചേല്പിക്കുന്നതു് വിചിത്രമായ ഒരു വിരോധാഭാസമാണ്.

ഇംഗ്ലണ്ടിനെ പോലെ വ്യവസായികമായി പുരോഗമിച്ച രാജ്യങ്ങളിൽ വ്യാവസായിക സംഘട്ടനങ്ങൾ അനിവാര്യമാകയാൽ അങ്ങിനെയുള്ള രാജ്യങ്ങളിൽ സോഷ്യലിസ്റ്റ് വിപ്ലവം പൊട്ടിപുറപ്പെട്ടവെന്നു് കാറൽ

മാർക്സ് പ്രതീക്ഷിച്ചു. ഇംഗ്ലണ്ടിലെ ദീർഘകാലവാസംകൊണ്ടുപോലും ഇംഗ്ലീഷുകാരുടെ മനഃശാസ്ത്രം മനസ്സിലാക്കുന്നതിൽ അദ്ദേഹം പരാജയപ്പെട്ടു. നാടുകടത്തപ്പെട്ട റഷ്യൻ ബുദ്ധിജീവികൾ മാർക്സിനെ ഒരു പ്രവാചകനായി അംഗീകരിക്കുകയും, മുഖ്യമായും കാർഷികവും മതപരവുമായ ചട്ടക്കൂട്ടിൽ ഒതുങ്ങിക്കൂടി വ്യാവസായിക രംഗത്തേക്ക് എത്തിനോക്കുകമാത്രം ചെയ്തിരുന്ന റഷ്യയിൽ എല്ലായിടവും കമ്മ്യൂണിസം പ്രചരിപ്പിക്കുവാനുള്ള ഒരു ഉപകരണമായി വിധി ലെനിന്നെ തെരഞ്ഞെടുക്കുകയും ചെയ്തു. റഷ്യയിലെ രാഷ്ട്രീയ സ്ഥിതിഗതികൾ ഒരു വിപ്ളവത്തിനു വേണ്ടപാകത്തിലായിരുന്നു. സാർ ചക്രവർത്തി സ്ഥാനഭ്രഷ്ടനാക്കപ്പെട്ടതോടുകൂടി ദുർബ്ബലമായ ഒരു ഗവണ്മെന്റായിരുന്നു അധികാരത്തിൽ ജർമ്മൻകാർ ലെനിനെ റഷ്യയിലേക്ക് വ്യാജമായി കടത്തുകയും ബോൾഷെവിസ്റ്റുകളുടെ നേതാവായി ഒരു മനുഷ്യ അഗ്നിപർവ്വതത്തെ പോലെ അദ്ദേഹം അധികാരം കൈവശപ്പെടുത്തുകയും ആദ്യത്തെ കമ്മ്യൂണിസ്ററുരാഷ്ട്രം നിലവിൽ വരികയും ചെയ്തു.

ലെനിൻ തന്റെ ശത്രുക്കളോട് നിർദ്ദയനായിരുന്നു എന്നാൽ ഉന്നതമായ ആദർശങ്ങളും ആജ്ഞാശക്തിയും ഉള്ള രാജ്യതന്ത്രജ്ഞനും ബഹുജനങ്ങളെ ആജ്ഞാനുവർത്തികളാക്കുവാനും അവരുടെ സ്നേഹാദരങ്ങൾക്ക് പാത്രീഭൂതനാകുവാൻ ഉതകത്തക്ക ഭൂതദയ ഉള്ളവനും ആയിരുന്നു അദ്ദേഹം. മാർക്സ്, ജനങ്ങളുടെ മനം മയക്കുന്ന കറുപ്പെന്നു് കുററപ്പെടുത്തിയ മതത്തെ ലെനിൻ തന്റെ തൂലികാ പ്രഹരത്താൽ ദുർബ്ബലമാക്കി. കൂടുതൽ വ്യവസായങ്ങൾ ദേശസാൽകരിക്കാൻ ഇല്ലാതായിരുന്നതുകൊണ്ട് ഭൂഉടമ സമ്പ്രദായത്തെ ഇല്ലാതാക്കി ഭൂമിയെ ദേശസാൽക്കരിക്കുവാൻ വളരെ വേഗം സാധിച്ചു. തങ്ങളുടെ

ഭൂമിയെ സ്നേഹിച്ചിരുന്ന കർഷകർക്ക് കമ്മ്യൂണിസത്തിന്റെ ധനശാസ്ത്ര തത്വങ്ങളിൽ താല്പര്യം ഇല്ലാതിരുന്നതിനാൽ ഉല്പാദനം കുറഞ്ഞു. ഇതു് പട്ടിണിയിലേക്കു നയിച്ചു. ഉല്പന്നം കണ്ടു കെട്ടുന്നതിനു പകരം അവർക്ക് വിട്ടുകൊടുക്കുന്നതിനു് താല്കാലികമായി ലെനിൻ തല കുനിച്ചു. ആഭ്യന്തരകലഹം ഒഴിവാക്കുന്നതിനു് ട്രോസ്കിയുടെ സൈനിക വൈദഗ്ദ്ധ്യം സഹായിച്ചു. അമേരിക്കയും റഷ്യയും ചരിത്ര സൃഷ്ടിക്കായി മുൻപോട്ടു വന്നിരിക്കുകയാണു്. 1924-ൽ ലെനിൻ മരിച്ചപ്പോഴേക്കും റഷ്യ ഒരു ശക്തിയായി തീൎന്നു. റഷ്യയുടെ അനുഭവം വച്ചു നോക്കുമ്പോൾ സ്റ്റേറ്റിന്റെ അധികാരം ദുർബ്ബലമാകുമെന്ന മാർക്സിന്റെ പ്രതീക്ഷ തെറ്റിപ്പോയി സ്റ്റേറ്റു് ദുർബലമാകുന്നതിനു പകരം സ്വയാർജ്ജിതശക്തിയാൽ നിർദ്ദയവും സുശക്തവും ആയിതീൎന്നു. സ്റ്റാലിൻ ലെനിന്റെ സ്ഥാനം ഏറ്റെടുത്തു തന്റെ മുൻഗാമിയിലും പിൻഗാമിയിലും ഉണ്ടായിരുന്ന മനുഷ്യത്വം അദ്ദേഹത്തിനില്ലായിരുന്നെന്നു മാത്രമല്ല താനൊരു നിർദ്ദയനെന്നു് അദ്ദേഹം തെളിയിക്കുകയും ചെയ്തു. സാറിസ്റ്റു മാതൃകയിൽ അദ്ദേഹം ഭരണയന്ത്രം സൃഷ്ടിച്ചു് തന്റെ എതിരാളികളെ ഒന്നൊന്നായി തുടർച്ചയായി തുടച്ചു മാറ്റി റഷ്യയെ പൂർണ്ണമായും വ്യവസായവൽക്കരിക്കുന്നതിൽ അദ്ദേഹം വിജയിച്ചതിനാൽ നഗരങ്ങളിലെ ജനസംഖ്യ 1926-ൽ 260 ലക്ഷം ആയിരുന്നതിന്റെ സ്ഥാനത്തു് 1956-ൽ 870 ലക്ഷം ആയി വർദ്ധിച്ചു. ദശലക്ഷകണക്കിനു് കമ്മ്യൂണിസ്റ്റിതരരെ കൊല്ലുകയും നാടുകടത്തുകയും ജയിലറകളിലടക്കുകയും ചെയ്തപ്പോൾ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ അംഗസംഖ്യ വർദ്ധിച്ചു. 1928-ൽ 17 ലക്ഷം ആയിരുന്ന കമ്മ്യൂണിസ്റ്റു പാർട്ടിയുടെ അംഗസംഖ്യ 1957-ൽ 330 ലക്ഷവും 1964-ൽ 447 ലക്ഷവും ആയി വർദ്ധിച്ചു. അര നൂറ്റാണ്ടിന്നകം അതിനുണ്ടായനേട്ടങ്ങളെ

അമാനുഷികം എന്നേ വിവരിക്കുവാനാവൂ. നിരക്ഷരത്വം തുടച്ചു മാറ്റപ്പെട്ടു. ശാസ്ത്രീയ ഗവേഷണങ്ങൾ, കൃത്രിമോപഗ്രഹങ്ങൾ നിർമ്മിക്കുന്നതിനോളം വളൎന്നു. ആരോഗ്യസേവനങ്ങളിൽ റഷ്യ ആരുടെയും പുറകിലല്ല. വ്യവസായത്തിൽ അവൾ ബ്രിട്ടനെ തോല്പിക്കുകയും അമേരിക്കയെ തോല്പിക്കാനാഗ്രഹിക്കുകയും ചെയ്യുന്നു. കമ്മ്യൂണിസം അതിൻെറ ആദർശങ്ങളിൽ 100 ശതമാനവും ഡാറിസ്റ്റം റഷ്യയോടുള്ള വിരോധം ജനിപ്പിക്കുന്നതാണെങ്കിലും സാറിസ്റ്റം റഷ്യയിലെ ഞെരുങ്ങുന്ന അന്തരീക്ഷത്തിൻെറ സൗരഭ്യം പരത്തുന്നുണ്ട്. അതിൻെറ വിദേശനയം പഴയ റഷ്യയെ അനുസ്മരിപ്പിക്കുന്നതാണു്. എല്ലാ തുറയിലുമുള്ള പോലീസ് പ്രവൎത്തനങ്ങളുടെ ഈററില്ലമായിരുന്ന റഷ്യയെപ്പററി പഠിപ്പിക്കുവാൻ കഴിയുന്നതാണ് അതിൻെറ ഭൃത്യവൃത്തി. മക്കൾ മാതാപിതാക്കളോടും സഹോദരങ്ങൾ സഹോദരങ്ങളോടും ചെയ്യുന്ന ഒററുവൃത്തി സംഗതികളെ കീഴ്മേൽ മറിച്ചു. റഷ്യയിൽ ജനിച്ച് അമേരിക്കയിൽ സ്ഥിരതാമസമാക്കിയ മാറിസ് ഹിൻഡസ് (Maurice-Hindus) മനുഷ്യത്വത്തെ കട പുഴക്കി എറിഞ്ഞതായിട്ടാണ് കമ്മ്യൂണിസ്റ്റു റഷ്യയെപ്പററി പറഞ്ഞതു്. പട്ടാളം രാജ്യത്തെ ഭയത്തിൻെറ പിടിയിൽ നിന്നും മോചിപ്പിക്കുന്നതിൽ ഉന്നത സ്ഥാനം നേടിയിട്ടുണ്ട്. ക്രൂഷ്ചേവിനെ സംബന്ധിക്കുന്ന രസകരമായ ഒരു കഥയുണ്ട്. ഒരു മീററിംഗിൽ ക്രൂഷ്ചേവ് സ്റ്റാലിനെ ഇടിച്ചു താഴ്ത്തുകയായിരുന്നു. അപ്പോൾ ശ്രോതാക്കളിൽ ആരോ ചോദിച്ചു, 'സ്റ്റാലിൻ ജീവിച്ചിരുന്നപ്പോൾ നിങ്ങൾ എന്തുകൊണ്ടിതൊന്നും പറഞ്ഞില്ല?" ക്രൂഷ്ചേവ് തിരിഞ്ഞു ചോദിച്ചു; ഇതാരാണ പറഞ്ഞതു്? അപ്പറഞ്ഞയാളിനു് എഴുന്നേററു നില്ക്കുവാനുള്ള ധൈര്യം ഇല്ലായിരുന്നു. ക്രൂഷ്ചേവ് ചിരിച്ചുകൊണ്ടു പറഞ്ഞു, ഇതാണു് കാരണം.

ഒരു പ്രതിനിധിയായി റഷ്യയിൽ പോയി മടങ്ങി വന്ന ഒരു ഇന്ത്യൻ വിദ്യാർത്ഥി എന്നോടു പറഞ്ഞു, 'എനിക്കു റഷ്യയിൽ ശ്വാസം മുട്ടൽ അനുഭവപ്പെട്ടു. ഒരു മാസത്തിനു ശേഷം പാരീസിൽ ചെന്നപ്പോൾ മാത്രമേ സ്വതന്ത്രമായി ശ്വസിക്കുവാൻ കഴിഞ്ഞുള്ളു.' വിശക്കുന്ന വയറിന് സ്വാതന്ത്ര്യം ഉണ്ടാകുവാൻ സാദ്ധ്യമല്ലാത്തതുകൊണ്ട് സ്വാതന്ത്ര്യത്തെ മുറുകെ പിടിക്കുന്നതു് ബൂർഷ്വാസമൂഹത്തിൻെറ സ്വഭാവ വിശേഷമാണെന്നു് റഷ്യൻകമ്മ്യൂണിസ്റ്റുകൾ അവകാശപ്പെടുന്നു. അതിനാൽ അവർ സമത്വത്തിനു് കൂടുതൽ പ്രാധാന്യം നല്കുന്നു. വിജയത്തിൻെറ കന്നിപുതുമയിൽ ഫാക്ടറി തൊഴിലാളികളുടെ ഇടയിൽ അവർ പൂർണ്ണസമത്വം പ്രഖ്യാപിച്ചു. സുപ്രവൈസറന്മാർ ഇല്ലാതിരുന്നതിനാൽ എല്ലാവർക്കും അതു് തുല്യമായി നല്കി. വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ തൊഴിലാളികൾ തമ്മിൽ യാതൊരന്തരവും വച്ചില്ല. അവിദഗ്ദ്ധ ജോലിക്കാർക്കു് ശമ്പളം കൂട്ടി കൊടുക്കേണ്ടി വന്നു. ഉല്പാദനത്തിൻെറ താല്പര്യനുസൃതമായി സമത്വം ഇല്ലാതാക്കേണ്ടി വന്നു, റഷ്യൻ സമുദായത്തിലെ ചുരുക്കം ചില വിഭാഗത്തിനു് വമ്പിച്ച ആദായം അനുവദിച്ചതു് കമ്മ്യൂണിസത്തിലെ വിരോധാഭാസമായിതീന്നു. ഉദാഹരണത്തിനായി ബ്യൂറോക്രാററിക്ക് രീതിയിലുള്ള ഭരണയന്ത്രത്തെ നിയന്ത്രിക്കുന്ന ഓഫീസറന്മാർ, ഗ്രന്ഥകാരന്മാർ, പത്രപ്രവർത്തകർ തുടങ്ങിയവർ. മുതലാളിത്വരാഷ്ട്രങ്ങളെന്നു വിളിക്കപ്പെടുന്ന ഇംഗ്ലണ്ടിലും അമേരിക്കയിലും ഉള്ളതിനേക്കാൾ വ്യത്യാസം റഷ്യയിലേ ഉയന്ന വരുമാനക്കാരനും താണ വരുമാനക്കാരനും തമ്മിലുണ്ടു്. ഒരു വ്യത്യാസം ഉള്ളതു് ഉന്നത നിലവാരത്തിലുള്ളവർകൂടി എല്ലാ വരുമാനങ്ങളും റഷ്യയിൽ തന്നെ ചെലവഴിക്കേതിനാലും റഷ്യയിൽ സ്വകാര്യ കമ്പനികളില്ലാ

ത്തരിനാലും മൂലധനത്തെ വർദ്ധിപ്പിക്കുവാനുള്ള സാദ്ധ്യത യില്ലെന്നുള്ളതാണ്. ജനങ്ങളുടെ സമ്പാദ്യം ഗവർമ്മെൻറു് കടപത്രങ്ങൾ വാങ്ങി നിശ്ചിത പലിശയിന്മേൽ നിക്ഷേപിക്കാവുന്നതാണ്. മുതലാളിത്വ രാഷ്ട്രങ്ങളിൽ നല്കുന്നതിനേക്കാൾ കുറഞ്ഞ കൂലി നിരക്കാണ് റഷ്യയിലെ തൊഴിലാളികൾക്ക് ലഭിക്കുന്നതെന്നുള്ള വസ്തുത പ്രത്യേകം എടുത്തു പറയേണ്ടിയിരിക്കുന്നു.

റഷ്യയിൽ മതത്തിനെതിരെ കമ്മ്യൂണിസ്റ്റുകാർ നടത്തിയ കുരിശുയുദ്ധത്തിന് രസകരമായ ഒരു ചരിത്രം ഉണ്ട്. ലെനിൻ തൻെറ തൂലികാഘാതത്താൽ റഷ്യയിൽ മതത്തെ നിരാകരിച്ചു. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മതം നിരോധിക്കപ്പെട്ടു. പള്ളികൾ അടച്ചിട്ടു. പുരോഹിതവർഗ്ഗം ക്രൂരമായ സമ്മർദ്ദത്തിനും നീചമായ അവജ്ഞക്കും വിധേയമായി അസ്തപ്രജ്ഞരാക്കപ്പെട്ടു. നൂററാണ്ടുകളായി മതവിശ്വാസത്തിൽ ആണ്ടുകിടന്നിരുന്ന ഒരു രാജ്യത്തിൽനിന്നും എങ്ങിനെ ഇത്രവേഗം അപ്രത്യക്ഷമായി എന്നുള്ളതു് അത്ഭുതത്തിന് ഇടനല്കുന്നു. ഭാവിയിൽ ഉയർത്തെഴുന്നേററുവരാനുള്ള അസംഖ്യം സാദ്ധ്യതകളോടുകൂടി താല്ക്കാലികമായി ഒളിവിൽ ആകുന്നതിനു മാത്രമെ ലെനിൻ വിജയിച്ചുള്ളു. ലെനിനും ഡൊസ്റ്റോവ്സ്കിയും അന്തരാ റഷ്യക്കാരായിരുന്നു. എല്ലാ കഷ്ടതകൾക്കും നേരെയുള്ള ഡൊസ്റ്റോവ്സ്കിയുടെ വൈകാരിക എതിർപ്പുകൾ സാറിസ്റ്റുറഷ്യയുടെ നിലപാടുകൾക്കെതിരെയുള്ള കലഹമായി മാറി. സൈബീരിയയിലുള്ള അദ്ദേഹത്തിൻെറ ജയിൽവാസം സ്വാഭാവികമായും ഒരു വിജയമായിരുന്നു. എന്നാൽ റഷ്യയുടെ വർത്തമാനകാല ദാരുണസംഭവങ്ങളുടെയും ഒരു പുതിയ റഷ്യയെപ്പററിയും ഒരു പുതിയ മനുഷ്യത്വത്തെപ്പററിയും ഉള്ള ദിവ്യദർശനത്തിൻെറയും ചിത്രം അദ്ദേഹത്തിന്റെ

പ്രതിഭ വരച്ചുകാട്ടുന്നതുവരെ തൻെറ ഉറച്ച വിശ്വാസത്തിൽനിന്നും അദ്ദേഹം വ്യതിചലിച്ചില്ല. ബോൾഷെവിക്കുകാർ അദ്ദേഹത്തെ അഗ്രഗണ്യനും പുതിയ റഷ്യയുടെ പ്രവാചകനും ആയി കണക്കാക്കുന്നതിൻെറ കാരണം ഇതുതന്നെയാണ്. ബോൾഷെവിക്കുകാരുടെ മതവിരുദ്ധോപദേശങ്ങൾ അദ്ദേഹത്തിന് സ്വീകാര്യമായിരുന്നോ എന്നതു് ചിന്തനീയമാണ്. ലെനിനെക്കാൾ ഉപരി അദ്ദേഹത്തിന് റഷ്യയെപ്പറ്റി അറിയാമായിരുന്നു. അദ്ദേഹത്തിൻെറ പ്രസിദ്ധ നോവലായ 'കാരമസോവ് സഹോദരന്മാർ' ഒരു വെറും നോവലല്ല. അതു് റഷ്യയുടെ ആത്മാവിനെപ്പററിയുള്ള ഒരു പഠനമാണ്. മതത്തിൻെറ അനശ്വരത്വത്തെപ്പററി ഡോസ്റ്റോവ്സ്കിയെക്കാൾ ഉന്നതനായ ഒരുവനിൽനിന്നും കേൾക്കുവാൻ സാദ്ധ്യമല്ല.

"റഷ്യാക്കാർ തികഞ്ഞ യാഥാസ്ഥിതികത്വത്തിലും അതിൻെറ ആശയഗതിയിലുമാണ് ജീവിക്കുന്നതു്. യാഥാസ്ഥിതികത്വത്തിനപ്പുറത്തു് അവരിൽ ഒന്നും ഇല്ല; അവർക്കൊന്നുമില്ല. ഒന്നും ആവശ്യവുമില്ല. കാരണം യാഥാസ്ഥികത്വം എല്ലാമാണ്. അതാണ് പള്ളി. ശിക്ഷണത്തിൻെറ കിരീടമാണ് പള്ളി. അതുതന്നെയാണ് ശാശ്വതത്വവും. യാഥാസ്ഥിതികത്വത്തെപ്പററി അറിഞ്ഞുകൂടാത്തവർ റഷ്യയെപ്പററി മനസ്സിലാക്കുന്നില്ല. അയാൾക്കു് റഷ്യാക്കാരെ സ്നേഹിക്കുവാനും സാദ്ധ്യമല്ല. ഭാവനയിലുള്ള മനുഷ്യരെ മാത്രമേ അയാൾക്കു സ്നേഹിക്കുവാൻ കഴിയൂ. റഷ്യൻ ഭാഷയിലും അയാൾ അതു തന്നെ കാണുവാൻ ആഗ്രഹിക്കുന്നു. അതുപോലെ തങ്ങളിൽ ഒരുവനായി അത്തരത്തിൽപ്പെട്ട ഒരുവനെ അംഗീകരിക്കുവാനും അവർ തയ്യാറല്ല. ഞാൻ സ്നേഹിക്കുന്നതിനെ നിങ്ങൾ സ്നേഹിക്കുന്നില്ലെങ്കിൽ, ഞാൻ വിശ്വ

സിക്കുന്നതിനെ നിങ്ങൾ വിശ്വസിക്കുന്നതില്ലെങ്കിൽ ഞാൻ പരിശുദ്ധമായി ഗണിക്കുന്നതിനെ നിങ്ങൾ ആദരിക്കുന്നില്ലെങ്കിൽ നിങ്ങൾ എൻെറ സഹോദരനല്ല ..............അവരെന്താണോ അതിൽ നിന്നുവിഭിന്നമായ' അവരെ കാണുവാനാഗ്രഹിക്കുന്ന ഒരുവിനെ അവർ ശ്രദ്ധിക്കും; അയാൾ ബുദ്ധിമാനും നല്ല പ്രസംഗകനുമാണെങ്കിൽ അയാളുടെ ഉപദേശത്തിനും അവരിലേക്കു പകർന്ന ഉപദേശത്തിനും അവർ നന്ദി പ്രകടിപ്പിക്കും. അവർ വിശാലഹൃദയന്മാരും വേർതിരിച്ചറിയുവാൻ കഴിവുള്ളവരും ആകയാൽ അയാളുടെ ഉപദേശങ്ങളിൽ പലതും അവർ സ്വീകരിക്കും. എന്നാൽ അവർ ഒരിക്കലും അയാളെ തങ്ങൾക്കു തുല്യനായി ഗണിക്കുകയും ഹൃദയവും കയ്യും നല്കുകയും ചെയ്യുകയില്ല'.

റഷ്യൻ വിപ്ളവത്തിനു ശേഷം റെനിഫുലോപ് മില്ലർ എഴുതിയ 'ബോൾഷെവിസത്തിൻെറ മനസ്സും മുഖവും' എന്ന ഗ്രന്ഥത്തിലെ ചില വരികളും ഉദ്ധാരണയോഗ്യമാണ്. ജർമ്മൻ ചരിത്രകാരനും ജീവചരിത്രകാരനുമായ ഗ്രന്ഥകാരൻ എഴുതിയതു് ഒരു പ്രവചനമായി കണക്കാക്കാം. 'ബാൾഷെവിക്കുകാരുടെ പരാജയപ്പെട്ട വിദ്യാഭ്യാസസമ്പ്രദായം ഒരു കാലത്തു് പുറം തള്ളപ്പെടുകയും ഭൗതികവാദത്തിൽ രൂപപ്പെടുത്തിയ യുവതലമുറ യാഥാസ്ഥിതികത്വത്തിൻെറ പിൻതിരിപ്പൻ പങ്കാളിത്വത്തെ സൃഷ്ടിക്കുകയും ചെയ്യുന്നതാണ്'.

സാറിൻെറയും കുടുംബാംഗങ്ങളുടെയും തല വെട്ടുവാൻ എളുപ്പമായിരുന്നു. എന്നാൽ നൂററാണ്ടുകളിലൂടെ വേരുറച്ചു് തഴച്ചു വന്ന ജീവിത സമ്പ്രദായങ്ങളെ പിഴുതെറിയുന്നതു് അത്ര എളുപ്പമായിരുന്നില്ല. മനുഷ്യഹൃദയങ്ങളിൽ മതവിശ്വാസങ്ങൾ പററിപിടിച്ചിട്ടുണ്ടെങ്കിൽ അതു് സ്വാഭാവികം മാത്രമാണ്. 20 വർഷങ്ങൾക്കു

ശേഷം ഹിററ്ലറുടെ കവർച്ച സംഘം റഷ്യയെ ആക്ര മിച്ചപ്പോൾ ബോൾഷെവിക്കുകളാണോ അല്ലയോ എന്ന പരിചിന്തനം കൂടാതെ റഷ്യാക്കാരുടെ രാജ്യസ്നേഹം തല പൊക്കിയപ്പോൾ ഇതു വളരെ വ്യക്തമായിരുന്നു. കവർച്ച സംഘങ്ങളെ തോല്പിച്ചോടിച്ചപ്പോൾ എല്ലാ മത വിശ്വാസികളും 'തിരുഅത്താഴ ശുശ്രൂഷ'യിൽ ദൈവത്തിനു നന്ദി പ്രകടിപ്പിക്കുവാൻ അവർ ആഗ്രഹിച്ചു. സ്റ്റാലിൻ ആകെ കുഴപ്പത്തിൽ പെട്ടു കാണണം. കാരണം അദ്ദേഹം ആ അപേക്ഷക്കു വഴങ്ങിയാൽ അതു് പുതിയ കമ്മ്യൂണിസ്റ്റും ജീവിതരീതിയിലെ അടിസ്ഥാനതത്വങ്ങളെ തകർക്കുന്നതായിരിക്കും. അദ്ദേഹം അതു നിഷേധിച്ചാൽ 20 കൊല്ലത്തിലേറെ ദുരന്തത്തിലാണു് കഴിഞ്ഞിരുന്നതെങ്കിലും പുരോഹിതന്മാരും അവരുടെ ആശ്രിതന്മാരും കാട്ടിയ ധീരതക്കു് പ്രതിഫലമെന്നവണ്ണം ഇത്രയുമെങ്കിലും ചെയ്തില്ലെങ്കിൽ അതൊരു നന്ദികേടായിരിക്കുമെന്നു് ഒരു കുററബോധം ഉണ്ടാവുകയും ചെയ്തു. സ്റ്റാലിൻ ഒരു ശിലാഹൃദയൻ ആയിരുന്നെങ്കിലും അദ്ദേഹത്തിൽ മറഞ്ഞുകിടന്ന മനുഷ്യത്വവും വിജയപൂർവ്വം ഹൃദയത്തിൽ ഞെരുക്കിവച്ചിരുന്ന മതവും അനുഭാവപൂർവ്വം അതിനു വഴങ്ങിക്കൊടുത്തു. ഇതിനുശേഷം മതത്തിനു നേരെയുള്ള പരസ്യമായ ആക്രമണം അസാദ്ധ്യമായിതീർന്നു. റഷ്യയിൽ പൂർണ്ണമായ മതസ്വാതന്ത്ര്യമുണ്ടെന്നു് ക്രൂഷ്ചേവിനു് പൊങ്ങച്ചം പറയാൻ സന്ദർഭം ഉണ്ടാക്കിക്കൊടുത്തതു് ഇതാണു്.

ജീവിതത്തിൻെറ പ്രതിഫലനമാണു് യഥാർത്ഥ സാഹിത്യം. ഇതു ധാരാളമായി പാസ്റ്റർ നാക്കിന്റെ 'ഡോക്ടർ ഷിവാഗോ' എന്ന മഹത്തായ നോവലിൽ കാണാം. ആദ്യകാലത്തെ ബോൾഷെവിക്കുകാരുടെ അധികാരമോഹത്തിൻെറയും മതത്തിന്റെ നേരെയുള്ള സംഹാര യജ്ഞ

ത്തിന്റെയും യഥാതഥവർണ്ണനയിലൂടെ അന്നത്തെ റഷ്യയിലെ മതപശ്ചാത്തലത്തിൻെറ നഖചിത്രമാണു് അദ്ദേഹം വരച്ചുകാട്ടുന്നതു്. റഷ്യയിൽ അതു പ്രസിദ്ധപ്പെടുത്തുവാൻ കഴിയാഞ്ഞതിൽ അത്ഭുതത്തിനവകാശമില്ല. ഇംഗ്ലീഷ്, ഫ്രഞ്ച്, ഇററാലിയൻ തുടങ്ങിയ വിദേശീയ വിവർത്തനങ്ങളിലൂടെയാണു് ലോകം അതിൻെറ മാഹാത്മ്യം മനസ്സിലാക്കിയതു്. അതു് പെട്ടെന്നു് ഒരു മഹാകൃതിയായി അംഗീകരിക്കപ്പെട്ടുകയും കാലക്രമത്തിൽ നോബൽസമ്മാനം നേടുകയും ചെയ്തു. രഹസ്യമായി ആചരിച്ചുപോന്ന മതസൗരഭ്യം അതിനുണ്ടു്. നോബൽപ്രൈസ് വാങ്ങുവാൻ സമ്മതിച്ചില്ലെങ്കിലും അദ്ദേഹത്തെ ജീവിക്കാൻ അനുവദിച്ചതു് റഷ്യയുടെ സഹിഷ്ണുതക്കു് ഉദാഹരണമാണു്.

ഈ അടുത്തകാലത്തു് മതാചാരം റഷ്യൻസൈനികരുടെ ഇടയിൽ കടന്നുകൂടിയിട്ടുണ്ടു്. കമ്മ്യൂണിസ്റ്റു് യാഥാസ്ഥിതികത്വത്തിൻെറ നിലപാടിൽ നിന്നുകൊണ്ടു് ചില പത്രങ്ങളിൽ ഈ അപകടത്തെപ്പററി മുന്നറിയിപ്പു നല്കുന്നതിൽ അലംഭാവം കാണിച്ചില്ല. യാഥാസ്ഥിതിക കമ്മ്യൂണിസത്തിൻെറ മതവിദ്വേഷത്തിനെതിരെ ഒരു കലഹം വളന്നുവരുന്നുണ്ടെന്നതു് ഏററവും രസാവഹമാണു് ലണ്ടൻടൈംസിൻെറ ഒരു ലേഖകൻ, റഷ്യയിൽ പള്ളികൾ അടച്ചിട്ടതു് മതത്തോടുള്ള ആകർഷണം വർദ്ധിക്കുന്നതിനും, ശത്രുത്വത്തിനും മാത്രമേ സഹായിച്ചിട്ടുള്ളൂ എന്ന പ്രവദയിലെ ഒരു നീണ്ട ലേഖനത്തിലെ വാദഗതികളിലേക്കു്. ശ്രദ്ധ ക്ഷണിക്കുന്നു. "വിപരീതരീതിയിലുള്ള നിരീശ്വരത്വം" എന്നു് ലേഖനം പരാതിപ്പെടുന്നു. മതത്തിൻെറ താല്പര്യങ്ങൾക്കു വേണ്ടിയല്ലെങ്കിലും കമ്മ്യൂണിസത്തിന്റെ താല്പര്യങ്ങൾക്കുവേണ്ടി മതവിദ്വേഷത്തിനെതിരെ പരസ്യമായ സമരം പ്രഖ്യാ

പിച്ചിരിക്കുകയാണ് സിനോർ പാൽമിറാതൊഗ്ലിയാററി, (Signor Palmiratogliatti) എന്ന ഇററാലിയൻ കമ്മ്യൂണിസ്റ്റുനേതാവ്. മനുഷ്യത്വത്തിന് പ്രാധാന്യം നല്കുകയും സുഗന്ധദ്രവ്യങ്ങളിൽ കേട്ടുകൂടാതെ സൂക്ഷിച്ചുവച്ചിരിക്കുന്ന ലെനിൻെറ മൃതദേഹത്തിലൂടെ പുതിയ ആചാരങ്ങൾ ഉടലെടുക്കുകയും ചെയ്തിട്ടുള്ള കമ്മ്യൂണിസവും ഒരു മതമായി തീന്നിരിക്കുകയാണ്. ഇതുകൊണ്ടുമാത്രമായില്ല ചില കമ്മ്യൂണിസ്റ്റുകാർ ചോദിക്കാറുമുണ്ട് "പഴയലോകം പുതിയ ആചാരമര്യാദകൾ ഉൾക്കൊണ്ടുകൊണ്ട് രൂപംപ്രാപിച്ചുകൊണ്ടിരിക്കുമ്പോൾ എന്തുകൊണ്ട് ഞങ്ങൾക്ക് പഴയ ആചാരങ്ങളുടെ സ്ഥാനത്ത് പുതിയതിനെ പ്രതിഷ്ഠിച്ചുകൂടാ?"

റഷ്യയിൽ മതം സ്വാഭാവികമായി മരിക്കുമെന്നും വിദ്യാഭ്യാസസമ്പ്രദായം കുട്ടികളെ രക്ഷാകത്താക്കൾക്കെതിരായി കൊണ്ടുവരുമെന്നും യുവതലമുറയെ വിദ്യാഭ്യാസം ചെയ്യിപ്പിക്കുന്ന ചുമതല സ്റ്റേററിനാണെന്നും ഒക്കെ നാം ന്യായമായും പ്രതീക്ഷിക്കുന്നു. നിരക്ഷരത്വത്തിനെതിരെ വിജയംവരിച്ചതു് ബോൾഷെവിക്ക് ഗവമെൻറിൻെറ അനശ്വരമായ നേട്ടമായി നിലകൊള്ളുന്നു, റഷ്യയിലെ വിദ്യാഭ്യാസസമ്പ്രദായം സ്വതന്ത്രപൗരന്മാരെ സൃഷ്ടിക്കുന്നതിനല്ലാ ക്ഷേത്രഗണിതാനുപാതത്തിൽ മററുള്ളവരിലേക്ക് ആഹ്ളാദം പകരുവാൻ കഴിവുള്ള ഉത്സാഹപ്രകൃതരായ കമ്മ്യൂണിസ്റ്റുകാരെ സൃഷ്ടിക്കുന്നതിലാണ്. ലെനിൻ കുഞ്ഞുങ്ങളെ സ്നേഹിക്കുന്നവനായിരുന്നു. ചാറൽസ് രണ്ടാമൻ സ്വാത്മബുദ്ധിയോടുകൂടി പറഞ്ഞിരുന്നു, അദ്ദേഹം കുഞ്ഞുങ്ങളെ ഉമ്മവച്ചതു് അമ്മമാക്കുവേണ്ടിയാണെന്നു്. ലെനിൻെറ ഹൃദയം സ്വമേധയാ അവരിലേക്കു ചെല്ലുകയായിരുന്നു. അദ്ദേഹം

അവരോടൊപ്പം കളികളിൽ പങ്കെടുത്തിരുന്നു. അദ്ദേഹം അവരുടെ നന്മയിൽ ശ്രദ്ധാലുവായിരുന്നു.

തീർച്ചയായും റഷ്യയിൽ കുഞ്ഞുങ്ങളെ വ്യക്തിതാല്പര്യം കൂടാതെതന്നെ കാര്യമായി ശ്രദ്ധിക്കുന്നുണ്ട്, അവക്ക് നല്ല സ്കൂളുകളുണ്ട്. 150 ലക്ഷം റൂബിൾ അവരുടെ കളികൾക്കുവേണ്ടി ചെലവാക്കാറുണ്ട്. ആർട്ടക്ക് പോലുള്ള സുന്ദരമായ കേന്ദ്രങ്ങളിൽവച്ച് അവധികാല ക്യാമ്പുകൾ നടത്താറുണ്ട്. മോസ്കോയിൽ അവർക്ക് സുന്ദരമായ ഒരു മണിമന്ദിരം തന്നെയുണ്ട്. ഏഴു മുതൽ പതിനെട്ടു വയസ്സുവരെ പ്രായമുള്ള കുഞ്ഞുങ്ങൾക്ക് താല്പര്യമുണ്ടെങ്കിൽ അവരുടെ വിശ്രമ സമയം ഉന്മേഷ പ്രദവും പ്രയോജനപ്രദവുമായ വിധത്തിൽ ചിലവഴിക്കാം. അതിന് ഒരു സ്റ്റേഡിയവും കലവറയും നീന്തൽ കുളവും, സമ്മേളന മുറിയും ഉണ്ട്. അതൊരു അഖില ലോക സൗഹൃദസമാജമായാണ് പ്രവർത്തിക്കുന്നതു്. സ്നേഹിതരെല്ലാം എല്ലാ ഭൂഖണ്ഡങ്ങളിലുമായി ചിതറികിടക്കുന്നു, വിദേശത്തുള്ള സ്നേഹിതന്മാരിൽ നിന്നു കിട്ടിയ സമ്മാനങ്ങൾ അടങ്ങുന്ന ഒരു പ്രദർശന ശാലയും ഉണ്ട്, ഹിന്ദി ഉൾപ്പെടെയുള്ള ഭാഷകൾ പഠിപ്പിക്കുന്നു. ജ്യോതി ശാസ്ത്രവും, വ്യോമയാന ശാസ്ത്രവും വളരെ പ്രസിദ്ധമാണ്. ഒരു സാധാരണ റഷ്യക്കാരൻ വ്യോമയാന തല്പരനും ആകാശത്തെ കീഴ്പ്പെടുത്തുന്നതിൽ ഉൽസുകനും ആണ്, വിദ്യാർത്ഥികൾക്കു വേണ്ടി പ്രത്യേകമായ പത്രമാസികകൾ ഉണ്ട്. കുട്ടികളുടെ നന്മക്കായി പുസ്തകപ്രസാധനം നടത്തുന്ന കുട്ടികൾക്കു വേണ്ടിയുള്ള പ്രസിദ്ധീകരണശാലയും ഉണ്ട്.

ഇതെല്ലാം റഷ്യയിലെ ബാല വിദ്യാഭ്യാസത്തിന്റെ നല്ല വശങ്ങളാണെങ്കിലും കട്ടപ്പമുള്ള നിയന്ത്രണത്തിൻ

കീഴിൽ സോവ്യററ് തത്വ സംഹിതകൾ കുഞ്ഞുങ്ങളുടെ ഹൃദയത്തിലേക്കു് അടിച്ചിറക്കുകയാണ്. അവർ യുവത്വത്തിലേത്തുമ്പോഴേക്കും ശരിയായ കമ്മ്യൂണിസ്റ്റുകാരായി തീന്നിരിക്കും. അതു് ഒരാൾക്കു് പ്രതീക്ഷിക്കാവുന്നതേയുള്ളൂ. 1917 ലും അതിനു ശേഷവും പ്രായപൂത്തിയായവർ പരിപൂർണ്ണമായും അവരുടെ വിശ്വാസപ്രമാണങ്ങളിൽ നിന്നും വിട്ടകന്നുപോരുവാൻ ഇടയില്ലെന്നു കരുതാമെങ്കിലും അശതകത്തിലെ കുഞ്ഞുങ്ങൾ പുരുഷ പ്രാപ്തിയെത്തിയപ്പോൾ 100 ശതമാനവും കമ്മ്യൂണിസ്റ്റുകാരാവാനാണ് സാദ്ധ്യത. ഭൂരിപക്ഷവും അങ്ങിനെയാണ്. എന്നാൽ മതത്തിൻെറ ഉയത്തെഴുന്നേല്പു് തെളിയിക്കുന്നതു് മതം മനുഷ്യമനസ്സുകളിലും ഹൃദയങ്ങളിലും റഷ്യയിൽ പോലും ആഴത്തിൽ വേരുറച്ചിട്ടുണ്ടെന്നാണ്. അതുകൊണ്ടാണ് അതു് യാഥാസ്ഥിതിക മാർക്സിസ്റ്റു് ലെനിനിസത്തിൻെറ മേൽ പോലും വിജയം നേടിയതു്. ജീവിതത്തിൻെറ ഒരു തുറയിലും കമ്മ്യൂണിസ്ററു് തത്വസംഹിതകൾ പരിഷ്കരിക്കാതെ പ്രവത്തന യോഗ്യമാക്കി തീക്കാൻ സാധിച്ചിട്ടില്ല.

അതു പോലെ സാമ്പത്തിക മേഖലയിലെ ആദായം എന്ന വാക്കു തന്നെ ആദ്യകാല ബോൾ ഷെവിസ്ററുകളുടെ ദുർഗന്ധം പോലെ അസഹ്യമായിരുന്നു. ആദായത്തിൻെറ പ്രാധാന്യത്തെ അംഗീകരിക്കുന്നതിനെപ്പററി പ്രധാനമന്ത്രി കോസിജിൻ സുപ്രീം സോവ്യററിൽ പറയുകയുണ്ടായി, 'ആദായം സോവ്യററു് സമ്പത് വ്യവസ്ഥയുടെ വേഗത്തിലുള്ള പുരോഗതിക്കു് അത്യാവശ്യമാണ്.' 'ഓരോരുത്തക്കും അവനവൻെറ ആവശ്യം അനുസരിച്ചും ഓരോരുത്തരിൽ നിന്നും അവരവരുടെ കഴിവനുസരിച്ചും' എന്ന പഴയ തത്വത്തിന്നു കല്പിച്ചു കൊടുത്ത ശക്തി നഷ്ടപ്പെട്ടിട്ടുണ്ടു്. ഒററ രാത്രികൊണ്ടു് ആത്മത്യാഗം

ചെയ്യുന്ന സന്യാസിമാരായി മനുഷ്യരെ മാററിയെടുക്കുക സാദ്ധ്യമല്ല. ഇന്നും മനുഷ്യൻ അവൻെറ നേട്ടത്തിനുവേണ്ടി പണിയെടുക്കാനാണാഗ്രഹിക്കുന്നതു്. ഈ മനുഷ്യപ്രകൃതിക്കെതിരായ ഏതു സമരവും തോല്‌വിയിലേ അവസാനിച്ചിട്ടുള്ളൂ.

വിദ്യാഭ്യാസ പുരോഗതിയിൽ വായനക്കാരുടെ എണ്ണം ഭീമമായി വർദ്ധിച്ചിട്ടുണ്ടു്. വത്തമാന പത്രങ്ങളുടെ മൊത്ത വാർഷിക പ്രചാരം 1830 കോടി പ്രതികളാണു്. ദിനപത്രങ്ങളുടെയും ആഴ്ചപതിപ്പുകളുടെയും എണ്ണം 840 ലക്ഷം കോപ്പികളാണു്. അതു് ലോകത്താകമാനം പ്രസിദ്ധപ്പെടുത്തുന്ന ദിനപത്രങ്ങളുടെ മൂന്നിൽ ഒരു ഭാഗമാണു്. മാസികകൾക്കു് പ്രതിവർഷം 100കോടിയാണു് പ്രചാരം. കമ്മ്യൂണിസ്ററു തത്വസംഹിതകൾ ബഹുജനങ്ങളെ പഠിപ്പിക്കുന്നതിൽ പത്രങ്ങൾക്കു് നല്ല ഒരു പങ്കു് ഉണ്ടു്. പത്രങ്ങൾക്കു് സ്വാതന്ത്ര്യം എന്താണെന്നറിഞ്ഞുകൂടാത്തതു് ഏററവും ഹീനമാണു്. അതു് മാർക്സിൻെറ ഉപദേശങ്ങൾക്കു നേരെയുള്ള പരസ്യമായ ഒരു വെല്ലുവിളിയാണു്.

'കത്തിരിപ്രയോഗം ചെയ്യപ്പെട്ട ഒരു പത്രം മോശമാണു്. മോശമായി നിലനില്ക്കുന്നു, നല്ല വിഭാവം നല്കിയാലും മോശമായ നിലവാരം പുലത്തിയാലും ഒരു സ്വതന്ത്ര പത്രം നന്നായിത്തന്നെ നിലകൊള്ളുന്നു. ഒരു ഷണ്ഡനു് നല്ല ശബ്ദം ഉണ്ടായിരുന്നാലും അയാൾ എപ്പോഴും ഒരു അപൂർണ്ണ മനുഷ്യനാണു് രാക്ഷസന്മാരെ പ്രസവിച്ചാലും പ്രകൃതി എപ്പോഴും നല്ലതാണു്. കത്തിരിപ്രയോഗം നടത്തപ്പെട്ട പത്രം അതെത്ര തന്നെ പനിനീരിൽ തളിച്ചിരുന്നാലും സ്വാതന്ത്ര്യരഹിതമായ സംസ്കാര രക്ഷസ്സിൻെറയും ഭയത്തിൻെറയും വികൃത ചിത്രമായിരി

ക്കം. ഗവണ്മെൻറ് അതിൻെറ സ്വന്തം ശബ്ദവും ആവശ്യങ്ങളും മാത്രമേ മായാ വിഭാഗത്തിൽ മുഴകിയിരിക്കുന്ന ജനങ്ങളിൽ നിന്നും കേൾക്കുന്നുള്ളൂ.

സ്വതന്ത്രപത്രത്തിൻെറ പ്രതിരോധത്തിനു വേണ്ടി റോസലക്സൻ ബർഗ്ഗ് എന്ന, പോളിഷ് കമ്മ്യൂണിസ്റ്റുകാരുടെ മുഴുവൻ ബഹുമാനാദരങ്ങൾക്കു പാത്രീഭൂതയായ വനിതയും തുറന്നടിച്ചിട്ടുണ്ട്.

"ഗവണ്മെൻറിനെ പിൻതാങ്ങുന്നവർക്കുവേണ്ടി മാത്രമുള്ള സ്വാതന്ത്ര്യംസ്വാതന്ത്ര്യമല്ല തന്നെ. എല്ലാവിധ ചിന്താഗതിക്കാർക്കും നല്കുന്ന സ്വാതന്ത്ര്യമാണ് യഥാർത്ഥ സ്വാതന്ത്ര്യം. സ്വാതന്ത്ര്യത്തെപ്പററിയുള്ള ഒരു അതീതഭാവന മൂലമല്ല ഇങ്ങനെ പറയുന്നതു്. രാഷ്ട്രീയ സ്വാതന്ത്ര്യത്തിൽ ബോധനീയവും. ആരോഗ്യപരവും ശുദ്ധികരവുമായ എല്ലാം തന്നെ ഇനിയൊരു മുഖ്യഗുണത്തെ ആശ്രയിച്ചിരിക്കുന്നു "സ്വാതന്ത്ര്യം" ഒരു പ്രത്യേകാവകാശമായി തീരുമ്പോൾ അതിൻെറ ഫലപ്രദത്വം നഷ്ടപ്പെടുന്നു."

റഷ്യാക്കാരും അല്ലാത്തവരുമായ ശത്രുക്കളിൽ നിന്നും ബോൾഷെവിസത്തെ രക്ഷിച്ച ട്രോസ്കി, ദരിദ്രവർഗ്ഗത്തിൻെറ സ്വേച്ഛാധിപത്യം പാർട്ടിയുടെയും പാർട്ടികേന്ദ്രകമ്മററിയുടെയും അവസാനം ഒരു വ്യക്തിയുടേയും സ്വേച്ഛാധിപത്യത്തിലേക്കു മാറുമെന്നു് ദീർഘദർശനം ചെയ്തു. ഇതു് സ്റ്റാലിൻെറ ഭരണകാലത്തും അദ്ദേഹത്തിൻെറ കൈകളിൽ സകല ശക്തിയും കേന്ദ്രീകരിച്ചതിനെ തുടർന്നുണ്ടായ തുടച്ചുമാററലിൽ ആദ്യത്തെ രക്തസാക്ഷിയായി ട്രോസ്കി തന്നെ തീർന്നതോടെ, വ്യക്തമായും തെളിയുകയും ചെയ്തു.

റഷ്യൻ പത്രങ്ങളെല്ലാം ഗവണ്മെന്റിന്റെ നയപരിപാടികൾക്കു് എതിരാവാതിരിക്കത്തക്കവണ്ണം ഗവണ്മെന്റിൻെറ പരിപൂൎണ്ണ നിയന്ത്രണത്തിലാണു്. തന്റെ യജമാനൻെറ ശബ്ദം'' എന്ന ദൈന്യാവസ്ഥയാണു് അവ പിൻതുടരുന്നതു്. സ്ററാലിൻെറ ജീവിതകാലത്തു് അദ്ദേഹത്തിനെതിരായി ശ്വസിക്കുവാൻ പോലും സാദ്ധ്യമല്ലായിരുന്നു. എന്നാൽ ക്രൂഷ്ചേവ് അദ്ദേഹത്തെ വിലയിടിച്ചുകാണിച്ചപ്പോൾ പത്രങ്ങളും അതുതന്നെ പിൻതുടർന്നു. ക്രൂഷ്ചേവ് കുറെനാളുകൾ അധികാരത്തിലായിരുന്നപ്പോൾ തലവാചകങ്ങളുടെ കുത്തക അദ്ദേഹത്തിനായിരുന്നെങ്കിലും അദ്ദേഹത്തിൻെറ പതനത്തെ തുടന്നു് നിശബ്ദവും ആയി. റഷ്യയിലെ പത്രം സ്വാതന്ത്ര്യത്തിൻെറ ഒരു ഹാസ്യ ചിത്രമായി തീൎന്നിരിക്കുകയാണു്.

എന്താണു് റഷ്യ എന്നും എന്തായിരിക്കണമെന്നും അറിയുവാൻ കഴിയുന്നതു് വെറും കളിപ്പാട്ടമായ പ്രസ്സിലൂടെ മാത്രം ആകയാലും അതു് പർദ്ദാക്കുപിന്നിൽ ഇരിക്കുവാനാഗ്രഹിക്കുന്നതിനാലും 'ഇരുമ്പുമറ' എന്ന ശൈലിപ്രയോഗം എത്രയോ അർത്ഥവത്തായിതീരുന്നു. റഷ്യയിൽ എന്തു നടക്കുന്നു എന്ന കാര്യത്തിൽ നാം അജ്ഞരാണെങ്കിലും മാർക്സിൻെറ യാഥാസ്ഥിതിക തത്വശാസ്ത്രങ്ങളിൽ നിന്നും പൂൎവ്വാപരവിരുദ്ധങ്ങളായി അതിലെ പലതും നിലകൊള്ളുന്നുണ്ടെങ്കിലും റഷ്യയുടെ മികച്ച നേട്ടങ്ങളെ നമുക്കു നിഷേധിക്കാവുന്നതല്ല, സാർഭരണകാലത്തു് അവർ മഹത്വം ആർജ്ജിച്ചിരുന്നതുപോലെ ഇന്നും റഷ്യ മഹത്താണു്. തങ്ങൾ അക്രമപരമായി പിഴുതെറിഞ്ഞ ഗവർണ്മെന്റിൻെറ കാലടികളെ കമ്മ്യൂണിസ്റ്റും റഷ്യ എങ്ങനെ പിൻതുടരുന്നു എന്ന കാര്യം ജിജ്ഞാസയ്ക്കു വക നല്കുന്നതാണു്. പഴയ പോലീസുകാർ അവരുടെ ചാരവൃത്തിയോടു കൂടി ഇന്നുമുണ്ടു്. റഷ്യൻ കരസേനയുടേയും നാവികസേനയു

ടേയും ശക്തി വർദ്ധിപ്പിച്ചിട്ടുണ്ട്. പഴയ വിദേശനയം ഇന്നും പ്രേരണചെലുത്തുന്നുണ്ട്: കരിങ്കടലിന്റേയും, കാസ്സ്പിയൻകടയിൻെറയും അധീശത്വം ഇന്നും നിലവിലുണ്ട്. റഷ്യൻ കഥകളുടെ ആഡംഭരവും ശോഭയും കാത്തുപോരുന്നുണ്ട്. റഷ്യൻ സാഹിത്യത്തിന്റെ പഴയ അധീശന്മാരായ ടോൾസ്റ്റോയിയും ഡോസ്റ്റോവ്സ്കിയും ഗോഗോളും ഇന്നും ആരാധിക്കപ്പെടുന്നുണ്ട്. ലോകത്തെവിടെയുംകാൾ ഷെക്സ്പിയർ അവിടെ അധികം വായിക്കപ്പെടുന്നു. ഗവൺമെന്റും സർവ്വശക്തവും സ്വതന്ത്ര്യവുമാണ്. സായുധശക്തിയും വൻകിട വ്യവസായങ്ങളുടെ അധീശത്വവും ഉണ്ടായിട്ടും റഷ്യ ഇന്നും സ്വതന്ത്ര്യയാണോ ?

മററൊരു ശക്തമായ കമ്മ്യൂണിസ്റ്റുരാഷ്ട്രമായ ചൈനയെപ്പററിയും അല്പമൊന്നു ചിന്തിക്കുന്നതു് അസ്ഥാനത്തല്ലെന്നു കരുതുന്നു. റഷ്യയുടെ ഒരു ഉപഗ്രഹം എന്ന നിലയിൽ ആരംഭിച്ചു്, റഷ്യയുടെ എതിരാളിയായിമാറി ലോകസമാധാനത്തിനുവേണ്ടി യത്നിക്കുന്ന ലോകത്തിനു് അതു് ഇന്നു വികേന്ദ്രീകൃത പ്രശ്നങ്ങൾ സംഭാവന ചെയ്യുന്നു. കാറൽമാർക്സിൽ നിന്നും ആവേശം ഉൾക്കൊണ്ടു് ചൈനയിലെ ലെനിനായി വാഴുകയാണ് മാവോ സേതുങ്ങ് ലോകത്തെ പിടിച്ചടക്കുവാൻ ഉള്ള ആദികാലത്തേ ബോൾഷെവിസ്ററാശയങ്ങൾ് അവരിൽ ഇന്നുമുണ്ടു്. എല്ലാ സ്വതന്ത്ര്യ രാജ്യങ്ങളിലും കമ്മ്യൂണിസ്ററു മടിശ്ശീലകൾ ഉണ്ടാക്കുന്നതിനുള്ള ശ്രമത്തെ ഇളവുചെയ്യാതെ സഹവർത്തിത്വം അംഗീകരിക്കുന്നതിനു തയ്യാറായി. ധാർമ്മികബോധത്തിൽ വിശ്വാസമില്ലാത്ത യുദ്ധക്കൊതിയന്മാരാണ് ചൈനക്കാർ. പകുതി പേർക്കു് കമ്മ്യൂണിസ്ററുകാരായി ജീവിക്കുന്നതിനുവേണ്ടി തങ്ങളുടെ വൻപിച്ച ജനശക്തിയിൽ പകുതിഭാഗം നശിപ്പി

ക്കുവാൻ പോലും സവർ തയ്യാറാണ്. റഷ്യാക്കാർ ഗ്രീക്കുപള്ളികളോടു ചെയ്തതുപോലെ ചീന കൺഫ്യൂഷനിസത്തിൽ നിന്നും അല്പം വ്യതിചലിച്ചു. ഏഷ്യയെ മുഴുവൻ അധീനത്തിലാക്കുവാനും പാശ്ചാത്യസാമ്രാജ്യത്വത്തിനും, കോളനി വ്യവസ്ഥക്കും എതിരായി ഏഷ്യൻ സംശയം ഇളക്കുവാനും അവർ ആഗ്രഹിക്കുന്നു. റഷ്യൻ കമ്മ്യൂണിസ്റ്റുകളെപോലെ അവരും ഒരേ തെറ്റു തന്നെ ചെയ്തു. വൻകിട വ്യവസായങ്ങളുടെ യത്നത്തിൽ അവർ കൃഷിയെ വിസ്മരിക്കയാൽ ആഹാരം ചൈനയിലെ ഒരു വലിയ പ്രശ്നമായിത്തീർന്നു. ഉയന്ന തരത്തിൽ പെട്ട തൊഴിലാളികൾക്കു് ആൾക്കു് 30 റാത്തൽ വീതവും മറ്റുള്ളവർക്കു് ആൾക്കു് 15 റാത്തൽ വീതവും മാത്രമാണ് പയറുവകകൾ കിട്ടുന്നതു്. 1961 ഷാങ്കയിലെ പൗരന്മാർക്കു് മൊത്തം നാലോ. അഞ്ചോ തവണമാത്രം അതും ചുരുങ്ങിയ അളവിൽമാത്രമാണ് ഇറച്ചികിട്ടിയിട്ടുള്ളതു്.

വളരെ പുകഴ്ത്തിപ്പൊക്കിയ മാവോയുടെ വമ്പിച്ച ചാട്ടം താല്ക്കാലികമായി വിജയമായിരുന്നെങ്കിലും അവസാനം പരാജയത്തിൽ കലാശിക്കുകയും ഒരു കവിയിൽനിന്നും ഇത്തരമൊരു പരിവേദനം ഉളവാക്കുകയും ചെയ്തു. "അല്ലയോ കമ്മ്യൂൺ, എന്റെ പല്ലുതേക്കുന്ന ബ്രഷ് ഒഴിച്ചു് എനിക്കുള്ളതെല്ലാം നിങ്ങളുടേതാണ്".

ഒരു വിശാല ഹൃദയഭാവത്തിൽ മാവോ പ്രഖ്യാപിച്ചു. "ഒരു നൂറുതരം പുഷ്പങ്ങൾ വിടരട്ടെ. ഒരു നൂറു തരം ചിന്താഗതികൾ വളരട്ടെ."

എന്നാൽ ആറു് ആഴ്ചക്കകം അദ്ദേഹത്തിനു് പരാതികളുടേയും വിമർശനങ്ങളുടേയും ഒരു പ്രളയം തന്നെ നേരിടേണ്ടതായി വന്നു. തന്മൂലം അദ്ദേഹം കല്പന

ഏടുത്തുകളയുകയും തൻെറ പഴയ സ്വാത്മവീക്ഷണത്തിലേക്കു് വഴുതി വീഴുകയും ചെയ്തു. "ബഹുജനങ്ങൾ ഒന്നുമെത്താത്ത ഒരു വെള്ളക്കടലാസ്സാണു്. അതിൽ നേതാവിനു് ഇഷ്ടപ്പെട്ടതെല്ലാം എഴുതാം" എന്നദ്ദേഹം കരുതി. അദ്ദേഹത്തിനു് പലതിലും വിജയിക്കുവാൻ കഴിഞ്ഞു. എന്നാൽ റഷ്യയെപ്പോലെ അദ്ദേഹത്തിനും കൃഷിക്കാരുടെ ലാഭേഛകൾക്കു് വഴങ്ങികൊടുക്കേണ്ടിവന്നു. സ്വകാര്യഭൂമി കൈവശം വക്കുവാൻ അവരെ അനുവദിച്ചു. നിർബ്ബന്ധിത ആജ്ഞകൾ ബഹുജനങ്ങൾ അനുസരിക്കുവാൻ തയ്യാറാവുന്നിടത്തോളം മാത്രമേ വിലപോവുകയുള്ളൂ. പുഴപോലും തിരിഞ്ഞുനിന്നെതൃക്കുന്ന സന്ദർഭങ്ങളിൽ ഏതു ശക്തമായ ഗവണ്മെൻറിനും തലകുനിക്കേണ്ടിവരും.

എന്തെല്ലാം രജ്ഞിപ്പുകൾ ഉണ്ടായിരുന്നിട്ടും കമ്മ്യൂണിസ്റ്റു തത്വസംഹിതക്കു് ആദായവീതം (Divident) കൊടുക്കേണ്ടതായി വന്നു. അതിനു് അതിൽ തന്നെ ഉറച്ചു നില്ക്കുവാൻ കഴിഞ്ഞു. രണ്ടാം ലോകമഹായുദ്ധാനന്തരം രണ്ടാമത്തെ മഹത് ശക്തിയായി തീർന്ന റഷ്യ അമേരിക്കയുമായി വാളെടുക്കത്തക്ക സ്ഥിതി വിശേഷത്തിലാണു്. കമ്മ്യൂണിസത്തിനു് അതിൻെറതായ വശീകരണശക്തിയുണ്ടു്. എതിരാളികളോടുള്ള അതിൻെറ നിർദ്ദയമായ പെരുമാററം മൂലം മനുഷ്യത്വം അവകാശപ്പെട്ടുകൂടെങ്കിലും അതിൻെറ തത്വ സംഹിതകളോടു യോജിക്കുന്ന ആർക്കും സമത്വവും സുരക്ഷിതത്വവുമുള്ള ഒരു പുതിയ ലോകത്തെ വാഗ്ദാനം ചെയ്യുന്നു. ഐൻസ്റ്റീൻ പറഞ്ഞതുപോലെ അതിൻെറ വശ്യത്വം വിശക്കുന്ന ജനസമൂഹങ്ങളിലാണു് പ്രായോജികമാവുന്നതു്. താരതമ്യേന രണ്ടു് പിന്നോക്ക രാഷ്ട്രങ്ങളിൽ അത്ഭുതകരമായി വിജയിക്കുന്നതിനും ഉപഗ്രഹരാഷ്ട്രങ്ങളിൽ ശക്തി ഉറപ്പിക്കു

ന്നതിനും അതിനു കഴിഞ്ഞു, റഷ്യ വ്യവസായവൽകൃതമായി കഴിഞ്ഞു. ചൈന അതിലേക്കു കാര്യമായി ശ്രമിക്കുന്നു. എന്നാൽ കാർഷിക രംഗത്ത് വിജയം നേടുവാൻ അവർക്ക് കഴിഞ്ഞില്ല. അവർക്ക് കമ്മ്യൂണിസ്റ്റിതരരാജ്യങ്ങളിൽ നിന്നും ഭക്ഷ്യസാധനങ്ങൾ ഇറക്കുമതി ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്. ലോകത്തുള്ള സമ്പന്ന രാഷ്ട്രങ്ങളിന്റ മിക്കതും ഇന്നും കമ്മ്യൂണിസ്റ്റിതരരാണ്—അമേരിക്കൻ ഐക്യനാടുകൾ, ഇംഗ്ലണ്ട്, ഫ്റാൻസ് പശ്ചിമജർമ്മനി എന്നീ യൂറോപ്പ്യൻ രാഷ്ട്രങ്ങളും ഏഷ്യയിലെ ജപ്പാനും. വ്യാവസായികരാഷ്ട്രങ്ങൾ കമ്മ്യൂണിസത്താൽ വശീകരിക്കപ്പെട്ടിട്ടില്ല എന്നതിൽ കാറൽ മാർക്സിനുപറ്റിയ തെറ്റ് സ്പഷ്ടമായി തെളിഞ്ഞുകാണാം. എന്തുകൊണ്ട്? അതിനെപ്പറ്റി നമുക്കിനി ചർച്ചചെയ്യാം.

# 7

## പാശ്ചാത്യസമൂഹം ഇന്നു്.

കാറൽമാർക്സിനു് തന്റെ ജീവിതകാലത്തോ മരണാനന്തരമോ ഇംഗ്ലണ്ടിലും അമേരിക്കയിലും പരിവർത്തനം നടത്തുവാൻ സാധിച്ചില്ലെങ്കിലും മനുഷ്യരെ ഇരുത്തി ചിന്തിപ്പിക്കുവാൻ കഴിഞ്ഞു. പത്തൊൻപതാം നൂററാണ്ടിൽ ഇംഗ്ലണ്ടു് അത്യുല്പത്തിയാൽ തിളച്ചുമറിയുകയായിരുന്നു. ഡെൻമാർക്കിൽ എന്തോ പന്തികേടുണ്ടെന്നു് വിശ്വസിക്കുകയും ബ്രിട്ടീഷ് ധനതത്വശാസ്ത്രപ്രകാരം ആപത്തായി ഗണിക്കുന്ന തൊഴിലാളികളോടു് സ്നേഹം ഭാവിക്കുകയും ചെയ്യുന്ന ബുദ്ധിമാന്മാരും മനുഷ്യത്വം ഉള്ളവരുമായ ഇംഗ്ലീഷുകാരുടേയും പാർലമെന്റ് അംഗങ്ങളുടേയും ശക്തമായ പിൻതുണയുള്ള വർഗ്ഗ സാമ്പത്തിക വിദഗ്ദ്ധന്മാരുടെ “ഇടപെടാതിരിക്കുക’, എന്ന നയത്തിന്റെ പുറകിൽ മുതലാളികൾ താവളം ഉറപ്പിച്ചു. ഇംഗ്ലീഷുകാർ ആശയങ്ങൾ ഉൾക്കൊള്ളുവാനും അതിനെ പിൻതുടരുവാനും കാലം എടുക്കുമെങ്കിലും

അവർ പ്രശ്നങ്ങളെ തങ്ങളുടേതായ രീതിയിൽതന്നെ പരിഹരിക്കുന്നു. തന്റെ തലമുറയോട്ട് നിരാശതോന്നിയ റിച്ചാർഡ്ഓവനെക്കൂടാതെ പത്തൊൻപതാംനൂറ്റാണ്ടിൻെറ അവസാന ദശകങ്ങളിൽ ബുദ്ധിമാന്മാരും സോഷ്യലിസ്റ്റ്ആദർശങ്ങളുള്ളവരുമായ ജോർജ് ബർനാഡ്ഷാ, എച്ച്. ജി. വെൻസ് സിഡ്നി, ബേട്രിക് വെബ്ബ് തുടങ്ങിയ പ്രഗത്ഭരായ പലരും ഇംഗ്ലണ്ടിലുണ്ടായിരുന്നു. ഗുണദോഷവിചാരത്തോടുകൂടി അവർ ഫേബിയസ് കൺക്റ്റേറ്ററുടെ (Fabius Cunctator) യുക്തിയുടെ വെളിച്ചത്തിൽ ഒരു ഫേബിയൻസൊസൈററി സംഘടിപ്പിച്ചു. അവർ തൊഴിലാളികളുടെ പക്ഷം പിടിക്കുകയും അവരുടെ വോട്ടുകളുടെ അടിസ്ഥാനത്തിൽ നന്മയെ ലാക്കാക്കിയുള്ള തന്ത്രങ്ങൾക്ക് പിൻതുണ നൽകുന്നതിൽ വിജയിക്കുകയും ചെയ്തു, അവർ തൊഴിലാളികക്ഷി രൂപീകരിച്ചു അവരുടെ ആദ്യത്തെ വിജയം ഖേർഹാർഡി (Keir Hardie) എം. പി. ആയി തെരഞ്ഞെടുക്കപ്പെട്ടതാണ്. അത് ജനസഭയുടെ സങ്കലനത്തിൽ ഏല്പിച്ച ആദ്യത്തെ ആഘാതം ആയിരുന്നുവെന്ന് പറയുമ്പോൾ പ്രഭുസഭയുടെ കഥ പറയേണ്ടതില്ലല്ലോ. ഖേർ ഹാർഡി പരമ്പരാഗതമായ നീളൻകോട്ടും സിൽക്ക് തൊപ്പിയും ധരിച്ചു വേണം ജനസഭയിൽ കയറുവാൻ എന്ന നിയമത്തെ ബഹിഷ്കരിച്ച് സാധാരണതൊഴിലാളിയുടെ വേഷത്തിൽ പ്രവേശിക്കുന്നതിന് നിർബ്ബന്ധം പിടിച്ചതു് ഇംഗ്ലീഷ്വിപ്ളവത്തിന്റെ തുടക്കത്തെ കുറിക്കുന്നു. അതിനിടയിൽ അതുല്യപ്രഭാവനായ ലോയിഡ്ജോർജ് വലിയ ആദായനികുതിയും മരണനികുതിയും ധനികരിൽനിന്നും ഈടാക്കി പാവങ്ങൾക്ക് ഉപയോഗപ്രദമായ വിധത്തിൽ ചെലവഴിക്കത്തക്കസോഷ്യലിസ്റ്റ് അടിസ്ഥാനത്തിൽ, അവതരിപ്പിച്ച

തന്റെ ബജററിലൂടെ ലിബറൽ പാർട്ടി സോഷ്യലിസ്ററ് ആദർശങ്ങളെ സഫലമാക്കി. തൊഴിലാളി കക്ഷി വേഗം വളരുകയും 1924-ൽ അതിന്റെ നേതാവായ 'റാംസേമാക്ഡൊനാൾഡ്' ആദ്യത്തെ തൊഴിലാളി കക്ഷി പ്രധാനമന്ത്രി പദം അലങ്കരിക്കയും ചെയ്തു. സോഷ്യലിസത്തിനും ഇംഗ്ളണ്ടിനും അഭിമാനിക്കത്തക്ക ഒരു നേട്ടമായിരുന്നു ഇതു്. ഇന്നു് ഇംഗ്ളണ്ടു് ഒന്നാം തരം ഒരു യോഗക്ഷേമരാഷ്ട്രമായിരിക്കുകയാണു്. കമ്മ്യൂണിസത്തിനു് അവകാശപ്പെടാവുന്നതിൽ കൂടുതൽ ഗുണം അവിടുത്തെ തൊഴിലാളികൾ അനുഭവിക്കുന്നുണ്ടു്. ശമ്പളനിരക്കു വളരെ കൂടുതലാണെന്നതിനു പുറമേ 'പോർട്ട്സൺലൈററ് ഓഫ് ലിവർ ബ്രദേഴ്സ്' പോലെയുള്ള മുതലാളിത്ത കേന്ദ്രങ്ങൾ സ്ഥിരതയിൽ റഷ്യയിലുള്ളവയോടു് കിടപിടിക്കത്തക്കതാണു്. കൂലി നിരക്കു വർദ്ധിപ്പിച്ചാൽ അവർക്കു് വേണ്ടത്ര ഭക്ഷണം കിട്ടുമെന്നും, ജോലിസമയം നിയമത്താൽ ക്ലിപ്തപ്പെടുത്തിയാൽ വിശ്രമസമയം സിനിമാശാലകൾ, പുസ്തകശാലകൾ വായനശാലകൾ, നീന്തൽകുളങ്ങൾ എന്നിവയാൽ ഉന്മേഷപ്രദമാക്കാൻ കഴിയുമെന്നുമുള്ള വിജയരഹസ്യം മുതലാളിത്ത രാഷ്ട്രങ്ങൾ മനസ്സിലാക്കി, അവർ തൊഴിലില്ലായ്മക്കെതിരെ 'ഇൻഷൂർ' ചെയ്തിട്ടുണ്ടു്. പങ്കിട്ടു കൊടുക്കുന്ന വ്യവസ്ഥ എങ്ങനെ നിർവ്വഹിക്കപ്പെടുന്നു എന്നതിലേക്കു വെളിച്ചം വീശുന്ന രസകരമായ ഒരു കഥയുണ്ടു്. അതു കുറച്ചുവർഷങ്ങൾക്കു മുൻപ് പത്രങ്ങളിൽ പരസ്യം ചെയ്തിരുന്നു. 1957—മുതൽ തൊഴിൽ രഹിതനായിതീർന്ന ജാക്കു് കൂപ്പർ എന്ന ഒരു കൽക്കരിഖനിത്തൊഴിലാളിക്കു് ഗവണ്മെൻറു് തൊഴിൽ രഹിത സഹായത്തിൽ നിന്നു് ആച്ഴതോറും 32.5 പവനും പാലും കിട്ടിക്കൊണ്ടിരുന്നു. അയാൾ ജോലിക്കു് പൊയ്ക്കൊണ്ടിരുന്നപ്പോൾ വെറും 26.60 പവൻ മാത്രമേ കിട്ടുമായിരുന്നുള്ളൂ. പാൽ വെറുതെ കിട്ടുമായിരുന്നുമില്ല. ഒരു ജോ

ലിക്ക വേണ്ടി നാഷണൽ അസിസ്റ്റൻസ് ബോർഡ് അയാളെ നിർബന്ധിച്ചപ്പോൾ അയാൾ പറഞ്ഞതു ഇതാണ്. 'എന്തിനാണ്? എന്റെ കുടുംബം കഷ്ടപ്പെട്ടു, എനിക്ക് എൻെറ ഭാര്യയോടും ഏഴ് കുഞ്ഞുങ്ങളോടും ഒരു കടമയുണ്ട്'. എന്നാണ്. കുറഞ്ഞ കൂലി നിരക്കിൽ ഇഷ്ടമുള്ള ജോലി തെരഞ്ഞെടുക്കുവാനുള്ള അവകാശം നിഷേധിച്ചിരിക്കുന്ന കമ്യൂണിസത്തോട് ഇംഗ്ലണ്ടിലെ തൊഴിലാളികൾക്ക് താല്പര്യമില്ലെങ്കിൽ അതിൽ അത്ഭുതപ്പെട്ടിട്ട് കാര്യമില്ല. സ്വയം ചിന്തിക്കുവാനുള്ള സ്വാതന്ത്ര്യം പോലും അവന്നു നഷ്ടപ്പെട്ടു. ഹൂഷിഹ് (Hu shih) എന്ന ഒരു ചൈനീസ് കമ്യൂണിസ്റ്റുകാരൻ ഈ യാഥാർത്ഥ്യത്തെ ഭംഗിയായി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. 'നിശ്ശബ്ദതക്ക വേണ്ടിയുള്ള സ്വാതന്ത്ര്യം പോലും വ്യക്തികൾക്കു നിഷേധിച്ചിരിക്കുകയാണ്.

ഇംഗ്ളണ്ടിനെക്കാൾ കൂടുതൽ കാലമായി അമേരിക്ക മുതലാളിത്ത പാരമ്പര്യത്തിൽ തുടന്നു പോരുകയാണെങ്കിലും കാലം തൊഴിലാളികളുടെ പക്ഷത്തായിരുന്നു. വളരെ മുൻപ് ബ്രോഹാം പ്രഭു (Lord Brougham) പറഞ്ഞതുപോലെ. വിദ്യാഭ്യാസം മൂലം മനുഷ്യരെ നയിക്കുന്നതു് എളുപ്പമാകുന്നു. എന്നാൽ നടത്തിക്കുന്നതു് വിഷമകരമാക്കുന്നു, ഭരിക്കുക എളുപ്പമാക്കുന്നെങ്കിലും അടിമയാക്കുന്നതു് അസാദ്ധ്യമാക്കുന്നു. ഫ്റാങ്ക്ളിൻ റൂസ്‌വെൽററ് (Franklin Roosevelt) കാലത്തിൻെറ മാറ്റം മനസ്സിലാക്കി തൊഴിലാളിയെ തൃപ്തിപ്പെടുത്തുവാൻ ശ്രമിച്ചു. ശമ്പളം കൂടുതൽ കൊടുത്താൽ ജോലി കൂടുതൽ കിട്ടുമെന്നു മനസ്സിലാക്കിയ 'ഹെൻറി ഫോർഡി'നെപ്പോലെയുള്ള മുതലാളിമാരുടെ സഹകരണവും അദ്ദേഹത്തിനു ലഭിച്ചു. ലോകത്തിൽ ഏററവും കൂടുതൽ കൂലി

കിട്ടുന്നതു അമേരിക്കൻ തൊഴിലാളിക്കാണു്. ഏകദേശം ആഴ്ചയിൽ 100 ഡോളർ ഒരു ശരാശരി ഫാക്ടറി തൊഴിലാളിക്കു കിട്ടുന്നുണ്ടെന്നു് 1964-ൽ ഒരു അമേരിക്കൻ പത്രം റിപ്പോർട്ടു ചെയ്തിട്ടുണ്ടു്. 1948-ൽ അതേ തൊഴിലാളിക്കു കിട്ടിയിരുന്നതിന്റെ ഇരട്ടി കൂലിയാണിതു്. വിലവർദ്ധനവിൽ നിരോധം കൂടാതെ 1964-ലെ കൂലിനിരക്കു് 1948-ലെ കൂലി നിരക്കിനേക്കാൾ 50% കൂടുതൽ ആയിരുന്നു എന്നുള്ളതു എടുത്തു പറയത്തക്കതാണു്. 'ജനാധിപത്യത്തോടുള്ള വെല്ലുവിളി' എന്ന ഗ്രന്ഥത്തിൽ ജോൺസ്ട്രാച്ചി പറയുന്നതു്, അമേരിക്കയിലെ തൊഴിലാളിക്കു 1919-ൽ 71% ഷെയർ ഉണ്ടായിരുന്നതു് 1953 ആയപ്പോഴേക്കും 80.1% ആയി വർദ്ധിച്ചു എന്നാണു്. 'ധനികസമുദായം' എന്ന ഗ്രന്ഥത്തിൻെറ കർത്താവായ പ്രൊഫസ്സർ ഗാൽബ്രത്തിന്റെ അഭിപ്രായത്തിൽ 1928ൽ ഉന്നത വരുമാനക്കാർക്കു് 19% കിട്ടിയിരുന്നു. 1946-ആയപ്പോഴേക്കു് അതു് 8% മായി കുറഞ്ഞു. 1941-നും 1950 നും ഇടക്കു് ഏററവും താണ 1-ാം തരക്കാർക്കു് വരുമാനത്തിൽ 42% വർദ്ധനവും രണ്ടാമത്തെ താണ 5-ാം തരക്കാർക്കു 37% വർദ്ധനവും ഉണ്ടായിരുന്നു. കമ്യൂണിസ്ററുകളുടെ മുതലാളിമാരുടെ നേർക്കുള്ള തെറി പറച്ചിൽ എത്ര അയഥാർത്ഥമാണെന്നു് വസ്തുതകൾ തെളിയിക്കുന്നുണ്ടു്. മുതലാളിത്ത രാഷ്ട്രങ്ങളിലെ തൊഴിലാളിമാർ, കമ്യൂണിസ്ററു രാജ്യങ്ങളിലെ കൂലിക്കാരുടെ ഭാവനക്കു് അതീതമായ സുഖസൗകര്യങ്ങളും ആഡംബരങ്ങളും അനുഭവിച്ചു പോരുന്നതു കൊണ്ടാണു് അവർ മുതലാളിമാരുടെ പുറകിൽ ഉറച്ചു നില്ക്കുന്നതു്. 19-ാം നൂററാണ്ടിലെ മുതലാളിത്തത്തിൽനിന്നും നന്നേ വിഭിന്നമായ ഇന്നത്തെ മുതലാളിത്തത്തെപ്പറ്റി കമ്യൂണിസ്ററുകാർ ഇനിയും മനസ്സിലാക്കേണ്ടതായിട്ടാണിരിക്കുന്നതു്. മുതലാളിത്ത രാഷ്ട്രങ്ങളിൽ കൂടി തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുന്ന

വർഗ്ഗമല്ലാതായി തീൎന്നിരിയ്ക്കുകയാണു്. അവർക്കു അവരു ടെ അവകാശങ്ങളെപ്പററി പൂർണ്ണമായ ബോധം ഉണ്ടെ ന്നു മാത്രമല്ല, ന്യായമായ അവകാശങ്ങൾക്കു വേണ്ടി മല്ല ടിക്കുവാൻ അവർ തയ്യാറുമാണ്. തൊഴിൽ ദായകരുടെ സ്ഥാനത്തു് സ്റേററ്റിന്റെ നിഷ്ഠുര ഭരണമായിരിക്കും എന്നു അവർക്കറിയാവുന്നതിനാലും അതു സ്വാതന്ത്ര്യനി യമത്തിനു അപരിചിതവും പരാതികൾക്കു ചെവി കൊടു ക്കാത്തതും ആരെന്നറിയാവുന്നതിനാലും അവർ തങ്ങളുടെ തൊഴിൽദായകരെ നശിപ്പിക്കാൻ തുനിയാതില്ല.

ഇന്നു് ലോകത്തിലേക്കു് ഏററവും സമ്പന്നമായ രാ ഷ്ട്രമാണു് അമേരിക്ക. അവർ 100 വർഷങ്ങൾക്കു മുമ്പു ള്ള മനുഷ്യന്റെ സ്വപ്നത്തിനും അപ്പുറത്തുള്ള ഒരു ജീ വിത നിലവാരം നേടിയെടുത്തു. 'ഗാഡ്ജററു'കൾ വീട്ടു ജോലികൾ ലഘൂകരിക്കുന്നതിനും വീട്ടമ്മമാർക്കു് ഓഫീ സ് ജോലികളിലും ഫാക്ടറി ജോലികളിലും ഏർപ്പെടുന്ന തിനു വേണ്ടത്ര സമയം നല്കി. അതിനും പുറമേ അമേ രിക്കയിൽ മൂന്നു പേർക്കു് ഒരു കാർ വീതമുള്ളതിനാൽ നാടകങ്ങൾക്കും സിനിമകൾക്കും മെച്ചപ്പെട്ട സംഗീതത്തി നും പോകുന്നതിനും നീണ്ട യാത്രകൾ ചെയ്യുന്നതിനും സമയവും സന്ദർഭവും നല്കുന്നു.

ഈ ജീവിതശ്രേയസ്സുകൾക്കു പുറകിൽ സ്വാതന്ത്ര്യ ത്തിന്റെ ചുററും പടുത്തുയർത്ത ഒരു ജീവിത തത്വശാ സ്ത്രവും ഉണ്ടു്. ബ്രിട്ടൻ സ്വാതന്ത്ര്യത്തിന്റെ കൊടിയെ ഉയരത്തിൽ പറപ്പിച്ചു, ചാൾസ് ഒന്നാമനെ കൊല്ലുന്ന തിനും ജയിംസ് രണ്ടാമനെ സിംഹാസനത്തിൽ നിന്നും ഓടിയ്ക്കുന്നതിനും അവർ മടിച്ചില്ല. അങ്ങനെ അവർ ഇംഗ്ലീഷ്‌വിപ്ലവം നേടിയെടുത്തു, സ്വാതന്ത്ര്യത്തിന്റെ പേരിൽ പ്രാതിനിധ്യജനാധിപത്യം പെററു വളരുകയും

ചെയ്തു. ബ്രിട്ടന്റെ കീഴിലുള്ള അമേരിക്കൻ കോളനികൾ സ്വാതന്ത്ര്യം നേടുന്നതിനും അമേരിക്കൻ ഐക്യനാടുകൾ എന്നപേരിൽ ലോകത്തെ പ്രധാന ജനാധിപത്യമായി വളരുന്നതിനുംവേണ്ടി ഒരുനൂറ്റാണ്ട് എടുത്തെങ്കിലും ബ്രിട്ടന്റെ കാല്പാടുകളെ പിന്തുടരുവാൻ അവർ നിർബന്ധിതരായി. അതുല്യവാന്മാരായ പ്രസിഡണ്ടന്മാരുടെ കൂട്ടത്തിൽ വാഷിംഗ്ടൺ, ജഫേഴ്സൺ, ജാക്സൺ, ലിങ്കൺ, വിത്സൺ, രൂസ്‌വെൽററ്, കെന്നഡി തുടങ്ങിയ പേരുകൾ പ്രശസ്തിയുടെ ഔന്നത്യത്തിൽ നിലകൊള്ളുന്നു, അവരെല്ലാംതന്നെ സ്വാതന്ത്ര്യത്തിന്റെ കാവൽഭടന്മാരായിരുന്നു. അമേരിക്കൻ ജനാധിപത്യത്തിന്റെയും ജീവിതത്തിന്റെയും തത്വശാസ്ത്രജ്ഞൻ എന്ന നിലയിൽ കഴിഞ്ഞ നൂറുവർഷവും ലോകത്ത് എല്ലായിടവും ആവേശം നല്കുന്നവനായി ലിങ്കൺകണക്കാക്കപ്പെട്ടുന്നു. പള്ളിക്കൂടത്തിൽ പഠിച്ചിട്ടില്ലെങ്കിലും അദ്ദേഹം സ്വന്തം ബുദ്ധിവൈഭവത്താൽ ഇംഗ്ലീഷ്ഭാഷയിൽ നല്ല പരിജ്ഞാനം നേടി. പല രാജതന്ത്രജ്ഞന്മാരും ലിങ്കനെ പലപ്പോഴും ധാരാളമായി ഉദ്ധരിക്കാറുണ്ട്. സ്വാതന്ത്ര്യവിശ്വാസികൾക്ക് വേണ്ടി ഇതാ ചില മാതൃകകൾ;-

"സ്വാതന്ത്ര്യത കൂടാതെ ഇഷ്ടമുള്ള എന്തുകാര്യങ്ങളും കൃത്യമായി ചെയ്യുവാൻ മനുഷ്യൻ ബാദ്ധ്യസ്ഥനാണ്." ജനാധിപത്യ സ്വാതന്ത്ര്യത്തിന്റെ അടിത്തറയാണിതു്. "ഈ ഗവണ്മെന്റിനു് പകുതി സ്വതന്ത്രരെയും പകുതി അടിമകളേയും വച്ചു പുലർത്തുവാൻ സാദ്ധ്യമല്ല." ദേശീയൈക്യസംരക്ഷണവും ജനാധിപത്യത്തിനു് യോജിക്കുന്ന അടിമത്തനിർമ്മാർജ്ജനവും എന്ന രണ്ടു ലക്ഷ്യങ്ങളെ മുൻനിർത്തി ഉണ്ടായ ആഭ്യന്തരകലഹത്തിനു് ഇതു ആവേശം പകർന്നു കൊടുത്തു.

"ഞാൻ ഒരടിമ അല്ലാത്തതുപോലെ ഒരു യജമാനനാകുവാനും ആഗ്രഹിക്കുന്നില്ല."

ഇല്ലാത്തവന്നു കൊടുക്കുക എന്നതാണു് ക്രിസ്തീയ നിയമം; ഇല്ലാത്തവനിൽ നിന്നും എടുത്തുകളയുക എന്നതു് അടിമത്തത്തിൻെറ നിയമമാണു്."

"ചെന്നായ്ക്കൾ ആടുകളെ വിഴുങ്ങുന്നതു് അതിന്റെ കൊതിമൂത്ത ഇരസ്സഞ്ചിയുടെ ഗുണത്തിനല്ല പിന്നെയോ ആടുകളുടെ നന്മയ്ക്കാണു്" അദ്ദേഹത്തിൻെറ നർമ്മബോധത്തിനുള്ള നല്ലൊരുദാഹരണമാണിതു്. ജയറൽ ഗ്രാന്റ് വല്ലാതെ കുടിയ്ക്കുന്നു എന്നപരാതി വന്നപ്പോൾ, "ഏതു ബ്രാൻഡ് ആണെന്നു കൂടി പറഞ്ഞാൽ മററുള്ളവർക്കും നൽകാമായിരിന്നു എന്നു തിരിച്ചടിച്ചതും അദ്ദേഹത്തിൻെറ ഫലിതത്തിനും പരിഹാസത്തിനും മറെറാരു ഉദാഹരണമായി എടുത്തുകാട്ടാവുന്നതാണു്.

"അവകാശം, ശക്തിക്കു നിദാനമാണെന്നു് നമുക്കു വിശ്വസിക്കാം".

ഏതൊരു ഭാഷയ്ക്കും അഭിമാനിക്കത്തക്കതും ചെറുതും സുന്ദരവുമായ ഒരു പ്രസംഗശകലമായിരുന്നു അദ്ദേഹത്തിൻെറ ഗററിസ്ബർഗ്ഗ് പ്രസംഗം മുഴുവൻ. ഞാൻ കണ്ടിട്ടുള്ളതിൽ വച്ചു് ഏററവും സുന്ദര സ്മാരകമായ വാഷിംഗ്ടണിലെ ലിങ്കൺ മെമ്മോറിയലിൽ മുഴുവൻ പ്രസംഗവും കൊത്തിവച്ചിട്ടുണ്ടു്.

"ജനങ്ങളെ ജനങ്ങളാൽ ജനങ്ങൾക്കുവേണ്ടി ഭരിക്കപ്പെടുക" എന്ന അദ്ദേഹത്തിൻെറ ജനാധിപത്യത്തെപ്പററിയുള്ള നിർവ്വചനം ചരിത്രത്തിൽ രേഖപ്പെട്ടത്തിയിട്ടുണ്ടു്. ഇതു് മുകുള രൂപത്തിലുള്ള ജനാധിപത്യാദർശങ്ങളെ പ്രതിഫലിപ്പിക്കുന്നു. ഇതു് ഒരു ഗിരിപ്രസംഗത്തിൻെറ വീര്യം ഉൾക്കൊള്ളുന്നുണ്ടെന്നുമാത്രമല്ല ലോകരാഷ്ട്രീയത്തിൻെറ പ്രത്യക്ഷ പ്രമാണമായിത്തീരുകയും ചെയ്തു.

ജനാധിപത്യത്തിന്റെ സുരക്ഷിതത്വത്തെ സൃഷ്ടിച്ച "ലീഗ് ഓഫ് നേഷൻസിനെ" സ്വന്തരാജ്യക്കാർ തള്ളിക്കളഞ്ഞതിലുള്ള ഹൃദയവേദനയാലും നിരാശയാലും ആയിരിക്കണം ഒന്നാം ലോകമഹായുദ്ധത്തിലെ വീരപുരുഷനായ വുഡ്റൂവിത്സൻ ചരമം പ്രാപിച്ചതു്. എന്നാൽ നാലുവിധത്തിലുള്ള സ്വാതന്ത്ര്യങ്ങളുടെ സന്ദേശം ലോകത്തിനു് നൽകിയ 'യുണൈറ്റഡ് നേഷൻസിന്റെ സൃഷ്ടികർത്താവും രണ്ടാം ലോകമഹായുദ്ധത്തിലെ വീരനുമായ 'ഫ്രാൻങ്ക്ളിൻ റൂസ്‌വെൽറ്റു' അദ്ദേഹത്തിന്റെ ഒരാരാധകനായിരുന്നു

പ്രസംഗിക്കുന്നതിനും അഭിപ്രായം പ്രകടിപ്പിക്കുന്നതിനും ഉള്ള സ്വാതന്ത്ര്യം

ലോകത്തെവിടെയും ആർക്കും ഏതു മതത്തിലും അവനവന്റെ ഇഷ്ടാനുസരണം വിശ്വസിക്കുന്നതിനും ദൈവത്തെ ആരാധിക്കുന്നതിനും ഉള്ള സ്വാതന്ത്ര്യം,

ആവശ്യങ്ങളിൽ നിന്നുള്ള സ്വാതന്ത്ര്യം. ഭയത്തിൽനുള്ള സ്വാതന്ത്ര്യം.

വിജയാഘോഷവേളയിൽ അദ്ദേഹം മരണക്കിടക്കിയിലായിരുന്നു. ലോകത്തെ സ്വാതന്ത്ര്യത്തിലേക്കു് നയിക്കുവാനായിരാഷ്ട്രീയാഭിപ്രായ വ്യത്യാസങ്ങളെല്ലാം വെടിഞ്ഞു് റഷ്യയും അമേരിക്കയും തോളോടുതോൾ ചേന്നു നില്ക്കുമെന്നു അദ്ദേഹം ആഗ്രഹിച്ചു് അതു് പ്രതീക്ഷാനിർഭരമായ ഒരാഗ്രഹമാണു് എന്നാൽ കുറച്ചു വർഷങ്ങൾക്കു ശേഷം ഈ രണ്ടു രാജ്യങ്ങളും ഒരു ശീതസമരത്തിൽ ഏർപ്പെട്ടുമെന്നു കാണുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ഇതു് രാഷ്ട്രീയത്തിന്റെ ചലനാത്മക സ്വഭാവത്തിനു് ഒരു ഉദാഹരണമാണു്. ഒരു കമ്മ്യൂണിസ്റ്റുരാഷ്ട്രമായുള്ള ചൈനയുടെ ഉയർച്ച കമ്യൂണിസത്തിനു് ചുണ

ക്കുട്ടമെന്നു പ്രതീക്ഷിച്ചിരുന്നു. എന്നാൽ ചൈനയുടെ അനിരോധ സാമ്രാജ്യ ദുർമ്മോഹവും കാട്ടാളത്തവും റഷ്യയെ അവരുടെ എതിരാളി ആക്കുകയും മുൻപ്രതീക്ഷകളെയെല്ലാം തട്ടിത്തെറിപ്പിച്ചുകൊണ്ടു് അമേരിക്കയും റഷ്യയും കൂടുതൽ അടുക്കുകയും ചെയ്തു. റഷ്യ നിരീശ്വരത്വത്തിൻെറ കോലാഹലം കൂട്ടിയപ്പോൾ അമേരിക്ക "ഞങ്ങൾ ഈശ്വരനിൽ വിശ്വസിക്കുന്നു" എന്ന മുദ്രാവാക്യം അംഗീകരിച്ചു

അമേരിക്കൻ പ്രസിഡണ്ടന്മാരുടെ ലിസ്റ്റുകളുടെ കൂട്ടത്തിൽ ഏററവും ഒട്ടവിലത്തെ മഹത്തായ പേരാണു് ജോൺ എഫ് കെന്നഡിയുടേതു്. അദ്ദേഹം ചരിത്രത്തെ ഒന്നിലധികം രീതിയിൽ സൃഷ്ടിച്ചു. അദ്ദേഹം ഏറ്റവും പ്രായംകുറഞ്ഞ പ്രസിഡണ്ടും അധികാരത്തിലേറിയ ആദ്യത്തെ റോമൻ കത്തോലിക്കനുമായിരുന്നു. ഒരുനൂറ്റാണ്ടിനു മുൻപ് ഏബ്രഹാംലിങ്കൺ നീഗ്രോകളുടെ അടിമത്വത്തെ നീക്കിയെങ്കിലും, അവർ അനുഭവിച്ചുപോരുന്ന എണ്ണമററ കഷ്ടപ്പാടുകളും കഴിവുകേടുകളും ചൂണ്ടികാട്ടിയിട്ടു് വിമർശകരും അമേരിക്കൻ ശത്രുക്കളും അമേരിക്കയുടെ സാമ്രാജ്യത്വത്തേയും കപടനാട്യത്തേയും കുററപ്പെടുത്തുന്നുണ്ടു്. തൻെറ രാജ്യത്തെ ഒരു യഥാർത്ഥ ജനാധിപത്യ മാതൃക ആക്കണമെന്നും കെന്നഡി ആഗ്രഹിച്ചു. ഭാഗ്യത്തിനു് സുപ്രീംകോടതിയുടെ തലവനായി ചീഫ് ജസ്റ്റീസ് വാറൻ ആയിരുന്നു. ഒരു കൂട്ടം വിധികൾകൊണ്ടു് ജീവിതത്തിൻെറ എല്ലാ തുറകളിലും തുല്ല്യമായി ഗണിക്കപ്പെടുവാനുള്ള നീഗ്രോകളുടെ അവകാശത്തെ അദ്ദേഹം സ്ഥിരപ്പെടുത്തി. ഏബ്രഹാംലിങ്കണെപ്പോലെ കെന്നഡിക്കും രക്തസാക്ഷിയാകേണ്ടിവന്നു. എന്നാൽ ഏബ്രഹാംലിങ്കണെപ്പോലെ സ്വാതന്ത്ര്യത്തിൻെറയും സമത്വത്തിന്റേയും രക്ഷിതാവു്

എന്ന പദവി അദ്ദേഹത്തിന്റെ പിറകിലുള്ളതിനാൽ അദ്ദേഹം യുഗപ്രഭാവവാനായി തീൎന്നു. വേണ്ടത്ര സമ്പത്തും അധികാരവും ഉണ്ടായിട്ടും അമേരിക്കയ്ക്കു് തൻെറതായ ഒട്ടനവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടുവാനുണ്ടു്. കെന്നഡി വേദനയോടുകൂടി ഇക്കഥ പണ്ഡിറ്റ് നെഹ്രും വിനോടു് സമ്മതിച്ചിട്ടുണ്ടു്: അവരുടെ രണ്ടു രാജ്യങ്ങളും ഭരിക്കുവാൻ വിഷമമാണെന്നു്.

ആദ്യകാലത്തു് കുടിയേറിപ്പാൎത്ത പ്യൂറിട്ടന്മാർക്കു് ഉന്നതമായ ധാൎമ്മികബോധം ഉണ്ടായിരുന്നു. 19-ാംനൂറ്റാണ്ടുവരെ അതു് നീണ്ടുനിന്നു. എന്നാൽ ഇന്നത്തെ സമ്പത്തു് അതിന്റേതായ ശാപങ്ങളും വലിച്ചുവച്ചിട്ടുണ്ടു്. രണ്ടു ലോകമഹായുദ്ധങ്ങൾ അമേരിക്കയ്ക്കു് രാഷ്ട്രീയവും സാമ്പത്തികവുമായ ഉന്നമനം നേടിക്കൊടുത്തിട്ടുണ്ടെങ്കിലും, അമേരിക്കൻ സമുദായത്തിൻെറ ധാൎമ്മികനിലവാരം ഇടിഞ്ഞിട്ടുണ്ടെന്നു തീൎച്ച. അമേരിക്കൻ പട്ടാളക്കാർ ദശലക്ഷക്കണക്കിനു് യുദ്ധാവശ്യത്തിനു് യൂറോപ്പിലേക്കു് പോയപ്പോൾ അവരുടെ ജോലികൾ സ്ത്രീകൾ ഏറ്റെടുത്തു. ഇതു് ഉല്പന്നത്തെ വർദ്ധിപ്പിക്കുകയും സ്ത്രീകൾക്കു് സാമ്പത്തികസ്വാതന്ത്ര്യം നേടിക്കൊടുക്കുകയും ചെയ്തു. എന്നാൽ പാതിവ്രത്യത്തിന്റെയും വൈവാഹിക അങ്കുശത്വത്തിൻെറയും അർത്ഥം നഷ്ടപ്പെട്ടു. യുദ്ധജേതാക്കളായി മടങ്ങിവന്ന പട്ടാളക്കാർ ലൈംഗീക വിശപ്പുള്ളവരായിരുന്നു. അവരുടെ ആവശ്യങ്ങളെല്ലാം രാജ്യസേവനത്തെ പുരസ്കരിച്ചു് നിറവേറ്റപ്പെട്ടു. യുദ്ധകാലത്തു് രൂപംകൊണ്ട സ്വഭാവവിശേഷങ്ങൾ സമാധാനകാലത്തു് ഉപേക്ഷിക്കുവാൻ കഴിഞ്ഞില്ല. സ്ത്രീകൾ ഈ അവസരം ശരിക്കും ഉപയോഗിച്ചു. തുണിക്ഷാമം, ഫാഷൻെറ പേരിൽ കുപ്പായത്തിൻെറ കീഴ്ഭാഗം ചെറുതാക്കി ചെറുതാക്കിക്കൊണ്ടുവന്നു. കുപ്പായക്കൈ നി

ശ്ലേഷമില്ലാത്ത ഒരവസ്ഥയിലും അതു് കൊണ്ടെത്തിച്ചു. മോഹിനികളായ പെൺകുട്ടികളോടുള്ള ഭ്രമം അടക്കു വാൻ സാദ്ധ്യമല്ലാതെവന്നതും മൂലം ധാർമ്മികബോധം മാററിമറിക്കപ്പെട്ടു. ഇതു് പുതിയതരത്തിലുള്ള ഒരു ഗ വേഷണത്തിൻെറ ആവശ്യകതയെ വിളിച്ചറിയിക്കുന്നു. കിൻസി (Kynscy) യുടെ അമേരിക്കക്കാരുടെ ലൈം ഗീക പെരുമാററങ്ങളെപ്പററിയുള്ള റിപ്പോർട്ട് അറിയ പ്പെടുന്ന പരമാർത്ഥങ്ങളെ സ്ഥിരപ്പെടുത്തുകയല്ലാതെ അ ത്ഭുതത്തിന്നിടനല്കുന്നില്ല. അമേരിക്കയിലെ ഭാര്യമാ രുടെ ലൈംഗീകസ്വഭാവങ്ങളെപ്പററി 'സൈക്കോ അ നാലിറ്റിക്കൽ അസിസ്റ്റൻസ് ഫൗണ്ടേഷൻ' തുടന്നു ഗവേഷണം നടത്തി. അതിൽനിന്നും ഞെട്ടിപ്പിക്കുന്ന ചില പരമാർത്ഥങ്ങൾ മനസ്സിലായി. ധാർമ്മികബോധ ത്തിനു് നേരിട്ട മാററങ്ങളെപ്പററിയുള്ള സ്ഥിതിവിവര ക്കണക്കുകളാണു് താഴെ കൊടുക്കുന്നതു്. 'ഒന്നു രണ്ടു വർ ഷങ്ങൾക്കു മുൻപു് ഭാര്യമാർ, ഭർത്താക്കന്മാർ ഒഴിച്ചു് ഏ തെങ്കിലും പുരുഷന്മാർ ചുംബനത്തിനു തയ്യാറായാൽ ആകെ പരവശരാകുമായിരുന്നു. എന്നാൽ ഇന്നാവട്ടെ അതെല്ലാം പമ്പ കടന്നു, എന്നു മാത്രമല്ല പുതിയ ലൈം ഗീക അനുഭവങ്ങൾക്കു വേണ്ടി അവർ വെമ്പൽ കൊള്ളു കയും ചെയ്യുന്നു.' 1918-ൽ നിയമാനുസൃതമല്ലാതെ ജ നിച്ച കുട്ടികളുടെ എണ്ണം 1916ൻേറതിനേക്കാൾ പത്തി രട്ടി കൂടുതലായിരുന്നു 1890-ൽ അമേരിക്കയിൽ 18 വി വാഹങ്ങളിൽ ഒരെണ്ണം എന്ന കണക്കിൽ വിവാഹമോ ചനങ്ങൾ നടന്നിരുന്നു. 1920 ആയപ്പോഴേക്കും 7·5 വിവാഹങ്ങളിൽ ഒരെണ്ണം എന്ന കണക്കിൽ മാറി. അ ഞ്ചിനൊന്നു് എന്ന അനുപാതത്തിൽ വർദ്ധിച്ചു. 1930 ആയപ്പോഴേക്കും. 1957-ൽ 3·5 വിവാഹങ്ങൾക്കു് ഒരു മോചനം വച്ചായി. ഇതു് വിവാഹബന്ധത്തിലെ ദുഃഖ കരമായ ചായ്‌വിനെയാണു് കാണിക്കുന്നതു്.

അമേരിക്കയിൽ ഉള്ള അതേ അവസ്ഥ തന്നെയാണ് ബ്രിട്ടനിലും മററു യൂറോപ്യൻ രാജ്യങ്ങളിലും. അമേരിക്കയിൽ അല്പം കൂട്ടമെന്നു് മാത്രം.

അമേരിക്കയേ കൂട്ടതലലട്ടുന്ന പ്രശ്നമാണ് ചെറുപ്രായക്കാരെ സംബന്ധിച്ചതു്. അത്ഭുതം തോന്നിപ്പിക്കുന്ന ഒന്നാണ് ഇതു്. കാരണം അവരുടെ എല്ലാ ആവശ്യങ്ങളും യാതൊരു മുടക്കവുമില്ലാതെ നടത്തുന്നുണ്ടു്. അതിനെ കുടുംബജീവിതത്തിലെ അധഃപതനവുമായി യോജിപ്പിക്കാവുന്നതാണ് കുഞ്ഞുങ്ങൾക്ക് യുദ്ധത്തിനു മുൻപു് നിയമാനുസൃതം കിട്ടിക്കൊണ്ടിരുന്ന രക്ഷകർത്താക്കളുടെ ചൂടാർന്ന സ്നേഹം ഇന്നു് കിട്ടുന്നില്ല. കുഞ്ഞുങ്ങൾക്ക് നഷ്ടപ്പെട്ടുന്ന മാനുഷിക ഗുണങ്ങൾക്കുള്ള പരിഹാരമാവുകയില്ലാ അമ്മമാർക്ക് അധികമായി കിട്ടുന്ന മററുവരുമാനങ്ങൾ അമ്മമാർ പാർട്ടികളിൽ പങ്കുകൊള്ളുവാനും സിനിമ കാണുവാനും മററും പോകുമ്പോൾ കുട്ടികളെ സൂക്ഷിക്കുന്നതിനു വേണ്ടി ആളെ ഏർപ്പെടുത്തുക എന്ന രീതി ഒരു സമ്പ്രദായമായി നിലവിൽ വന്നിട്ടുണ്ടു്, വ്യഭിചാരം ലജ്ജയില്ലാതെ അഴിഞ്ഞാട്ടുകയാണ്. അതിനുള്ള പ്രതിവിധിയായി സാമൂഹ്യ പരിഷ്കർത്താക്കന്മാർ ഇതിനെ നിരോധിക്കണം എന്നാവശ്യപ്പെട്ടുന്നുണ്ടു്. സാമൂഹ്യശാപങ്ങളായ വ്യഭിചാരം, മദ്യപാനം, ചൂതുകളി മുതലായവയെ നീക്കം ചെയ്യുവാൻ നിയമനിർമ്മാണം അപ്രാപ്തമാണെന്നാണ് ചരിത്രം കാണിയ്ക്കുന്നതു്. റഷ്യയിൽ വ്യഭിചാരം നിർമ്മാർജ്ജനം ചെയ്തിട്ടുണ്ടെന്നാണ് അവകാശപ്പെട്ടുന്നതു്. അലസന്മാരായ ധനികവർഗ്ഗമില്ലാത്തതുകൊണ്ടു് ഇതു് ശരിയാണെന്നു് വിശ്വസിയ്ക്കുവാനാണ് ന്യായം. ധാരാളം സമ്പാദിക്കുകയും ചെലവഴിക്കുകയും ചെയ്യുന്നുണ്ടെങ്കിലും ഒരു സാധാരണ നിയമമെന്ന നിലയിൽ അവർ ശാ

സ്ത്രീയവും സാഹിത്യപരവുമായ കാര്യങ്ങളിലാണ് കൂടുതൽ ശ്രദ്ധിക്കുന്നതു്. റഷ്യക്കാരെല്ലാം സന്യാസിമാരാണെന്നു് വിശ്വസിക്കുവാൻ ന്യായമില്ല. അവർക്കും മാനുഷിക ദൗർബ്ബല്യതകളിൽ നിന്നു് രക്ഷപ്പെടുവാൻ സാദ്ധ്യമല്ലെങ്കിലും മോസ്കോയിലും ലെനിൻ ഗ്രാഡിലും, ന്യൂയോർക്കിലേയും ലണ്ടനിലേയും പാരീസിലേയും ബർലിനിലേയും ടോക്കിയോയിലേയും പോലെ അതിന്റെ അഴിഞ്ഞാട്ടം നടക്കുന്നില്ലെന്നു മാത്രം.

മറേറതൊരു മുതലാളിത്തരാഷ്ട്രത്തിലേയും പോലെ അമേരിക്കയിൽ തൊഴിലില്ലായ്മ പരിഭ്രമിക്കത്തക്കവണ്ണം ഭീമാകാരമായി തീർന്നിരിക്കുകയാണു്. 1965–ൽ ലോകസഭാസെക്രട്ടറിയേറ്റിന്റെ ഒരു നോട്ടം പ്രകാരം 5.65% തൊഴിൽ രഹിതർ ഉണ്ടത്രേ. ലോകത്തിലേക്കു ഏറ്റവും സമ്പന്നമായ ഒരു രാഷ്ട്രത്തിൽ ദാരിദ്ര്യമുണ്ടെന്നു ആരും പ്രതീക്ഷയില്ല. ഒരു യാദൃശ്ചിക സന്ദർശകനു് ചെറ്റപ്പുര നിറഞ്ഞ സ്ഥലങ്ങളിലേക്കു കടക്കാത്തിടത്തോളം കാലം ഇതൊന്നും കാണുവാൻ സാദ്ധ്യമല്ല. ഇന്ത്യയിലെ ചെറ്റപ്പുരകളുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ അവിടത്തെ ചെററപ്പുരകൾ സമൃദ്ധി നിറഞ്ഞ വിളനിലങ്ങളാണു്. നാലുപേരടങ്ങുന്ന ഒരു കുടുംബത്തിന്റെ വാർഷിക വരുമാനം 3000 ഡോളറിൽ കുറവാണെങ്കിൽ അവരെ പാവങ്ങളായി ഗണിക്കുന്നു. 1965–ൽ 350 ലക്ഷം അംഗങ്ങളടങ്ങുന്ന 93 ലക്ഷം കുടുംബങ്ങളുടെ വരുമാനം ഇതിൽ കുറവാകയാൽ അവർ പാവങ്ങളുടെ കൂട്ടത്തിൽപ്പെടുന്നു. ഇതിൽ 54 ലക്ഷം കുടുംബങ്ങളുടെ വരുമാനം 2000 ഡോളറിൽ കുറവായിരുന്നു. ഒരു ഇടത്തരകുടുംബത്തിൻെറ വരുമാനം 5956 ഡോളറാണു്. എന്നിട്ടും 43 ലക്ഷം സ്ത്രീകളും പുരുഷന്മാരും കുഞ്ഞുങ്ങളും 'ആശ്വാസം'പററി ന്യൂയോർക്കു് പട്ടണത്തിൽ മാത്രം താമസിച്ചിരുന്നു. അ

മേരിക്കയിൽ മൊത്തം 80 ലക്ഷം ആൾക്കാർക്ക് ആശ്വാസ വരുമാനം കിട്ടുന്നുണ്ട് ആ വിധത്തിൽ പ്രതിമാസം 40 കോടി രൂപാ ചെലവഴിക്കുന്നുണ്ട്. ഇതു് മോശമായ തുകയാണെങ്കിലും അമേരിക്കൻ ഗവണ്മെന്റ് പട്ടിണിക്കെതിരായി സമരം ചെയ്യുന്നുണ്ടെന്നതു് ആശ്വാസത്തിന് വക നൽകുന്നു. പ്രസിഡണ്ട് ജോൺസൻ തുടർന്നു പോരുന്നുണ്ട്. 150 കോടി ഡോളർ പട്ടിണിക്കെതിരായുള്ള സമരത്തിനായി അടുത്ത ബജററിൽ കൊള്ളിച്ചേക്കും. അമേരിക്കയിലെ ഒരു തൊഴിലാളിയുടെ കൂടിയ പ്രതിവർഷ വരുമാനം 3278 ഡോളറും കുറഞ്ഞതു 1504 ഡോളറും ആണ്. ഈ തുക ഒരുപക്ഷേ ലോകത്തിലേക്കു ഏററവും കൂടിയതാണ്.

ഉല്പാദനത്തിൻെറ എല്ലാ ചുമതലയും സ്വായത്തമായുള്ള കമ്മ്യൂണിസ്റ്റുകാർക്ക് എല്ലാവർക്കും ജോലി കണ്ടുപിടിക്കേണ്ട ചുമതലയുള്ളതിനാൽ തൊഴിലില്ലായ്മ എന്ന പ്രശ്നമേ ഉദിക്കുന്നില്ല. എന്നാൽ അവരുടെ കൂലിനിരക്കു താരതമ്യേന കുറവാണ്. നഗരങ്ങളിൽ 300-ം നാട്ടിൻപുറങ്ങളിൽ 270-ം റൂബിളുകളാണ്. അതിനാൽ അവിടെ സുരക്ഷിതത്വം ഉണ്ട്. ഇതാണ് കമ്മ്യൂണിസ്റ്റു സാമ്പത്തികശാസ്ത്രത്തിൻെറ കാഹളവും. എല്ലാവരുടേയും ആവശ്യങ്ങൾ പരിഹരിക്കപ്പെടുന്നു. എന്നാൽ എന്തുജോലി ചെയ്യണം എന്നു് പറയുവാൻ അവകാശമില്ല. പറയുന്ന ജോലിചെയ്തു് അനുസരിക്കുക; അത്രതന്നെ. അയാൾക്കു് വോട്ടിംഗിനുള്ള അവകാശം ഉണ്ടായിരിക്കാം എന്നാൽ അയാൾ സ്വതന്ത്രനല്ലെന്നുള്ളതാണ് നഗ്നമായ പരമാർത്ഥം. ജോലി നഷേധിക്കുവാൻ അയാൾക്കു സ്വാതന്ത്ര്യമുണ്ട്. പക്ഷേ ആഹാരത്തിനുള്ള അയാളുടെ അവകാശം നഷ്ടപ്പെടുകയും ചെയ്യും. അതുകൊണ്ടു് അയാൾക്കു് ഒരു സ്വാതന്ത്ര്യം മാത്രമേ ഉള്ളൂ. പട്ടിണികിടക്കുവാനുള്ള സ്വാതന്ത്ര്യം.

തൊഴിലില്ലായ്മ എന്ന പിശാചുബാധയൊഴി ച്ചാൽ മറ്റെല്ലാതരത്തിലും അമേരിക്ക മുകൾത്തട്ടിലാണ്. റഷ്യമാത്രം അമേരിക്കയുടെ തോളുരുമ്മി അട്ടത്തുവരുന്നുണ്ട്. സാക്ഷരതത്തിൽ അമേരിക്ക വളരെയേറെ പുരോഗമിച്ചിട്ടുണ്ട്. ലോകത്തുള്ള എന്തിനെപ്പറ്റിയും എഴുതുവാനുള്ള സ്വാതന്ത്ര്യം അവിടത്തെ സാഹിത്യകാരന്മാർക്കുള്ളപ്പോൾ കമ്മ്യൂണിസത്തിന്റെ സ്തുതിപാഠകന്മാർ ആയിരിക്കണം റഷ്യയിലെ എഴുത്തുകാരെന്നവർ വിശ്വസിക്കുന്നു. അതിനു വഴങ്ങാത്ത അതുല്യപ്രതിഭനായ പാസ്റ്റർ നാക്കിനുപോലും അംഗീകരണം നല്കുവാൻ അവർ വിസമ്മതിച്ചു. സംഗീതം, പെയിന്റിംഗ്, കലകൾ തുടങ്ങിയവയിലെല്ലാം ഇതു ബാധകമാണ്. ലോകത്തിലെ ഏതു സാഹിത്യകൃതികളും അതു് ഷേക്സ്പിയറുടേതാകാട്ടെ, ഇംഗ്ലീഷ്സാഹിത്യമാവട്ടെ, ഇന്ത്യയിലേയും ചൈനയിലേയും സാഹിത്യകൃതികളാവട്ടെ, വായിച്ചാസ്വദിക്കുന്നതിൽ നിന്നും തടയപ്പെട്ടിട്ടില്ല. ബൗഡൻപ്രഭു "എടിപ്പ്റ്റം റഷ്യ" എന്ന തന്റെ റേഡിയോ പ്രഭാഷണത്തിൽ സൂചിപ്പിക്കുകയുണ്ടായി, ഇംഗ്ലണ്ടിൽ നൂറിനു് അഞ്ചുപേർ മാത്രമേ കലാലയവിദ്യാഭ്യാസം ചെയ്യാറുള്ളൂ എന്നു്. റഷ്യയിൽ മുപ്പതും അമേരിക്കയിൽ 35 മുതൽ 40 വരെയും ഉണ്ടു്.

ഇന്നു ലോകം രണ്ടു വ്യത്യസ്ഥ ചേരികളിൽ നില്ക്കുകയാണ്. കമ്മ്യൂണിസ്റ്റുരാജ്യങ്ങളായ റഷ്യ, ചൈന, സൗത്തു് ഈസ്റ്റ് ഏഷ്യ, ഈസ്റ്റേൺയൂറോപ്പ് ഇവർ ഒരുവശത്തും, മറുവശത്തു് കാനഡ, ആസ്ട്രേലിയ, വെസ്റ്റ്ജർമ്മനി, ജപ്പാൻ, യു. കെ, യു. എസ്. എ, തുടങ്ങിയ ജനാധിപത്യരാജ്യങ്ങളും ആണ്. മറ്റുള്ളവരെല്ലാം ഏതു ചേരിയിൽ ചേരണമെന്നറിയാതെ അമ്പരന്നു നില്ക്കുകയാണ്. . ഇന്ത്യയും ആഫ്രിക്കയിലേയും തെക്കെഅമേരി

ക്കയിലേയും വികസിതരാജ്യങ്ങളും ഈ വിഭാഗത്തിലാണ്. രണ്ടുശക്തികളിലും ധാരാളം നല്ലവശങ്ങളുള്ളതിനാൽ ഒരു തെരഞ്ഞെടുപ്പ് ബുദ്ധിമുട്ടുള്ള കാര്യമാണ്. സ്വാതന്ത്ര്യം സുരക്ഷ ഇതിൽ ഒന്നാണ് തെരഞ്ഞെടുക്കേണ്ടതു്. ആധുനിക ജനാധിപത്യങ്ങൾ വ്യവസായവൽകൃതവും സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്നതുമാണെങ്കിലും തൊഴിലിനു് സുരക്ഷിതത്വം നല്കുന്നതിൽ അവർ പരാജയപ്പെട്ടിരിയ്ക്കുകയാണ്. ഒരു സാധാരണ മനുഷ്യൻ സ്വാതന്ത്ര്യത്തിലുമുപരിയായി ഭക്ഷണത്തിൽ തല്പരനാകുകയാൽ കമ്മ്യൂണിസ്റ്റുരാജ്യങ്ങൾ സ്വാതന്ത്ര്യത്തെ നിർവ്വീര്യമാക്കി. മനുഷ്യത്വത്തിൻെറ ചരിത്രത്തിലൂടെ ഒരു വിഹഗവീക്ഷണം നടത്തിയാൽ മനുഷ്യത്വം സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ കഥകൾ നമുക്കറിയാം. തന്മൂലം ഒരു തെരഞ്ഞെടുപ്പ് അത്ര സുസാദ്ധ്യമല്ലതന്നെ. പുരോഗതിയുടെ പാത വെട്ടിത്തെളിയ്ക്കുന്നതിൽ ജീവൻ നഷ്ടപ്പെട്ടാൽക്കൂടി നമുക്കതു് സ്വാഗതാർഹമാണ്. അതിൻെറ കാരണക്കാരെ നാം ആദരിക്കുകയും ചെയ്യാറുണ്ട്. പരിപൂർണ്ണ സുരക്ഷിതത്വം ഹിന്ദുജാതിവ്യവസ്ഥയെപ്പോലെ ഒരു സമൂഹത്തിൻെറ സൃഷ്ടിക്ക് കളം ഒരുക്കും. മുതലാളിത്വ വ്യവസ്ഥിതിക്കെതിരായുള്ള സമരത്തിലാണ് കമ്മ്യൂണിസത്തിൻെറ നിലനില്പു്. അതിലവർ വിജയിച്ചാൽ പിന്നെ ജനനംമുതൽ മരണംവരെ തങ്ങളുടെ ജീവിതത്തെ ആസൂത്രണംചെയ്യുന്ന ഒരു സർവ്വാധികാരസർക്കാരിൻെറ കീഴിൽ ചലനാത്മകത്വം നശിച്ച് ചുരുണ്ടുകൂടി കിടക്കുന്ന ഒരു സാമൂഹികാവസ്ഥയിലേക്ക് അവർ താണുപോകും.

തെരഞ്ഞെടുപ്പ് വളരെ ബുദ്ധിമുട്ടുള്ളതാണ്. സുരക്ഷിതത്വം ആത്യാവശ്യമാണ്. അതിനുവേണ്ടി സ്വാതന്ത്ര്യത്തിൻെറ നല്ലൊരു പങ്ക് ത്യജിയ്ക്കുവാനും നാം തയ്യാ

റാണ്. എങ്കിലും സ്വാതന്ത്ര്യവും വിലപ്പെട്ടതാണ്. അതു് നമ്മുടെ ശ്വാസവായുവിൽക്കൂടിയും ഉണ്ട്. അസംതൃപ്തിയോട് കൂട്ടച്ചേർന്നാണെങ്കിലും പുരോഗതിക്കുള്ള പ്രേരണ അതു നല്കുന്നു. രണ്ടും തുല്യാനുപാതത്തിൽ ഉണ്ടാവുക സാദ്ധ്യമല്ലെന്നു ചരിത്രം തെളിയിക്കുന്നു. കുറച്ചു സ്വാതന്ത്ര്യവും ആവശ്യമായ സുരക്ഷിതത്വവും ഒരു പക്ഷേ സാധിച്ചേക്കും, കമ്മ്യൂണിസം ഒരു പ്രത്യേകതരത്തിലുള്ള സ്വാതന്ത്ര്യത്തെപ്പററിയാണ് സംസാരിക്കുന്നതു്. അതു ബലാൽക്കാരത്തിൽ അധിഷ്ഠിതമാണ്. എവിടെ എന്തുജോലി ചെയ്യണമെന്നുള്ള ഗവണ്മെന്റിന്റെ എല്ലാ ആജ്ഞകളെയും, എന്തുശമ്പളം തരും, എവിടെ താമസിക്കും തുടങ്ങിയ ചോദ്യങ്ങൾ ചോദിക്കാതെ സർവ്വഥാ അംഗീകരിച്ചാൽ ആഹാരം വാഗ്ദത്തം ചെയ്യുന്നുണ്ട്. മറിച്ച് സ്വതന്ത്രജനാധിപത്യരാഷ്ട്രങ്ങളാവട്ടെ, ജോലിക്കുവേണ്ടി യാതൊരു സുരക്ഷിതത്വവും നല്കുന്നില്ല. ഈ അരക്ഷിതാവസ്ഥക്ക് ഒരു പരിഹാരമെന്നവണ്ണം തൊഴിലില്ലാത്ത കാലഘട്ടങ്ങളിൽ 'പകുത്തുകൊടുക്കുന്ന' ഒരേർപ്പാടുണ്ട്. വിദ്യാഭ്യാസവും ആരോഗ്യസേവനവും രണ്ടു രാജ്യങ്ങളിലും തുല്യമായി മെച്ചമാണ്. അമേരിക്കയിൽ എല്ലാററിനും വിലകൂടുതലാണ്. റഷ്യയിൽ പലതും സൗജന്യമാണ്. അമേരിക്കയിലെ വരുമാനം വളരെ കൂടുതലാകയാൽ ആളുകൾക്ക് വേണ്ട സാധനങ്ങൾ കൂടിയ വിലകൊടുത്തു് വാങ്ങുവാൻ സാധിക്കുന്നു. അതേസമയത്തു വിലകൊടുക്കുവാൻ നിവൃത്തിയില്ലാത്തവർ അവഗണിക്കപ്പെടുന്നു. ഡൽഹി യൂണിവേഴ്സിറ്റിയിൽ "ദി മേക്കിംഗ്സ് ഓഫ് എ ജസ്റ്റ് സൊസൈറ്റി" (ഒരു നീതിസമുദായത്തിൻെറ നിർമ്മാണഘടകങ്ങൾ) എന്ന വിഷയത്തെപ്പററി നടത്തിയ പ്രഭാഷണത്തിൽ ചെസ്റ്റർ ബൗൾസ് സ്വകാര്യനിർവ്വഹണങ്ങളു

ടെ (Private management) അമിതസാദ്ധ്യതകളെ ക്കുറിച്ച് പൊക്കിപറയുന്നില്ല. കൂടാതെ ഇന്ത്യയെപ്പോലെയുള്ള വികസിച്ചുവരുന്ന രാജ്യങ്ങളിൽ അതിൻെറ അപകട സാദ്ധ്യതകളിലുള്ള ബോധത്തോടുകൂടി അദ്ദേഹം സധൈര്യം പറയുന്നു. "സ്വകാര്യപരിശ്രമങ്ങളുടെ നിർമ്മാണാത്മകമായ വശങ്ങളെ അതിൻെറ ആധിക്യത്തെ ഭയന്നു വേണ്ടെന്നു വെച്ചുകൂടാ. ഉത്തരവാദിത്വമുള്ള തുടക്കത്തെ നിരുത്സാഹപ്പെടുത്താതെ അതിന്റെ അമിതവശങ്ങളെ നിരുത്സാഹപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിയ്ക്കുകയാണ് ഒരു വികസിതരാജ്യത്തിന്റെ കർത്തവ്യം'. അദ്ദേഹം ഉചിതമായ ഒരു സമുദായത്തെപ്പററിയാണ് പറഞ്ഞതു്. ഒരു റഷ്യൻ ലഘുലേഖ ഒരു പുതിയ സമുദായത്തെപ്പററിയാണ് സംസാരിയ്ക്കുന്നതു്. തീർച്ചയായും കമ്മ്യൂണിസം പുതിയതാണ്. ഒറ്റരാത്രികൊണ്ട് മനുഷ്യൻെറ രീതികൾ മാറ്റുവാനായാൽ കമ്മ്യൂണിസം വിജയിയ്ക്കുകയും ചെയ്യും മനുഷ്യർ ഒരിയ്ക്കലും ഫലാപേക്ഷ കൂടാതെ ജോലിചെയ്യുകയില്ലെന്നു മാത്രമല്ല ഒററരാത്രികൊണ്ട് മനുഷ്യവർഗ്ഗത്തിൻെറ സ്നേഹഗായകന്മാരായിത്തീരുകയും ഇല്ല. സാറിസ്റ്റുറഷ്യയിലേപ്പോലെതന്നെ റഷ്യക്കാർ ഇന്നും ദേശീയവാദികളും സാമ്രാജ്യവാദികളും ആണ്. സമീപരാജ്യങ്ങളെ വിഴുങ്ങുന്നതിലാണ് ചൈനയുടെ മനുഷ്യസ്നേഹം സ്ഥിതിചെയ്യുന്നതു്. ആട്ടിൻപററങ്ങളേയോ സസ്യവർഗ്ഗങ്ങളേയോക്കാൾ മെച്ചമായി അവർ അവരെ കണക്കാക്കുന്നുമില്ല. മനുഷ്യപ്രകൃതിയുടെ പരിധിയിൽ ഒതുങ്ങിനിന്നുകൊണ്ട് സമുദായത്തെ രൂപപ്പെടുത്തുവാനും ഗവമ്മെന്റുകളെ നയിയ്ക്കുവാനും സാധിക്കുമെങ്കിലും ഒരു ഗവമ്മെന്റിനും മനുഷ്യപ്രകൃതിയെ മാററുവാനാവില്ല

# 8

## ഇന്ത്യയുടെ സ്വയം നിർണ്ണയാവകാശം

1947 ൽ ഇന്ത്യ ഒരു സ്വതന്ത്രരാജ്യമായിതീന്നതോടെ ലോക രാഷ്ട്രീയത്തിൽ ഒരു പുതിയ ശക്തിയുടെ ആവിർഭാവം ഉണ്ടായി. അതു് ഏഷ്യയിലെയോ ആഫ്റിക്കയിലെയോ മാത്രമല്ലാ എല്ലാ രാജ്യങ്ങളുടെയും സ്വാതന്ത്ര്യത്തിനുവേണ്ടി നിർബ്ബന്ധിക്കുകയും ലോകം കണ്ടിട്ടുള്ളതിൽ വച്ചേററവും വലിയ സാമ്രാജ്യത്വത്തെ തകർക്കുകയും ചെയ്തു. ബ്രിട്ടീഷ് പാരമ്പര്യത്തിലുള്ള ഒരു ഗവൺമെന്റായി തുടരാൻ ഇന്ത്യക്കു് സ്വാതന്ത്ര്യം ഉണ്ടു്. അതുപോലെ റഷ്യയുടെ കാലടികളെ പിൻതുടരുവാനും അവൾക്കു സ്വാതന്ത്ര്യം ഉണ്ടു്. രണ്ടു് പാളയങ്ങളിൽ പെട്ടവരാലും അവൾ വശീകരിക്കപ്പെട്ടു എന്നതിൽ അത്ഭുതത്തിനവകാശമില്ല. 'മഹത്തായ ഉണർവ്വു്' എന്ന ചിന്തോദ്ദീപകമായ ഉപന്യാസത്തിൽ ജോൺസ്റ്റാറെച്ചി എഴുതി; ഇന്നു ലോകത്തുള്ളതിൽ സ്വന്തതീരുമാനമെടുക്കുവാൻ കഴിവുള്ള ഒരു രാജ്യമാണു് ഇന്ത്യ എന്നു ഞാൻ വിശ്വസിക്കുന്നു'.

പരസ്പര വിരുദ്ധങ്ങളായ ആശയ ഗതികളുടെ ഇടയിൽ വെച്ചുള്ള ഇന്ത്യയുടെ സ്വയം നിർണ്ണയാവകാശത്തിലേക്കു കടക്കും മുൻപു്, ഇന്ത്യയുടെ മുൻപിൽ തുറന്നിട്ടിരിക്കുന്ന മൂന്നാമതൊരു മാർഗ്ഗത്തെ പററി അല്പമൊന്നു ചിന്തിക്കാം. രണ്ടു് പാശ്ചാത്യശക്തികളോടും വളരെ കുറച്ചുമാത്രം സാമ്യതയുള്ള ഗാന്ധിയൻ തത്വസംഹിതയിലുള്ള ജീവിതമർഗ്ഗമാണിതു്. സ്വാതന്ത്ര്യപ്രേമിയായ ഗാന്ധിജിക്കു് ഭീമാകാരവും സർവ്വശക്തവുമായ പാശ്ചാത്യ രാഷ്ട്രങ്ങളോടു് പൂർണ്ണമായ എതിർപ്പായിരുന്നു. വ്യാവസായിക വിപ്ളവത്തിൻെറ ശാഖയിൽ പൊട്ടിമുളച്ചുവന്ന വിസ്തൃതമായ പട്ടണങ്ങളും അദ്ദേഹത്തെ വശീകരിച്ചിരുന്നില്ല, പുരാതന ഭാരതത്തിലെ സ്വയം പര്യാപ്തവും സ്വയം ഭരണാധിഷ്ഠിതവുമായ ഗ്രാമങ്ങളിലാണു് അദ്ദേഹത്തിൻെറ ശ്രദ്ധ പതിഞ്ഞതു്.

'പ്രധാനമായ ആവശ്യങ്ങൾക്കു് അയൽക്കാരെ ആശ്രയിക്കാത്തതും എന്നാൽ ആശ്രയത്വം ഒരാവശ്യമായിട്ടുള്ള മററു പല കാര്യങ്ങളിലും അന്യോന്യം ആശ്രയിക്കുന്നതുമായ ഒരു പരിപൂർണ്ണ റിപ്പബ്ളിക്കായിരിക്കണം ഗ്രാമസ്വരാജ് എന്നതാണു് എൻെറ സങ്കല്പം. ഇപ്രകാരം സ്വന്തം ഭക്ഷ്യധാന്യങ്ങൾ വിളയിക്കുകയും വസ്ത്രങ്ങൾക്കാവശ്യമായ പരുത്തി വളർത്തുകയും ആയിരിക്കണം ഒരു ഗ്രാമീണൻെറ ആദ്യത്തെ ജോലി. കന്നുകാലികൾക്കു് പ്രത്യേകം മേച്ചിൽ സ്ഥലങ്ങളുണ്ടായിരിക്കണം. പ്രായമായവർക്കു് വിശ്രമിച്ചുല്ലസിക്കുവാനും കുട്ടികൾക്കു് കളിക്കുവാനുമുള്ള സ്ഥലങ്ങൾ വേണം. കൂടുതൽ കൃഷിഭൂമി ലഭ്യമാണെങ്കിൽ കഞ്ചാവു്, പുകയില, അവീൻ എന്നിവ ഒഴിവാക്കിക്കൊണ്ടു് ഉപയോഗപ്രദമായ നാണ്യവിളവുകൾ (Money Crops) കൃഷി ചെയ്യാവുന്നതാണു്.'

ഇതു് മന:പൂർവ്വം സ്വീകരിച്ച ഒരു പൂർവ്വകാല ധനതത്വ ശാസ്ത്രമാണു്. അതിനാൽ അദ്ദേഹത്തിൻെറ അനന്തരാവകാശിയും ബ്രിട്ടനോടുള്ള സമരത്തിൽ സഹപ്രവത്തകരും അവരുടേതായ മാർഗ്ഗത്തിൽ ചരിക്കുകയും പാശ്ചാത്യമാതൃകയിൽ വലുതും സുശക്തവുമായ ഒരിന്ത്യയെ കെട്ടിപ്പടുക്കുന്നതിൽ ജാഗരുകരാവുകയും ചെയ്തതിൽ അത്ഭുതത്തിന്നവകാശമില്ല, ഒരു രാഷ്ട്രീയ വിപ്ളവകാരിയെന്ന നിലയിൽ ഗാന്ധിജി ഗണനീയമായ ബുദ്ധികൂർമ്മത പ്രകടിപ്പിച്ചിട്ടുണ്ടു്. എന്നാൽ അംദ്ദേഹത്തിൻെറ സഹപ്രവത്തകർ ഇരുപതാം നൂററാണ്ടു് ആവശ്യപ്പെടുന്ന യന്ത്രങ്ങളെയും മിശ്രിതമായ വ്യവസായസംഘടനകളെയും ഉന്മേഷമുള്ള രാഷ്ട്രീയ ദേശ വിശേഷത്തെയും പററി ബോധമുള്ളവരായിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യവിട്ടാൽ മററുള്ളവർ അവരുടെ സ്ഥാനം കയ്യേല്ക്കുവാൻ തയ്യാറായി നില്ക്കുന്നുണ്ടെന്നും അവർ വിശ്വസിച്ചു. അതിനാൽ ഗാന്ധിയൻ സിദ്ധാന്തങ്ങളെ നിർബ്ബന്ധമായി ഇന്ത്യക്കു് നിഷേധിക്കേണ്ടി വന്നു, വിജയമുഹൂർത്തത്തിൽ തഴയപ്പെട്ട ആദ്യത്തെ നേതാവു് അദ്ദേഹമല്ല. വിൻസ്റ്റൻ ചർച്ചിലിൻെറ അവസ്ഥയും അതു തന്നെയായിരുന്നു. മദ്യനിരോധനത്തെപ്പോലെ, ധാർമ്മികബോധനത്തിനും ഖജനാവിനും പ്രയോജനമില്ലാത്ത, അദ്ദേഹത്തിന്റെ ചില പ്രിയപ്പെട്ട ആദർശങ്ങൾ ഇന്ത്യ അംഗീകരിച്ചിട്ടുണ്ടു്. ബ്രിട്ടീഷ് അധീശത്വത്തിന്നെതിരെ ചർക്കക്കു് ഗാന്ധിജി നല്കിയ പ്രാധാന്യത്തിന്നു യൌഗികനിക പ്രാധാന്യം ഉണ്ടായിരുന്നു. എന്നാൽ ദശലക്ഷകണക്കിനുള്ള ഇന്ത്യാക്കാരുടെ ആവശ്യങ്ങളെ അതു് നിവത്തിച്ചു കൊള്ളുമെന്നു് കരുതുന്നതു് തെററാണു്. യന്ത്രസാമഗ്രികൾ വ്യാവസായിക അസ്വാരസ്യങ്ങൾ സൃഷ്ടിച്ചിട്ടുണ്ടെന്നു വരാം. വീട്ടുപണി ചെയ്തു് ഒരുവനു് മനസ്സു മടുപ്പിച്ചിട്ടുണ്ടെന്നു്

വരാം. എന്നാൽ സാംസ്കാരിക മുന്നേറ്റത്തെ പിന്നോക്കം തിരിക്കുക സാദ്ധ്യമല്ല, പാശ്ചാത്യ രീതിയിൽ വ്യാവസായിക പുരോഗതിക്കുള്ള അവളുടെ അവകാശങ്ങളെ വിട്ടുകളയുന്നതിനെപ്പററിയും ഇന്ത്യക്ക് ചിന്തിച്ചുകൂടാ. വ്യവസായവൽകരണത്തിനെതിരായി ഗാന്ധിജി പറഞ്ഞതെല്ലാം ആത്മാർത്ഥതയോടുകൂടി ആയിരുന്നെങ്കിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്രുവിനെ തന്റെ അനന്തരാവകാശിയായി നാമനിർദ്ദേശം ചെയ്യുക എന്ന വമ്പിച്ച വിഡ്ഢിത്തം അദ്ദേഹം ചെയ്യുമായിരുന്നില്ല. നെഹ്രു പാശ്ചാത്യ സൃഷ്ടിയും പാശ്ചാത്യസാമ്പത്തിക ശാസ്ത്രവുമായി ബന്ധപ്പെട്ടവനും പാശ്ചാത്യ വീക്ഷണം ഉള്ളവനും ആയിരുന്നെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ജനാധിപത്യവും കമ്മ്യൂണിസവും എന്ന രണ്ടു വിരുദ്ധ ആദർശങ്ങളിൽ ഏതൊന്നാണ് തെരഞ്ഞെടുക്കേണ്ടതെന്ന തീരുമാനത്തിലെത്താൻ നെഹ്രുവിനു കഴിഞ്ഞില്ല. ഹാരോയിലെയും കേംബ്രിഡ്ജിലെയും വിദ്യാർത്ഥിയായിരിക്കുമ്പോൾ തന്നെ അദ്ദേഹം പാശ്ചാത്യജനാധിപത്യവുമായി ബന്ധം പുലർത്തി. ഏതൊരു ഇംഗ്ലീഷുകാരനെയും പോലെ സ്വാതന്ത്ര്യദാഹം അദ്ദേഹത്തിൽ ശക്തിമത്തായിരുന്നു. ഭാഗ്യത്താലോ ദൗർഭാഗ്യത്താലോ അദ്ദേഹം കാറൽമാർക്സിനെ പഠിക്കുകയും അതിൽ നിന്നും ഒരു പുതിയ ആവേശം ഉൾക്കൊള്ളുകയും ചെയ്തു. റഷ്യൻ സന്ദർശനാനന്തരം കമ്മ്യൂണിസ്ററു സാമ്പത്തിക വ്യവസ്ഥിതിയിലും അവളുടെ പഞ്ചവൽസര പദ്ധതികളിലും ആകർഷിതനായി. ഫലമോ, സാമ്പത്തിക ശാസ്ത്രത്തിൽ മിശ്രിത ആയ വ്യയത്തിനുവേണ്ടി നിലകൊള്ളുകയും വൻകിട വ്യവസായങ്ങളുടെ സംസ്ഥാന ഉടമാവകാശ(State ownership) ത്തിനു് മുക്കം നല്കുകയും ചെയ്തു. രാഷ്ട്രീയത്തിൽ ചേരി ചേരാ നയമാണു് ഉത്തമ

മെന്നു് അദ്ദേഹം വിശ്വസിച്ചു. അദ്ദേഹത്തിൻെറ നയങ്ങളുടെ ഫലത്തെപ്പററി വിലയിരുത്തുവാൻ ഇനിയും കാലങ്ങൾ പിടിക്കും. ഇന്ത്യയുടെ നേട്ടങ്ങളിൽ ജോൺ സ്റ്റാച്ചി സന്തുഷ്ടനാണു്. ഇന്ത്യയും ചൈനയും തമ്മിലുള്ള ഓട്ടത്തെ ആമയും മുയലും തമ്മിലുള്ള ഓട്ടമായി അദ്ദേഹം താരതമ്യപ്പെടുത്തുന്നു. ആമ വിജയിക്കുമെന്നും അദ്ദേഹം വിശ്വസിക്കുന്നു. മഹത്തായ ചരിത്ര പാരമ്പര്യത്തിലൂടെ പ്രവർത്തിക്കുന്ന ഇന്ത്യക്കു് ദേശീയ വികസന പ്രവർത്തനങ്ങളിലൂടെ മുന്നേറുവാൻ കഴിയുമെന്നും അദ്ദേഹം വിശ്വസിക്കുന്നു. എന്നാൽ സ്വാതന്ത്ര്യത്തിനുശേഷം ഇന്ത്യയുടെ ഗുണ നിർണ്ണയത്തിൽ ഇന്ത്യാക്കാർ തന്നെ വിഭജിച്ചിരിക്കുകയാണു്.

സോഷ്യലിസ്റ്റും ആസൂത്രണവും സ്വകാര്യമേഖലയും സഹവർത്തിത്വത്തിലാണെങ്കിലും സ്വകാര്യമേഖല ഡെമോക്ലീസിൻെറ വാളിൻെറ കീഴെയാണു്. മുതലാളികൾ കഴിവില്ലാത്തവരും സത്യസന്ധത വേണ്ടത്ര ഇല്ലാത്തവരും ആണെന്നും അവരുടെ ആദായ കൊതി പട്ടിണി പാവങ്ങളായ ഇന്ത്യയിലെ ബഹുഭൂരിപക്ഷം ജനങ്ങൾക്കും നേരെയുള്ള വെല്ലുവിളിയാണെന്നും ഉള്ള ഒരു മുൻവിധി നിലവിലുണ്ടു് എന്നാൽ മുതലാളിമാർ കോൺഗ്രസ്സ് പാർട്ടി ഫണ്ടുകൾക്കുവേണ്ടി കയ്യയച്ചു സംഭാവന ചെയ്യുന്നതു കൊണ്ടു് അവർ ഉല്ക്കർഷപ്പെടുന്നുവെന്നും തന്മൂലം ധനികർ കൂടുതൽ ധനികരായും ദരിദ്രർ കൂടുതൽ ദരിദ്രരായും തീരുന്നതിന്നു കളം ഒരുക്കുന്നുവെന്നു് ഇന്ത്യൻ കമ്മ്യൂണിസ്റ്റുകാർ പരാതിപ്പെടാറുണ്ടു്. ഇന്ത്യയിൽ പൊതുമേഖല അർഹിക്കുന്ന ലാഭവീതം നല്കുന്നില്ലെന്നതും ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഖേദകരമായ ഒരു അനുഭവമാണു്. വാസ്തവത്തിൽ പൊതുമേഖലയിലെ നിസ്സാരമായ വരുമാനം പ്രൈവററു് കമ്പനികളിലെ വരു

മാനവുമായി മോശമായി താരതമ്യപ്പെടുത്തുന്നു. പൊതുമേഖലകൾ പൊതു മുതൽകൊണ്ടു് ആർഭാട പൂർവ്വം നടത്തുന്നതിനാൽ മിതവ്യയത്തോടോ കഴിവുററ നടത്തിപ്പിനോടോ നീതി പുലർത്തുന്നില്ല. ഇതിൽ വ്യത്യസ്തതകൾ കണ്ടേക്കാം. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ആസൂത്രണം അത്ര നിസ്സാരമല്ല. അതിൻെറ പുറകിൽ പരിചയക്കുറവുണ്ടു്. സ്ഥിതി വിവരകണക്കുകൾ മിക്കപ്പോഴും ഉണ്ടായിരിക്കുകയില്ല. ഉണ്ടെങ്കിൽ തന്നെ അവ പിശകുള്ളതും വഴി തെററിക്കുന്നതുമായിരിക്കും. ഫലമോ ലക്ഷ്യം പിടികിട്ടാത്തത്ര ദൂരത്തിലാകുന്നു, ഉന്നതതലത്തിലെ അഴിമതികളെപ്പററി കണക്കില്ലാത്ത പരാതികളുണ്ടു്. പ്രശ്നങ്ങളെ പഠിക്കുന്നതിന്നു വേണ്ടി കമ്മററികളെ നിയമിക്കുവാൻ ഗവണ്മെൻറു് നിർബ്ബന്ധിതമായി തീർന്നിരിക്കുന്നു. ഒരു ആഭ്യന്തര വകുപ്പുമന്ത്രി ശപഥം ചെയ്യുക പോലും ഉണ്ടായി. രണ്ടു വർഷത്തിന്നുള്ളിൽ അഴിമതികളെ നിർമ്മാർജ്ജനം ചെയ്യുന്നതിൽ വിജയിച്ചില്ലെങ്കിൽ രാജിവച്ചു കളയുമെന്നു്.

ആസൂത്രണത്തിൻെറയും വൻതോതിലുള്ള വ്യവസായവൽക്കരണത്തിൻെറയും ഫലം അമേരിക്കയിൽ നിന്നും ബ്രിട്ടനിൽ നിന്നും രണ്ടു ശക്തിചേരികളിൽപെട്ട ചെറിയ രാജ്യങ്ങളിൽ നിന്നും, വലിയ തോതിൽ കടം കൊണ്ടിട്ടുള്ളതാണു്. ദുഷിച്ച വിദേശ ഭരണകാലഘട്ടത്തിൽ ഉണ്ടായിരുന്നതിനേക്കാൾ വലിയ നികുതികൾ ഇന്നു് ഈടാക്കുന്നുണ്ടു്. ഇന്നത്തെ വലിയ മന്ത്രിസഭകളെക്കാൾ വളരെയേറെ മെച്ചപ്പെട്ടതും കഴിവുററതുമായ ഭരണമായിരുന്നു, ബ്രിട്ടീഷ് ഭരണകാലത്തെ ചെറിയ കാര്യനിർവ്വഹണസമിതി (Executive Council) യുടേതു് പാർകിൻസൺ (Parkinson) ൻെറ നിയമം പരിപൂർണ്ണമായും നടപ്പിൽ വന്നു. കൂടുതൽ ഓഫീസറമാർ കുറച്ചു ജോലി കമ്മ്യൂണിസ്റ്റാസൂത്രണത്തോടുള്ള അ

ത്യാസക്തി മൂലം കൃഷിയെക്കാൾ കൂടുതൽ പ്രാധാന്യം അനർഹമായി വൻകിട വ്യവസായങ്ങൾക്കു് നല്കുകയെന്ന റഷ്യയുടെയും ചൈനയുടെയുംഅതേ തെററുകൾ തന്നെ ആവത്തിച്ചു. ഇന്ത്യ ഒരു കാർഷികരാജ്യമായിരുന്നിട്ടുകൂടി വലിയ വില കൊടുത്തു് ഭക്ഷണപദാർത്ഥങ്ങൾ ഇറക്കുമതി ചെയ്യേണ്ട അവസ്ഥയിലേക്കു താണു. ഭാവിയിലെ പൗരന്മാരും ഭാവി വിധാതാക്കളും ആയിതീരേണ്ട വിദ്യാർത്ഥികളുടെ നിസ്സഹകരണ പ്രസ്ഥാനത്തിലൂടെ ഉടലെടുത്ത അച്ചടക്കമില്ലായ്മ നമ്മുടെ കലാലയ ജീവിതത്തിൽ അസ്വാരസ്യങ്ങൾ കലർത്തുന്നു. ജീവിതത്തോതു് വച്ചടിച്ചു് മുന്നേറുമ്പോൾ, ആളോഹരി ദേശീയ വരുമാനം കുറഞ്ഞുവരുന്നു എന്നതു് തീർച്ചയായും സന്തോഷത്തിന്നിട നല്കുന്നതല്ല. ഡോക്ടർമാർ, ശാസ്ത്രജ്ഞന്മാർ തുടങ്ങിയ കഴിവുറ്റ പലരും ഈ പരിതസ്ഥിതിയിൽ ഇൻഡ്യയോടു് എന്നന്നേക്കുമായി യാത്രപറഞ്ഞു് ഇംഗ്ലണ്ടു്, അമേരിക്കാതുടങ്ങിയ വിദേശരാജ്യങ്ങളിൽ ആസ്ഥാനം ഉറപ്പിച്ചിട്ടുണ്ടു്. ബ്രിട്ടീഷുകാരുടെ കാലത്തു് നമ്മുടെ പണം വളരെയേറെ ഒഴുകിപ്പോയിട്ടുണ്ടു്. എന്നാൽ ഇന്നത്തെ ബുദ്ധിയുടെ ഒഴുകിപ്പോക്കു് ഒരു തീരാനഷ്ടമാണു്. ഇതിലൊക്കെ വേദനാജനകമായ മറെറാന്നു് ഇന്ത്യക്കു വെളിയിലുള്ള ഇന്ത്യക്കാർ ഇന്ത്യയെ സംബന്ധിക്കുന്ന കാര്യത്തിൽ മനംപുരട്ടുന്ന മാതിരി ഭാവിക്കുന്നു എന്നതാണു്. നായ്പാൾ എഴുതിയ 'ഇരുട്ടിൻെറ ഇടം' (An area of darkness) എന്ന ഗ്രന്ഥത്തിൽ നമുക്കിതിനെപ്പററി കാണാം. ഇന്ത്യയിൽനിന്നും ട്രിനിഡാഡിൽ പോയി ആസ്ഥാനം ഉറപ്പിച്ച ഒരാളുടെ പൌത്രനാണു് ഒരു വെസ്റ്റിൻഡ്യൻ നോവലിസ്റ്റായ അദ്ദേഹം. സ്വരാജ്യസ്നേഹത്തോടും ഉൽക്കണ്ഠയോടും കൂടി ഇന്ത്യയിൽ വന്ന അദ്ദേഹം യാതൊരു മിത്ഥ്യാഭ്രമവും കൂടാതെയാണു് മടങ്ങിയതു്. അദ്ദേഹത്തിനു് ഇന്ത്യയെപ്പററിയുള്ള ധാരണ

കൾ നമുക്കു അഭിമാനിക്കത്തക്കതെല്ല. ഒരു നൂററാണ്ടു മുൻപ്പ് കാതറൈൻ മേയോ എഴുതിയ 'മദർ ഇന്ത്യ'യിൽ കാണുന്നതുപോലെയുള്ള ചില സത്യങ്ങൾ ഇതിലുണ്ടെങ്കിൽ അതു് ലോകത്തിൽവെച്ചു ഉത്തമന്മാരാണെന്നു ഭാവിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന ആ സ്വയം സന്തുഷ്ടിയേയും "നിങ്ങളേക്കാൾ പരിശുദ്ധന്മാരാണെന്ന" ആ ചിന്താഗതിയേയും ഒന്നു പിടിച്ചു കുലുക്കുവാൻ നമ്മെ സഹായിക്കുന്നതാണു്.

നായ്പാൾ ഇന്ത്യയെ "വഴിയൊരു മറപ്പുര"യോടു് ഉപമിക്കുന്നു. ജോതിഷി "ഒരു 'കള്'വും, കവടിയും കൊണ്ടു് മംഗളകരമായ സമയം നോക്കിയേ" ജോലിയിൽ പ്രവേശിക്കുള്ളൂ എന്ന വികടബുദ്ധിയോടുകൂടിയ ശാസ്ത്രജ്ഞനാണു് ഒരു ഇന്ത്യാക്കാരൻ എന്നദ്ദേഹം പറയുന്നു. ജാത്യാചാരം "ദയയില്ലായ്മയിലേക്കും കഴിവുകേടിലേക്കും രാജ്യവിഭജനത്തിലേക്കും അങ്ങനെ വിഭജനം ദുർബ്ബലതയിലേക്കും ദുർബ്ബലത വിദേശഭരണത്തിലേക്കും നയിച്ചു". അതു് ഇന്ത്യയെ, "ലോകത്തിലെ ഏറ്റവും വലിയ ചെറ്റകുടിലാക്കി" മാററി. "ഇന്നലെ മുഗളന്മാരുടെ ശബ്ദാനുകരണമായിരുന്നെങ്കിൽ നാളെ അമേരിക്കക്കാരന്റെയോ റഷ്യാക്കാരൻെറയോ ആരുടേതായിരിക്കുമെന്നു് ആർക്കറിയാം."

ഇന്ത്യയിലും ചില ഇന്ത്യാക്കാർ താരതമ്യേന അവരുടെ എണ്ണം കുറവാണെങ്കിലും, ഇന്ത്യയിൽ ഒരു ഗുണവും കാണാത്തവരുണ്ടു്. അവർ സ്വരാജ്യസ്നേഹികളും തങ്ങളാലാവുംവിധം സേവനതല്പരരും ആകയാൽ അവരിൽനിന്നും ഒരു ദ്രോഹവും ഉണ്ടാവുന്നതല്ല. എന്നാൽ ഒരു വലിയവിഭാഗം ജനങ്ങളുണ്ടു്, കഴിഞ്ഞുപോയ നല്ലകാലത്തെ പ്രശസ്തിയേപ്പറ്റി ഉച്ചത്തിൽ സംസാരിക്കുന്നവരായി ഒരു വിദേശീയസഞ്ചാരി കഴിഞ്ഞ നൂ

ററാണ്ടിന്റെ അവസാനഘട്ടത്തിൽ അഭിപ്രായപ്പെട്ടതായി പറയപ്പെടുന്നു. "ഒരിന്ത്യാക്കാരനെ തൊട്ടാൽ അയാൾ ഹെർബർട്ട് സ്പെൻസരുടെ പതിനേഴ് വാല്യങ്ങൾ ഛർദ്ദിക്കുന്നതാണ്". ഇതു് പെരുപ്പിച്ചു പറയലാണെന്നു് സ്പഷ്ടമാണ്. എന്നാൽ "ഒരു വിദ്യാസമ്പന്നനായ ഹിന്ദുവിനെ തൊട്ടാൽ ടൺ കണക്കിനു് ഉപനിഷത്തുകളും ഗീതയും അയാൾ ഛർദ്ദിക്കും" എന്നു പറയുന്നതിൽ നേരുണ്ട്. ഇന്ത്യയുടെ ഏററവും വലിയ ദുരവസ്ഥ നാം പറയുന്നതുപോലെ പ്രവർത്തിക്കുകയില്ലെന്നുള്ളതാണ്. നാം നമ്മുടെ ദേശീയ പൈതൃകത്വത്തോടൊപ്പം ലോകസംസ്കാരത്തിന്റെ സന്ദേശവും അർനോൾഡ്ടോയിൻബി വാഗ്മിത്വത്തോടെ പറയുന്ന ലോകത്തെപ്പററിയുള്ള കാഴ്ചപ്പാടും ഒന്നാകെ നഷ്ടപ്പെട്ടുത്തിയിരിക്കുകയാണ്. അദ്ദേഹം പറയുന്നതു ശ്രദ്ധിക്കുക.

"നമ്മുടെ സന്താനങ്ങൾ നമ്മളെപ്പോലെ പാശ്ചാത്യരായി ജീവിക്കുവാൻ പോകുന്നില്ല. അവർ കൺഫ്യൂഷ്യസിന്റെയും ലാഓയുടെയും പ്ളേറേറായുടെയും പ്ളോററിനസിന്റെയും അനന്തരാവകാശികളാവാൻ പോവുകയാണ്. അവർ ഗൗതമബുദ്ധന്റെയും ദ്യോതർഇസായുടേയും യേശുക്രിസ്തുവിന്റെയും സൊറാത്സ്ട്രായുടെയും മഹമ്മദിന്റെയും എലിജായുടെയും എലിശായുടെയും പീററിന്റെയും പോളിന്റെയും അനന്തരാവകാശികൾ ആയിരിക്കും; അവർ ശങ്കരന്റെയും രാമാനുജന്റെയും ക്ളമൻറിന്റെയും ഒറിജന്റെയും ഇബ്നികല്ഡുഡിന്റെയും ബോസ്സ്യൂടെയും ഗാന്ധിയുടെയും ലെനിന്റെയും സൂൻയാത്സെന്നിന്റെയും, ക്രോംവെല്ലിന്റെയും ജോർജ്ജ്വാഷിംഗ്ഡന്റെയും മസീനിയുടേയും അനന്തരാവകാശികളാകുവാൻ പോവുകയാണ്."

ശാസ്ത്രത്തിൻെറ പുരോഗതിയിൽ കണ്ണുമടച്ചു വിശ്വസിച്ചതിനാൽ ധാർമ്മികമൂല്യങ്ങളോടുള്ള വിശ്വാസരാഹിത്യമാണ് ഒരു പക്ഷേ ഇന്ത്യയെ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ അപകടം. നാം നമ്മുടെ ഭരണഘടനയിലുള്ള മതേതരത്വത്തെപ്പററി അഭിമാനപൂർവ്വം സംസാരിക്കാറുണ്ട്. ഒരു മതത്തിനും സ്റ്റേററിൻെറ പ്രത്യേക അനുകൂല്യം കൂടാതെ എല്ലാ മതങ്ങളോടുമുള്ള സഹിഷ്ണുതാഭാവമാണ് നാം അതുകൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ ഈ മതേതരത്വം കമ്മ്യൂണിസ്റ്റുകാരുടെ മതവിശ്വാസരാഹിത്യം സർവ്വദോഷത്തിൻെറയും നിദാനമായി കരുതുകയും ചെയ്യുന്നു. 'SECULAR' (മതേതരത്വം) എന്ന വാക്കിൻെറ അർത്ഥം 'പ്രാപഞ്ചികമായ അല്ലെങ്കിൽ വസ്തു സംബന്ധമായ മതേതരത്വം പരിശുദ്ധമോ അത്മീയമോ, വിശുദ്ധമോ അല്ലാത്തതു്' താല്ക്കാലികം എന്നെല്ലാമാണ്. ഇതു് നിഘണ്ടുവിലെ അർത്ഥമാണ്. അതുതന്നെ അതിനുവേണ്ടി സംസാരിച്ചുകൊള്ളും. ഇൻഡ്യയുടെ ആത്മാവിനെപ്പറ്റി കാറൽമാർക്സിനോ ലെനിനോ അറിയാവുന്നതിനേക്കാൾ കൂടുതൽ അറിയാവുന്ന ഷെവയ്റ്റ് സറിൽ നിന്നു് പ്രചോദനം ഉൾക്കൊണ്ടിരുന്നുവെങ്കിൽ കൂടുതൽ നന്നായിരുന്നേനെ. ഏതു രാജ്യത്തിലും ഏതു തലമുറയിലും പെട്ട എല്ലാവരെക്കാളും പ്രഗത്ഭനും മഹാനുമായിരുന്ന ഷെവയിറ്റ്സർ വിവേകപൂർവ്വം പറഞ്ഞിരുന്നു. 'നമ്മുടെ തലമുറക്കു് അഭിമാനിക്കത്തക്ക പല നേട്ടങ്ങൾ ഉണ്ടായിരുന്നാലും ഏററവും അത്യാവശ്യമായ മനുഷ്യവർഗ്ഗത്തിൻെറ ആത്മീയ പുരോഗതിയിൽ നാം വിശ്വസിക്കുന്നില്ല'.

ഇന്നു് ഇൻഡ്യ സ്വാതന്ത്ര്യത്തിന്നു ശേഷം 20 വർഷങ്ങൾ പിന്നിട്ടുവെങ്കിലും ഒരു പുതിയ ജനനത്തിനുവേണ്ടിയുള്ള ഈററുനോവു് അനുഭവിക്കുകയാണു്. നാം ഒരു

പുതിയ ഇന്ത്യയുടെ, മഹത്തായ ഇന്ത്യയുടെ നിർമ്മിതിക്കുവേണ്ടി പ്രയത്നിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ അതിന് അവളുടെ സംസ്ക്കാരത്തിൻെറ ആത്മീയ അടിത്തറയിൽ നിന്നുകൊണ്ട് പലതും സഹിക്കേണ്ടിയിരിക്കുന്നു. പല വലിയ മതങ്ങളുടെയും തറവാടാണെന്നതിന്നും, സഹസ്രാബ്ദങ്ങൾക്കു മുൻപ് പേർഷ്യയിലെ സൊറാഷ്ട്രീയൻസിനും (Zorastrians) നമ്മുടെ തലമുറയിൽ ടിബററിലെ ദലായ്‌ലാമാക്കും അഭയം നല്കിയതിന്നും ഇന്ത്യയുടെ കാര്യത്തിൽ നാം അഭിമാനം കൊള്ളേണ്ടതാണ്, വേദങ്ങളിൽ നിന്നും ഉദ്ധരണികൾ പറയുന്നതു് നല്ലതുതന്നെ. എന്നാൽ നാം ഉദ്ധരിക്കുന്നതിനെ പ്രയോഗത്തിൽ വരുത്തിയാൽ അതാണ് ഏററവും നല്ലതു്. കാരണം അതാണ് നമ്മുടെ ആത്മാർത്ഥതയുടെയും നമുക്കു ഇന്ത്യയോടുള്ള കൂറിൻെറയും ഉരകല്ലായി നിലകൊള്ളുന്നതു്.

# DEMOCRACY AND SOCIETY

By

**Prof. A. R. WADIA**

രാഷ്ട്രീയ — സാമൂഹിക ശാസ്ത്രങ്ങളിൽ നല്ല പഠിപ്പും പാണ്ഡിത്യവും നേടുകയും പല നിലപാടുകളിൽനിന്നും രാജ്യസേവനമനുഷ്ഠിക്കുകയും ചെയ്തിട്ടുള്ള പത്മഭൂഷൺ ശ്രീ. ഏ. ആർ. വാഡിയ ജനാധിപത്യത്തെയും ഇന്ത്യയിൽ അതിനുണ്ടായിട്ടുള്ള ഗതിവിഗതികളെയും ജനാധിപത്യതത്വങ്ങളുടെ ദുഷ്പ്രയോഗത്താൽ വന്നുചേരുന്ന ദോഷങ്ങളെയുംകുറിച്ചു് ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നു. വിശ്വഭാരതി–അണ്ണാമലൈ സർവ്വകലാശാലകളിൽ ഗ്രന്ഥകർത്താവു് നൽകിയ ചില പ്രഭാഷണങ്ങളുടെ സമാഹാരമാണു് ഈ പുസ്തകം.

വിവർത്തനം:
എം. കുഴിതടത്തിൽ.

പ്രസാധനം:
വീനസ് പ്രസ്സ് & ബുക്ക് ഡിപ്പോ,
കോന്നി.